# ഇരിക്കൂർ

# നിയോജകമണ്ഡലം

# വികസന രേഖ

**2014**

**ഇരിക്കൂർ അസംബ്ലി നിയോജകമണ്ഡലം വികസന റിപ്പോർട്ട് 2014**

**ചീഫ് എഡിറ്റർ**
**ഡോ. പി.പി. ബാലൻ**
**ഡയറക്ടർ**
**കില**

**എഡിറ്റർ**
**ഡോ. പീറ്റർ എം. രാജ്**
**അസോസിയേറ്റ് പ്രൊഫസർ**
**കില**

**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ**
**മുളംകുന്നത്ത്കാവ്**
**തൃശ്ശൂർ**



**ഉമ്മൻ ചാണ്ടി**
മുഖ്യമന്ത്രി
കേരളം


No. 364/Pre-Sec/2013/CM 19/02/2014

## സന്ദേശം

സംസ്ഥാന സർക്കാരിന്റെ വിഷൻ 2030-ന്റെ ഭാഗമായി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന്റെ (കില) ആഭിമുഖ്യത്തിൽ ഇരിക്കൂർ നിയോജക മണ്ഡലത്തിന്റെ വികസന രേഖ തയ്യാറാക്കുന്നതിനു മുന്നോടിയായി സംഘടിപ്പിക്കുന്ന ''വികസന ശില്പശാല''യ്ക്ക് എല്ലാ ആശംസകളും നേരുന്നു. ഇരിക്കൂർ മണ്ഡലത്തിന്റെ സമസ്ത മേഖലയിലും വികസനം ഉറപ്പാക്കത്തക്ക വികസന പദ്ധതികൾക്ക് ശില്പശാല ഉപകരിക്കുമെന്നു പ്രത്യാശിക്കുന്നു.

**ഉമ്മൻ ചാണ്ടി**

ഓഫീസ് : സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-695 001
ഫോൺ-ഓഫീസ് : 2333610, 2333812, 2333197, 2332148, 2333214, 2332682, 2332184
ഫാക്സ് : (0471) 2333489 വസതി : (0471) 2345600, 2342602 & (0481) 2351135



## അവതാരിക

ഒരു പ്രദേശത്തിന്റെ വികസനം ആ പ്രദേശത്തു അധിവസിക്കുന്ന ജനങ്ങളുടെ ജീവിത നിലവാരത്തിന്റെ ഉയർച്ചയുടെ അടിസ്ഥാനത്തിലാണ് വിലയിരുത്തുന്നത്. കേന്ദ്ര-സംസ്ഥാന സർക്കാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ ഇതര സ്ഥാപനങ്ങൾ എന്നിവരുടെ വിവിധങ്ങളായ വിഭവങ്ങളും മനുഷ്യ പ്രയത്നവും സംയോജിപ്പിച്ചുകൊണ്ടുള്ള സാമ്പത്തിക ക്ഷേമ പ്രവർത്തനങ്ങളാണ് വികസനത്തിന്റെ അടിസ്ഥാനഘടകം. ലഭ്യമായ വിഭവങ്ങളുടെ ആസൂത്രിതവും ഫലപ്രദവുമായ വിനിയോഗമാണ് ഒരു പ്രദേശത്തെ വികസനത്തിന്റെ പാതയിൽ എന്നും നയിക്കുകയെന്നുള്ള കാര്യം അവിതർക്കിതമാണ്. വികസന പ്രക്രിയ അനുസ്യൂതം നടന്നുകൊണ്ടിരിക്കുന്നതിനാൽ, കാലഘട്ടത്തിന്റെ മാറ്റത്തിനനുസരിച്ച് വിഭവ സമാഹരണവും അതുപയോഗിച്ചുകൊണ്ടുള്ള വികസന പ്രവർത്തനങ്ങളും തുടർച്ചയായി നടപ്പിലാക്കേണ്ട പ്രക്രിയയാണ്. ഇത്തരത്തിൽ പ്രാദേശിക വികസനം ഉറപ്പാക്കുന്നതിനുള്ള ഒരു പദ്ധതിയായി കേന്ദ്രസർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കുന്ന **രാജീവ് ഗാന്ധി പഞ്ചായത്തിരാജ് ശശാക്തീകരൺ അഭിയാൻ** എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) കേരളത്തിൽ നടപ്പിലാക്കുന്ന ഒരു പരിപാടിയാണ് **നിയോജക മണ്ഡലം വികസന പരിപാടി.**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തിയും നിയമസഭാ സാമാജികരുടെ സഹകരണം ഉറപ്പാക്കിയും പ്രാദേശിക വികസനം കൂടുതൽ കാര്യക്ഷമമാക്കുവാൻ സാധിക്കുക എന്നതാണ് നിയോജകമണ്ഡല വികസന പരിപാടികൊണ്ടു ദ്ദേശിക്കുന്നത്. പിന്നിട്ട വർഷങ്ങളിലെ പ്രവർത്തനംകൊണ്ടു വിവിധ വികസന ക്ഷേമപ്രവർത്തനങ്ങൾ നിയോജക മണ്ഡലത്തിൽ ചെയ്യുവാൻ സാധിച്ചിട്ടുണ്ട്. കാലഘട്ടത്തിനനുസരിച്ചുള്ള മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് അനുദിനം മാറിക്കൊണ്ടിരിക്കുന്ന ജീവിതാവശ്യങ്ങൾ നിറവേറ്റാനായി വിവിധ വികസനമേഖലകളിൽ ഇനിയും നിക്ഷേപങ്ങളും അതുപയോഗിച്ചുകൊണ്ടുള്ള ഫലപ്രദമായ ഇടപെടലും ആവശ്യമാണ്. പ്രാദേശിക തലത്തിൽ പ്രവർത്തിക്കുന്ന എല്ലാ രാഷ്ട്രീയ സാമൂഹിക പ്രവർത്തകരുടേയും ഉദ്യോഗസ്ഥരുടേയും അറിവും കർമ്മശേഷിയും പരമാവധി ഉപയോഗപ്പെടുത്തിയാൽ മാത്രമേ വിഭവങ്ങളുടെ പരമാവധി ഉപയോഗവും അതുവഴിയുള്ള വികസനവും സാധ്യമാകൂ.

കിലയുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന നിയോജക മണ്ഡല വികസന പരിപാടിയുടെ ഭാഗമായി ഇരിക്കൂർ നിയോജക മണ്ഡലത്തിന്റെ പ്രാദേശിക വികസന പ്രശ്നങ്ങളെയും സാധ്യതകളെയും കുറിച്ച് ചർച്ചചെയ്യുവാൻ 2012 നവംബർ 16-ാം തീയതി ഒരു വികസന ശിൽപശാല സംഘടിപ്പിച്ചിരുന്നു. ഈ ശിൽപശാലയുടേയും തുടർന്ന് സംഘടിപ്പിച്ച വിവിധ വികസന മേഖലാടിസ്ഥാനത്തിൽ നടന്ന ചർച്ചയുടേയും അടിസ്ഥാനത്തിൽ നിയോജക മണ്ഡലത്തിന്റെ വികസന രംഗത്തെ ഇന്നത്തെ അവസ്ഥയും വിവിധ വികസന മേഖലകളിൽ നടത്തേണ്ട ഇടപെടലുകളെപ്പറ്റിയും ഒരു റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഈ റിപ്പോർട്ട് വിശദമായ ചർച്ചയ്ക്ക് വിധേയമാക്കുവാൻ വേണ്ടി ഒരു വികസന സെമിനാർ സംഘടിപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ വികസന മേഖലകളിൽ പ്രതിപാദിച്ചിരിക്കുന്ന വിഷയങ്ങൾ നിയോജക മണ്ഡലത്തിലെ എല്ലാ ജനവിഭാഗങ്ങളുടേയും അറിവിലേക്കും സവിശേഷമായ അഭിപ്രായങ്ങൾക്കുമായി അവതരിപ്പിക്കുന്നു.

**കെ.സി.ജോസഫ്**

19.02.2014

## മുഖക്കുറിപ്പ്

പ്രാദേശിക വികസന രംഗത്ത് ഒരു പുതിയ അദ്ധ്യായത്തിനുകൂടി നാന്ദി കുറിച്ചുകൊണ്ട് നിയമസഭാ സാമാജികരുടെയും തദ്ദേശ സ്വയംഭരണ സ്ഥാപന ജനപ്രതിനിധികളുടെയും കൂട്ടായ നേതൃത്വത്തിൽ വികസന പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നതിന് കേരളത്തിൽ തുടക്കമിടുകയാണ്. നിയമനസഭാ സാമാജികരുടെയും തദ്ദേശ ഭരണ സ്ഥാപന ജനപ്രതിനിധി കളുടെയും മുഖാമുഖം പരിപാടി ഇതോടനുബന്ധിച്ച് ഒന്നാം ഘട്ടമെന്ന നിലയിൽ കിലയിൽ വച്ച് നടന്നുവരികയാണ്. ഇരിക്കൂർ നിയോജക മണ്ഡലം വികസന ശില്പശാല 2012 നവമ്പറിൽ കിലയിൽ നടക്കുക യുണ്ടായി. ബഹു:ഗ്രാമവികസന മന്ത്രി കെ.സി. ജോസഫും നിയോജക മണ്ഡലം പ്രദേശത്തെ ഗ്രാമ-ബ്ളോക്ക്-ജില്ലാ പഞ്ചായത്ത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ഭരണസാരഥികളും വികസന വകുപ്പ് ഉദ്യോഗസ്ഥരുമാണ് ഈ ശില്പശാലയിൽ പങ്കെടുത്തത്. വിവിധ വികസന മേഖലകളിൽ നിയോജക മണ്ഡലത്തിലെ പ്രശ്നങ്ങളും കാരണങ്ങളും പരിഹാര നിർദ്ദേശങ്ങളും ശില്പശാലയിൽ ചർച്ച ചെയ്യുകയും ചെയ്തു.

ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥരുടെയും വിദഗ്ദ രുടെയും പങ്കാളിത്തത്തോടെ ദീർഘകാല വികസന വീക്ഷണത്തോടെ നിയോജക മണ്ഡലത്തിന്റെ വികസനത്തിനുള്ള കരട് വികസന റിപ്പോർട്ട് തയ്യാറാക്കി യിരിക്കുകയാണ്. വിവിധ വികസന മേഖലകളിലെ സമഗ്ര വികസനത്തിനു വേണ്ടിയുള്ള നിർദ്ദേശങ്ങളാണ് ഇതിൽ രൂപപ്പെടുത്തി യിട്ടുള്ളത്.

വിഷൻ 2030 നെ അടിസ്ഥാനമാക്കി ഇരിക്കൂർ നിയോജക മണ്ഡലത്തിന്റെ സമ്പൂർണ്ണ വികസന രൂപരേഖ തയ്യാറാക്കുന്നതിന് ജനപ്രതിനിധികളും ഉദ്യേഗസ്ഥരും വിദഗ്ദ രാഷ്ട്രീയ- സാമൂഹ്യ പ്രവർത്ത കരും ഒത്തുചേരുന്ന വികസന സെമിനാറിൽ കരട് വികസന റിപ്പോർട്ട് ചെയ്യേണ്ടതുണ്ട്.

നിയോജക മണ്ഡലത്തിന്റെ നിയമസഭാ സാമാജികനായ ബഹു: ഗ്രാമവികസന മന്ത്രി കെ.സി ജോസഫിന്റെ നേതതൃത്വത്തിലും കിലയുടെ അക്കാദമികമായ സഹായത്തോടെയുമാണ് ഈ പ്രവർത്തനങ്ങൾ നടന്നിട്ടുള്ളത്. ഇതിനു സഹായിച്ച ഉദ്യോഗസ്ഥരേയും മറ്റ് വിദഗ്ദരേയും ഈ അവസരത്തിൽ അഭിനന്ദിക്കുന്നു.

വികസന സെമിനാറും വികസന റിപ്പോർട്ടിന്മേലുള്ള ചർച്ചയും ഇരിക്കൂറിന്റെ വികസനത്തിന് ഒരു പുതിയ ദിശാബോധം സൃഷ്ടിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കില,
19.02.2014

ഡോ: പി.പി. ബാലൻ
ഡയറക്ടർ

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾ

| ഗ്രാമപഞ്ചായത്ത് |
| --- |
| ശ്രീ.പി.ടി. മാത്യൂ<br>പ്രസിഡന്റ്, നടുവിൽ |
| ശ്രീ.ബെന്നി തോമസ്<br>പ്രസിഡന്റ്, ഉളിക്കൽ |
| ശ്രീമതി.ടി.പി.ഫാത്തിമ<br>പ്രസിഡന്റ്, ഇരിക്കൂർ |
| ശ്രീ. സി.പി. ജോസ്<br>പ്രസിഡന്റ്, പയ്യാവൂർ |
| ശ്രീമതി. മാർഗരറ്റ് മാത്യൂ<br>പ്രസിഡന്റ്, ഏരുവേശ്ശി |
| ശ്രീ. കെ.വി.ബിജുമോൻ<br>പ്രസിഡന്റ്, ശ്രീകണ്ഠാപുരം |
| ശ്രീ.കെ. മിനേഷ്<br>പ്രസിഡന്റ്, ചെങ്ങളായി |
| ശ്രീ.ജോസ് വട്ടമല<br>പ്രസിഡന്റ്, ആലക്കോട് |
| ശ്രീ.ജോയിച്ചൻ പള്ളിയാലിൽ<br>പ്രസിഡന്റ്, ഉദയഗിരി |

| ബ്ലോക്ക് പഞ്ചായത്ത് |
| --- |
| പ്രൊഫ.സി.എച്ച്.മേമി<br>പ്രസിഡന്റ്, ഇരിക്കൂർ<br><br>*മെമ്പർമാർ*<br>ശ്രീ.മലപ്പട്ടം പ്രഭാകരൻ<br>ശ്രീമതി.കെ.ശ്രീജ<br>ശ്രീ.സി.എസ്.പൗലോസ്<br>ശ്രീ.സതീശൻ.കെ<br>ശ്രീ.സുനിൽ ജോബ്<br>ശ്രീമതി.സിസിലി ആന്റണി<br>ശ്രീമതി.യാസറ.സി.വി.എൻ<br>ശ്രീ.ഇ.കണ്ണൻ മാസ്റ്റർ<br>ശ്രീമതി.ഷൈലജ നാരായണൻ |
| ശ്രീ.മനുതോമസ്<br>പ്രസിഡന്റ്, തളിപ്പറമ്പ്<br><br>*മെമ്പർമാർ*<br>ശ്രീ.ദാമോദരൻ.കെ.ഇ.<br>ശ്രീമതി.ശോഭാലയം ശോഭന<br>ശ്രീമതി.പൂവ്വത്ത് അജിത<br>ശ്രീമതി.ഷൈനിമാത്യു<br>അള്ളുംപുറത്ത്<br>ശ്രീമതി.കെ.പി.ഷരീഫ ടീച്ചർ<br>ശ്രീ.ജോഷി കണ്ടത്തിൽ<br>ശ്രീ.പി.പി.വി.പ്രദീപൻ<br>ശ്രീ.സോമൻ കിഴക്കേപറമ്പിൽ |

| കണ്ണൂർ ജില്ലാപഞ്ചായത്ത് |
| --- |
| പ്രൊ.കെ.വി.സരള, പ്രസിഡന്റ്<br><br>*മെമ്പർമാർ*<br><br>ഡോ.കെ.വി.ഫിലോമിന<br>ശ്രീമതി.ഡെയ്സി മാണി<br>ശ്രീ.സജി കുറ്റ്യാനിമറ്റം<br>ശ്രീമതി.കെ.സത്യഭാമ |

## ഉള്ളടക്കം


പേജ്

I. ആമുഖം

II. അടിസ്ഥാന വിവരങ്ങൾ

1. ഭൂപ്രകൃതി
2. ജനപ്രകൃതി

III. വികസന ചരിത്രം

IV. വികസന മേഖലകൾ

1. കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യമേഖല
2. ജലസേചനം, മണ്ണുസംരക്ഷണം, നീർത്തടവികസനം, വനം
3. വ്യവസായം, ഊർജ്ജം, ഇൻഫർമേഷൻ ടെക്നോളജി
4. കുടിവെള്ളം, ആരോഗ്യം, ശുചിത്വം, പാർപ്പിടം
5. വിദ്യാഭ്യാസം, സംസ്കാരം
6. വിനോദസഞ്ചാരം
7. ഗതാഗതം, അടിസ്ഥാന സൗകര്യം
8. ശിശുവികസനം, വനിതാ വികസനം, വയോജനക്ഷേമം
9. പട്ടികജാതി വികസനം, പട്ടികവർഗ്ഗ വികസനം

V. വികസനതന്ത്രം

VI. വിഭവ സമാഹരണം

VII. ഉപസംഹാരം

# I. ആമുഖം

കണ്ണൂർ ജില്ലയിൽ പഴയ ചിറക്കൽ താലൂക്കിന്റെ വടക്ക് കിഴക്ക് ഭാഗത്ത് പടിഞ്ഞാറേക്ക് ചരിഞ്ഞിറങ്ങി സ്ഥിതിചെയ്യുന്ന പ്രദേശമാണ് ഇരിക്കൂർ ഫർക്ക എന്നറിയപ്പെട്ടിരുന്നത്. ജില്ലയുടെ ഏററവും ഉയരം കൂടിയ പൈതൽ മലയുടെ മദ്ധ്യഭാഗം മുതൽ തെക്കോട്ട് വഞ്ചിയം, കാഞ്ഞിരക്കൊല്ലി, മണിക്കടവ്, മാട്ടറ, കാലങ്കി, തൊട്ടിൽപ്പാലം, പേരട്ട വരെ കർണ്ണാടകയിലെ മലനിരകളോട് ചേർന്നു കിടക്കുന്ന മലനിരകളായിരുന്നു പഴയ ഇരിക്കൂറിന്റെ അതിര്. ജില്ലയുടെ മദ്ധ്യ ഭാഗത്ത് സ്ഥിതി ചെയ്യുന്ന ഇരിക്കൂർ ഉൾപ്പെടെ ഉളിക്കൽ, പയ്യാവൂർ, ഏരുവേശ്ശി, ശ്രീകണ്ഠാപുരം, ചെങ്ങളായി, നടുവിൽ, ആലക്കോട്, ഉദയഗിരി എന്നീ 9 ഗ്രാമ പഞ്ചായത്തുകൾ ഉൾപ്പെടുന്ന ഭൂപ്രദേശമാണ് ഇന്നത്തെ ഇരിക്കൂർ നിയോജമമണ്ഡലം. 1957-ൽ കേരള സംസ്ഥാനത്തിന്റെ രൂപീകരണത്തോടനുബന്ധിച്ചാണ് നിയോജകമണ്ഡലവും രൂപീകരിക്കപ്പെടുന്നത്. ഇരിക്കൂർ, തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്തുകളിലാണ് നിയോജകമണ്ഡലം സ്ഥിതി ചെയ്യുന്നത്. നിലവിൽ കണ്ണൂർ ലോകസഭാ നിയോജകമണ്ഡലത്തിലാണ് ഇരിക്കൂർ മണ്ഡലം ഉൾപ്പെടുന്നത്. 2011-ലെ സെൻസസ് പ്രകാരം 239109 ആണ് ജനസംഖ്യ. പുരുഷന്മാരെക്കാൾ സ്ത്രീകളാണ് മണ്ഡലത്തിൽ കൂടുതലുള്ളത്. 1000 പുരുഷന്മാർക്ക് 1030 സ്ത്രീകൾ.

കിഴക്ക് കർണ്ണാടക സംസ്ഥാനത്തിന്റെ ഭാഗം, തെക്ക് പേരാവൂർ, മട്ടന്നൂർ നിയോജകമണ്ഡലങ്ങളുടെ ഭാഗങ്ങൾ, പടിഞ്ഞാട് തളിപ്പറമ്പ് നിയോജക മണ്ഡലത്തിന്റെ ഭാഗങ്ങൾ, വടക്ക് തൃക്കരിപ്പൂർ, പയ്യന്നൂർ എന്നീ നിയോജക മണ്ഡലങ്ങളുടെ ഭാഗങ്ങൾ എന്നീ പ്രദേശങ്ങളാണ് ഇരിക്കൂർ നിയോജക മണ്ഡലത്തിന്റെ പ്രധാന അതിരുകൾ.

ജില്ലയിലെ ഏററവും ഉയരമുള്ള പൈതൽ മലയുടെ മദ്ധ്യഭാഗം മുതൽ തെക്കോട്ട് വഞ്ചിയം, കാഞ്ഞിരക്കൊല്ലി, മണിക്കടവ്, മാട്ടറ, കാലങ്കി, തൊട്ടിൽപ്പാലം, പേരട്ട വരെ കർണ്ണാടക വനങ്ങളോട് ചേർന്നു കിടക്കുന്ന മലനിരകളാണ് ഇരിക്കൂറിന്റെ കിഴക്കെ അതിര്. പേരട്ട്, കൂട്ടുപുഴ, ഇരിട്ടി, ഇരിക്കൂർ, മലപ്പട്ടം, കൊയ്യം വഴി ഒഴുകുന്ന വളപട്ടണം പുഴയാണ് തെക്കെ അതിര്, അങ്ങാടിക്കടവ്, മണക്കടവ്, നെടുമുണ്ട, കുളത്തൂർ എന്നീ പ്രദേശങ്ങൾ പടിഞ്ഞാറെ അതിര്, കുളത്തൂർ, കണ്ണാടിപ്പാറ, കൊക്കായി, മാമ്പള്ളം, പുലിക്കുരുമ്പ, പൊന്മല, കുടിയാന്മല, പൊട്ടൻപ്ലാവ് എന്നീ പ്രദേശങ്ങൾ വടക്കെ അതിര്.

# II. അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| 1) നിയോജകമണ്ഡലത്തിന്റെ പേര് | ഇരിക്കൂർ. |
| 2) ലോകസഭാ മണ്ഡലം | കണ്ണൂർ |
| 3) ബ്ലോക്ക് പഞ്ചായത്തുകൾ | തളിപ്പറമ്പ്, ഇരിക്കൂർ |
| 4) താലൂക്ക് | തളിപ്പറമ്പ്, ഇരിട്ടി |
| 5) ഗ്രാമ പഞ്ചായത്തുകൾ | ഇരിക്കൂർ<br>ഉളിക്കൽ<br>പയ്യാവൂർ<br>ഏരുവേശ്ശി<br>ശ്രീകണ്ഠാപുരം<br>ചെങ്ങളായി<br>നടുവിൽ<br>ആലക്കോട്<br>ഉദയഗിരി |
| 6) റവന്യൂ വില്ലേജുകളുടെ എണ്ണം | 18 |
| 7) വിസ്തീർണ്ണം | 556.13 ച.കി.മി |

## II.1. ഭൂപ്രകൃതി

ഉത്തര അക്ഷാംശം 11 ഡിഗ്രി 56 മിനിട്ടിനും 12 ഡിഗ്രി 13 മിനിട്ടിനും ഇടയിലും കിഴക്ക് രേഖാംശം 75 ഡിഗ്രി 13 മിനുട്ടിനും ഇടയിലാണ് നിയോജകമണ്ഡലത്തിന്റെ സ്ഥാനം.

സമുദ്ര നിരപ്പിൽ നിന്ന് 1200 മീറ്റർ വരെ ഉയരമുള്ള സഹ്യപർവ്വത നിരകളും അതിന് പടിഞ്ഞാറായി 300 മീറ്റർ മുതൽ 700 മീറ്റർ വരെ ഉയരമുള്ള നിരവധി ചെറിയമലകളും 80 മുതൽ 120 മീറ്റർ വരെ ഉയരത്തിൽ കിലോമീറ്ററുകൾ നീളത്തിൽ പരന്ന് കിടക്കുന്ന ചെങ്കൽ പാറകളും സമുദ്ര നിരപ്പിൽ നിന്ന് വെറും 2 മീറ്റർ മാത്രം ഉയരത്തിലുള്ള വയൽപരപ്പുകളും പുൽമേടുകളും നിബിഡ വനങ്ങളും നിറഞ്ഞൊഴുകുന്ന പുഴകളും ചേർന്ന വൈവിദ്ധ്യമാർന്ന ഭൂപ്രകൃതിയാണിവിടെ കാണപ്പെടുന്നത്.

പൈതൽ മല 1246 മീറ്റർ ഉയരത്തിലും മുഴക്കരമല 933 മീറ്റർ ഉയരത്തിലും തുരുമ്പിക്കമല 804 മീറ്റർ ഉയരത്തിലും എയ്യൻമല 761 മീറ്റർ ഉയരത്തിലും പാത്തൻപാറ 573 മീറ്റർ ഉയരത്തിലും ചാത്തമല 806 മീറ്റർ ഉയരത്തിലും ഉടമ്പമല 842 മീറ്റർ ഉയരത്തിലും കുന്നത്തൂർമല 562 മീറ്റർ ഉയരത്തിലും വലിയ അരീക്കാമല 445 മീറ്ററിലുമായി പ്രധാനപ്പെട്ട മലകളും കുന്നുകളും നിയോജക മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്നു.

കുന്നത്തൂർ, കാഞ്ഞിരക്കൊല്ലി, കുടിയാന്മല എന്നീ ബീറ്റ് റീസർവ്വേവനങ്ങളാണ് പ്രധാന വനങ്ങളായിട്ടുള്ളത്. കുന്നത്തൂർ മലയിൽ കുന്നത്തൂർ പാടി മുതൽ പാടാംകവല വരെ പടിഞ്ഞാറ് ഭാഗം പയ്യാവൂർ പഞ്ചായത്തിലും മലയുടെ കിഴക്ക് ഭാഗം ഉളിക്കൽ പഞ്ചായത്തിൽപ്പെട്ട മണിക്കടവ് പ്രദേശത്തുമായി വ്യാപിച്ചു കിടക്കുന്നു. ഇവയിൽ കുറെ ഭാഗം ഗവൺമെന്റ് തന്നെ കശുമാവ് കൃഷി ചെയ്തിട്ടുണ്ട്. പാടാം കവലക്ക് പടിഞ്ഞാറായി കാണുന്ന മലയുടെ രണ്ട് വശങ്ങളിലുമായാണ്

കാഞ്ഞിരക്കൊല്ലി വനമേഖല. ഇവയിൽ നല്ലൊരു വിഭാഗം ഉയർന്നു പൊങ്ങിയ കരിങ്കൽ മലകളാണ് ശേഷിക്കുന്നവ പുൽമേടുകളും ഇലപൊഴിയും കാടുകളുമാണ്. കുടിയാന്മല വനത്തിൽ നൂറ് ഹെക്ടറോളം ഈറ്റക്കാടുകളായിരുന്നു. വനമണ്ണ്, എക്കൻമണ്ണ്, ചെങ്കൽമണ്ണ് എന്നീ തരം മണ്ണിനങ്ങളാണ് പ്രധാനമായും വനപ്രദേശത്ത് കാണപ്പെടുന്നത്.

## II.2. ജനപ്രകൃതി

4000 വർഷങ്ങൾക്ക് മുമ്പ് തന്നെ ഈ പ്രദേശങ്ങളിൽ ജനവാസമുണ്ടായിരുന്നു എന്നതിന് വിവധ തെളിവുകളുണ്ട്. പണിയൻമാരും കുറിച്യൻമാരുമായിരുന്നു ഈ പ്രദേശങ്ങളിലെ ആദിവാസി വിഭാഗങ്ങൾ. പ്രോട്ടോ ആസ്ട്രലോയ്ഡ് മനുഷ്യവർഗ്ഗത്തിൽപ്പെട്ടവരാകാം ഈ പ്രദേശത്തെ ആദിവാസികൾ എന്നാണ് മനസ്സിലാക്കിപ്പോന്നത്. 2500 വർഷങ്ങൾക്ക് മുമ്പ് ദ്രാവിഡവംശജർ മെഡിറ്ററേനിയൻ പ്രദേശത്ത് നിന്ന് ഇവിടെ എത്തിയതായി ചരിത്ര പഠനങ്ങൾ സൂചിപ്പിക്കുന്നുണ്ട്. എ.ഡി. 4-ാം നൂറ്റാണ്ടിൽ ബുദ്ധമതം ഇവിടെ പ്രബലമായിരുന്നു. പിന്നീട് ബ്രാഹ്മണ നേതൃത്വത്തിൽ ഹിന്ദുപുനരുത്ഥാനം നടന്നപ്പോൾ ബുദ്ധമതത്തന്റെ പ്രചാരണം ചെറുതായി. ഇതേ കാലഘട്ടത്തിൽ തന്നെയാണ് മാലിക് ദിനാറും കൂട്ടരും കേരളത്തിൽ 3-ാമത്തെ പള്ളി ചിരികണ്ടിടത്ത് (ഇന്നത്തെ ശ്രീകണ്ഠാപുരം) സ്ഥാപിക്കുന്നത്. 1766 മുതൽ 1792 വരെയുള്ള മൈസൂർ സുൽത്താൻമാരുടെ ഭരണകാലത്തും ഇവിടെ മതപ്രചാരണ പ്രവർത്തനങ്ങൾ ഏറെ നടന്നിട്ടുണ്ട്. 1940-കളിൽ നടന്ന മലയോര മേഖലകളിലെ കുടിയേറ്റം ഈ നിയോജക മണ്ഡലത്തിന്റെ വികസനത്തെ കാര്യമായി സ്വാധീനിച്ചിട്ടുണ്ട്.

വിവിധ ഗ്രാമ പഞ്ചായത്തുകളിലെ ജനസംഖ്യവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗ്രാമ പഞ്ചായത്ത് | വീടുകൾ | ജനസംഖ്യ | ആൺ | പെൺ | നിരക്ഷരർ | ഏരിയ |
|---|---|---|---|---|---|---|---|
| 1 | ഇരിക്കൂർ | 1774 | 12510 | 6255 | 6255 | 73.55 | 11.22 |
| 2 | ഉളിക്കൽ | 7302 | 34318 | 17151 | 17167 | 80.80 | 74.68 |
| 3 | പയ്യാവൂർ | 5285 | 23242 | 11655 | 11587 | 81.73 | 67.34 |
| 4 | ഏരുവേശ്ശി | 4271 | 19175 | 9599 | 9576 | 82.06 | 49.09 |
| 5 | ശ്രീകണ്ഠാപുരം | 6927 | 33194 | 16435 | 16759 | 80.59 | 69 |
| 6 | ചെങ്ങളായി | 5597 | 28781 | 14083 | 14698 | 79.70 | 67.33 |
| 7 | നടുവിൽ | 6861 | 31347 | 15580 | 17767 | 79.69 | 8797 |
| 8 | ആലക്കോട് | 8037 | 36208 | 17983 | 18225 | 80.36 | 77.70 |
| 9 | ഉദയഗിരി | 4632 | 20334 | 10206 | 10128 | 82.55 | 51.80 |
| | **ആകെ** | **50686** | **239109** | **118947** | **122162** | **721.03** | **556.13** |

*അവലംബം: പഞ്ചായത്ത് ലവൽ സ്റ്റാറ്റിസ്റ്റിക്സ് 2006 എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്, കണ്ണൂർ.*

## III. വികസന ചരിത്രം

1957 ലാണ് നിയോജകമണ്ഡലം രൂപീകൃതമാവുന്നത്. ഏകദേശം 1323ന് മുമ്പുള്ള നിലാമുറ്റത്തിനടുത്തുള്ള ശിലാലിഖിതങ്ങളും അരങ്ങം ക്ഷേത്ര പരിസരത്തും നെല്ലിക്കുന്നിലും കണ്ടെത്തിയ ഗുഹകളും ക്ഷേത്രാവശിഷ്ടങ്ങളും ഏരുവേശ്ശി പഞ്ചായത്തിലെ പൈതൽ മലയിൽ കണ്ടെത്തിയ അവശിഷ്ടങ്ങളും നൂറ്റാണ്ടുകൾക്ക് മുമ്പ് ഈ പ്രദേശങ്ങളിൽ ജനവാസമുണ്ടായിരുന്നു എന്നതിന് തെളിവുകളാണ്. സ്വാതന്ത്ര്യത്തിന് മുമ്പ് ബ്രിട്ടീഷുകാരുടെ പ്രധാന വ്യവസായ കേന്ദ്രങ്ങളിലൊന്നായിരുന്നു ഇരിക്കൂർ. ഇരിക്കൂറിൽ സബ് രജിസ്റ്റാർ ഓഫീസ് 1893 ൽ സ്ഥാപിതമായി. കണ്ണൂർ ജില്ലയിലെ പ്രശസ്തമായ വിനോദ സഞ്ചാര കേന്ദ്രമായ പൈതൽമല പൈതൽ കോൽ എന്ന പ്രദേശം കേന്ദ്രമാക്കി ഭരണം നടത്തിയിരുന്ന പ്രദേശമാണ്. 1952 ൽ ആലക്കോട് താമസമാക്കിയ പി.ആർ.രാജരാജവർമ്മ പ്രദേശത്തിന്റെ വികസനത്തിന് സ്തുത്യർഹമായ സംഭാവന നൽകിയിട്ടുണ്ട്. തളിപ്പറമ്പ് മുതൽ മണക്കടവ് വരെയുള്ള റോഡ് സ്വന്തം ചിലവിൽ നിർമ്മിച്ചതു ഇതിനൊരുദാഹരണം മാത്രമാണ്. കുടിയേറ്റ കർഷകർ ഈ പ്രദേശത്തിന്റെ കാർഷിക വികസനത്തിനും തദ്ദേശീയരായ വ്യാപാര സമൂഹം ഈ പ്രദേശത്തിന്റെ പൊതുവിലുള്ള വികസനത്തിനും നൽകിയ സംഭാവനകൾ അവിസ്മരണീയമാണ്.

ഇരിക്കൂർ ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസ് 1962 ലാണ് നിലവിൽ വന്നത്. വികസനരംഗത്ത് ഫലപ്രദമായ മാറ്റങ്ങൾ വരുത്തുന്നതിനും കേന്ദ്ര ഗ്രാമവികസന പദ്ധതികൾ മലയോര മേഖലയിൽ എത്തിക്കുന്നതിനും വിവിധ വികസന വകുപ്പുകൾ, വികസന ബ്ലോക്കിലൂടെ നിസ്തുലമായ പങ്കുവഹിച്ചിട്ടുണ്ട്.

# IV. വികസന മേഖലകൾ

## IV. 1. കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യമേഖല

### കൃഷി

**ഇന്നത്തെ അവസ്ഥ:**

കണ്ണൂർ ജില്ലയുടെ കിഴക്ക് ഭാഗത്ത് പശ്ചിമഘട്ടത്തോട് ചേർന്ന് കിടക്കുന്ന മലയോര പഞ്ചായത്തുകളാണ് ഉദയഗിരി, ആലക്കോട്, നടുവിൽ, എരുവേശ്ശി, പയ്യാവൂർ, ഉളിക്കൽ ഗ്രാമ പഞ്ചായത്തുകൾ. ശ്രീകണ്ഠാപുരം, ഇരിക്കൂർ, ചെങ്ങളായി ഗ്രാമ പഞ്ചായത്തുകൾ ഇടനാട്സ്വഭാവമുള്ള ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളാണ്. ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങൾ പൂർണ്ണമായും കാർഷികവൃത്തിയെയാണ് മുഖ്യവരുമാന മാർഗ്ഗമായി ആശ്രയിക്കുന്നത്. നാണ്യവിളകളായ റബ്ബർ, തെങ്ങ്, കശുമാവ്, കവുങ്ങ്, കുരുമുളക് എന്നീ വിളകളാണ് മുഖ്യമായും കൃഷി ചെയ്തു വരുന്നത്. നെൽകൃഷി വിസ്തൃതി അടിക്കടി കുറഞ്ഞുവന്ന് നാമമാത്രമായി വരികയാണ്. ഉദയഗിരി, ആലക്കോട്, എരുവേശ്ശി, പയ്യാവൂർ, നടുവിൽ പഞ്ചായത്തുകളിൽ വയൽ നെൽകൃഷി പൂർണ്ണമായി ഇല്ലാതെയായി. ശ്രീകണ്ഠാപുരം, ഉളിക്കൽ, ഇരിക്കൂർ, ചെങ്ങളായി പഞ്ചായത്തുകളിലും നെൽകൃഷി ചെയ്യുന്ന ഭൂവിസ്തൃതി കുറഞ്ഞുവരികയാണ്. കിഴങ്ങ് വർഗ്ഗ ഭക്ഷ്യ വിളകളായ മരച്ചീനി, ചേന, ചേമ്പ്, കാച്ചിൽ പോലുള്ള വിളകളുടെ കൃഷിയിലും ഗണ്യമായ കുറവ് സംഭവിച്ചിട്ടുണ്ട്. നെൽവയലുകൾ നികത്തിയും മറ്റു കൃഷിഭൂമിയും കാർഷികേതര ആവശ്യങ്ങൾക്കായി അതിവേഗം മാറ്റപ്പെട്ടു കൊണ്ടിരിക്കുന്ന ഒരവസ്ഥയാണ് കണ്ടുവരുന്നത്.

പുഴയോട് ചേർന്ന് കാണുന്ന എക്കൽ പ്രദേശം, കുത്തനെയുള്ള ചരിവുകൾ, മേൽത്തട്ടിലെ നിരന്ന പ്രദേശങ്ങൾ, ഉയർന്ന മലമ്പ്രദേശങ്ങൾ, വനപ്രദേശം എന്നിങ്ങനെ ഭൂപ്രദേശത്തെ പ്രധാനമായും തരംതിരിക്കാം.

വെട്ടുകൽ മണ്ണ്, എക്കൽ മണ്ണ്, ലോം മണ്ണ്, വനമണ്ണ് എന്നിവയാണ് പ്രധാന മൺതരങ്ങൾ. മുഴുവൻ കൃഷിയിടങ്ങളിലും അമ്ല സ്വഭാവമുള്ള മണ്ണാണ് കാണപ്പെടുന്നത്. നൈട്രജൻ, പൊട്ടാഷ് എന്നിവയുടെ അളവ് വളരെ കുറവാണ്. ഫോസ്ഫറസിന്റെ അളവ് തൃപ്തികരമെങ്കിലും അമ്ലത്വം ഏറിയതിനാൽ ചെടികൾക്ക് ഇതിന്റെ ലഭ്യത കുറവാണ്. മണ്ണിലെ ജൈവാംശത്തിന്റെ അളവും അടിക്കടി കുറഞ്ഞു വരുന്നു. കൃഷിയിടങ്ങളിലെ സസ്യാവരണം വെട്ടി നീക്കി കൃഷി ചെയ്യുന്നതോടൊപ്പം പ്രദേശത്തിന്റെ കുത്തനെയുള്ള ചരിവും, മണ്ണുജല സംരക്ഷണ പ്രവർത്തനങ്ങളുടെ അപര്യാപ്തതയും, കാലവർഷത്തിലും തുലാവർഷത്തിലുമുള്ള മഴയുടെ തീവ്രതയും ഒത്തുചേരുമ്പോൾ കനത്ത മണ്ണൊലിപ്പിന് കാരണമാകുന്നു. പുഴ, തോട്, കിണറുകൾ, കുളങ്ങൾ എന്നിവയാണ് മുഖ്യജലസ്രോതസ്സുകൾ. എന്നാൽ അടുത്ത കാലത്തായി കുഴൽ കിണറുകൾ വ്യാപകമാകുകയാണ്. ആകെയുള്ള കൃഷിയിട വിസ്തൃതിയിൽ 20% ൽ താഴെ മാത്രമേ ജലസേചന സൗകര്യങ്ങളുള്ളൂ. മഴയെ ആശ്രയിച്ചാണ് മുഖ്യമായും നാണ്യവിളകൾ കൃഷി ചെയ്യുന്നത്. മെയ്-ജൂൺ മുതൽ ഒക്ടോബർ, നവംബർ മാസങ്ങളിൽ വരെയാണ് മഴക്കാലം. തുടർന്ന് വേനക്കാലവും. അപൂർവ്വം ചില വർഷങ്ങളിൽ മാത്രമേ വേനൽ മഴ ലഭിക്കാറുള്ളൂ. മലയോര പ്രദേശങ്ങളിൽ വേനൽക്കാലത്ത് കുടി വെള്ളത്തിന് ദൗർലഭ്യം നേരിടുന്നു. കനത്ത തോതിലുള്ള നീരൊഴുക്കും കുത്തനെയുള്ള ചരിവുകളും മണ്ണിനടിയിലുള്ള പാറക്കെട്ടുകളും മൂലം വെള്ളത്തിന്റെ ആഗിരണശേഷിയും ജലസംഭരണശേഷിയും കുറവാകുന്നതാണ് വരൾച്ചയുടെ മുഖ്യകാരണം. ഉയർന്ന മലമ്പ്രദേശങ്ങളായ പൈതൽ മലയടിവാരങ്ങൾ, പൊട്ടൻപ്ലാവ്, വഞ്ചിയം, ആടാംമ്പാറ, പാത്തൻപാറ, കുന്നത്തൂർ, കാഞ്ഞിരക്കൊല്ലി, മണിക്കടവ്, കാലാങ്കി, മാട്ടറ പ്രദേശങ്ങൾ മഴക്കാലങ്ങളിൽ ഉരുൾപൊട്ടൽ

സംഭവിക്കുന്നു. ആലക്കോട്, ഉദയഗിരി, നടുവിൽ, എരുവേശ്ശി, പയ്യാവൂർ, ഉളിക്കൽ പഞ്ചായത്തുകളുടെ കിഴക്കുഭാഗത്തായി വനാതിർത്തിയോട് ചേർന്ന് കിടക്കുന്ന പ്രദേശങ്ങൾ കാട്ടുമൃഗഭീഷണിയുള്ള പ്രദേശങ്ങളാണ്. കാട്ടാന, കാട്ടുപന്നി, മുള്ളൻപന്നി, മലാൻ തുടങ്ങിയ മൃഗങ്ങൾ ധാരാളം വിളനാശം വരുത്തുന്നുണ്ട്. നിയോജക മണ്ഡലത്തിലെ ഉയർന്നു കിടക്കുന്ന പ്രദേശങ്ങളിലെല്ലാംതന്നെ കാറ്റുമൂലമുണ്ടാകുന്ന നാശനഷ്ടങ്ങളും ഏറെയാണ്. നേന്ത്രവാഴ, റബ്ബർ, കശുമാവ് തുടങ്ങിയ വിളകൾ വേനൽക്കാലത്തും മഴക്കാലത്തും ശക്തിയായ കാറ്റ് വീശുന്നതു മൂലം കനത്ത നാശനഷ്ടം സംഭവിക്കുന്നുണ്ട്. കൃഷിപ്പണികൾക്ക് ആവശ്യമായ തൊഴിലാളി ദൗർലഭ്യം അനുഭവപ്പെടുന്നു.

**പ്രശ്നങ്ങൾ :**

ജൈവവളം, രാസവളം എന്നിവയുടെ ലഭ്യത വളരെയേറെ കുറയുകയും വില വളരെയേറെ വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. കന്നുകാലി വളർത്തൽ കുറഞ്ഞു വരുന്നതിനാൽ കാലി വളർത്തലിന്റെ ഉപയോഗത്തിൽ ഗണ്യമായ കുറവ് സംഭവിക്കുന്നുണ്ട്. രാസവളം പലപ്പോഴും സമയത്ത് ലഭിക്കാറില്ല. കാൽസ്യം, മെഗ്നീഷ്യം മറ്റ് സൂക്ഷമ മൂലകങ്ങൾ എന്നിവയുടെ അപര്യാപ്തതാ ലക്ഷണങ്ങൾ. തെങ്ങ്, വാഴ, പച്ചക്കറികൾ, നെല്ല് എന്നിവയിൽ പലപ്പോഴും കാണാറുണ്ട്. കർഷകരുടെ അിറവില്ലായ്മയും ഇവ വാങ്ങി ഉപയോഗിക്കാനുള്ള സാമ്പത്തിക പരാധീനത, ഉയർന്ന വില, ലഭ്യത കുറവ് എന്നിവ മൂലം പലപ്പോഴും ഇവയുടെ ഉപയോഗത്തിന് വിഘാതമാകുന്നു. അത്യുത്പാദന ശേഷിയുള്ള നെൽ വിത്തിനങ്ങൾ, പച്ചക്കറി, പഴവർഗ്ഗങ്ങൾ എന്നിവയുടെ നടീൽ വസ്തുക്കൾ ആവശ്യാനുസരണം ലഭ്യമാകുന്നില്ല. കീടരോഗ നിയന്ത്രണത്തിൽ പലപ്പോഴും പാളിച്ചകൾ സംഭവിക്കാറുണ്ട്. തെങ്ങിന്റെ കുമ്പചീയ്യൽ, തഞ്ചാവൂർ വാട്ടം, മണ്ഡരി ബാധ കവുങ്കിന്റെ മഞ്ഞളിപ്പ്, മഹാളി രോഗങ്ങൾ റബ്ബറിന്റെ പിങ്ക് രോഗം, പട്ടമരപ്പ് രോഗം, കശുമാവിന്റെ കൊമ്പുണക്കം, തേയിക്കൊതുക്, കുരുമുളകിന്റെ വാട്ടരോഗങ്ങൾ എന്നിവ പല വർഷങ്ങളിലും നിയന്ത്രണാതീതമാകാറുണ്ട്. കാർഷിക വികസന പദ്ധതികളുടെ ഫണ്ടിന്റെ അപര്യാപ്തത പദ്ധതികളുടെ സ്ഥിരതയില്ലായ്മ, വികസന ഉദ്യോഗസ്ഥരുടെ അപര്യാപ്തത എന്നിവയും പദ്ധതികൾ നടപ്പാക്കുന്നതിൽ തടസമാകുന്നുണ്ട്. ഈ കാരണങ്ങളാൽ, കാർഷിക വിളകളുടെ ഉത്പാദനം താരതമ്യേന കുറവാണെന്ന് കാണാം. ഈ മേഖലയിലെ കാർഷിക ഉത്പന്നങ്ങൾ യാതൊരു മൂല്യ വർദ്ധനവും ഇല്ലാതെ തന്നെ വിപണനം ചെയ്യപ്പെടുകയാണ്. റബ്ബർ, കശുവണ്ടി, തേങ്ങ, അടക്ക, കുരുമുളക്, കൊക്കോ തുടങ്ങി ഒട്ടുമിക്ക ഉത്പന്നങ്ങളും സ്വകാര്യ വ്യാപാരികൾക്ക് താമസംവിനാ വിപണനം ചെയ്യപ്പെടുന്നു. ഉത്പന്നം സൂക്ഷിച്ചുവെയ്ക്കുന്നതിനോ മൂല്യവർദ്ധനവ് നടത്തുന്നതിനോ സർക്കാർ / സഹകരണ / സ്വകാര്യ സംവിധാനങ്ങൾ നിലവിലില്ല. വില സ്ഥിരത നിലനിർത്തുന്നതിനോ സംഭരിക്കുന്നതിനോ സംവിധാനങ്ങൾ ഫലപ്രദമല്ല. ആയതിനാൽ വിപണിയിൽ പ്രകടമായ വില ചാഞ്ചാട്ടം കാണാം. പച്ചക്കറികൾ, പഴങ്ങൾ എന്നിവ കർഷകർക്ക് നേരിട്ട് വിപണനം ചെയ്യുന്നതിനുള്ള ചന്തകൾ / മാർക്കറ്റ് എന്നിവയുമില്ല. സീസണുകളിൽ ചക്ക, കശുമാങ്ങ, മാങ്ങ, എന്നിവ അധികവും പാഴായിപ്പോകുകയാണ്.

മണ്ഡലത്തിന്റെ മൊത്തം ഭൂവിസ്തൃതിയായ 57231 ച.ഭൂമിയിൽ 47127 ഹെക്ടർ സ്ഥലത്ത് വിവിധതരം കൃഷി ചെയ്യുന്നു. വിവിധ കാരണങ്ങളാൽ ശേഷിക്കുന്ന ഭൂമി തരിശായി കിടക്കുന്നുണ്ട്. വരും വർഷങ്ങളിലെ ഫലപ്രദമായ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ, ജലസേചന, ജലനിർഗ്ഗമന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, അനുയോജ്യമായ വിളകൾ നടീൽ എന്നിവയിലൂടെ ഈ പ്രദേശങ്ങൾ കൃഷിയോഗ്യമാക്കേണ്ടവയുമാണ്. കൃഷിയോഗ്യമായ ഭൂമിയും അതെ സമയം ഉപയോഗിക്കാതെ തരിശിട്ടിരിക്കുന്നതുമായ ഭൂമിയും വരും വർഷങ്ങളിൽ വിവിധ പദ്ധതികളിലൂടെ കൃഷിക്ക് ഉപയുക്തമാക്കാവുന്നതാണ്. വർഷംതോറും മേൽതട്ടിൽ നിന്ന് നിർദ്ദേശിക്കപ്പെടുന്ന പദ്ധതികൾ അതേപടി നടപ്പിലാക്കുന്നതിന് പകരം വസ്തുനിഷ്ടമായ

വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ വേണം വരും വർഷങ്ങളിൽ കാർഷിക മേഖലയിൽ പദ്ധതി നടപ്പാക്കുന്നത്.

**നടപ്പു പദ്ധതികൾ :**

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | സബ്സിഡി നിരക്ക് | നൽകുന്ന സഹായം |
|---|---|---|---|
| 1 | നെൽകൃഷി വികസനം | 1. കുമ്മായം ചെയ്യുന്നതിന് - ഹെക്ടറിന് 500/- തോതിൽ.<br>2. സുസ്ഥിര വികസനം - ഹെക്ടറിന് 4000/- തോതിൽ<br>3. ഉത്പാദന ബോണസ് - ഹെക്ടറിന് 350/- തോതിൽ | പൂർത്തീകരണ ശേഷം സബ്സിഡി ബാങ്ക് അക്കൗണ്ടിൽ നൽകുന്നു. |
| 2 | കേര വികസനം | 1. കേരശ്രീ ക്ലസ്റ്റർ<br>ഒന്നാം വർഷം - 25 ഹെക്ടറിന് 437500/-<br>രണ്ടാം വർഷം - 25 ഹെക്ടറിന് 227500/-<br>2. ആർ.കെ.വി.വി/കേരക്ലസ്റ്റർ - ഒന്നാം വർഷം മാത്രം 25 ഹെക്ടറിന് 437500/- | തടം തുറക്കുന്നതിന് ധനസഹായം, വളം, സസ്യസംരക്ഷണം, ജലസേചന സൗകര്യം വർദ്ധിപ്പിക്കൽ, രോഗബാധിത തെങ്ങുകൾ മുറിച്ചുമാറ്റൽ എന്നിവ വളം, സസ്യസംരക്ഷണം, തടം തുറക്കുന്നതിന് ധനസഹായം<br>കേരശ്രീ ക്ലസ്റ്റർ ഒന്നാംവർഷ ആനുകൂല്യം. |
| 3 | പച്ചക്കറി വികസനം | 5 ഹെക്ടർ ക്ലസ്റ്ററിന് 75000/ 125000/തോതിൽ | വളം, പന്തൽ, സസ്യസംരക്ഷണം തുടങ്ങിയവ |
| 4 | ബയോ ഗ്യാസ് | പ്ലാന്റ് ഒന്നിന് 2 m³, 3 m³) - 8000/- സബ്സിഡി | പ്ലാന്റ് നിർമ്മിക്കുന്നതിന് ധനസഹായം |
| 5 | പ്രകൃതി ക്ഷോഭ ദുരിതാശ്വാസം | ഉരുൾപൊട്ടൽ, കാറ്റ്, വെള്ളപ്പൊക്കം, വരൾച്ച കെടുതികൾ | പൂർണ്ണനാശത്തിന് സർക്കാർ നിശ്ചയിച്ച തോതിൽ വിളനാശ ആനുകൂല്യം<br>(ഉദാ) വാഴകുലച്ചത് 100/- റബ്ബർ ടാപ്പിംഗ് 300/- മുതലായവ |
| 6 | ചെറുകിട യന്ത്രവത്കരണം | ട്രാക്ടർ, ട്രില്ലർ, ബ്രഷ് കട്ടർ എന്നിവ | 25% സബ്സിഡി നിരക്കിൽ |
| 7 | സ്പിംഗ്ലർ, ഡ്രിപ്പ് ജലസേചനം | പദ്ധതിച്ചെലവിന്റെ<br>75% സബ്സിഡി നിരക്കിൽ | ധനസഹായം പൂർത്തീകരണ ശേഷം നൽകുന്നു. |
| 8 | വിള ഇൻഷു | നിശ്ചിത പ്രീമിയം അടച്ച് വിള | വിളനാശം സംഭവിച്ചാൽ |

| | | | |
|---|---|---|---|
| | റൻസ് പദ്ധതി | കൾ ഇൻഷൂർ ചെയ്യൽ | നിശ്ചിത നിരക്കിൽ നഷ്ടപരിഹാരം |
| 9 | കർഷക ക്ഷേമ പെൻഷൻ | 60 വയസ് കഴിഞ്ഞ കക്തഷകർക്ക് പ്രതിമാസം 500/- രൂപ നിരക്കിൽ പെൻഷൻ | കർഷകരുടെ ബാങ്ക് അക്കൗണ്ടിൽ നൽകുന്നു |
| 10 | ഹോർട്ടി കൾച്ചറൽ മിഷൻ പദ്ധതികൾ | 1) നേന്ത്ര വാഴ കൃഷി ധനസഹായം - വാഴ ഒന്നിന് 10/50 രൂപ നിരക്കിൽ ധനസഹായം<br>2) കുരുമുളക് വിളവ്യാപനം ഹെക്ടറിന് 15000/- നിരക്കിൽ ധനസഹായം<br>3) കുരുമുളക് പുനരുദ്ധാരണം ഹെക്ടറിന് 15000/-<br>4) യന്ത്രോപകരണങ്ങൾ വിതരണം - 50% സബ്സിഡി നിരക്കിൽ<br>5) പോളിഹൗസ് നിർമ്മാണം - 50% സബ്സിഡി നിരക്കിൽ 462/ച.മീറ്ററിന് പരമാവധി 4000 ച.മീറ്റർ വരെ | ധനസഹായം കർഷകർക്ക് ബാങ്ക് ചെക്കായി നൽകുന്നു. |
| 11 | കര നെൽകൃഷി | ഹെക്ടറിന് 7500/- നിരക്കിൽ ധനസഹായം | വിത്ത്, വളം മറ്റ് ഉൽപാദന ഉപാധികൾക്ക് സബ്സിഡി കർഷകന്റ അക്കൗണ്ടിൽ നൽകുന്നു. |
| 12 | സൗജന്യ കാർഷിക വൈദ്യൂതി | 2 ഹെക്ടറിൽ താഴെ കൃഷിഭൂമിയുള്ള കർഷകർക്ക് സൗജന്യമായി വൈദ്യൂതി ജലസേചനത്തിന് | കാർഷിക ആവശ്യത്തിന് സൗജന്യമായി വൈദ്യൂതി ചാർജ്ജ് കൃഷി വകുപ്പ് കെ. എസ്.ഇ.ബി ക്ക് നേരിട്ട് നൽകുന്നു. |
| 13 | പോളി ഹൗസ് നിർമ്മാണം | ഒരു പഞ്ചായത്തിൽ നിന്ന് 3 പേർക്ക് വീതം | 75% സബ്സിഡി നിരക്കിൽ പരമാവധി 4000 ച.മീറ്റർ വരെ വിസ്തൃതി |
| 14 | ആത്മ പദ്ധതി | കർഷക പരിശീലന ക്ലാസുകൾ, പഠനയാത്രകൾ, പ്രദർശന തോട്ടങ്ങൾ എന്നിവയ്ക്ക് ധനസഹായം | ധനസഹായം കൃഷിഭവനിലൂടെ നേരിട്ട് ലഭിക്കുന്നു. |

**കേന്ദ്രാവിഷ്കൃത പദ്ധതി നടത്തിപ്പ്**

| ഗ്രാമ പഞ്ചായത്ത് | വർഷം | അനുവദിച്ച തുക | ചെലവഴിച്ച തുക | പ്രയോജനം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം. | പ്രയോജനം ലഭിച്ച ഗുണഭോക്തൃത പ്രദേശത്തിന്റെ വിസ്തൃതി |
|---|---|---|---|---|---|
| **ശ്രീകണ്ഠാപുരം** | | | | | |
| 1)നെൽകൃഷി വികസനം | 2008-2013 | 12 ലക്ഷം | 12 ലക്ഷം | 850 ഫാർമേർസ് | 100 ഹെക്ടർ |
| 2) തെങ്ങ് കൃഷി വികസനം | 2008-2013 | 17.50 ലക്ഷം | 17.50 ലക്ഷം | 550 ഫാർമേർസ് | 100 ഹെക്ടർ |
| 3) ബയോഗ്യാസ് | 2008-2013 | 2.56 ലക്ഷം | 2.56 ലക്ഷം | 32 നമ്പർ | 32 കുടുംബം |
| 4) മൈക്രോ ഇറിഗേഷൻ | 2008-2013 | 1.50 ലക്ഷം | 1.50 ലക്ഷം | 15 നമ്പർ | 4 ഹെക്ടർ |
| **പയ്യാവൂർ** | | | | | |
| 1) തെങ്ങ് കൃഷി | - | 13.25 ലക്ഷം | 13.25 ലക്ഷം | 380 നമ്പർ | 75 ഹെക്ടർ |
| 2) ബയോഗ്യാസ് | - | 1.92 ലക്ഷം | 1.92 ലക്ഷം | 24 നമ്പർ | 24 ഹെക്ടർ |
| 3) മൈക്രോ ഇറിഗേഷൻ | - | 0.9 ലക്ഷം | 0.9 ലക്ഷം | 8 നമ്പർ | 3 ഹെക്ടർ |
| **ഏരുവേശ്ശി** | | | | | |
| 1) തെങ്ങ് കൃഷി | - | 17.50 ലക്ഷം | 17.50 ലക്ഷം | 590 നമ്പർ | 100 ഹെക്ടർ |
| 2) ബയോഗ്യാസ് | - | 1.60 ലക്ഷം | 1.60 ലക്ഷം | 20 നമ്പർ | 20 ഹെക്ടർ |
| 3)മൈക്രോ ഇറിഗേഷൻ | - | 0.6 ലക്ഷം | 0.6 ലക്ഷം | 6 നമ്പർ | 2 ഹെക്ടർ |
| **ഉളിക്കൽ** | | | | | |
| 1) തെങ്ങ് കൃഷി | - | 13.25 ലക്ഷം | 13.25 ലക്ഷം | 300 നമ്പർ | 75 ഹെക്ടർ |
| 2) നെൽകൃഷി | - | 6.00 ലക്ഷം | 6.00 ലക്ഷം | 400 നമ്പർ | 50 ഹെക്ടർ |
| 3) ബയോഗ്യാസ് | - | 1.60 ലക്ഷം | 1.60 ലക്ഷം | 20 നമ്പർ | 20 ഹെക്ടർ |

| ഇരിക്കൂർ | | | | | |
|---|---|---|---|---|---|
| 1) തെങ്ങ് കൃഷി | 2008-2013 | 4.375 ലക്ഷം | 4.375 ലക്ഷം | 200 നമ്പർ | 25 ഹെക്ടർ |
| 2) നെൽകൃഷി | - | 0.50 ലക്ഷം | 0.50 ലക്ഷം | 70 നമ്പർ | 10 ഹെക്ടർ |

**സംസ്ഥാനാവിഷ്കൃത പദ്ധതി നടത്തിപ്പ്**

| ഗ്രാമ പഞ്ചായത്ത് | വർഷം | അനുവദിച്ച തുക | ചെലവഴിച്ച തുക | പ്രയോജനം ലഭിച്ച ഗുണഭോ ഭോക്താക്കളുടെ എണ്ണം. | പ്രയോജനം ലഭിച്ച ഗുണഭോക്തൃ പ്രദേശ ത്തിന്റെ വിസ്തൃതി |
|---|---|---|---|---|---|
| 1. ഉദയഗിരി | 2009-2014 | 184.9 | 184.9 | 6000 നമ്പർ /5 വർഷം | 1700 ഹെക്ടർ |
| 2. ആലക്കോട് | - | 249.8 | 249.8 | 6500 നമ്പർ | 2000 ഹെക്ടർ |
| 3. നടുവിൽ | - | 260.1 | 260.1 | 6200 നമ്പർ | 2100 ഹെക്ടർ |
| 4. ഏരുവേശ്ശി | - | 162.9 | 162.9 | 5400 നമ്പർ | 1800 ഹെക്ടർ |
| 5. പയ്യാവൂർ | - | 190.4 | 190.4 | 5900 നമ്പർ | 2000 ഹെക്ടർ |
| 6. ഉളിക്കൽ | - | 138.4 | 138.4 | 6300 നമ്പർ | 2100 ഹെക്ടർ |
| 7. ഇരിക്കൂർ | - | 30.4 | 30.4 | 900 നമ്പർ | 300 ഹെക്ടർ |
| 8. ചെങ്ങളായി | - | 142.7 | 142.7 | 6500 നമ്പർ | 2100 ഹെക്ടർ |
| 9.ശ്രീകണ്ഠാ പുരം | - | 204.6 | 204.6 | 6600 നമ്പർ | 2300 ഹെക്ടർ |

**മറ്റ് പദ്ധതികളുടെ നടത്തിപ്പ്**

| ഗ്രാമ പഞ്ചായത്ത് | പദ്ധതി | പ്രൊജക്ടുകളുടെ എണ്ണം | അനുവദിച്ച തുക | ചെലവഴിച്ച തുക | പ്രയോജനം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം. | പ്രയോജനം ലഭിച്ച ഗുണഭോക്തൃ പ്രദേശത്തിന്റെ വിസ്തൃതി |
|---|---|---|---|---|---|---|
| 1. ശ്രീകണ്ഠാ പുരം | പശ്ചിമഘട്ട വികസന പദ്ധതി | 3 നമ്പർ (3 പ്രൊജക്ടുകൾ) | 1 കോടി | 1 കോടി | 1500 നമ്പർ | 1200 ഹെക്ടർ |
| 2. പയ്യാവൂർ | പശ്ചിമഘട്ട വികസന പദ്ധതി | 1 നമ്പർ | 36 ലക്ഷം | 36 ലക്ഷം | 500 നമ്പർ | 540 ഹെക്ടർ |
| 3. ഉളിക്കൽ | പശ്ചിമഘട്ട വികസന പദ്ധതി | 2 നമ്പർ | 80 ലക്ഷം | 80 ലക്ഷം | 1100 നമ്പർ | 850 ഹെക്ടർ |

**സാധ്യതകൾ**

മണ്ഡലത്തിലെ ആലക്കോട്, നടുവിൽ, ഉദയഗിരി, ഏരുവേശ്ശി, പയ്യാവൂർ, ഉളിക്കൽ എന്നീ മലയോര മേഖല ഉൾപ്പെട്ട സോൺ – 1 ഉം ബാക്കി വരുന്ന ചെങ്ങളായി, ശ്രീകണ്ഠാപുരം, ഇരിക്കൂർ എന്നീ പഞ്ചായത്തുകളെ ഉൾപ്പെടുത്തി സോൺ – 2 ഉം കേന്ദ്രീകരിച്ച് സാധ്യതാ വിശകലനം നടത്താവുന്നതാണ്.

സോൺ – 1 (ആലക്കോട്, ഉദയഗിരി, ഏരുവേശ്ശി, പയ്യാവൂർ, ഉളിക്കൽ, നടുവിൽ ഗ്രാമ പഞ്ചായത്തുകൾ)

1) മണ്ണൊലിപ്പ് അതിരൂക്ഷമായ ഈ മേഖലയിൽ പ്രാഥമിക പരിഗണന മണ്ണ് – ജല സംരക്ഷണ പദ്ധതികൾക്ക് തന്നെ ആയിരിക്കണം. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ മണ്ണ് ജല സംരക്ഷണ പദ്ധതി പ്രവൃത്തികൾ സംഘടിപ്പിക്കുന്നതിന് കല്ലിന്റെ വിലയും (സ്കിൽഡ് ലേബർ) വിദഗ്ദ്ധ തൊഴിലാളികളുടെ പ്രത്യേക കൂലി നൽകുന്നതിനും പ്രത്യേക പരിഗണന വേണ്ടതാണ്. ഉയർന്ന പ്രദേശങ്ങളിൽ ഹെക്ടറിന് 2000 സ്വ. മീറ്റർ കല്ല് കയ്യാല ചെയ്യുന്നതിനും പരിമിത-ചെറുകിട-വൻകിട കർഷകരെ തുല്യമായി പരിഗണിച്ച് പദ്ധതി പ്രവർത്തനം പ്രദേശാടിസ്ഥാനത്തിൽ തന്നെ സംഘടിപ്പിക്കുകയാണ് ചെയ്യേണ്ടത്.

2) പ്രാദേശികമായി ഉണ്ടാക്കുന്ന മൂല്യവർദ്ധിത ജൈവ വളങ്ങൾ മൂല്യവർദ്ധിപ്പിച്ച് പ്രദേശത്തുതന്നെ ഉപയോഗിക്കപ്പെടുവാനുള്ള സാധ്യതകൾ പരിശോധിക്കണം. ഇപ്രകാരം സമൂഹത്തിൽ ശുചിത്വസംസ്ക്കാരം നിലനിർത്തുന്നതിനും മൂല്യമുള്ള ജൈവവളം കൃഷിയിടങ്ങളിൽ ഉപയോഗിക്കുന്നതിനും, മൃഗസംരക്ഷണ മേഖലയിലുള്ള കർഷകർക്ക് അധികവരുമാനം സ്ഥിരമായി ലഭിക്കുന്നതിനുള്ള സാധ്യതയും ഉണ്ടാവും.

3) തൊഴിലാളികളുടെ ലഭ്യത. കാർഷികമേഖലയിൽ എല്ലാ പ്രവൃത്തികൾക്കും തൊഴിലാളികളുടെദൗർലഭ്യം അനുഭവപ്പെടുന്ന അവസ്ഥയാണുള്ളത്. എല്ലാ തൊഴിലും ചെയ്യുന്നതരത്തിലേക്ക് യുവജനങ്ങളെ പരിശീലിപ്പിച്ചെടുത്ത് ഉപയോഗപ്പെടുത്തുവാനുള്ള സാഹചര്യം നിലവിലുണ്ട്. കർമ്മ ശേഷിയുള്ള തൊഴിൽ സേന രൂപീകരണം പരിഹാരമാർഗ്ഗമാണ്.

4) രോഗകീടങ്ങൾ: പ്രത്യേകപദ്ധതികൾ ആവശ്യാനുസരണം ആവിഷ്കരിച്ച് ഫലപ്രദമായി കൃഷിയിടങ്ങളിൽ തൊഴിൽ സേനയെ ഉപയോഗപ്പെടുത്തുവാൻ സാധിക്കണം.

5) ഉല്പന്നങ്ങൾക്ക് ന്യായവില ലഭിക്കാത്ത സാഹചര്യം മറിമടക്കുവാൻ, സർക്കാർ / സഹകരണ മേഖലയിൽ സംഭരണ വിപണനശാലകൾ എല്ലാ പഞ്ചായത്തുകളിലും ആരംഭിക്കേണ്ടതുണ്ട്.

6) വാഴകൃഷി, നെൽശ്യഷി, പച്ചക്കറി കൃഷി മുതലായവയ്ക്ക് വിവിധ കേന്ദ്ര-സംസ്ഥാന-ജനകീയാസൂത്രണ പദ്ധതി തുകകൾ ക്രോഡീകരിച്ച് ഉല്പാദന ബോണസായി ഒറ്റത്തവണ സബ്സിഡി അനുവദിക്കുകയാണെങ്കിൽ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിന് കർഷകരുടെ ഭാഗത്തുനിന്നും പ്രത്യേക ശ്രദ്ധയുണ്ടാകും. കൂട്ടായ്മയെ ഫലപ്രദമായി ഉപയോഗിച്ച് സംരംഭങ്ങൾ മുഖേനെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുവാനുള്ള സാഹചര്യവുമുണ്ടാകും.

7) നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണത്തിലൂടെ ജലസേചന-കുടിവെള്ള സ്രോതസ്സുകളെ പുനരുജ്ജീവിപ്പിക്കുന്നതിനും ഫലപ്രദമായി വിനിയോഗിക്കുന്നതിനും സാധിക്കുന്നതാണ്. ഇത്തരം സ്രോതസ്സുകളെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികളോടൊപ്പം അവയുടെ മലിനീകരണം ഒഴിവാക്കുവാനുള്ള സാഹചര്യമുണ്ടാവണം.

8) സംയോജിത ഫാമിങ്ങ് പരിപാടികൾ ആസൂത്രണം ചെയ്യുകവഴി കൃഷി-അനുബന്ധ മേഖലകളെ സംയോജിപ്പിച്ചു പരിപാടികൾ നടപ്പാക്കുവാനുള്ള സാധ്യതയുണ്ട്. ഓരോ ഫാമുകളും ഇത്തരത്തിലുള്ള സമ്മിശ്ര സ്രോതസ്സായി വിനിയോഗിച്ച് ഉപയോഗപ്പെടുത്താം. ഇത്തരം ഫാമുകളിൽ തയ്യാറാക്കുന്ന ജൈലവളങ്ങൾ, ഉല്പന്നങ്ങൾ, കിടാരികൾ, കുഞ്ഞുങ്ങൾ, എന്നിവയെല്ലാം വിപണനം ചെയ്യുന്നതിനുള്ള സാഹചര്യം ഉണ്ടാവണം.

9) നമ്മുടെ നാട്ടിലെ തനതായ നാടൻ മാവിനങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, ഫലവൃക്ഷങ്ങൾ എന്നിവയെല്ലാം വംശനാശ ഭീഷണിയിലാണുള്ളത്. ഇത്തരം ഇനങ്ങൾ വർദ്ധിപ്പിച്ച് വ്യാപിപ്പിക്കുന്നതിനും ജൈവവൈവിധ്യം വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതകൾ ഉപയോഗപ്പെടുത്താവുന്നതാണ്.

മേൽ സൂചനകളെല്ലാം തന്നെ സോൺ - 1 ലും, 2-ലും പ്രായോഗികമാണെങ്കിലും സോൺ - 2 -ൽ പ്രത്യേക പദ്ധതികൾക്കുള്ള സാധ്യതകളുണ്ട്.

1) നെൽവയലുകൾ തരിശിടുന്നതിനും കൃഷി ഒറ്റത്തവണയായി കുറയുന്നതിനുള്ള കാരണം പ്രധാനമായും ജലനിർഗ്ഗമനച്ചാലുകളുടെ നാശം തന്നെയാണ്. ഇത്തരം ചാലുകൾ പുനരുദ്ധാരണം നടത്തി തരിശുപ്രദേശങ്ങളെ കൃഷിയോഗ്യമാക്കുവാനുള്ള പദ്ധതികൾ രൂപീകരിക്കേണ്ടതുണ്ട്.

**സമഗ്ര സമീപനം**

കാർഷിക മേഖലയ്ക്ക് പ്രധാന്യമുള്ള നിയോജക മണ്ഡലമാണ് ഇരിക്കൂർ. പക്ഷെ 70-കളിൽ വന്ന സമീപന വ്യതിയാനങ്ങൾ നാണ്യവിളകൾക്ക് പ്രാധാന്യം നൽകുന്ന തരത്തിലായി കൃഷിയെ മാറ്റിയിട്ടുണ്ട്. ഇന്ന് നിയോജക മണ്ഡലത്തിൽ നെൽ കൃഷി നാമമാത്രയായി തീർന്നിട്ടുണ്ട്. മണ്ഡലത്തിൽ നിലവിൽ ലഭ്യമായിട്ടുണ്ട്. 57231 ഹെക്ടർ കൃഷിയോഗ്യമായ പ്രദേശങ്ങളിൽ 47727 ഹെക്ടർ സ്ഥലം ഇപ്പോഴും കൃഷി ചെയ്തു വരുന്നുണ്ട്. പക്ഷേ കേരളത്തിന്റെ കാർഷികരംഗത്തെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും ഭക്ഷ്യധാന്യങ്ങൾക്ക് വേണ്ടി പൂർണ്ണമായും മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കുന്നത് ഒഴിവാക്കുന്നതിനും തരിശ് രഹിത ഭൂപ്രദേശമായി നിയോജകമണ്ഡലത്തെ മാറ്റുന്നതിനുള്ള ശ്രമം വികസന കാഴ്ചപ്പാടായി നിശ്ചയിക്കണം. ഇതിന് വേണ്ടി സ്ത്രീ പുരുഷ സ്വയംസഹായ സംഘങ്ങൾ, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, ജനശ്രീ അയൽക്കൂട്ടങ്ങൾ എന്നിവർക്ക് പറ്റുമെങ്കിൽ വികസിത രാജ്യങ്ങളിലെതു പോലെ 90% സബ്സിഡി ഭക്ഷ്യവിളകൃഷി ചെയ്യുന്നതിന് നൽകണം. അതോടൊപ്പം ശുദ്ധമായ പച്ചക്കറിധാന്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനും കൃഷി ചെയ്യുന്നതിനും പ്രോത്സാഹനം നൽകേണ്ടതുണ്ട്. പഞ്ചായത്തിലെ 10% കൃഷിയിടങ്ങളെങ്കിലും ജൈവകൃഷി പ്രോൽസാഹിപ്പിക്കണം.

കൂടാതെ പച്ചക്കറി, ഭക്ഷ്യധാനങ്ങൾ എന്നിവയുടെ ഉൽപാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും ഇത്തരം വിപണനം ഉറപ്പ് വരുത്തുന്നതിനും പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം. പ്രസ്തുത പദ്ധതികൾ ഒരു വർഷം മുമ്പ് ആരംഭിക്കണം. അടുത്ത വർഷം വിപണന മേള സംഘടിപ്പിക്കണം. ഇടുക്കി ബ്ലോക്ക് പഞ്ചായത്ത്, തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മാതൃകാ പ്രോജക്ടുകൾ അനുകരണീയമാണ്.

അതോടൊപ്പം കാർഷികോൽപന്നങ്ങളുടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനും വിപണം ചെയ്യുന്നതിനും മണ്ഡലത്തിൽ പ്രത്യേക സംവിധാനം ആവശ്യമുണ്ട്. തേങ്ങ, കൈതച്ചക്ക, ചക്ക, നേന്ത്രക്കായ, കശുമാങ്ങ, മാങ്ങ, കയ്പ, മുളക് എന്നിവ ഉപയോഗിച്ച് ഒരു കുടക്കീഴിൽ ഒരു വർഷം മുഴുവൻ പ്രവൃത്തിക്കാൻ പറ്റിയ തരത്തിൽ ഒരു മുഴുവൻ സമയ കാർഷിക ഉൽപന്നസംസ്ക്കരണ ഫാക്ടറി ഇരിക്കൂറിൽ ആരംഭിക്കണം. മണ്ഡലത്തിലെ പ്രധാന വനിതാ പുരുഷ ഗ്രൂപ്പുകൾക്ക് പരിശീലനം നൽകി അസംസ്കൃത വസ്തുകൾ ശേഖരണം, സംസ്ക്കരണം, വിപണനം

എന്നിവയ്ക്ക് പ്രത്യേകം പ്രത്യേകം സംഘങ്ങൾ രൂപീകരിക്കണം. ഇതിലൂടെ തൊഴിൽരഹിതരായ ചെറുപ്പക്കാരിൽ 1000 പേർക്ക് മണ്ഡലത്തിൽ തന്നെ തൊഴിൽ നൽകാൻ സാധിക്കണം.

**പ്രോജക്ട് നിർദ്ദേശങ്ങൾ**

കൃഷി വകുപ്പ്, സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ, ആത്മാ, മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പു പദ്ധതി, മണ്ണുജലസേചന വകുപ്പ് എന്നിവയിൽ നിന്നും ലഭിക്കുന്ന ഫണ്ടും, മറ്റു സംസ്ഥാന പദ്ധതികളിൽ നിന്നും ലഭിക്കുന്ന ഫണ്ടും ഉപയോഗിച്ച് താഴെപ്പറയുന്ന പ്രോജക്ടുകളും ഏറ്റെടുക്കാവുന്നതാണ്.

**1. ജൈവ ഗ്രാമം പദ്ധതി**

കാലിവളർത്തൽ, ജൈവകൃഷി, ജൈവഉല്പന്നങ്ങൾ, ജൈവവളം എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിച്ച് മികച്ച ഉല്പന്നങ്ങൾ നാട്ടിൻപുറത്ത് ഉല്പാദിപ്പിച്ച് ലഭ്യമാക്കുവാനുള്ള പദ്ധതി. ക്ലസ്റ്റർ അടിസ്ഥാനത്തിൽ കർഷകരെ കണ്ടെത്തി പ്രോത്സാഹിപ്പിച്ച് ജൈവ ഉല്പന്നങ്ങൾ തയ്യാറാക്കാവുന്നതാണ്. മൃഗസംരക്ഷണം/പുൽകൃഷി/കാട/കോഴി വളർത്തൽ/ജൈവവളം ഉല്പാദനം/ജൈവകൃഷി/ജൈവ കീടനാശിനി-ജീവാണുവളഉല്പാദനം എന്നിവയെല്ലാം ഇത്തരം ക്ലസ്റ്ററിന്റെ ഭാഗമായി ഉൾപ്പെടുത്താവുന്നതാണ്.

**2. ഇടവിള കൃഷി പ്രോത്സാഹന പദ്ധതി**

തെങ്ങ്, കമുങ്ക് മറ്റ് കരപ്രദേശങ്ങൾ, മൂന്നാം വിളക്കാലത്ത് പച്ചക്കറികൃഷി, മലയോരങ്ങളിൽ ഇഞ്ചി, മഞ്ഞൾ, മരച്ചീനി, ചേന, ചേമ്പ് മുതലായ ഇനങ്ങൾ, കൂർക്ക, ഉഴുന്ന്, എള്ള്, കരനെൽ കൃഷി മുതലായവയെല്ലാം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി. സ്വാശ്രയ/കുടുംബശ്രീ/ക്ലബ്ബ്/ ജനശ്രീ/ഫാമേഴ്സ് ക്ലബ്ബ്/കേരശ്രീ ക്ലസ്റ്റർ, പാടശേഖരസമിതികൾ എന്നിവയെ ഉൾപ്പെടുത്തി പദ്ധതി എന്നിവ ആസൂത്രണം ചെയ്യാവുന്നതാണ്..

**3. സംഭരണം - വിപണന ശ്രൃംഖല മെച്ചപ്പെടുത്തൽ**

മേൽപ്പറഞ്ഞ ഗ്രൂപ്പുകളെ അംഗങ്ങളാക്കി വിപണന സൗകര്യം കണ്ടെത്തിയാൽ മികച്ച ഉല്പന്നത്തിന് മികച്ച വിലകിട്ടുകയും ഇടനിലക്കാരെ ഒഴിവാക്കുന്നതിനും സാധിക്കും. ഈ സംവിധാനത്തിൽ ചെറിയചന്തകൾ, വലിയചന്തകൾ, വാഹനങ്ങൾ എന്നിവയെല്ലാം ഉൾപ്പെടുത്താവുന്നതാണ്. ഉത്സവകാലങ്ങളിൽ വിപണനമേളകളും സംഘടിപ്പിക്കാവുന്നതാണ്.

**4. നാട്ടിൻ പുറത്തെ രുചി സംരക്ഷണം**

പാഴായിപ്പോകുന്ന ചക്ക, മാങ്ങ, കശുമാങ്ങ, കൈതച്ചക്ക തുടങ്ങിയവ ഉപയോഗിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനും അവ വിപണനം നടത്തുന്നതിനുമുള്ള പദ്ധതി നടപ്പിലാക്കാവുന്നതാണ്. സ്വയം സഹായസംഘങ്ങൾ വഴി സംഭരണം നടത്തുന്ന ഇത്തരം ഉത്പന്നങ്ങൾ സംസ്ക്കരിക്കുന്നതിന് പ്രത്യേക സ്കിൽ ട്രെയിനിംഗ് ലഭ്യമാക്കിയ മറ്റു സംരംഭകരെ ഏൽപ്പിച്ച് നടപ്പിലാക്കുന്ന രീതിയിൽ പ്രോജക്ട് രൂപീകരിക്കാവുന്നതാണ്.

**5. മലയോരങ്ങളിലെ ഔഷധച്ചെടികളുടെ സംരക്ഷണ പദ്ധതി**

ഔഷധസസ്യ കൃഷി, തെങ്ങ്-കവുങ്ക് തോട്ടങ്ങളിൽ വ്യാപിപ്പിക്കുകയും ഗവൺമെന്റ് അംഗീകൃത ഏജൻസികളിൽ വില്പന നടത്തുന്നതിനുള്ള പദ്ധതി നടപ്പിലാക്കാവുന്നതാണ്. സ്വയം സഹായസംഘങ്ങൾക്ക് വായ്പയും പ്ലാൻ ഫണ്ടിൽ നിന്നു വായ്പയും നൽശി പദ്ധതി നടപ്പിലാക്കാവുന്നതാണ്.

## കേന്ദ്ര-സംസ്ഥാന സർക്കാരിന്റെ ധനസഹായത്തോടെയുള്ള പദ്ധതി നിർദ്ദേശങ്ങൾ

1) ഐ.ഡബ്ല്യൂ.എം.പി - രീതിയിൽ സമഗ്ര നീർത്തടവികസന പദ്ധതി.

2) മണ്ഡലത്തിലെ ചെറുതോടുകൾ മുതൽ നദികൾ വരെയുള്ളവയുടെ പാർശ്വസംരക്ഷണവും വനവത്ക്കരണവും. പുഴയോരങ്ങളും തോടരികുകളും കാലവർഷാധിക്യം കൊണ്ടും അശാസ്ത്രീയ പരിചരണം കൊണ്ടും കരയിടിച്ചൽ ഭീഷണിയിലാണ്. ഇരിക്കൂർ, വളപട്ടണം, രയരോം പുഴകളുടെ വശങ്ങൾ സംരക്ഷിച്ച് പച്ചപ്പ് നിലനിർത്തേണ്ടത് ആവശ്യമാണ്. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി മഹാത്മാഗാന്ധി തൊഴിലുറപ്പു പദ്ധതി പ്രകാരം പ്രവർത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

3) മണ്ഡലത്തിലെ മുഴുവൻ ഫയലുകളുടെയും സംരക്ഷണത്തിനുതകുന്ന പദ്ധതി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സഹായത്തോടെ സംഘടിപ്പിക്കാവുന്നതാണ്.

4) ഇടവിളകൃഷി പ്രോത്സാഹന പദ്ധതികൾ എസ്.എച്ച്.എം വികസന ഫണ്ട് വിനിയോഗിച്ച് ചെയ്യാവുന്നതാണ്.

5) പഴവർഗ്ഗ സംരക്ഷണ പദ്ധതി - എസ്.എച്ച്.എം വികസന ഫണ്ടു വിനിയോഗിച്ച് ചെയ്യാവുന്നതാണ്.

6) മഴമറ - (Rain Shelter) നൂതന കൃഷി രീതി - എസ്.എച്ച്.എം വികസന ഫണ്ടു വിനിയോഗിക്കാവുന്നതാണ്.

## മൃഗസംരക്ഷണം

**ഇന്നത്തെ അവസ്ഥ:**

ഇരിക്കൂർ നിയോജക മണ്ഡലത്തിൽ വെറ്ററിനറി പോളിക്ലിനിക്ക്, ചെമ്പന്തൊട്ടി, വേറ്ററിനറി ഹോസ്പിറ്റൽ ആലക്കോട്, ഉദയഗിരി, വെറ്ററിനറി ഡിസ്പെൻസറി, പൈസക്കരി, ചെങ്ങളായി, കുടിയാന്മല, മൂട്ടുമുഖം, ചെമ്പേരി, ഇരിക്കൂർ, അറബി, മൊബൈൽ ഫാം എയിഡ് യൂണിറ്റ്, ഉളിക്കൽ എന്നീ സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്നുണ്ട്.

മണ്ഡലത്തിലെ കന്നുകാലികളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പഞ്ചായത്ത് | സ്ഥാപനം | പശു | എരുമ | പന്നി | ആകെ |
|---|---|---|---|---|---|---|
| 1 | ശ്രീകണ്ഠാപുരം | വി.പി.സി. ചെമ്പന്തൊട്ടി<br>വെറ്റി. ഡിസ്പെൻസറി, കൂട്ടുമുഖം | 2975 | 17 | 11 | 2998 |
| 2 | എരുവേശ്ശി | വെറ്റി. ഡിസ്പെൻസറി, ചെമ്പേരി | 1911 | 2 | 120 | 2033 |
| 3 | പയ്യാവൂർ | വെറ്റി. ഡിസ്പെൻസറി, പൈസക്കരി | 2228 | 6 | 73 | 2307 |
| 4 | ചെങ്ങളായി | വെറ്റി. ഡിസ്പെൻസറി, ചെങ്ങളായി | 1327 | 2 | 250 | 1579 |

| | | | | | | |
|---|---|---|---|---|---|---|
| 5 | നടുവിൽ | വെറ്റി. ഡിസ്പെൻസറി, കുടിയാന്മല | 3103 | 7 | 308 | 3418 |
| 6 | ആലക്കോട് | വെറ്റി. ഡിസ്പെൻസറി, ആലക്കോട് | 2717 | 15 | 163 | 2895 |
| 7 | ഉദയഗിരി | വെറ്റി. ഡിസ്പെൻസറി, ഉദയഗിരി | 2143 | 12 | 275 | 2430 |
| 8 | ഇരിക്കൂർ | വെറ്റി. ഡിസ്പെൻസറി, ഇരിക്കൂർ | 550 | 0 | 0 | 550 |
| 9 | ഉളിക്കൽ | വെറ്റി. ഡിസ്പെൻസറി, അറബി | 4089 | 91 | 88 | 4268 |
| | | എം.എഫ്.എ.യു. ഉളിക്കൽ | | | | |
| | ആകെ | | 21,043 | 152 | 1288 | 22,483 |

**വികസന സാദ്ധ്യതകൾ**

ഇരിക്കൂർ നിയോജക മണ്ഡലത്തിന് സംബന്ധിച്ചിടത്തോളം 9 പഞ്ചായത്തുകളിലും കന്നുകാലി വളർത്തൽ, മുട്ടക്കോഴി വളർത്തൽ എന്നിവയുടെ സാധ്യതകളുള്ള പ്രദേശമാണ്. പാൽ, മുട്ട എന്നിവയുടെ ഉൽപ്പാദനത്തിന് ഊന്നൽ നൽകി സ്വയം പര്യാപ്ത കൈവരിക്കുന്ന തരത്തിലുള്ള പദ്ധതികളാണ് ആവിഷ്കരിക്കെണ്ടത്. ഇതിനായി എരുവാട്ടി സ്വയം സഹായ സംഘങ്ങൾ കേന്ദ്രീകരിച്ച് പശു, പന്നി, ആട്, കോഴി ഫാമുകൾ നൽകാൻ ധനസഹായം നൽകേണ്ടതാണ്. മുട്ട കോഴി വളർത്തൽ പ്രോത്സാഹനം നൽകി വീട്ടിലെ ഭക്ഷ്യ വസ്തുക്കൾ തന്നെ ആഹാരമായി നൽകാവുന്നതാണ്. ഈ ചെറിയ സംരംഭങ്ങളും, മറ്റ് ഉൽപ്പന്ന യൂണിറ്റുകളും നിരവധി തൊഴിലവസരങ്ങൾ നൽകുന്നതിനാൽ കർഷകർ ഈ മേഖലയിൽ നിന്നും കൊഴിഞ്ഞു പോകുന്ന ഒരു പ്രവണതയാണ് കണ്ടു വരുന്നത്. എന്നാൽ ഈ അടുത്ത വർഷങ്ങളിൽ നിരവധി പദ്ധതികൾ സർക്കാർ തലത്തിലും ത്രിതല പഞ്ചായത്ത് തലത്തിലും നടപ്പിലാക്കിയത് വഴി പാലുൻപ്പാദനം വർദ്ധിപ്പിക്കാനും കർഷകരെ ഈ മേഖലയിൽ പിടിച്ചു നിർത്താനും സാധിച്ചിട്ടുണ്ട്. തമിഴ്നാടിനെയും മറ്റ് അയൽ സംസ്ഥാനത്തെയും മുട്ടക്കും, ഇറച്ചിക്കും ആശ്രയിക്കുന്ന പ്രവണത നിർത്തലാക്കി ഇറച്ചി, മുട്ട എന്നിവയ്ക്ക് സ്വയം പര്യാപ്ത കൈവരിക്കേണ്ടതുണ്ട്. ഭക്ഷ്യസുരക്ഷ പദ്ധതിയിൽ കീഴിൽ ഏറെ പ്രാധാന്യം നൽകുന്ന ഗവൺമെന്റിന്റെ താഴെ പറയുന്ന പദ്ധതികൾ കൃഷി ചെറുകിട വ്യവസായത്തിൽ ഉൾപ്പെടുത്തി ധനസഹായം നൽകേണ്ടതാണ്.

**പ്രശ്നങ്ങൾ:**

ഇരിക്കൂർ മണ്ഡലത്തിൽ ഇറച്ചികോഴിയുടേയും മുട്ടക്കോഴികളുടേയും ഹാച്ചറി കൾ ഇല്ലാത്തതിനാൽ കർഷകർക്ക് ആവശ്യാനുസരണം കോഴിക്കുഞ്ഞുങ്ങളെ ലഭി ക്കാത്ത അവസ്ഥയാണ്.

ജില്ലാ പഞ്ചായത്തിന്റെ പദ്ധതിയായ ശ്രീമണ്ഠാപുരം ആധുനിക അറവുശാല യുടെ നടത്തിപ്പിനായി ഒരു സർവ്വീസ് പ്രൊവൈഡർ ഇല്ലാത്തത് ബുദ്ധിമുട്ടായിരിക്കു കയാണ്. സ്റ്റീൽ ഇൻഡസ്ട്രീസ് കേരള, ശുചിത്വമിഷൻ, പൂക്കോട് വെറ്ററിനറി

കോളേജ് ഇവയിലേതെങ്കിലും സ്ഥാപനത്തിന്റെ സഹായത്തോടെ അറവുശാലയുടെ പ്രവർത്തനം നടത്താവുന്നതാണ്.

ഇരിക്കൂർ മണ്ഡലത്തിൽ ബ്രോയ്‌ലർ കോഴിയുടെയും മുട്ടക്കോഴിയുടെയും ഓരോ ഹാച്ചറി കേരള സ്റ്റേറ്റ് പോൾട്രി ഡവലപ്മെന്റ് കോർപ്പറേഷൻ (കെ.എസ്.പി.ഡി.സി) ന്റെ നേതൃത്വത്തിൽ ആരംഭിക്കാവുന്നതാണ്.

എല്ലാ ക്ഷീര കർഷകർക്കും 50% സബ്സിഡി നിരക്കിൽ കാലിതീറ്റ നൽകാവുന്നതാണ്. ചെമ്പന്തൊട്ടി വെറ്ററിനറി പോളി ക്ലിനിക്ക് ആധുനീകരിച്ച് വാഹനവും മറ്റ് ക്ലിനിക്കൽ സൗകര്യവും സജ്ജമാക്കേണ്ടതുണ്ട്.

ഉളിക്കൽ പഞ്ചായത്തിലെ മൊബൈൽ യൂണിറ്റ് വെറ്ററിനറി ഡിസ്പെൻസറിയായി ഉയർത്തുക. മലയോര മേഖലയിലെ ആശുപത്രികളിൽ വാഹന സൗകര്യം ഏർപ്പെടുത്തുക. മൃഗസംരക്ഷണ പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് കൂടുതൽ പേരെ ഈ മേഖലയിലേക്ക് ആകർഷിക്കാവുന്നതാണ്.

**പ്രോജക്ട് നിർദ്ദേശങ്ങൾ**

ഓരോ ഗ്രാമ പഞ്ചായത്തുകളിലും 10 വീതം ആയി 90 ഡയറി ഫാമുകൾ വ്യവസായടിസ്ഥാനത്തിൽ, 10 വീതം ഹാച്ചറികൾ, എസ്.എച്ച്.ജി. ഗ്രൂപ്പുകളിലൂടെ ഹാച്ചറികൾ അനുവദിക്കൽ, വീടുകളിൽ മുട്ടകോഴി - (കേരള പൗൾട്രി കോർപ്പറേഷന്റെ സേവനം ഉപയോഗിക്കൽ), 90 പന്നി വളർത്തൽ യൂണിറ്റുകൾ എന്നിവയും പ്രോജക്ട് നിർദ്ദേശങ്ങളാണ്.

**സമഗ്ര സമീപനം**

മൃഗസംരക്ഷണ മേഖലയിൽ മൃഗസംരക്ഷണ വകുപ്പും ഡയറി ഡിപ്പാർട്ടുമെന്റും നടപ്പിലാക്കുന്ന പദ്ധതികൾക്ക് പുറമെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, സുസ്ഥിര വരുമാന പദ്ധതി, പൗൾട്രി ഡവലപ്പ്മെന്റ് കോർപ്പറേഷൻ, നാഷണൽ റൂറൽ ലൈവ്‌ലിഹുസ് മിഷൻ, ഐ.ഡബ്ല്യൂ.എം.പി. എന്നിങ്ങനെ വിവിധ പദ്ധതികൾ സംയോജിപ്പിച്ച് നടപ്പിലാക്കാവുന്നതാണ്.

മാംസം, മുട്ട ഉല്പാദനം എന്നിവയിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനും വിപണനത്തിനും സ്വയം സഹായ സംഘം, എ.ഡി.എസ്. സി.ഡി.എസ്., എൻ.ജി.ഒ. മറ്റ് ഏജൻസികൾക്ക് ബാങ്ക് വായ്പയുൾപ്പെടെ ലഭ്യമാക്കി സംരംഭങ്ങളും വിപണനകേന്ദ്രങ്ങളും ചെറുതും വലുതമായി നടപ്പിലാക്കേണ്ടതുണ്ട്.

മൂല്യവർദ്ധിത ഉൽപ്പാദനങ്ങളാക്കി മാറ്റുന്നതിന് ക്ഷീര കർഷകർക്കും, സ്വയം സഹായ സംഘങ്ങൾക്കും, സംരംഭകർക്കും കൃഷി വിജ്ഞാന കേന്ദ്ര, വെറ്ററിനറി കോളേജ് എന്നിവിടങ്ങളിൽ ആധുനിക സാങ്കേതിക സംവിധാനങ്ങള സംബന്ധിച്ച് ആവശ്യമായ പരിശീലനം ലഭ്യമാക്കുന്ന പരിപാടി കൂടുതൽ പങ്കാളിത്തത്തോടെ നടപ്പിലാക്കാവുന്നതാണ്. പാൽ, പാലുല്പന്നങ്ങൾ എന്നിവ സംബന്ധിച്ചും, സ്റ്റോറേജ്, ഗുണമേന്മ എന്നിവയെക്കുറിച്ച് ക്ഷീര കർഷകർക്കും അയൽക്കൂട്ടങ്ങൾക്കും അവബോധന ക്ലാസ്സുകൾ നടത്തേണ്ടതുണ്ട്.

ശാസ്ത്രീയ അറവുശാല നിർമ്മിക്കുന്നത് മാലിന്യ സംസ്കരണത്തിന് വളരെ അത്യാവശ്യമാണ്. സമ്പൂർണ്ണ ശുചിത്വമിഷൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവരുടെ സംയുക്ത സഹകരണത്തോടെ മാർക്കറ്റുകൾ, കേന്ദ്രീകരിച്ച് ശുചിത്വ ബോധം ആരോഗ്യമുള്ള സമൂഹം എന്നിവയ്ക്ക് അടിയന്തിര പ്രാധാന്യം നൽകേണ്ടതുണ്ട് മാർക്കറ്റുകളിൽ നിന്നും മറ്റുമുള്ള മാലിന്യങ്ങൾ ജൈവവളമാക്കുന്നതിന് സംരംഭകർക്ക് കൃഷി ഡിപ്പാർട്ട്മെന്റ് , ശുചിത്വമിഷൻ എന്നിവയിലൂടെ സഹായം നൽകാവുന്നതാണ്.

## ക്ഷീര വികസനം

### ഇന്നത്തെ അവസ്ഥ:

9 പഞ്ചായത്തുകളായി 48 ക്ഷീര സഹകരണ സംഘങ്ങൾ ക്ഷീര വികസന വകുപ്പിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചുവരുന്നു. പ്രതിദിനം ശരാശരി 22,000 ലിറ്ററോളം പാൽ ക്ഷീര കർഷകരിൽ നിന്നും ക്ഷീര സംഘങ്ങൾ മുഖേന സംഭരിക്കപ്പെടുന്നു. ക്ഷീര കർഷകരുടെ എണ്ണത്തിലും പാൽ ഉൽപ്പാദനത്തിലും വർദ്ധനവ് ഈ പ്രദേശത്തുണ്ടായിട്ടുണ്ട്. കാർഷിക വിളകളുടെ വിലയിടിവും, മറ്റ് പ്രതിസന്ധികളും സ്ഥിരമായ വിപണി മൂല്യമുള്ള പാൽ ഉൽപ്പാദനത്തേയും, അനുബന്ധ ക്ഷീര ഉപോൽപ്പന്ന മേഖലയേയും മുന്നോട്ടു കൊണ്ടുപോകാൻ കർഷകരെ പ്രേരിപ്പിക്കുന്നു.

### പ്രശ്നങ്ങൾ:

ഭക്ഷ്യസുരക്ഷയുടെ അവിഭാജ്യഘടകമായ പാലുൽപ്പാദനം ഉപഭോഗത്തിന്റെ തോതനുസരിച്ച് വർദ്ധിക്കാത്ത അവസ്ഥയാണ് ഇന്നുള്ളത്. വേനൽക്കാലത്ത് പാലുൽപ്പാദനം കുറയുവാനുള്ള പ്രധാനകാരണം പച്ചപ്പുല്ലിന്റെ ദൗർലഭ്യമാണ്. തൻമൂലം വിലകൂടിയ ഗുരുത്വാഹാരം കൂടുതലായി കറവമാടുകൾക്ക് നൽകേണ്ടി വരുന്നത് പാലുൽപ്പാദന ചെലവ് ഗണ്യമായി വർദ്ധിപ്പിക്കുന്നു. ഇത് ക്ഷീര കർഷകർക്ക് ഉൽപ്പാദനത്തിന് ആനുപാതികമായ തീറ്റ നൽകാൻ കഴിയാത്ത അവസ്ഥ സംജാതമായിരിക്കുന്നു. തൽഫലമായി പാലുൽപ്പാദനം കുറയുകയും, കറവമാടുകളുടെ ആരോഗ്യസ്ഥിതി മോശമാവുകയും ഗർഭം ധരിക്കുന്നതിന് കാലതാമസം നേരിടുകയും ചെയ്യുന്നു. സുസ്ഥിരമായ പാലുൽപ്പാദനം വർദ്ധിപ്പി ക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നു.

### നടപ്പു പദ്ധതികൾ:

ക്ഷീര വികസന സർവ്വീസ് യൂണിറ്റുകൾ ബ്ലോക്കുതലത്തിൽ പ്രവർത്തിക്കുന്നതിനാൽ ഇരിക്കൂർ, തളിപ്പറമ്പ് ബ്ലോക്കുതല ഓഫീസുകൾ നിയോജക മണ്ഡല പരിധിയിൽപെടുന്നു. ഇരിക്കൂർ ക്ഷീര വികസന യൂണിറ്റ് പരിധിയിൽ ശ്രീകണ്ഠാപുരം, എരുവേശ്ശി, ഉളിക്കൽ, ഇരിക്കൂർ, പയ്യാവൂർ പഞ്ചായത്തുകളും, തളിപ്പറമ്പ് യൂണിറ്റ് പരിധിയിൽ നടുവിൽ, ചെങ്ങളായി, ആലക്കോട്, ഉദയഗിരി പഞ്ചായത്തുകളും വരുന്നുണ്ട്.

**സംസ്ഥാന സർക്കാർ – ക്ഷീര വികസന വകുപ്പുവഴി നടപ്പിലാക്കിയ പദ്ധതികളുടെ ചെലവ്**

| ക്രമ നം. | വർഷം | അനുവദിച്ച തുക | ചെലവഴിച്ച തുക | പ്രയോജനം ലഭിച്ച ഗുണഭോക്താക്കളുടെ വിവരം |
|---|---|---|---|---|
| 1 | 2009-10 | 12,00,000 | 12,00,000 | ഇരിക്കൂർ നിയോജക മണ്ഡലത്തിലെ 48 ക്ഷീര സംഘങ്ങളും, ടി സംഘം പരിധിയിലുള്ള ക്ഷീര കർഷകരും |
| 2 | 2010-11 | 13,00,000 | 13,00,000 | |
| 3 | 2011-12 | 45,00,000 | 45,00,000 | |
| 4 | 2012-13 | 40,00,000 | 40,00,000 | |
| 5 | 2013-14 | 70,00,000 | 70,00,000 | |

### ക്ഷീര വികസന വകുപ്പ് മുഖേന നടപ്പിലാക്കിയ കേന്ദ്രാവിഷ്കൃത (ACA) പദ്ധതികളുടെ ചെലവ്

| ക്രമ നം. | വർഷം | അനുവദിച്ച തുക | ചെലവഴിച്ച തുക | പ്രയോജനം ലഭിച്ച ഗുണഭോക്താക്കളുടെ വിവരം |
|---|---|---|---|---|
| 1 | 2009-10 | | | ഇരിക്കൂർ നിയോജക മണ്ഡലത്തിലെ 48 ക്ഷീര സംഘങ്ങളും, ടി സംഘം പരിധിയിലുള്ള ക്ഷീര കർഷകരും |
| 2 | 2010-11 | 5,85,000 | 5,85,000 | |
| 3 | 2011-12 | 7,20,000 | 7,20,000 | |
| 4 | 2012-13 | 19,00,000 | 19,00,000 | |
| 5 | 2013-14 | 21,00,000 | 21,00,000 | |

### ക്ഷീര വികസന വകുപ്പ് മുഖേന നടപ്പിലാക്കിയ ജില്ലാ പഞ്ചായത്ത് പദ്ധതികളുടെ ചെലവ്

| ക്രമ നം. | വർഷം | അനുവദിച്ച തുക | ചെലവഴിച്ച തുക | പ്രയോജനം ലഭിച്ച ഗുണഭോക്താക്കളുടെ വിവരം |
|---|---|---|---|---|
| 1 | 2009-10 | 7,50,000 | 7,50,000 | ഇരിക്കൂർ നിയോജക മണ്ഡലത്തിലെ 48 ക്ഷീര സംഘങ്ങളും, ടി സംഘം പരിധിയിലുള്ള ക്ഷീര കർഷകരും |
| 2 | 2010-11 | 5,00,000 | 5,00,000 | |
| 3 | 2011-12 | 6,00,000 | 6,00,000 | |
| 4 | 2012-13 | 5,00,000 | 5,00,000 | |
| 5 | 2013-14 | 5,25,000 | 5,25,000 | |

### ക്ഷീര വികസന വകുപ്പ് മുഖേന നടപ്പിലാക്കിയ ബ്ലോക്ക് പഞ്ചായത്ത് പദ്ധതികളുടെ ചെലവ്

| ക്രമ നം. | വർഷം | അനുവദിച്ച തുക | ചെലവഴിച്ച തുക | പ്രയോജനം ലഭിച്ച ഗുണഭോക്താക്കളുടെ വിവരം |
|---|---|---|---|---|
| 1 | 2009-10 | 4,00,000 | 4,00,000 | ഇരിക്കൂർ നിയോജക മണ്ഡലത്തിലെ 48 ക്ഷീര സംഘങ്ങളും, ടി സംഘം പരിധിയിലുള്ള ക്ഷീര കർഷകരും |
| 2 | 2010-11 | 5,00,000 | 5,00,000 | |
| 3 | 2011-12 | 10,00,000 | 10,00,000 | |
| 4 | 2012-13 | 14,00,000 | 14,00,000 | |
| 5 | 2013-14 | 17,00,000 | 17,00,000 | |

**സാധ്യതകൾ:**

നല്ലയിനം ഉരുക്കളുടെ ലഭ്യതയും, തീറ്റപ്പുൽകൃഷി വികസന സാധ്യതകളും പരമാവധി പ്രയോജനപ്പെടുത്തി പാൽ ഉൽപ്പാദനം കൂട്ടുക, കാലിത്തീറ്റ ധനസഹായം നൽകുക, വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ വ്യാപകമാക്കുക എന്നിവ മുഖേന കൂടുതൽ കർഷകരെ മേഖലയിലേക്ക് ആകർഷിക്കുവാനും നിലവിലുള്ളവരെ നിലനിർത്താനുമാകും.

**പ്രൊജക്ട് നിർദ്ദേശങ്ങൾ:**

(1) <u>കാലിത്തൊഴുത്ത് നിർമ്മാണം/നവീകരണം – കൊമേഴ്സ്യൽ ഡെയറി യൂണിറ്റ്സ് & മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം</u>

ശാസ്ത്രീയമായി ക്ഷീര വികസന വകുപ്പ് നിർദ്ദേശിക്കുന്ന രീതിയിൽ തൊഴുത്ത് നിർമ്മിക്കുന്നതിന് പരമാവധി 50,000/- രൂപ ധനസഹായമായി നൽകുന്നു. പദ്ധതി ഇനത്തിൽ കുറഞ്ഞത് 1,00,000/- രൂപ ചെലവഴിക്കേണ്ടതാണ്.

(2) <u>ആവശ്യാധിഷ്ഠിത ധനസഹായം - കൊമേഴ്സ്യൽ ഡെയറി യൂണിറ്റ്സ് & മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം</u>

താഴെ കൊടുത്തിരിക്കുന്ന ഉപകരണങ്ങൾ/ സാധനങ്ങൾക്കായി ആവശ്യകത യനുസരിച്ച് വാങ്ങിക്കുന്നതിന് മൊത്തം 1,00,000/- രൂപ ചെലവഴിക്കു ന്നതിന് പരമാവധി 50,000/- രൂപ ധനസഹായമായി അനുവദിക്കുന്നു.

**ആവശ്യാധിഷ്ഠിത ധനസഹായം**

1. മിൽക്ക് ക്യാൻ
2. റബ്ബർ മാറ്റ്
3. ഓട്ടോമാറ്റിക് വാട്ടർ ബൗൾ
4. ജനറേറ്റർ
5. ജലസേചന സഹായം (സ്പ്രിംഗ്ളർ, പമ്പ്, മോട്ടോർ)
6. മിസ്റ്റേഴ്സ്/സ്പ്രിംഗ്ളേർസ്
7. കാലിത്തൊഴുത്ത് നിർമ്മാണം/നവീകരണം
8. സ്ലറി പമ്പ്
9. സൈലേജ് ബങ്കർ
10. ബയോഗ്യാസ് പ്ലാന്റ്
11. ബൾക്ക് കൂളർ
12. സോളാർ വാട്ടർ ഹീറ്റർ
13. ഫാൻ (കാലിത്തൊഴുത്തിൽ ഉപയോഗിക്കാൻ)
14. എയർ കംപ്രസ്സർ
15. കിണർ/കുഴൽ കിണർ നിർമ്മാണം
16. ജൈവ വളം/മണ്ണിര കമ്പോസ്റ്റ് നിർമ്മാണ യൂണിറ്റ്
17. വെയിംഗ് ബാലൻസ്
18. മൃഗ സംരക്ഷണ ഉപകരണങ്ങൾ
19. ഹാൻഡ് ഓപ്പറേറ്റഡ് പാക്കിംഗ് മെഷീൻ
20. ബൈസിക്കിൾ
21. ക്രീം സെപ്പറേറ്റർ
22. ഡി ഹോണിംഗ് ഉപകരണങ്ങൾ, ടാറ്റൂയിംഗ് ഉപകരണങ്ങൾ, ഹൂഫ് ട്രിമ്മേർസ്
23. യൂറിയ എൻറിച്ച്മെന്റ് പിറ്റ്
24. ഓട്ടോമാറ്റിക് ഷെഡ് ക്ലീനിംഗ് ഉപകരണങ്ങൾ
25. കന്നുകാലി വളർത്തലിന് അനുയോജ്യമായ മറ്റിനങ്ങൾ -ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ അംഗീകാരത്തോടെ.

**ക്ഷീര സംഘങ്ങൾക്ക് വർക്കിംഗ് ക്യാപ്പിറ്റൽ**

ക്ഷീര സഹകരണ സംഘങ്ങൾക്ക് കൃത്യമായി പാൽ വില നൽകുവാനും കാലിത്തീറ്റ വിതരണം ചെയ്യുവാനും ആയതു മുഖേന ക്ഷീര കർഷകരെ ഈ മേഖലയിൽ പിടിച്ചു നിർത്തുവാനും ഈ പദ്ധതി ഉപകരിക്കുന്നു. തെരഞ്ഞെടുത്ത ക്ഷീര സംഘങ്ങൾക്ക് 6 മാസത്തെ ശരാശരി പാൽ സംഭരണത്തിന് അനുസൃതമായി 15 ദിവസത്തെ പാൽ വിലയോ പരമാവധി 50,000/- രൂപ വരെ ധനസഹായമായി നൽകാവുന്നതാണ്.

| ക്രമ നമ്പർ | പ്രൊജക്ടിന്റെ പേര് | കേന്ദ്ര-സംസ്ഥാന പദ്ധതിയുടെ പേര് | തുക |
|---|---|---|---|
| 1 | കാലിത്തൊഴുത്ത് നിർമ്മാണം / നവീകരണം | MSDP | 20 X 50,000 = 10,00,000/- |
| 2 | ആവശ്യാധിഷ്ഠിത ധനസഹായം | MSDP | 50 X 50,000 = 25,00,000/- |
| 3 | വർക്കിംഗ് ക്യാപിറ്റൽ ക്ഷീര സംഘങ്ങൾക്ക് | Modernization of DCS | 30 X 50,000 = 15,00,000/- |
| | | ആകെ | 50,00,000/- |

**സമഗ്ര സമീപനം:**

ഭക്ഷ്യസുരക്ഷയുടെ അവിഭാജ്യഘടകമായ പാലുൽപ്പാദനം ഉപഭോഗത്തിന്റെ തോതനുസരിച്ച് വർദ്ധിക്കാത്ത അവസ്ഥയാണ് ഇന്നുള്ളത്. വേനൽക്കാലത്ത് പാലുൽപ്പാദനം വളരെയേറെ കുറയുന്നത് മൂലം അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട സാഹചര്യവുമുണ്ട്. വേനൽക്കാലത്ത് പാലുൽപ്പാദനം കുറയുവാനുള്ള പ്രധാനകാരണം പച്ചപ്പുല്ലിന്റെ ദൗർലഭ്യമാണ്. തൻമൂലം വിലകൂടിയ ഗുരുത്വാഹാരം കൂടുതലായി കറവമാടുകൾക്ക് നൽകേണ്ടി വരുന്നത് പാലുൽപ്പാദന ചെലവ് ഗണ്യമായി വർദ്ധിപ്പിക്കുന്നു. ഈ അവസ്ഥ ക്ഷീര കർഷകർക്ക് ഉൽപ്പാദനത്തിന് ആനുപാതികമായ തീറ്റ നൽകാൻ കഴിയാത്ത അവസ്ഥ സംജാതമായിരിക്കുന്നു. തൽഫലമായി പാലുൽപ്പാദനം കുറയുകയും, കറവമാടുകളുടെ ആരോഗ്യസ്ഥിതി മോശമാവുകയും ഗർഭം ധരിക്കുന്നതിന് കാലതാമസം നേരിടുകയും ചെയ്യുന്നു. സുസ്ഥിരമായ പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നു.. മേൽ പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം കാണേണ്ടതുണ്ട്.

ക്ഷീര വികസന മേഖലയുടെ ക്രമാനുഗതമായ വളർച്ചയ്ക്ക് ശാസ്ത്രീയമായ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത ക്ഷീര കർഷകർക്ക് ഉറപ്പാക്കേണ്ടതുണ്ട്. ജില്ലയിലെ ക്ഷീരകർഷകരിൽ ബഹുഭൂരിപക്ഷവും ചെറുകിട കർഷകരുടെ വിഭാഗത്തിൽപ്പെടുന്നതിനാലും, മേഖലയിൽ പ്രാഗാത്ഭ്യമുള്ള തൊഴിലാളികളുടെ ലഭ്യത കുറവുള്ളതിനാലും ഡെയറി ഫാം യന്ത്രവൽക്കരണ പദ്ധതികൾ വളരെയധികം പ്രാധാന്യമർഹിക്കുന്നു. പുതിയ സംരംഭകരെ മേഖലയിലേക്ക് ആകർഷിക്കുവാനും നിലവിലുള്ള ക്ഷീര കർഷകരെ പിടിച്ചു നിർത്തുവാനും അടിസ്ഥാന സൗകര്യ വികസനവും യന്ത്രവൽക്കരണവും അത്യന്താപേക്ഷിതമാണ്.

ക്ഷീരോൽപ്പാദന മേഖലയിലേക്ക് പുതിയതായി പലരും കടന്നുവരാൻ താൽപ്പര്യം പ്രകടിപ്പിക്കുന്നുണ്ടെങ്കിലും പുതിയ സംരംഭകരുടെയും ക്ഷീര കർഷകരുടെയും ആവശ്യാനുസരണം കറവപ്പശുക്കളുടെ പദ്ധതികൾ നടപ്പിലാക്കുവാൻ നിലവിൽ ലഭ്യമായ ക്ഷീര വികസന വകുപ്പിന്റെ സാമ്പത്തിക ലക്ഷ്യത്തിന് സാധിക്കുന്നില്ല. ആയതിനാൽ ക്ഷീര കർഷകർക്കായി കറവപ്പശു പദ്ധതികൾ നടപ്പിലാക്കുന്നത് പാൽ ഉൽപ്പാദന വർദ്ധനവിനും തദ്വാര ക്ഷീര മേഖലയുടെ സുസ്ഥിരമായ വികസനത്തിനും വഴി തെളിക്കും.

നിലവിൽ 22,000 ലിറ്റർ പ്രതിദിന സംഭരണമുള്ള നിയോജക മണ്ഡലത്തിൽ 3 വർഷം കൊണ്ട് 35,000 ലിറ്ററും 10 വർഷം കൊണ്ട് 60,000 ലിറ്ററുമായി പാൽ സംഭരണം വർദ്ധിപ്പിക്കുവാനാണ് ലക്ഷ്യമിടേണ്ടതുണ്ട്.

## മത്സ്യ മേഖല

**ഇന്നത്തെ അവസ്ഥ:**

ചെങ്ങളായി, ചെമ്പേരി, കരുവഞ്ചാൽ, വെള്ളാട്, ആലക്കോട്, രയരോം, മൗവത്താണി, വളപട്ടണം, ചിറ്റാരി, ഇരുമ്പ തുടങ്ങി പത്തോളം പുഴകളുമായി ബന്ധപ്പെട്ട കുളങ്ങളിലും തോടുകളിലും മത്സ്യക്കൃഷി നടത്തുന്നവർ മണ്ഡലത്തിലുണ്ട്. ഈ മണ്ഡലത്തിലുണ്ട്. ഈ മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് വഴി നടപ്പു സാമ്പത്തിക വർഷം മത്സ്യസമൃദ്ധി പദ്ധതി പ്രകാരം 928 മത്സ്യകർഷകർക്ക് കാർപ്പ് മത്സ്യങ്ങളെ വിതരണം ചെയ്യുകയുണ്ടായി. ജലസേചന ടാങ്കുകൾ, കുളങ്ങൾ, പാറമടകൾ എന്നീ ജലാശയങ്ങളാണ് മത്സ്യകൃഷിക്കായി ഉപയോഗിക്കുന്നത്. മലയോര മേഖലയിൽ ഗുണനിലവാരമുള്ള ശുദ്ധജല ലഭ്യത ധാരാളമായിട്ടുള്ളതിനാൽ അലങ്കാര മത്സ്യകൃഷിക്ക് വളരെയധികം സാദ്ധ്യതയുണ്ട്. കണ്ണൂർ ജില്ലാ പഞ്ചായത്ത് 5 വനിതാ ഗ്രൂപ്പുകൾക്ക് അലങ്കാര മത്സ്യകൃഷി യൂണിറ്റ് നടത്തിപ്പിന് ധനസഹായം നൽകിയിട്ടുണ്ട്.

2011-12 സാമ്പത്തിക വർഷം ജില്ലാ പഞ്ചായത്ത് ഫിഷറീസ് വകുപ്പ് മുഖാന്തിരം 5 വനിതാ ഗ്രൂപ്പുകൾക്ക് അലങ്കാര മത്സ്യകൃഷിക്ക് 5 ലക്ഷം രൂപയുടെ ധനസഹായം അനുവദിച്ചിട്ടുണ്ട്.

2012-13 സാമ്പത്തിക വർഷം ഫിഷറീസ് വകുപ്പിൻെറ സാമൂഹ്യമത്സ്യകൃഷി പദ്ധതി പ്രകാരം ഏരുവേശ്ശി നിയോജക മണ്ഡലത്തിലെ 2 പുഴകളിൽ ഏതാണ്ട് 2 ലക്ഷത്തോളം മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുകയുണ്ടായി. ഫിഷറീസ് വകുപ്പിൻെറ മത്സ്യസമൃദ്ധി പദ്ധതി 2012-13 വർഷത്തെ ഒന്നാം ഘട്ടം പൂർത്തീകരിച്ചു. ഇതുപ്രകാരം 928 കർഷകർക്ക് 17.31 ഹെക്ടർ സ്ഥലത്ത് വളർത്തു മത്സ്യങ്ങളെ സൗജന്യമായി നൽകുകയുണ്ടായി. 2011-12 വർഷത്തെ കണ്ണൂർ ജില്ലാ പഞ്ചായത്തും ഫിഷറീസ് വകുപ്പും ചേർന്ന് അലങ്കാര മത്സ്യക്കൃഷി യൂണിറ്റ് (വനിത) എന്ന പ്രോജക്ട് നടപ്പിലാക്കി വരുന്നു.

**പ്രശ്നങ്ങൾ:**

മത്സ്യക്കുഞ്ഞുങ്ങളുടെ ലഭ്യതയില്ലായ്മയാണ് പ്രധാന പ്രശ്നം. കണ്ണൂർ ജില്ലയിൽ മത്സ്യസമൃദ്ധി പദ്ധതിയുടെ ഭാഗമായി വിതരണം ചെയ്ത കാർപ്പ് കുഞ്ഞുങ്ങളിൽ ഭൂരിഭാഗവും പാലക്കാട്, തൃശ്ശൂർ എന്നിവിടങ്ങളിൽ നിന്നാണ്. ജില്ലയിൽ നിലവിൽ ഒരു ഹാച്ചറി മാത്രമാണുള്ളത്. ആയതിനാൽ ഇരിക്കൂർ നിയോജകമണ്ഡലത്തിൽ ശുദ്ധജല മിനിഹാച്ചറി/ റിയറിംഗ് യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള സാദ്ധ്യതകൾ ഉണ്ട്.

**പ്രോജക്ട് നിർദ്ദേശങ്ങൾ:**

പഴശ്ശി പദ്ധതിയിലെ ജലലഭ്യത ഉപയോഗപ്പെടുത്തി ഉൾനാടൻ മത്സ്യകൃഷി (റിസർവോയർ ഫിഷറീസ്)ക്കായി ഒരു സൊസൈറ്റി നിലവിലുണ്ട്. ഈ സൊസൈറ്റിക്ക് ഫണ്ട് അനുവദിച്ച് പ്രവർത്തനം കാര്യക്ഷമമാക്കാവുന്നതാണ്.

നിലവിൽ ഒരാ ഹാച്ചറി/റിയറിംഗ് യൂണിറ്റ് സ്ഥാപിക്കേണ്ടത് അനിവാര്യമാണ്. മണ്ഡലത്തിൽ സാദ്ധ്യമായ എല്ലാ വീടുകളിലും അടുക്കള കുളം/ സിൽപോളിൻ ടാങ്കുകളുണ്ടാക്കി കുടുംബത്തിനാവശ്യമായ മത്സ്യങ്ങളെ ഉൽപാദിപ്പിക്കാവുന്ന പദ്ധതി നടപ്പിലാക്കാവുന്നതാണ്. ഇതിനായി തൊഴിലുറപ്പ് പദ്ധതിയുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. ആവശ്യമായ മത്സ്യവിത്ത്/സാങ്കേതിക സഹായം എന്നിവ ജില്ലാ മത്സ്യകർഷക വികസന ഏജൻസിയിൽ നിന്നും ലഭ്യമാക്കാവുന്നതാണ്. ഭക്ഷ്യസുരക്ഷയുടെ ഭാഗമായിത്തന്നെ ഇതിനെ കരുതാവുന്നതാണ്.

ഇതുകൂടാതെ തൊഴിൽരഹിതരായ യുവതീയുവാക്കളെ ഉൾപ്പെടുത്തി സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ച് അലങ്കാരമത്സ്യക്കൃഷി യൂണിറ്റുകൾ തുടങ്ങാവുന്നതാണ്.

## IV.2. ജലസേചനം, മണ്ണുസംരക്ഷണം, വനം

### ജലസേചനം

**ഇന്നത്തെ അവസ്ഥ:**

വളപട്ടണം പുഴ മണ്ഡലത്തിലെ മണ്ണൂർക്കടവ് മുതൽ തേർളായി ദ്വീപുവരെയുള്ള ഭാഗങ്ങളിലൂടെ ഒഴുകുന്ന വളപട്ടണം പുഴയുടെ പോഷക നദിയായി ശ്രീകണ്ഠാപുരം പുഴയുടെ ഭാഗങ്ങളും നുച്ചിയാട് പുഴയുടെ ഭാഗങ്ങളും കുപ്പം പുഴയുടെ ആലക്കോട്, ഉദയഗിരി പഞ്ചായത്തിലുൾപ്പെടുന്ന ഭാഗങ്ങളുമാണ് ഇരിക്കൂർ നിയോജകമണ്ഡലത്തിലുൾപ്പെടുന്നത്.

കനത്ത കാലവർഷവും വെള്ളപ്പൊക്കവും മൂലം താഴെ പറയുന്ന സ്ഥലങ്ങളിൽ രൂക്ഷമായ കരയിടിച്ചൽ സംഭവിച്ചിട്ടുണ്ട്.

1) ഇരിക്കൂർ പഞ്ചായത്തിലെ മണ്ണൂർക്കടവ്, നിടുവള്ളൂർ, ഇരിക്കൂർ, നിലാമുറ്റം
2) ശ്രീകണ്ഠാപുരം പഞ്ചായത്തിലെ മടമ്പം, അലക്സ്നഗർ, പൊടിക്കളം തുടങ്ങിയ സ്ഥലങ്ങൾ
3) എരുവേശ്ശി പഞ്ചായത്തിലെ പാടിക്കുറ്റി, ചെമ്പേരി എന്നീ സ്ഥലങ്ങൾ
4) ആലക്കോട്, ഉദയഗിരി പഞ്ചായത്തിലെ കാർത്തികപുരം, മടക്കടവ് എന്നീ സ്ഥലങ്ങൾ
5) ഉളിക്കൽ പഞ്ചായത്തിലെ തവറൂൽ, തേർളായി, കൊയ്യം പ്രദേശങ്ങൾ

**പ്രശ്നങ്ങൾ**

കരയിടിച്ചൽ കാരണം പുഴകളോട് ചേർന്ന് കിടക്കുന്ന ഭൂമിയിലെ വീടുകൾ ഉൾപ്പെടെയുള്ള കെട്ടിടങ്ങൾക്കും റോഡുകൾക്കും വിലപ്പെട്ട കാർഷിക വിളകൾക്കും ഗണ്യമായ നാശനഷ്ടങ്ങൾ സംഭവിചചുകൊണ്ടിരിക്കുന്നു. രൂക്ഷമായ കരയിടച്ചൽ സംഭവിച്ച സ്ഥലങ്ങളിൽ അവശ്യമായ സംരക്ഷണ പ്രവൃത്തികൾക്കായി ഏറ്റെടുക്കേണ്ടത്.

**സാദ്ധ്യതകൾ**

വളപട്ടണം പുഴയുടെ ഇരിക്കൂർ പാലത്തിനു സമീപവും, എരുവേശ്ശി പുഴയിൽ പാടിക്കുറ്റിയിലും, പയ്യാവൂർ പുഴയിൽ പാറക്കടവ്, വെമ്പുവ ഭാഗങ്ങളിലും, കുപ്പം പുഴയിൽ ചീക്കാട്, മടമ്പടി, മുക്കട പ്രദേശങ്ങളിലും വരൾച്ച ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി തടയണ സ്ഥാപിക്കാനുള്ള പദ്ധതികൾ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാനുള്ള സാദ്ധ്യതയുണ്ട്.

**നടപ്പ് പദ്ധതികൾ**

**റിവർ മാനേജ്മെന്റ് ഫണ്ട്- സമർപ്പിച്ച പദ്ധതികൾ**

നദീതീര സംരക്ഷണ പദ്ധതിയിൽ നിർദ്ദേശിക്കപ്പെട്ട പ്രവൃത്തികൾ

| ക്രമ നം. | പ്രവൃത്തികൾ | എസ്റ്റിമേറ്റ് |
|---|---|---|
| 1 | ഇരിക്കൂർ പഞ്ചായത്തിൽ ഇരിക്കൂർ ജുമാമസ്ജിദിന് പിൻഭാഗം ആയി പ്പുഴ കടവിന് എതിർവശം വളപട്ടണം പുഴയുടെ വലതുകര സംരക്ഷണം (നീളം 120 മീ.) | 33.50 |
| 2 | ഇരിക്കൂർ പഞ്ചായത്തിൽ ഇരിക്കൂർ പാലത്തിനു തൊട്ടുതാഴെ ഖബർസ്ഥാനിനു സമീപം പുഴയുടെ വലതുകര സംരക്ഷണം (നീളം 220 മീ.) | 57.00 |

| | | |
|---|---|---|
| 3 | ഇരിക്കൂർ പഞ്ചായത്തിൽ വണ്ടിത്താവളത്തിൽ നിലവിലുള്ള കെ. ഡബ്ല്യു.എ. പമ്പ് ഹൗസിന്റെ താഴെഭാഗം വളപട്ടണം പുഴയുടെ വല തുകര സംരക്ഷണപദ്ധതി (നീളം 61 മീ.) | 16.50 |
| 4 | എരുവേശ്ശി പഞ്ചായത്തിൽ പാടിക്കുറ്റി ശ്രീമുത്തപ്പൻ ക്ഷേത്രത്തിനു സമീപം എരുവേശ്ശിപുഴയുടെ വലതുകര സംരക്ഷണം (നീളം 150 മീ.) | 22.10 |
| 5 | ഇരിക്കൂർ പഞ്ചായത്തിൽ നെടുവള്ളൂരിൽ നിലവിലുള്ള സംരക്ഷണ ഭിത്തിയ്ക്ക് തുടർച്ചയായി ആയിപ്പുഴ കടവിന് എതിർവശം വളപ ട്ടണം പുഴയുടെ വലതുകര സംരക്ഷണപദ്ധതി (നീളം 135 മീ.) | 33.00 |
| 6 | ശ്രീകണ്ഠാപുരം പഞ്ചായത്തിൽ പഴയങ്ങാടി പള്ളി മദ്രസയ്ക്ക് സമീപം ശ്രീകണ്ഠാപുരം പുഴയുടെ വലതുകര സംരക്ഷണം | 18.80 |
| 7 | ഇരിക്കൂർ പഞ്ചായത്തിൽ ആയിപ്പുഴകടവിന് എതിർവശം പുതിയ പള്ളിയുടെ പിൻഭാഗം വളപട്ടണം പുഴയുടെ വലതുകര സംരക്ഷണ പദ്ധതി (നീളം 115 മീ.) | 25.50 |
| 8 | ചെങ്ങളായി പഞ്ചായത്തിൽ തവറൂൽ എന്ന സ്ഥലത്ത് ശ്രീകണ്ഠാ പുരം പുഴയുടെ വലതുകര സംരക്ഷണം | 30.00 |
| 9 | ചെങ്ങളായി പഞ്ചായത്തിൽ ഹദാദ് മസ്ജിദിനു സമീപം കൈതക്കട വിന് മുകൾഭാഗം തേറളായി ദ്വീപിന്റെ കരസംരക്ഷണം. | 14.00 |
| 10 | ചെങ്ങളായി പഞ്ചായത്തിൽ ചെങ്ങളായികടവിന് താഴെഭാഗം ശ്രീക ണ്ഠാപുരം പുഴയുടെ വലത്കര സംരക്ഷണം | 22.00 |
| 11 | ചെങ്ങളായി പഞ്ചായത്തിൽ കൊയ്യം ജുമാമസ്ജിദിന് സമീപം വളപ ട്ടണം പുഴയുടെ വലത്കര സംരക്ഷണം. | 18.00 |
| 12 | ചെങ്ങളായി പഞ്ചായത്തിൽ തേറളായി പാലത്തിന് മുകൾഭാഗം തേറ ളായി ദ്വീപിന്റെ സംരക്ഷണം. | 20.00 |
| 13 | ചെങ്ങളായി പഞ്ചായത്തിൽ തേറളായി ദ്വീപിൽ ചെറിയപള്ളിക്ക് സമീപം കര സംരക്ഷണം | 15.00 |
| 14 | ശ്രീകണ്ഠാപുരം പഞ്ചായത്തിൽ പഴയങ്ങാടി പള്ളി മഖാമിനു സമീപം ശ്രീകണ്ഠാപുരം പുഴയുടെ വലത് കര സംരക്ഷണം. | 22.00 |
| 15 | ചെങ്ങളായി പഞ്ചായത്തിൽ ചെങ്ങളായി കടവിനു മുകൾഭാഗം ശ്രീക ണ്ഠാപുരം പുഴയുടെ വലത്കര സംരക്ഷണം. | 26.40 |
| 16 | ഇരിക്കൂർ പഞ്ചായത്തിൽ നിലാമുറ്റം പള്ളിക്ക് സമീപം വളപട്ടണം പുഴയുടെ വലത് കര സംരക്ഷണം | 45.00 |
| 17 | ശ്രീകണ്ഠാപുരം പഞ്ചായത്തിൽ കാഞ്ഞിലേരി കണിയാർ വയൽ റോഡിനുസമീപം ശ്രീകണ്ഠാപുരം പുഴയുടെ ഇടത്കരസംരക്ഷണം. | 40.00 |
| **"വെള്ളപ്പൊക്കക്കെടുതി"- പ്രവൃത്തികൾ** | | |
| 1 | ശ്രീകണ്ഠാപുരം പഞ്ചായത്തിൽ മടമ്പത്തിനു സമീപം പൊയ്യായി ക്കരി എന്ന സ്ഥലത്ത് മടമ്പം -അലക്സ് നഗർ റോഡ് തകർന്ന ഭാഗത്തെ അടിയന്തിര സംരക്ഷണം | 25.00 |
| 2 | ശ്രീകണ്ഠാപുരം പഞ്ചായത്തിൽ മടമ്പത്തിനു സമീപം നാപ്പിനിക്കരി എന്നസ്ഥലത്ത് മടമ്പം -അലക്സ് നഗർ റോഡ് തകർന്ന ഭാഗത്തെ അടിയന്തിര സംരക്ഷണം | 15.00 |
| 3 | ഉളിക്കൽ പഞ്ചായത്തിലെ കമ്പിപ്പാലത്തിനു സമീപം നുച്ചിയാട് പുഴ യുടെ സംരക്ഷണം. | 34.00 |
| 4 | ചെങ്ങളായി പഞ്ചായത്തിൽ മുങ്ങം തവറൂൽ റോഡിനു സമീപം പെരിങ്കോന്ന് എന്ന സ്ഥലത്ത് ശ്രീകണ്ഠപുരം പുഴയുടെ വലതുകര സംരക്ഷണം. | 25.00 |

| | | |
|---|---|---|
| 5 | ഉദയഗിരി പഞ്ചായത്തിൽ മണക്കടവ് പാലത്തിനു മുകൾ ഭാഗത്തായി കുപ്പം പുഴയുടെ വലതുകര സംരക്ഷണം | 85.00 |
| 6 | ശ്രീകണ്഼ഠാപുരം പഞ്ചായത്തിൽ മേരിഗിരി സീനിയർ സെക്കണ്ടറി സ്കൂൾ ഗ്രൗണ്ടിനു സമീപം ശ്രീകണ്഼ഠപുരം പുഴയുടെ വലതുകര സംരക്ഷണം. | 45.00 |
| 7 | ഉദയഗിരി പഞ്ചായത്തിൽ ശ്രീധർമ്മശാസ്താക്ഷേത്രത്തിനു പിറകിൽ കാർത്തികപുരം പുഴയുടെ ഇടതുകര സംരക്ഷണം | 50.00 |
| 8 | ഇരിക്കൂർ പഞ്ചായത്തിൽ മാമാനിക്കുന്ന് ക്ഷേത്രത്തിന് സമീപം വള പട്ടണംപുഴയുടെ വലത്കര സംരക്ഷണം. | 15.00 |
| 9 | ശ്രീകണ്഼ഠാപുരം പഞ്ചായത്തിൽ അലക്സ്നഗറിനു സമീപം ശ്രീക ണ്഼ഠാപുരം പുഴയുടെ വലത്കര സംരക്ഷണം. | 110.00 |
| 10 | ഉദയഗിരി പഞ്ചായത്തിൽ പി.എച്ച്.സി.ക്ക് സമീപം കാർത്തികപുരം പുഴയുടെ ഇടതുകര സംരക്ഷണം | 30.00 |
| 11 | ശ്രീകണ്഼ഠാപുരം പഞ്ചായത്തിൽ മേരിഗിരി നഴ്സറി സ്കൂളിനു സമീപം ശ്രീകണ്഼ഠപുരം പുഴയുടെ വലതുകര സംരക്ഷണം | 40.00 |
| 12 | ഉദയഗിരി പഞ്ചായത്തിൽ മണക്കടവ് അമ്പലപ്പടിക്ക് സമീപം കാർത്തികപുരം പുഴയുടെ □കരസംരക്ഷണം | 5.00 |
| 13 | മലപ്പട്ടം സപഞ്ചായത്തിൽ അടിച്ചേരി എന്ന സ്ഥലത്ത് ശ്രീകണ്഼ഠാ പുരം പുഴയുടെ ഇടത്കരസംരക്ഷണം | 25.00 |
| 14 | ചെങ്ങളായി പഞ്ചായത്തിൽ വളക്കൈ സ്കൂളിനു മുൻവശം വളക്കൈ പുഴയുടെ ഇടത്കര സംരക്ഷണം. | 20.00 |
| 15 | പയ്യാവൂർ പഞ്ചായത്തിൽ ചന്ദനക്കാംപാറ ടൗണിനു സമീപം പയ്യാ വൂർപുഴയുടെ ഇടത്കര സംരക്ഷണം. | 30.00 |
| 16 | എരുവേശി പഞ്ചായത്തിൽ വെമ്പുവ പാലത്തിന് താഴെഭാഗം പയ്യാ വൂർ പുഴയുടെ വലത്കര സംരക്ഷണം. | 20.00 |
| 17 | പയ്യാവൂർ പഞ്ചായത്തിൽ പാറക്കടവ് ആളോത്ത് കോളനിറോഡിനു സമീപം പയ്യാവൂർ പുഴയുടെ കര സംരക്ഷണം. | 25.00 |
| 18 | പയ്യാവൂർ പഞ്ചായത്തിൽ പാറക്കടവ് എന്ന സ്ഥലത്ത് പയ്യാവൂർ പുഴ യുടെ ഇടത്കര സംരക്ഷണം. | 25.00 |
| **വരൾച്ചാ ദുരിതാശ്വാസ പ്രവർത്തികളുടെ ഭാഗമായി താഴെപറയുന്ന സ്ഥലങ്ങളിൽ തടയണ നിർമ്മാണപ്രവൃത്തികൾ** | | |
| 1 | എരുവേശ്ശി പഞ്ചായത്തിൽ എരുവേശ്ശി പുഴക്കു കുറുകെ പാടിക്കുറ്റി ശ്രീമുത്തപ്പൻ ക്ഷേത്രത്തിനു താഴെഭാഗം | 99.00 |
| 2 | പയ്യാവൂർ പഞ്ചായത്തിൽ പയ്യാവൂർ പുഴക്കു കുറുകെ പാറക്കടവ് എന്ന സ്ഥലത്ത് | 98.50 |
| 3 | പയ്യാവൂർ പഞ്ചായത്തിൽ പയ്യാവൂർ പുഴക്കു കുറുകെ വെമ്പുവ പാല ത്തിനു താഴെഭാഗം | 99.00 |
| 4 | ഉദയഗിരി പഞ്ചായത്തിൽ കുപ്പം പുഴക്കു കുറുകെ ലോവർ ചീക്കാട് എന്ന സ്ഥലത്ത് | 99.00 |
| 5 | ഉദയഗിരി പഞ്ചായത്തിൽ മടമ്പടി -മണക്കടവ് എന്ന സ്ഥലത്ത് | 99.50 |
| 6 | ഉദയഗിരി പഞ്ചായത്തിൽ മുക്കട-മണക്കടവ് എന്ന സ്ഥലത്ത് | 99.50 |
| 7 | ഇരിക്കൂർ പഞ്ചായത്തിൽ വളപട്ടണം പുഴക്കു കുറുകെ ഇരിക്കൂർ പാലത്തിനു മുകൾഭാഗം | 335.00 |
| 8 | കൂടാളി പഞ്ചായത്തിൽ വളപട്ടണം പുഴക്കു കുറുകെ ആയിപ്പുഴ ചിറ ക്കല്ല് എന്ന സ്ഥലത്ത് | 320.00 |

**മണ്ണു സംരക്ഷണം**

**ഇന്നത്തെ അവസ്ഥ:**

കണ്ണൂർ ജില്ലയുടെ കിഴക്കു ഭാഗത്തായി ഉദയഗിരി, ആലക്കോട്, നടുവിൽ, ഏരുവേശ്ശി, ശ്രീകണ്ഠാപുരം, ചെങ്ങളായി, ഇരിക്കൂർ, പയ്യാവൂർ, ഉളിക്കൽ എന്നീ പഞ്ചായത്തുകൾ ഉൾപ്പെടുന്ന ഇരിക്കൂർ നിയോജക മണ്ഡലം. മണ്ഡലത്തിൻെറ സ്ഥലവും ചരിഞ്ഞ ഭൂപ്രദേശമാകയാൽ വർഷകാലങ്ങളിൽ മണ്ണൊലിപ്പ് രൂക്ഷമാണ്. മണ്ണൊലിപ്പും അശാസ്ത്രീയമായ ഭൂവിനിയോഗവും മൂലം ഉൽപാദന ക്ഷമത കുറഞ്ഞുവരുന്നതിനാൽ കാർഷിക മേഖല വളരെയധികം പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുന്നു.

മണ്ഡലത്തിന് ആകെ 55600 ഹെക്ടർ വിസ്തൃതിയുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള കൃഷി രീതിയും മണ്ണൊലിപ്പ് ബാധിത പ്രദേശങ്ങളുടെ വിസ്തൃതിയും താഴെ കൊടുക്കുന്നു.

| ക്രമ നം | ഗ്രാമ പഞ്ചായത്തിൻെറ പേര് | വിസ്തൃതി (ഹെക്ടർ) | കൃഷി രീതി | മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾ നടത്തേണ്ട സ്ഥല വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|---|---|
| 1 | ഉദയഗിരി | 5180 | തെങ്ങ്, റബ്ബർ, കുരുമുളക്, കശുവണ്ടി | 3200 |
| 2 | ആലക്കോട് | 7077 | തെങ്ങ്, റബ്ബർ, കുരുമുളക്, കശുവണ്ടി | 3100 |
| 3 | നടുവിൽ | 8797 | തെങ്ങ്, റബ്ബർ, കുരുമുളക്, കശുവണ്ടി | 3900 |
| 4 | ചെങ്ങളായി | 6733 | നെല്ല്, കമുക്,തെങ്ങ്, റബ്ബർ, കുരുമുളക്, | 2800 |
| 5 | ഏരുവേശ്ശി | 5406 | തെങ്ങ്, റബ്ബർ, കുരുമുളക്, കമുക് | 2750 |
| 6 | പയ്യാവൂർ | 6934 | തെങ്ങ്, റബ്ബർ, കുരുമുളക്, കശുവണ്ടി | 3600 |
| 7 | ശ്രീകണ്ഠാപുരം | 6870 | നെല്ല്, തെങ്ങ്, റബ്ബർ, കുരുമുളക്, കശുവണ്ടി | 2800 |
| 8 | ഉളിക്കൽ | 7479 | നെല്ല്, തെങ്ങ്, റബ്ബർ, കുരുമുളക്, കശുവണ്ടി | 3200 |
| 9 | ഇരിക്കൂർ | 1138 | തെങ്ങ്, റബ്ബർ, കുരുമുളക്, കശുവണ്ടി | 400 |
| | **ആകെ** | **55614** | | **25750** |

മണ്ഡലത്തിൽ ഇതുവരെയായി നടപ്പിലാക്കിയ മണ്ണു സംരക്ഷണ പദ്ധതികൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പഞ്ചായത്ത് | പദ്ധതിയുടെ പേര് | നടപ്പിലാക്കിയ പ്രദേശത്തിൻെറ വിസ്തൃതി |
|---|---|---|---|
| 1 | ഉദയഗിരി | 1. ഉദയഗിരി വാട്ടർഷെഡ്-ആർഐ.ഡി.എഫ്<br>2. ആനക്കുഴി - ഉരുൾപൊട്ടൽ | 106<br>20 |
| 2 | ആലക്കോട് | 1. നൂലിട്ടാമല - ഉരുൾപൊട്ടൽ<br>2. പനംകുറ്റി വാട്ടർഷെഡ്-പശ്ചിമഘട്ട വികസന പദ്ധതി<br>3. ഇയ്യഭരണി വാട്ടർഷെഡ് - ആർ.ഐ.ഡി.എഫ് | 26<br>715<br>175 |

| | | | |
|---|---|---|---|
| 3 | നടുവിൽ | 1മാവുംചാൽ വാട്ടർഷെഡ് - ആർ.ഐ.ഡി.എഫ്<br>2കുടിയാൻമല വാട്ടർഷെഡ് - ആർ.ഐ.ഡി.എഫ് | 211<br>410 |
| 4 | ചെങ്ങളായി | 1കൊക്കായിതോട് വാട്ടർഷെഡ്- ആർ.ഐ.ഡി.എഫ്<br>2നെല്ലിക്കുന്ന് വാട്ടർഷെഡ്- ജില്ലാ പഞ്ചായത്ത് | 340<br>35 |
| 5 | ഏരുവേശ്ശി | 1താഴെ ചാത്തമല വാട്ടർഷെഡ്- ആർ.ഐ.ഡി.എഫ്<br>2കൊരമ്പക്കുണ്ട് വാട്ടർഷെഡ്- ആർ.ഐ.ഡി.എഫ്<br>3ഏഴരക്കുണ്ട് വാട്ടർഷെഡ്- ആർ.ഐ.ഡി.എഫ് | 360<br>260<br>340 |
| 6 | പയ്യാവൂർ | 1മാവുംതോട് വാട്ടർഷെഡ്- ആർ.ഐ.ഡി.എഫ്<br>2മാഞ്ചാൽ വാട്ടർഷെഡ് - ജില്ലാ പഞ്ചായത്ത് | 270<br>15 |
| 7 | ശ്രീകണ്ഠാപുരം | 1പയറ്റുചാൽ വാട്ടർഷെഡ്- ജില്ലാ പഞ്ചായത്ത് | 14 |
| 8 | ഉളിക്കൽ | 1മണിക്കടവ് വാട്ടർഷെഡ്- ആർ.ഐ.ഡി.എഫ്<br>2കാലാങ്കി വാട്ടർഷെഡ്- ആർ.ഐ.ഡി.എഫ് | 172<br>325 |
| | | ആകെ | 3794 |

**നടപ്പു പദ്ധതികൾ**

| ക്രമ നം | ഗ്രാമ പഞ്ചായത്ത് | പദ്ധതി | നീമറിയുടെ പേര് | വിസ്തീർണ്ണം (ഹെക്ടർ) | പ്രോജക്ട് തുക (ലക്ഷം) |
|---|---|---|---|---|---|
| 1 | നടുവിൽ | ആർ.ഐ.ഡി.എഫ് | അരങ്ങ് മന്നംകുണ്ട് | 330 | 55.31 |
| 2 | ഏരുവേശ്ശി | ആർ.ഐ.ഡി.എഫ് | നെല്ലിക്കുറ്റി | 500 | 71.54 |
| 3 | പയ്യാവൂർ | ആർ.ഐ.ഡി.എഫ് | ശാന്തിനഗർ | 300 | 53.00 |
| 4 | ഉളിക്കൽ | ആർ.ഐ.ഡി.എഫ് | ആനപ്പാറ വെണ്ടേക്കുംകരി | 426 | 76.00 |
| | | | ആകെ | 1556 | 255.85 |

മണ്ഡലത്തിൽ വിവിധ പഞ്ചായത്തുകളിലായി നബാർഡിൻെറ സാമ്പത്തിക സഹായത്താൽ 175 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ പൂർത്തീകരിച്ചിട്ടുണ്ട്. ആകെ വിസ്തൃതി 1521 ഹെക്ടർ.

പ്രശ്നങ്ങൾ:

ശരിയായ രീതിയിൽ മഴവെള്ള സംരക്ഷണം ഇല്ലാത്തതിനാൽ ഭൂഗർഭ ജല വിതാനം താഴ്ന്ന് പോകുകയും വേനൽ കാലങ്ങളിൽ കിണറുകളും കുളങ്ങളും വറ്റി അതിരൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുകയും ചെയ്യുന്നു. ജല സ്രോതസ്സുകളുടെ സംരക്ഷണം ഇല്ലാത്തതും അശാസ്ത്രീയമായ മണ്ണു സംരക്ഷണ പ്രവർത്തനങ്ങളും അശാസ്ത്രീയമായ കൃഷി രീതിയും മൂലം മഴവെള്ളം ഭൂമിയിൽ സംരക്ഷിക്കുവാൻ കഴിയാതെ പാഴായി പോകുന്ന ഒരു അവസ്ഥയാണ് ഉള്ളത്. നിയോജക മണ്ഡലത്തിൽ ഏകദേശം 25000 ഹെക്ടർ സ്ഥലം മണ്ണു സംരക്ഷണ പ്രവർത്തനം നടപ്പിലാക്കിയിട്ടുണ്ട്.

**സമഗ്ര സമീപനം**

സുസ്ഥിര വികസനം എന്ന ലക്ഷ്യം പ്രാവർത്തികമാകണമെങ്കിൽ നമ്മുടെ പ്രകൃതി വിഭവങ്ങളായ മണ്ണ്, ജലം, ജൈവസമ്പത്ത് എന്നിവ സംരക്ഷിക്കപ്പെടണം. അതിന് നീർത്തടാധിഷ്ടിത വികസന സമീപനം എന്ന് കാഴ്ചപ്പാട് നാം അവലംബിക്കണം. നീർത്തടാധിഷ്ഠിതതത്വത്തിൽ ഒട്ടേറെ പ്രവർത്തനങ്ങൾ നാം പരീക്ഷിച്ചുകഴിഞ്ഞു.

സംയോജിത നീർത്തട പരിപാലന പരിപാടിയിൽ ഒട്ടേറെ പ്രവർത്തനങ്ങൾ മണ്ണ്, ജല സംരക്ഷണവുമായി ബന്ധപ്പെട്ടു ചെയ്യുന്നുണ്ട്. തടയണകൾ, കുളം നിർമ്മാണം, കയ്യാല നിർമ്മാണം വനവൽക്കരണം നീർച്ചാൽ അടങ്ങൾ ഇതേ പ്രവർത്തനങ്ങൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലും ചെയ്യുന്നുണ്ട്. ഈ രണ്ട് പദ്ധതികളും സംയോജിപ്പിച്ച് തൊഴിൽ വേതനം തൊഴിലുറപ്പ് പദ്ധതിയിലും മെറ്റീരിയൽ തുക ഐ.ഡബ്ല്യൂ.എം.പി. പദ്ധതിയും ചെയ്യാവുന്നതാണ് വനം വകുപ്പിന്റെ സാമൂഹ്യ വനവൽക്കരണ പരിപാടിയും ഐ.ഡബ്ല്യൂ.എം.പി. പദ്ധതിയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും സംയുക്തമായി തരിശായി കിടക്കുന്ന ഒട്ടേറെ പ്രദേശങ്ങൾ ഉദാ: പഞ്ചായത്ത് പുറമ്പോക്ക്, റവന്യൂ പുറമ്പോക്കു സരക്കാർ ഭൂമികൾ, സ്വകാര്യ ഭൂമികൾ എന്നിവയിൽ വനവൽക്കരണം നടത്താൻ സാധിക്കും.

സോയിൽ കൺസർവേഷൻ വകുപ്പ് മണ്ണ് സംരക്ഷണ മേഖലയിൽ ഒട്ടേറെ പദ്ധതി നടപ്പാക്കുന്നുണ്ട് ഈ വകുപ്പും എം.ജി.എൻ.ആർ.എ.ജി.എസ്., ഐ.ഡബ്ല്യൂ.എം.പി. സ്കീമും സംയോജിപ്പിച്ച് മണ്ണ് സംരക്ഷണ മേഖലയിൽ ഇടപെടാൻ സാധിക്കും.

ചെറുകിട ജലസോചന വകുപ്പ് ജനസേചന മേഖലയിൽ ജലസേചനത്തിനും തോടുകളുടെ സംരക്ഷണത്തിനും പദ്ധതികൾ നടപ്പാക്കുന്നുണ്ട്. ഈ പദ്ധതികൾ സംയോജിത നീർത്തട വികസന പരിപാടിയും, മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെടുത്തി ചെയ്യാവുന്നതാണ്.

മണ്ണ് -ജല സംരക്ഷണ മേഖലയിൽ നടപ്പാക്കുന്ന പദ്ധതികൾ സംയോജിപ്പിച്ച് നടപ്പാക്കുന്നത് കൊണ്ട് ഡ്യൂപ്ലിക്കേഷൻ ഒഴിവാക്കാൻ സാധിക്കും ഇതിന് ഈ പദ്ധതി നടപ്പാക്കുന്നു വിവിധ വകുപ്പുകളും ഓരോ നീർത്തടത്തിലെ നീർത്തട കമ്മിറ്റികളും ചേർന്ന വിശദമായ ആസൂത്രണം ഉണ്ടാക്കണം ഇതിന് ഓരോ നീർത്തടത്തിലും പ്രത്യേകം പ്രത്യേകം ശില്പശാലകൾ സംഘടിപ്പിക്കും.

**വനം**

**ഇന്നത്തെ അവസ്ഥ:**

കേരള വനം - വന്യജീവി വകുപ്പിന്റെ ഉത്തര മേഖലയിൽ കണ്ണൂർ വനം ഡിവിഷണൽ തളിപ്പറമ്പ് റെയിഞ്ചിന്റെ പരിധിയിലാണ് ഇരിക്കൂർ നിയോജക മണ്ഡല പ്രദേശം മുഴുവനായി ഉൾപ്പെടുന്നത്. തളിപ്പറമ്പ് റെയിഞ്ചിലെ ഭൂരിഭാഗം വനപ്രദേശങ്ങളും ഇരിക്കൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്നതാണ്. റെയിഞ്ചിലെ കരാമരം തട്ട് ശ്രീകണ്ഠാപുരം സെക്ഷനുകളിലായിട്ടാണ് നിയോജക മണ്ഡലത്തിലെ വനങ്ങൾ ഉൾപ്പെടുന്നത്. സെക്ഷനു കീഴിൽ കരാമരംതട്ട്, കുടിയാന്മല, കാഞ്ഞിരക്കൊല്ലി, കുന്നത്തൂർ ബീറ്റുകളിലെ മുഴുവൻ വനങ്ങളും ഈ നിയോജക മണ്ഡലത്തിൽപ്പെടുന്നു. കാരമരം തട്ട് സെക്ഷനിലെ മറ്റൊരു ബിറ്റായ ചെറുപുഴ ബീറ്റിലെ തടിക്കടവ് ഭാഗത്തെ വനം മാത്രമാണ് ഈ മണ്ഡലത്തിൽപ്പെടുന്നത്.

കേരള വനം-വന്യജീവി വകുപ്പിന് കീഴിൽ വനം സംരക്ഷിക്കുക എന്ന പ്രാഥമിക ജോലിയും വനത്തിനു പുറത്ത് വന്യജീവി ആക്രമണം മൂലമുള്ള നഷ്ടപരിഹാരം, റസ്ക്യൂ ഓപ്പറേഷൻ തുടങ്ങിയ പ്രാഥമിക ജോലിയും ടെറിട്ടോറിയൽ വിഭാഗത്തിൽപ്പെടുന്ന റെയിഞ്ച് സ്റ്റാഫ് മുഖേനയാണ് നടപ്പിലാക്കുന്നത്. വനത്തിനു പുറത്തെ വനവൽക്കരണജോലികൾ സർക്കാർ സ്ഥലത്തെ മരങ്ങൾ മുറിക്കുന്നതിനുള്ള മുൻകൂർ അനുവാദങ്ങൾ അപേക്ഷ പ്രകാരം നൽകൽ, വിലനിർണ്ണയം, വനസംരക്ഷണ ബോധവൽക്കരണം തുടങ്ങിയവ സാമൂഹ്യ വനവൽക്കരണ വിഭാഗത്തിന് കീഴിലും ആണ് ചെയ്തു വരുന്നത്. ഇത് കൂടാതെ ഈ രണ്ട് വിഭാഗങ്ങളെ നീരീക്ഷിക്കുന്നതിനും സഹായിക്കുന്നതിനും വിജിലൻസ് വിഭാഗമായ ഫ്ളൈയിംഗ് സ്ക്വാഡ് വിഭാഗവും ഉണ്ട്. കൂടാതെ ഗവേഷണ വിഭാഗം, പരിശീലന വിഭാഗം തുടങ്ങിയ മറ്റു വിഭാഗങ്ങളും വനം - വന്യജീവി വകുപ്പിനു കീഴിൽ ഈ റെയിഞ്ചിന്റെ വനത്തിനകത്ത് എവിടെയും കോളനികളോ വനത്തിനകത്ത് താമസിക്കുന്നവരോ ഇല്ല.

**ഭൂവിസ്തൃതി:**

ഇരിക്കൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന തളിപ്പറമ്പ് റെയിഞ്ചിലെ വനത്തിന്റെ വിസ്തൃതി 2106.70 ഹെക്ടർ ആണ്. ഇതിൽ നിക്ഷിപ്ത വനം 1814.34 ഹെക്ടറും, റിസർവ്വ് വനം 100.38 ഹെക്ടറും, പാരിസ്ഥിതിക പ്രാധാന്യമുള്ള നിലയിൽ വിജ്ഞാപനം ചെയ്ത ഇ.എഫ്.എൽ ഭൂമി ഉദ്ദേശം 31.64 ഹെക്ടറും ആണ്.

**മണ്ണിന്റെ ഘടന:** Red Soil, Latrile Soil, Rockey and Forest Soil

**ജലസേചന സൗകര്യം:**

വനത്തിൽ എവിടെയും ജലസേചന സൗകര്യമേർപ്പെടുത്തിയിട്ടില്ല. എന്നാൽ മണ്ണ് ജലസംരക്ഷണ പ്രവർത്തികൾ അതായത്, ചെക്ക്ഡാം ഗള്ളി പ്ലഗ്ഗിംഗ്, മഴക്കുഴികൾ, കയ്യാല തുടങ്ങിയവ പല ഭാഗത്തും ചെയ്തിട്ടുണ്ട്.

**തരിശുഭൂമി:**

വനത്തിന്റെ ചില ഭാഗശങ്ങളിൽ പുല്ലുമേടുകളായി മാറിയ ഭാഗങ്ങൾ ഉണ്ട് എന്നല്ലാതെ യാതൊരു ചെടിയും ഇല്ലാത്ത തരിശ് എന്ന വിഭാഗം ഭൂമിയിലില്ലെന്നു തന്നെ പറയാം.

**പ്രശ്നങ്ങൾ:**

വനഭൂമി തുണ്ടം തുണ്ടുകളായി പലഭാഗത്ത് ചിതറിക്കിടക്കുന്ന അവസ്ഥയിലാണ്. വനഭൂമികൾക്കിടയിൽ കൃഷിക്കാരുടെ സ്വകാര്യ വാസസ്ഥലങ്ങളും കൃഷി ഭൂമികളും നിലവിലുണ്ട്. കൂടാതെ ഇരിക്കൂർ നിയോജക മണ്ഡലത്തിന്റെയും ഈ റെയിഞ്ചിന്റെയും വടക്ക് കിഴക്കെ ഭാഗം അതിര് കർണ്ണാടക സംസ്ഥാനമാണ്. ഈ ഭാഗത്ത് ഉടനീളം അതിർത്തിയിൽ കർണ്ണാടക റിസർവ്വ് വനഭൂമിയാണ്. ഈ നിയോജക മണ്ഡലത്തിലെ പല സ്വകാര്യ പ്രദേശങ്ങളുടെയും അതിർത്തിയായി വരുന്നത് കർണ്ണാടക വനമാണ്. ഈ അവസ്ഥ മലയോര മേഖലയിലെ കൃഷിക്കാരെയൊക്കെ വന്യമൃഗശല്യത്തിന്റെ കെടുതികൾ അനുഭവിക്കുന്നവരായി മാറ്റിയിട്ടുണ്ട്. മാനവ വന്യജീവി സംഘർഷം ഈ റെയിഞ്ചിലെയും നിയോജക മണ്ഡലത്തിലെയും ശാശ്വതമായി പരിഹരിക്കാൻ പറ്റാത്ത അവസ്ഥയാണ്. വർഷം തോറും കൃഷി നാശവും വസ്തു നാശവും ജീവനാശവും ഈ മേഖലയിൽ കൂടി വരുന്നുണ്ട്. കുരങ്ങ്, കാട്ടുപന്നി, കാട്ടാന, മാൻ ഇവയുടെ കെടുതികളാണ് വലിയ പ്രശ്നമായി മാറിക്കൊണ്ടിരിക്കുന്നത്. കൃഷി നാശത്തിനും മറ്റും സർക്കാർ ഉത്തരവ് പ്രകാരം നഷ്ടപരിഹാരം നല്കി വരുന്നുണ്ടെങ്കിലും അനുവദിച്ചു കിട്ടുന്ന ഫണ്ടിന്റെ എത്രയോ ഇരട്ടിയാണ് നാൾക്കുനാൾ വർദ്ധിച്ചുവരുന്ന അപേക്ഷകളുടെ എണ്ണം. നിയോജക മണ്ഡലത്തിന്റെ മിക്ക പ്രദേശങ്ങളിലും കുരങ്ങു ശല്യം അതിരൂക്ഷമായ അവസ്ഥയിലാണ്.

പല പ്രദേശങ്ങളിലും ഇതുമൂലം വനം വകുപ്പിനും സർക്കാരിനുമെതിരെ ജനകീയ പ്രശ്നം ഉടലെടുക്കുന്നുമുണ്ട്. വേനൽക്കാലത്ത് ചില പ്രദേശങ്ങളിൽ കാട്ടുതീ കയറുന്നത് ഒരു പ്രശ്നമാണ്. വഴിയാത്രക്കാരും നാട്ടുകാരിൽ നിന്നും അശ്രദ്ധ മൂലം ഉണ്ടാകുന്ന കാട്ടുതീ മലമുകളിലെ വനഭാഗങ്ങളിൽ എത്തി അണക്കുക എന്നത് മറ്റും അഭിമുഖീകരിക്കുന്ന പ്രശ്നമാണ്.

## IV. 3. വ്യവസായം, ഊർജ്ജം, ഇൻഫർമേഷൻ ടെക്നോളജി

### വ്യവസായം

**ഇന്നത്തെ അവസ്ഥ:**

കാർഷികാധിഷ്ഠിത മേഖലയായ മണ്ഡലത്തിൽ തെങ്ങ്, കവുങ്ങ്, കശുവണ്ടി, റബർ, കുരുമുളക്, നേന്ത്രവാഴ എന്നിവയാണ് പ്രധാന വിളകൾ. ഉത്പാദന വ്യവസായത്തിലും സേവന വ്യവസായത്തിലും പെടുന്ന നാമമാത്രമായ എം.എസ്എംഇ യൂണിറ്റുകളാണ് പ്രസ്തുത മേഖലയിൽ നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ജനറൽ എഞ്ചിനീയറിംഗ്, റെഡിമെയ്ഡ് ഗാർമെന്റ്സ് പ്ലാസ്റ്റിക് റിസൈക്ലിംഗ്, കോക്കനട്ട് ഓയിൽ & ഫ്ളോർമിൽ, കറി പൗഡർ യൂണിറ്റുകൾ, യന്ത്രവത്കൃത ചകിരി, കേൾഡ് ഫൈബർ, കയർ യാൺ ക്രഷർ, അലുമിനിയം ഫാബ്രിക്കേഷൻ, സിമന്റ് പ്രൊഡക്ട്, പ്രിന്റിംഗ് പ്രസ്സ്, ഈർച്ചമിൽ, ഫർണ്ണിച്ചർ, തുടങ്ങിയ യൂണിറ്റുകളാണ് പ്രധാനമായും പ്രവർത്തിച്ച് വരുന്നത്. മണ്ഡലത്തിന്റെ പരിധിയിൽ എം.എസ്എംഇ പാർട്ട് 2 മെമ്മോറാണ്ടം ഫയൽ ചെയ്തിട്ടുള്ള യൂണിറ്റുകളുടെ എണ്ണം ചുവടെ നൽകുന്നു.

1) ജനറൽ എഞ്ചിനീയറിംഗ് - 29
2) കോക്കനട്ട് ഓയിൽ - 11
3) കറി പൗഡർ - 9
4) ഫ്ളോർ മിൽ - 15
5) റെഡിമെയ്ഡ് ഗാർമെന്റ്സ് - 5
6) ഈർച്ചമിൽ - 4
7) ബേക്കറി പ്രോഡക്ട് - 5
8) മറ്റ് ഫുഡ് പ്രോഡക്ട് - 10
9) വുഡൻ ഫർണ്ണിച്ചർ - 4
10) സ്റ്റീൽ ഫർണ്ണിച്ചർ - 3
11) പ്രിന്റിംഗ് പ്രസ്സ് - 6
12) ക്രഷർ - 7
13) സർവ്വീസ് യൂണിറ്റുകൾ - 9
14) പെയിന്റ് - 3
15) യന്ത്രവത്കൃത ചകിരിയൂണിറ്റ് - 3
16) കയർ യാൺ - 6
17) കേൾഡ് ഫൈബർ - 1
18) ഹെർബൽ പ്രോഡക്ട് - 6
19) ഇലക്ട്രിക്കൽ പ്രോഡക്ട് - 1
20) പേപ്പർ പ്രോഡക്ട് - 1
21) ഹാന്റിക്രാഫ്റ്റ് - 2
22) സിമന്റ് പ്രോഡക്ട് - 7
23) പ്ലാസ്റ്റിക് റീസൈക്ലിംഗ് - 1
24) പ്ലാസ്റ്റിക് ബോട്ടിൽ - 1
25) മറ്റുള്ളവ - 22

പുതിയ യൂണിറ്റുകൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ സ്ഥലം, കെട്ടിടം, വൈദ്യുതി തുടങ്ങിയവയുടെ ലഭ്യതകുറവ്, പഞ്ചായത്തുകളിൽ നിന്നും മറ്റ് ഓഫീസുകളിൽ നിന്നും അനുമതി പത്രങ്ങൾ ലഭിക്കുന്നതിനുള്ള കാലതാമസം, വായ്പ അനുവദിക്കുന്നതിന് ബേങ്കുകൾ കാണിക്കുന്ന താത്പര്യക്കുറവ് എന്നീ കാരണങ്ങളാൽ പുതിയ യൂണിറ്റുകൾ തുടങ്ങുന്നതിന് സംരംഭകർ മടി കാണിക്കുന്നു.

ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്തുകളുടെ പദ്ധതിയിൽ ഉൾപ്പെടുത്തി യൂണിറ്റുകൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യം ഏർപ്പെടുത്തുകയും സമയബന്ധിതമായി എം.എസ്.എം.ഇ. യൂണിറ്റുകൾക്ക് ലൈസൻസ് നല്കുന്നതിന് പഞ്ചായത്തുകൾക്കും മറ്റു ഡിപ്പാർട്ടുമെന്റുകൾക്കും ഗവൺമെന്റു തലത്തിൽ നിർദ്ദേശം നല്കുകയും ബേങ്കുകൾക്ക് എം.എസ്എംഇ വായ്പയ്ക്ക് മിനിമം ടാർജറ്റ് സ്റ്റേറ്റ് ബേങ്കേഴ്സ് കമ്മിറ്റി/ റിസർവ്വ് ബേങ്ക് നിശ്ചയിക്കുകയും ചെയ്താൽ കൂടുതൽ തൊഴിൽ അവസരം സൃഷ്ടിക്കുന്നതിനും, അതുവഴി പ്രാദേശിക വികസനം ത്വരിതപ്പെടുത്തുവാനും സാധിക്കും

കണ്ണൂർ ജില്ലയിലെ വ്യവസായ മേഖലകളിൽ പ്രധാന വ്യവസായ കേന്ദ്രമായിരുന്ന വളപട്ടണത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കൾ മുൻകാലത്ത് ജലമാർഗ്ഗം എത്തിച്ചിരുന്നത് മണ്ഡലത്തിലെ മലയോര ഗ്രാമ പഞ്ചായത്തുകളിൽ നിന്നായിരുന്നു. കുരുമുളക്, റബർ മുതലായവ കണ്ണൂരിലേക്ക് വന്നിരുന്നത് ഇരിക്കൂറിൽ നിന്നായിരുന്നു. ജില്ലയിലെയും മറ്റു പ്രദേശങ്ങളിലെയും വ്യവസായങ്ങൾക്കാവശ്യമായ ഉല്പന്നങ്ങൾ ലഭ്യമാക്കുന്നതിനപ്പുറം ഈ ഉത്പന്നങ്ങൾ മൂല്യവർദ്ധിത ഉത്പന്നങ്ങളായോ പ്രാദേശികമായി തൊഴിൽ രഹിതർക്ക് തൊഴിൽ നൽകുന്ന വ്യവസായ സ്ഥാപനങ്ങളാക്കി വളർത്തുന്നതിനോ ആവശ്യമായ ബോധപൂർവ്വമായ ഇടപെടലുകൾ ഈ പ്രദേശങ്ങളിൽ ഉണ്ടായിട്ടില്ല എന്നതാണ് വസ്തുത. മരവ്യവസായവും സ്റ്റോൺ ക്രഷർ യൂണിറ്റുകളിലും അത്യാവശ്യത്തിന് ഇവിടെയുണ്ടെങ്കിലും അടിസ്ഥാനസൗകര്യങ്ങൾ ഇനിയും മണ്ഡലത്തിൽ ഉണ്ടാവേണ്ടതുണ്ട്.

സംരംഭകർക്കും സ്വയം തൊഴിൽ കണ്ടെത്തുവാൻ മുന്നോട്ടുവരുന്നവർക്കും വ്യവസായ കേന്ദ്രം മുഖേന സബ്സിഡിയും ആവശ്യമായ വായ്പയും പരിശീലനവും നൽകുന്നതിന് പദ്ധതികൾ നിലവിലുണ്ടെങ്കിലും വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മക്ക് പരിഹാരമാവുന്നതിന് കഴിയുന്നില്ല.

2010 മുതൽ നൽകിയ സഹായങ്ങളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പഞ്ചായത്തിന്റെ പേര് | യുണിറ്റുകളുടെ എണ്ണം | സഹായം നൽകിയ വ്യക്തികൾ | നിക്ഷേപം |
|---|---|---|---|---|
| 1 | ശ്രീകണ്ഠാപുരം | 28 | 113 | 1,08,20,000 |
| 2 | ഇരിക്കൂർ | 15 | 57 | 45,90,000 |
| 3 | ഉളിക്കൽ | 21 | 103 | 54,19,005 |
| 4 | ഏരുവേശ്ശി | 9 | 31 | 32,57,000 |
| 5 | ചെങ്ങളായി | 16 | 77 | 84,37,000 |
| 6 | ആലക്കോട് | 41 | 191 | 2,93,52,346 |
| 7 | നടുവിൽ | 19 | 86 | 2,04,29,000 |
| 8 | ഉദയഗിരി | 14 | 49 | 19,52,000 |
| 9 | പയ്യാവൂർ | 29 | 29 | 17,10,000 |

**പ്രശ്നങ്ങൾ:**

പ്രധാനമായും സ്റ്റോൺ ക്രഷർ, സിമന്റ് ഉൽപ്പന്നങ്ങൾ മരവ്യവസായം, ചെറുകിട വസ്ത്രനിർമ്മാണ തയ്യൽ വ്യവസായങ്ങളാണ് ഇപ്പോൾ ഇവിടെയുള്ളത്. അടിസ്ഥാന സൗകര്യങ്ങളായ വ്യവസായ ഷെഡുകൾ, വൈദ്യുതി, റോഡുകളുടെ അപര്യാപ്തത എന്നിവയാണ് ഈ മണ്ഡലം നേരിടുന്ന അടിസ്ഥാനപരമായ പ്രശ്നങ്ങൾ.

കൂടാതെ സംരംഭകത്വ സ്വഭാവമുള്ള വ്യക്തികളുടെ കുറവും ഈ പ്രദേശത്തുണ്ട്. വായ്പകൾ നൽകുവാൻ ബാങ്കുകൾ കാണിക്കുന്ന വിമുഖതയാണ് മറ്റൊരു പ്രശ്നം.

**നടപ്പ് പദ്ധതികൾ:**

***വ്യവസായ വാണിജ്യ വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന പദ്ധതികൾ***

1) കേന്ദ്രാവിഷ്കൃത പദ്ധതിയായ പി എം ഇ ജി പി മുഖാന്തിരം സേവന മേഖലയിൽ 10 ലക്ഷം രൂപ വരെയും, ഉത്പാദന ധനസഹായം ബാങ്ക് മുഖാന്തിരം അനുവദിക്കുന്നു. ആയതിന് 15 ശതമാനം മുതൽ 35 ശതമാനം വരെ മാർജിൻ ഗ്രാന്റ് അനുവദിക്കുന്നു.
2) ഇ എസ് എസ് പദ്ധതിയിൽ സംസ്ഥാന സർക്കാർ ഉത്പാദന മേഖലയിലുള്ള സംരംഭങ്ങൾക്ക് സ്ഥിരമൂലധനത്തിന്റെ അടിസ്ഥാനത്തിൽ 15 ശതമാനം മുതൽ 30 ശതമാനം സബ്സിഡി അനുവദിക്കുന്നു.

***തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖാന്തിരം നടപ്പിലാക്കുന്ന പദ്ധതികൾ***

1) വ്യവസായ അടിസ്ഥാന സൗകര്യ വികസനത്തിന് പദ്ധതി ( ലാന്റ് കെട്ടിടം, വൈദ്യതി റോഡ്)
2) കൈത്തറി, ഖാദി, കയർ, ജനറൽ വ്യവസായ സഹകരണ സംഘങ്ങൾക്ക് ധന സഹായം ലഭ്യമാക്കുന്ന പദ്ധതി
3) എസ് എച്ച് ഗ്രൂപ്പുകൾ ആരംഭിക്കുന്ന ഉത്പാദക യൂണിറ്റുകൾക്ക് സ്ഥിര മൂലധനത്തിന്റെ (മെഷിനറി) 50 ശതമാനം പരമാവധി 2 ലക്ഷം രൂപ സബ്സിഡി അനുവദിക്കുന്ന പദ്ധതി

**സാധ്യതകൾ:**

തേങ്ങ, കശുവണ്ടി, വാഴ, ചക്ക, മാങ്ങ എന്നിവയാണ് പ്രധാന ഭക്ഷ്യവിളകൾ, കൂടാതെ നാണ്യവിളകളായ കുരുമുളക് മറ്റു സുഗന്ധ വസ്തുക്കൾ, റബ്ബർ എന്നിവയും ഉൽപ്പാദിപ്പിക്കുന്നുണ്ട്. വിളകളെല്ലാം മൂല്യവർദ്ധനവ് ചെയ്യാതെ വിപണിയിൽ നേരിട്ട് വിൽക്കുകയാണ് ചെയ്യുന്നത്.

1) ഭക്ഷ്യ വിളകളിൽ നിന്നും ഗുണനിലവാരമുള്ള മൂല്യവർദ്ധന ഉൽപന്നങ്ങൾ നിർമ്മിക്കാനുള്ള സാദ്ധ്യത ഈ പ്രദേശത്ത് വളരെ കൂടുതലാണ്. കാസർഗോഡ് ജില്ലയിലുള്ള കേന്ദ്ര തോട്ടവിള ഗവേഷണകേന്ദ്രം, കോക്കനട്ട് ബോർഡ് എന്നീ കേന്ദ്ര ഏജൻസികളുടെയും സമാന മേഖലയിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളുടെയും സഹായം ഈ പദ്ധതിക്കുവേണ്ടി ലഭ്യമാക്കാവുന്നതാണ്.

2) നിർമ്മാണ മേഖലിയിലുള്ള ഉൽപ്പന്നങ്ങൾക്ക് വൻ സാദ്ധ്യതയുള്ള പ്രദേശമാണ് ഇരിക്കൂർ നിയോജ മണ്ഡലം. മരവ്യവസായം ലഘു എഞ്ചിനീയറിംഗ്, സിമന്റ് ബ്ലോക്ക്, തറയോടുകൾ എന്നീ ഉൽപന്നങ്ങൾ നിർമ്മിക്കുവാനുള്ള വൻസാധ്യത ഈ പ്രദേശത്തുണ്ട്.

3) റബ്ബർ ഉൽപ്പാദന മേഖലയായ ഈ മണ്ഡലത്തിൽ റബ്ബർ സംസ്കരണവുമായി ബന്ധപ്പെട്ട ഫാക്ടറികൾ തീരെ ഇല്ലെന്ന് തന്നെ പറയാം. ഈ മേഖലയിലും മികച്ച മുന്നേറ്റം മണ്ഡലത്തിന് കൈവരിക്കുവാൻ സാധിക്കും

4) ത്രിതല പഞ്ചായത്തിന്റെ പദ്ധതി സാദ്ധ്യതകൾ ഉപയോഗപ്പെടുത്തി 9 ഗ്രാമപഞ്ചായത്തുകളിലും വ്യവസായത്തിനുവേണ്ടി സ്ഥലങ്ങൾ വാങ്ങുകയും പ്ലോട്ടുകളായി തിരച്ച് സംരംഭകർക്ക് നൽകുകയോ ഷെഡുകൾ നിർമ്മിച്ച് വാടകയ്ക്ക് നൽകുകയോ ചെയ്യാവുന്നതാണ്. ഗ്രാമപഞ്ചായത്തുകൾ സ്ഥലം വാങ്ങിയ

ശേഷം ഷെഡു നിർമ്മാണത്തിനായി സ്വന്തം ഫണ്ട് ഉപയോഗിക്കുകയോ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ പദ്ധതിയിലൂടെ ഷെഡ് നിർമ്മാണം പൂർത്തിയാക്കുകയോ ചെയ്യാവുന്നതാണ്. ഈ പ്രദേശം വ്യവസായ മേഖല യായി പ്രഖ്യാപിച്ചാൽ ലൈസൻസിംഗ് സമ്പ്രദായം കൂടുതൽ എളുപ്പമായി തീരും.

5) നിലവിൽ മണ്ഡലത്തിൽ രണ്ട് കോളജുകളും രണ്ട് സാങ്കേതിക പരിശീലന സ്ഥാപനങ്ങളും ഉണ്ട്. ഈ സ്ഥാപനങ്ങളിൽ എന്റർപ്രണർഷിപ്പ് ഡവലപ്പമെന്റ് ക്ലബ്ബുകൾ (ഇ.ഡി. ക്ലബ്ബ്) സ്ഥാപിക്കുകയും, അതുവഴി യുവ തലമുറയിൽ ചെറുപ്പത്തിലെ സംരംഭകത്വശീലം വളർത്തിയെടുക്കുക

**2030 വരെ വ്യവസായ വികസനത്തിന് ഇരിക്കൂർ മണ്ഡലത്തിൽ നടപ്പിലാക്കു വാൻ ഉദ്ദേശിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾ**

1) ഓരോ ഗ്രാമപഞ്ചായത്തിലും ഇൻഡസ്ട്രിക്കൽ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിന് അനുയോജ്യമായ ചുരുങ്ങിയത് 10 ഏക്കർ സ്ഥലം അക്വയർ ചെയ്യുക
2) അക്വയർ ചെയ്ത സ്ഥലം ചുറ്റുമതിൽ കെട്ടി വ്യവസായ ഷെഡുകൾ നിർമ്മി ക്കുക
3) ഓരോ മിനി വ്യവസായ എസ്റ്റേറ്റിനും വൈദ്യുതീകരണത്തിന് ട്രാൻസ്ഫോർമർ സ്ഥാപിക്കുക, ഇലക്ട്രിക്ക് ലൈൻ വലിക്കുക.
4) വ്യവസായ എസ്റ്റേറ്റുകളിൽ നടത്തുവാൻ അനുയോജ്യമായ പ്രോജക്ടുകൾ തെരഞ്ഞെടുത്ത് ഷെഡുകൾ സംരംഭകന് വാടകയ്ക്ക് നല്കുക
5) നിലവിൽ സ്വന്തമായി സ്ഥലമുള്ള ശ്രീകണ്ഠാപുരം, ഏരുവേശ്ശി ഗ്രാമപഞ്ചായ ത്തിന് വ്യവസായ ഷെഡ് നിർമ്മാണത്തിന് സാമ്പത്തിക സഹായം നൽകുക

## ഊർജ്ജം

**ഇന്നത്തെ അവസ്ഥ:**

ഇരിക്കൂർ നിയോജക മണ്ഡലത്തിൽ ശ്രീകണ്ഠാപുരം, പയ്യാവൂർ, ഇരിക്കൂർ, ചെമ്പേരി, ആലക്കോട്, ചപ്പാരപ്പടവ്, കാർത്തികപുരം, ഉളിക്കൽ എന്നീ സ്ഥലങ്ങളി ലാണ് സെക്ഷൻ ഓഫീസുകളുള്ളത്. 1000 സ്ക്വയർ മിലോമീറ്റർ വിസ്തീർണ്ണമു ള്ളതും 83, 716 ഉപഭോക്താക്കൾ ഉള്ള ഇരിക്കൂർ നിയോജക മണ്ഡലത്തിൽ സെക്ഷൻ ഓഫീസുകൾ അപര്യാപ്തമാണ്. നിലവിലുള്ള സെക്ഷൻ ഓഫീസികൾ പ്രവർത്തി ക്കുന്നത് തന്നെ വാടക കെട്ടിടത്തിലാണെന്ന് പരിമിതിയും ഉണ്ട്.

കഴിഞ്ഞ 5 വർഷത്തോളമായി നിർമ്മാണ പ്രവർത്തനം മുടങ്ങിക്കിടക്കുന്ന 110 കെ.വി. ചെമ്പേരി സബ് സ്റ്റേഷന്റെ പ്രവർത്തനം പൂർത്തീകരിക്കേണ്ടതുണ്ട്. ഏറ്റവും കൂടുതൽ ലോഡുള്ള ഇരിട്ടി 110 കെ.വി. സബ് സ്റ്റേഷൻ, 220 കെ.വി. ആയി ഉയർത്തേണ്ടതുണ്ട്.

**പദ്ധതി നിർദ്ദേശങ്ങൾ**

ഇരിക്കൂർ നിയോജക മണ്ഡലത്തിൽ ഊർജ്ജവുമായി (വൈദ്യുതി) ബന്ധപ്പെട്ട് നിലവിലുള്ള അവസ്ഥകൾ ഒഴികെ 2030-മാണ്ടിനകത്ത് നടപ്പിലാക്കേണ്ട വികസന പ്രവർത്തനങ്ങൾ താഴെ പറയുന്നു.

1) നിയോജകമണ്ഡലത്തിലെ മുഴുവൻ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളും പ്രവർത്തിക്കുന്നത് വാടക കെട്ടിടത്തിലാണ്. അവയ്ക്കെല്ലാം സ്വന്തം കെട്ടിടം ഉണ്ടാകേണ്ടത് അത്യാവശ്യമാണ്.

2) ഏരുവേശ്ശി പഞ്ചായത്തിൽ കുടിയാന്മല സെക്ഷൻ, ചന്ദനക്കാംപാറ, തേർത്തല്ലി, നടുവിൽ, മണിക്കടവ്, കുറുമാത്തൂർ എന്നീ പുതിയ സെക്ഷൻ ഓഫീസുകൾ തുടങ്ങേണ്ടതുണ്ട്.

3) ഏററവും പ്രാധാന്യത്തോടെ കഴിഞ്ഞ അഞ്ചു വർഷത്തോളമായി നിർമ്മാണ പ്രവർത്തനം മുടങ്ങി കിടക്കുന്ന 110 കെ.വി. ചെമ്പേരി സബ്ബ് സ്റ്റേഷന്റെ നിർമ്മാണം പൂർത്തീകരിക്കുക. നിലവിലുള്ള 33 കെ.വി സബ്ബ് സ്റ്റേഷൻ ആലക്കോട് 110 കെ.വി. സബ്ബ് സ്റ്റേഷനായി ഉയർത്തുക. അതോടൊപ്പം 33 കെ.വി. സബ്ബ് സ്റ്റേഷൻ നാടുകാണിയെ 110 കെ.വി. ആയി ഉയർത്തേണ്ടതുണ്ട്. 66 കെ.വി സബ്ബ് സ്റ്റേഷൻ ശ്രീകണ്ഠാപുരത്തിനെ 110 കെ.വി ആയി ഉയർത്തുന്നതിനൊപ്പം ഏററവും കൂടുതൽ ലോഡുള്ള ഇരിട്ടി 110 കെ.വി സബ്ബ് സ്റ്റേഷനെ 220 കെ.വി. ആയി ഉയർത്തേണ്ടതും അത്യാവശ്യമാണ്. വരുന്ന 15 വർഷകാലയളവിനുള്ളിൽ ഇത്തരം പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ കഴിഞ്ഞാൽ ഈ നിയോജകമണ്ഡലത്തിലെ വൈദ്യൂതി വിതരണം കുറ്റമറ്റതാക്കാൻ കഴിയും.

4) താഴെ പറയുന്ന സെക്ഷനുകളിലേക്ക് നിലവിലുള്ള ഒ.എച്ച് (ഓവർ ഹെഡ്) ലൈനുകൾ കൂടാതെ 11 കെ.വി. യുടെ യു.ജി. കേബിളുകൾ പുതിയതായി സ്ഥാപിക്കേണ്ടതുണ്ട്. ശ്രീകണ്ഠാപുരം, ചെമ്പേരി, പയ്യാവൂർ, ഉളിക്കൽ, ആലക്കോട്, കരുവഞ്ചാൽ, ചപ്പാരപ്പടവ് ടൗണുകളിലേക്ക് എല്ലാം കൂടി 50 കി.മി ഓളം കേബിളുകൾ സ്ഥാപിച്ച് ഫീഡറുകൾ അറേഞ്ച് ചെയ്യേണ്ടതായിട്ടുണ്ട്.

5) നിയോജകമണ്ഡലത്തിലെ മിക്ക ടൗണുകളിലും ഒ.എച്ച് ലൈനുകളിൽ കമ്പികൾ കൂടാതെ എ.ബി.സി. കേബിൾ ഉപയോഗിച്ച് 100 കി.മി. ലൈൻ വലിക്കേണ്ടതുണ്ട്.

6) 2030-മാണ്ട് ആവുമ്പോഴേക്ക് ഈ നിയോജകമണ്ഡലത്തിലെ 200 കി.മി. ഓളം 11 കെ.വി. ലൈൻ പുതുതായി സ്ഥാപിക്കേണ്ടതുണ്ട്. സിങ്കിൾ ഫേസ് ലൈനിനെ 3 ഫേസ് 4 വയറാക്കി കൺവേർഷൻ സ്കീമിൽ 500 കെ.മി. ഓളം ചെയ്യേണ്ടതുണ്ട്. ഏതാണ്ട് 400-ഓളം ട്രാൻസ്ഫോർമറുകൾ പുതുതായി ഈ നിയോജകമണ്ഡലത്തിൽ സ്ഥാപിക്കേണ്ടതായിട്ടുണ്ട്. ഏതാണ്ട് 2030-മാണ്ടോടുകൂടി ഈ നിയോജകമണ്ഡലത്തിൽ 60,000/- (അറുപതിനായിരത്തോളം) പുതിയ സർവ്വീസ് കണക്ഷനുകൾ നൽകേണ്ടതായി വരും.

നിയോജകമണ്ഡലത്തിലെ ചാത്തമല - 1 എം.ഡബ്ല്യൂ, കൊക്കമുള്ള് 2 എം.ഡബ്ല്യൂ, വഞ്ചിയം 5 എം.ഡബ്ല്യൂ, ശശിപ്പാറ (കാഞ്ഞിരക്കൊല്ലി) 5 എം.ഡബ്ല്യൂ, പഴശ്ശി 10 എം.ഡബ്ല്യൂ. എന്നീ കപ്പാസിറ്റികളിൽ ചെറുകിട ജലവൈദ്യൂത പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.

ഏററവും അത്യന്താപേക്ഷിതമായി ഇരിക്കൂർ നിയോജകമണ്ഡലത്തിൽ വരുന്ന ശ്രീകണ്ഠാപുരം, ഏരുവേശ്ശി, പയ്യാവൂർ, നടുവിൽ എന്നീ പഞ്ചായത്ത് പ്രദേശങ്ങൾ മുഴുവനും സമീപ പ്രദേശങ്ങളിലും കുറ്റമറ്റ വൈദ്യൂതി വിതരണം നൽകുന്നതിലേക്ക് നിലവിലനുവദിച്ച 110 കെ.വി. ചെമ്പേരി വൈദ്യൂതി സബ് സ്റ്റേഷനുകൾ എത്രയും വേഗം നടപ്പിലാക്കുക എന്നത് അത്യന്താപേക്ഷിതമാണ്.

**വികസന കാഴ്ചപ്പാട്:**

1) സമ്പൂർണ്ണ വൈദ്യൂതീകരണം.
2) വോൾട്ടേജ് ഇംപ്രൂവ്മെന്റ്
3) സിസ്റ്റം ഇംപ്രൂവ്മെന്റ്
4) കുറ്റമറ്റ വൈദ്യൂതി - തടസ്സം കൂടാതെ വൈദ്യൂതി ലഭ്യമാക്കുക.
5) കഴിയാവുന്നത്ര ജലവൈദ്യൂത പദ്ധതികൾ നടപ്പിലാക്കുക - അതിലൂടെ വൈദ്യൂതി ക്ഷാമം പരിഹരിക്കാം.
6) വൈദ്യൂതി മേഖലയിൽ അപകടരഹിതമായ പ്രവർത്തനങ്ങൾ കാഴ്ചവക്കുക.

ഊർജ്ജ മേഖലയിൽ ഏററവും കൂടുതൽ പ്രതിസന്ധി നേരിടുന്ന കാലഘട്ട മാണ് ഇന്ന്. സമ്പൂർണ്ണ വൈദ്യുതീകരണത്തിലേക്ക് പോയിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ വിദ്യുച്ഛക്തി കൊണ്ട് മാത്രം വർത്തമാന സമൂഹത്തിന്റെ ആവശ്യം നിറവേറ്റുവാൻ സാധ്യമല്ല.

മറ്റ് മണ്ഡലങ്ങളെ അപേക്ഷിച്ച് താരതമേന്യ പിക്കോക്കം നിർക്കുന്ന ഇരിക്കൂർ നിയോജക മണ്ഡലത്തിൽ മറ്റ് ഊർജ്ജ ഉപാധികൾ കൂടി കഴിയാവുന്നത്ര ഉപയോഗ പ്പെടുത്തേണ്ടിയിരിക്കണം. പാരമ്പ്യര്യ ഇതര ഊർജ്ജ രംഗത്ത് അനർട്ട് ചെയ്തു കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ ഇരിക്കൂർ നിയോജക മണ്ഡലത്തിലേക്ക് വ്യാപിപ്പി ക്കുകയോ മണ്ഡലത്തിന്റെ ആവശ്യകതക്കനുസരിച്ച് വർദ്ധിപ്പിക്കുകയും വേണം.

ഇതിനായി പഞ്ചായത്തുകളിൽ നടന്ന വിവര ശേഖരത്തിന്റെ അടിസ്ഥാന ത്തിൽ താഴെ പറയുന്ന പദ്ധതികൾക്ക് സാധ്യതയുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ട്.

1) മെച്ചപ്പെട്ട വിറകടുപ്പുകൾ = 500 എണ്ണം
   എസ്.സി 2500
   ജനറൽ 1000

2) കമ്മ്യൂണിറ്റി അടുപ്പുകൾ = 100 എണ്ണം
   സ്ക്കൂളുകൾ, ഹോട്ടലുകൾ 6000 രൂപ

3) ഗാർഹിക ബയോഗ്യാസ് പ്ലാന്റ് 35 എണ്ണം x 12000 = 420000/-

4) സോളാർ റൂഫ് ടോപ്പ് പവ്വർ പ്ലാന്റ് പദ്ധതി 9 x 2 = 18 x 85279/-

5) മണ്ഡലത്തിലെ വൈദ്യൂതി ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ സോളാർ വൈദ്യൂതി വിളക്കുകൾ സ്ഥാപിക്കുക

6) പാരമ്പര്യ ഇതര ഊർജ്ജ മേഖല തൊഴിൽ പരിശീലന പരിപാടി
   9 x 10 x 1000 = 90000/-

7) എല്ലാ പഞ്ചായത്തുകളിലും റിസോഴ്സ് ടീമിനെ ഉണ്ടാക്കൽ

8) പാരമ്പര്യ ഇതര ഊർജ്ജ ബോധവൽക്കരണ സമിതികൾ
   9 x 5 x 2000 = 90000/-

**ഇൻഫർമേഷൻ ടെക്നോളജി**

1. പദ്ധതി നിർഹണത്തിന്റെ സുതാര്യതയും കാര്യക്ഷമതയും വേഗതയും വർധിപ്പിക്കാൻ ഇ-ഗവേർണൻസിലൂയെ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തും.
2. സർക്കാർ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സംബന്ധമായ എല്ലാ അപേക്ഷകളും ഇടപാടുകളും ഇ-മെയിലിലൂടെ അക്ഷയ സെന്ററുകൾ വഴി നടപ്പിലാക്കാനുള്ള സംവിധാനം
3. സർക്കാർ ഓഫീസുകളിൽ നിന്നുള്ള വിവിധതരം സർട്ടിഫിക്കറ്റുകൾ ഓൺലൈനിൽ ലഭ്യമാക്കുന്ന ഇ-ഡിസ്ട്രിക്ട് പദ്ധതി മണ്ഡലത്തിൽ നടപ്പിലാക്കാനുള്ള സംവിധാനം.
4. ഗ്രാമങ്ങളിലെ വികസന പരിപാടികളും സർക്കാർ പരിപാടികളും റിപ്പോർട്ട് ചെയ്യുന്നതിനുള്ള ഇന്റഗ്രേറ്റഡ് ന്യൂസ് ഗ്രിഡ് പദ്ധതി ആവിഷ്കരിക്കാവുന്നതാണ്.
5. ഓരോ ഗ്രാമപഞ്ചായത്തിലും കംപ്യൂട്ടർ അധിഷ്ഠിത വിദ്യാഭ്യാസം പ്രാവർത്തികമാക്കാൻ നിലവിലുള്ള കംപ്യൂട്ടർ സെന്ററുകൾക്ക് സി-ഡിറ്റിന്റെ അഫിലിയേഷൻ നൽകുന്നതാണ്.
6. കംപ്യൂട്ടറിന്റേയും സ്മാർട്ഫോണുകളുടെയും ദുരുപയോഗം തടയാൻ എല്ലാ സർക്കാർ സ്കൂളുകളിലും സി-ഡിറ്റിന്റെ സഹായത്തോടെ വിദ്യാർത്ഥികൾക്ക് ഐ.ടി. അധിഷ്ടിത ബോധവൽക്കരണ ക്ലാസ്സുകൾ നടത്തും.

## IV.4. കുടിവെള്ളം, ആരോഗ്യം, ശുചിത്വം, പാർപ്പിടം

### കുടിവെള്ളം

**ഇന്നത്തെ അവസ്ഥ:**

നിയോജക മണ്ഡലത്തിൽപ്പെട്ട എരുവേശ്ശി പഞ്ചായത്തിൽ പൂപ്പറമ്പ് കുടിവെള്ള പദ്ധതി NC/PC ഭാഗികമായി മാത്രമേ പൂർത്തിയാക്കുവാൻ കഴിഞ്ഞിട്ടുള്ളൂ. ഭരണാനുമതി ലഭിച്ച തുക ചിലവഴിച്ചുവെങ്കിലും വിതരണ ശൃംഖല നേരത്തേ വിഭാവനം ചെയ്ത അത്രയും പൂർത്തിയാക്കുവാൻ കഴിഞ്ഞില്ല. NC/PC പ്രവൃത്തികൾക്ക് ഇനി ഫണ്ട് ലഭിക്കുകയില്ലെന്നതിനാൽ ഈ പദ്ധതി പൂർണ്ണമായി നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല. 2013ലെ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി കൊടുത്ത 19.20 ലക്ഷം രൂപയുടെ പ്രൊപ്പോസൽ ജില്ലാ കലക്ടർ അനുവദിച്ചുതരികയും ഇതുവഴി മൂന്ന് കോളനികൾക്ക് ജലവിതരണം നടത്തുവാൻ കഴിയുന്ന രീതിയിൽ പ്രവർത്തി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽപ്പെടുത്തി പൂർത്തിയാക്കിയ പൈപ്പ് ലൈനുകൾ കഴിച്ച് ബാക്കിയുള്ള പ്രവർത്തികൾ പൂർത്തിയാക്കിയാൽ മാത്രമേ പൂപ്പറമ്പ് കുടിവെള്ളെ പദ്ധതിയുടെ പൂർണ്ണമായ പ്രയോജനം ലഭിക്കുകയുള്ളൂ. ഇതിനായി 45,00,000/-രൂപ ആവശ്യമുണ്ട്.

ഉദയഗിരി പഞ്ചായത്തിലെ നൂറ് ഏക്കർ കുടിവെള്ള പദ്ധതിയും NC/PC പദ്ധതിവഴി നടപ്പിലാക്കിയതാണ്. പ്രസ്തുത പദ്ധതിയിൽ ഇനി തുക ലഭ്യമല്ലാത്തതിനൽ 100 ഏക്കർ പദ്ധതിയുടെ പ്രവർത്തികൾ പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. കൂടുതൽ തുക അനുവദിച്ചുകിട്ടിയാൽ മാത്രമേ പദ്ധതി പൂർത്തിയാക്കി ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുവാൻ ആവുകയുള്ള. ഇതിനായി 70 ലക്ഷം രൂപ ആവശ്യമുണ്ട്.

മണ്ഡലത്തിലെ പ്രധാന കുടിവെള്ള പദ്ധതിയായ അരങ്ങം-കാർത്തികപുരം ഗ്രാമീണ കുടിവെള്ള പദ്ധതിയുടേയും ആലക്കോട് ഗ്രാമീണ കുടിവെള്ള പദ്ധതിയുടേയും പൈപ്പ്ലൈനുകൾ തളിപ്പറമ്പ്-കുർഗ് ബോർഡർ (ടി.സി.ബി) റോഡിന്റെ അരികിലായി സ്ഥാപിച്ചിട്ടുണ്ട്. ഏകദേശം 254 ലക്ഷം രൂപയുടെ നിർദ്ദേശമാണ് ഇതിനായി തയ്യാറാക്കിയിട്ടുള്ളത്. കൂടാതെ ഗ്രാമീണ ശുദ്ധജല പദ്ധതികളുടെ പൈപ്പ്ലൈനുകൾ കാലപ്പഴക്കംചെന്നതുകാരണം ഇടയ്ക്കിടെ ചോർച്ചകൾ സംഭവിക്കുന്നുണ്ട്. ആയതിനാൽ അവയും മാറ്റിയിടുന്ന നിർദ്ദേശം തയ്യാറാക്കി കേരള വാട്ടർ അതോറിറ്റിയുടെ പഴയ പൈപ്പ്ലൈൻ മാറ്റിയിടുന്ന പദ്ധതി നിർദ്ദേശത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

അരങ്ങം-കാർത്തികപുരം കുടിവെള്ള പദ്ധതിയുടെ പൈപ്പ്ലൈനുകൾ മാറ്റിയിടുന്നതിന് പദ്ധതി നിർദ്ദേശം (254 ലക്ഷം രൂപ) നടപ്പിലാക്കുന്നത് വളരെ അത്യാവശ്യമെങ്കിൽ മാത്രമേ റോഡ് വികസനത്തിനുശേഷം മേൽ കുടിവെള്ള പദ്ധതികൾവഴി ജലവിതരണം നടത്തുവാൻ സാധിക്കുകയുള്ളൂ.

മണ്ഡലത്തിലെ 3 പഞ്ചായത്തുകൾ ഇരിക്കൂർ, ഉദയഗിരി, ഉളിക്കൽ എന്നിവ നിലവിൽ ജലനിധി ഏറ്റെടുത്ത പഞ്ചായത്തുകളാണ്. ജലനിധിയുടെ പ്രവർത്തനങ്ങൾ കുടിവെള്ള മേഖലയിൽ ഈ പഞ്ചായത്തുകളിൽ നടന്നുവരികയാണ്.

### പദ്ധതി പുരോഗതി

| വർഷം | ഇരിക്കൂർ മണ്ഡലത്തിന് | | നേട്ടങ്ങൾ |
|---|---|---|---|
| | **അനുവദിച്ച തുക (ലക്ഷം രൂപ)** | **ചെലവഴിച്ച തുക (ലക്ഷം രൂപ)** | |
| 2010-11 | 36.08 | 36.08 | ഇരിക്കൂർ,പടിയൂർ-വയത്തൂർ കുടിവെള്ള പദ്ധതികളുടെ ഘടകങ്ങൾ നിർമ്മാണ പുരോഗതി |

| | | | |
|---|---|---|---|
| 2011-12 | 20.22 | 20.22 | ഇരിക്കൂർ, പടിയൂർ-വയത്തൂർ കുടിവെള്ള പദ്ധതികളുടെ ഘടകങ്ങൾ പൂർത്തി യാക്കി/പുരോഗതി |
| 2012-13 | 26.86 | 26.86 | ഇരിക്കൂർ കുടിവെള്ള പദ്ധതിയുടെ 2 സോണുകളിലേക്കുള്ള പമ്പിംഗ് മെയിനു കളുടെ റിപ്പേറും ചാർജ്ജിംഗും പൂർത്തി യാക്കി. പടിയൂർ-വയത്തൂർ പദ്ധതിയുടെ ഘടകങ്ങൾ പൂർത്തിയാക്കി, വൈദ്യുതി കണക്ഷൻ ലഭിച്ചു. |

**നിലവിലുള്ള പ്രധാന കുടിവെള്ള പദ്ധതികൾ**

1) **ഇരിക്കൂറും സമീപ വില്ലേജുകൾക്കുമുള്ള കുടിവെള്ള പദ്ധതി**: ഈ പദ്ധതി കൊണ്ട് ഇരിക്കൂറും സമീപവില്ലേജുകളിലുമായി നിവസിക്കുന്ന 77000 പേർക്ക് കുടിവെള്ളം വിതരണം ചെയ്യുവാൻ ഉദ്ദേശിക്കുന്നു. പദ്ധതിയുടെ വിവിധ ഘട കങ്ങൾ പൂർത്തീകരിച്ചപ്പോഴേക്കും വിവിധ സ്ഥലങ്ങളിൽ നടന്ന റോഡ് നവീക രണംമൂലം വിതരണ ശൃംഖല താറുമാറായി. ആയത് മാറ്റി സ്ഥാപിക്കുന്നതി നുള്ള പ്രവൃത്തി കേരള ജല അതോറിറ്റിയുടെ മട്ടന്നൂർ പ്രൊജക്ട് ഡിവി ഷന്റെ നേതൃത്വത്തിൽ നടന്നുവരുന്നു. പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിതരണം ആരംഭിക്കുന്നതാണ്.

2) **പടിയൂർ-വയത്തൂർ കുടിവെള്ള പദ്ധതി:**
പടിയൂർ പഞ്ചായത്തിലെ പടിയൂർ വില്ലേജിലും ഉളിക്കൽ പഞ്ചായത്തിലെ വയ ത്തൂർ വില്ലേജിലും നിവസിക്കുന്ന 51250 പേർക്ക് കുടിവെള്ളം വിതരണം ചെയ്യാ നുദ്ദേശിക്കുന്ന പദ്ധതിയാണിത്. പദ്ധതിയുടെ വിവിധ ഘടകങ്ങൾ പൂർത്തീക രിച്ച് കമ്മീഷനിംഗ് ജോലികൾ നടന്നുവരുന്നു.

**നിലവിലുള്ള ചെറുകിട കുടിവെള്ള പദ്ധതികൾ**

1) പടിയൂർ പഞ്ചായത്തിലെ ബ്ലാത്തൂർ കുടിവെള്ള പദ്ധതിയിൽ നിന്നും ഏകദേശം 650 പേർക്ക് കുടിവെള്ളം വിതരണം ചെയ്തുവരുന്നു.
2) പയ്യാവൂർ പഞ്ചായത്തിലെ പയ്യാവൂർ കുടിവെള്ള പദ്ധതിയിൽ നിന്നും ഏക ദേശം 650 പേർക്ക് കടിവെള്ളം വിതരണം ചെയ്തുവരുന്നു.
3) പയ്യാവൂർ പഞ്ചായത്തിലെ ഏറ്റുപാറ കുടിവെള്ള പദ്ധതിയിൽ നിന്നും ഏക ദേശം 375 പേർക്ക് കുടിവെള്ളം വിതരണം ചെയ്തുവരുന്നു.
4) പയ്യാവൂർ പഞ്ചായത്തിലെ വാതിൽമട കുടിവെള്ള പദ്ധതിയിൽ നിന്നും പട്ടിക ജാതി കുടുംബങ്ങൾ ഉൾപ്പെടെ ഏകദേശം 650പേർക്ക് കുടിവെള്ളം വിതരണം ചെയ്തുവരുന്നു.
5) ചെങ്ങളായി പഞ്ചായത്തിലെ അരിമ്പ്ര കുടിവെള്ള പദ്ധതിയിൽ നിന്നും 1997 മുതൽ പട്ടികജാതി കുടുംബങ്ങൾ ഉൾപ്പെടെ 480 പേർക്ക് കുടിവെള്ളം വിത രണം ചെയ്തുവരുന്നു.
6) ചെങ്ങളായി പഞ്ചായത്തിലെ വളക്കൈ കുടിവെള്ള പദ്ധതിയിൽനിന്നും 1999 മുതൽ പട്ടികജാതി കുടുംബങ്ങൾ ഉൾപ്പെടെ 480 പേർക്ക് കുടിവെള്ളം വിത രണം ചെയ്തുവരുന്നു
7) നടുവിൽ പഞ്ചായത്തിലെ നടുവിൽ കുടിവെള്ള പദ്ധതിയിൽ നിന്നും 1974 മുതൽ 1190 പേർക്ക് കുടിവെള്ളം വിതരണം ചെയ്തുവരുന്നു.
8) ആലക്കോട് പഞ്ചായത്തിലെ ആലക്കോട് കുടിവെള്ള പദ്ധതിയിൽ നിന്നും 1960 മുതൽ 1450 പേർക്ക് കുടിവെള്ളം വിതരണം ചെയ്തുവരുന്നു.

9) ആലക്കോട് പഞ്ചായത്തിലെ കൊട്ടയാട് കുടിവെള്ള പദ്ധതിയിൽ നിന്നും 1986 മുതൽ  പട്ടികവർഗ്ഗ കുടുംബങ്ങൾ ഉൾപ്പെടെ 500 ഓളം പേർക്ക് കുടിവെള്ളം വിതരണം ചെയ്തുവരുന്നു.

10) ആലക്കോട് പഞ്ചായത്തിലെ കല്ലൊടി കുടിവെള്ള പദ്ധതിയിൽ നിന്നും 1987 മുതൽ പട്ടിക വർഗ്ഗ കുടുംബങ്ങൾ ഉൾപ്പെടെ 200 പേർക്ക് കുടിവെള്ളം വിതരണം ചെയ്തുവരുന്നു.

11) ആലക്കോട് പഞ്ചായത്തിലെ പെരിങ്ങാല കുടിവെള്ള പദ്ധതിയിൽ നിന്നും 1996 മുതൽ ഏകദേശം 500 പേർക്ക് കുടിവെള്ളം വിതരണം ചെയ്തുവരുന്നു.

12) അരങ്ങം-കാർത്തികപുരം കുടിവെള്ള പദ്ധതിയിൽ നിന്നും ആലക്കോട്, ഉദയഗിരി പഞ്ചായത്തുകളിലായി ഏകദേശം 5000 പേർക്ക് 1989 മുതൽ കുടിവെള്ളം വിതരണം ചെയ്തുവരുന്നു.

കൂടാതെ ഉളിക്കൽ ഇരിക്കൂർ, ശ്രീകണ്ഠാപുരം, ഉദയഗിരി പഞ്ചായത്തുകളിലെ ചെറുകിട കുടിവെള്ള പദ്ധതികൾ പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്. നിലവിൽ ഉളിക്കൽ പഞ്ചായത്ത് ജലനിധി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇരിക്കൂർ, ഉദയഗിരി എന്നീ പഞ്ചായത്തുകളിൽ ജലനിധി പദ്ധതി പൂർത്തീകരിച്ചുവരുന്നു. ആലക്കോട്, പയ്യാവൂർ എന്നീ പഞ്ചായത്തുകളിൽ ജലനിധി പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതികൾ**

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ഗ്രാമ പഞ്ചായത്ത് |
|---|---|---|
| 1 | പയ്യാവൂർ ഗ്രാമീണ കുടിവെള്ള പദ്ധതി | പയ്യാവൂർ |
| 2. | ഏറ്റുപാറ ഗ്രാമീണ കുടിവെള്ള പദ്ധതി | പയ്യാവൂർ |
| 3 | വാതിൽമട ഗ്രാമീണ കുടിവെള്ള പദ്ധതി | പയ്യാവൂർ |
| 4. | ആലക്കോട് ഗ്രാമീണ കുടിവെള്ള പദ്ധതി | ആലക്കോട് |
| 5. | കല്ലോടി ഗ്രാമീണ കുടിവെള്ള പദ്ധതി | ആലക്കോട് |
| 6. | കൊട്ടയാട് ഗ്രാമീണ കുടിവെള്ള പദ്ധതി | ആലക്കോട് |
| 7. | പെരിങ്ങാല ഗ്രാമീണ കുടിവെള്ള പദ്ധതി | ആലക്കോട് |
| 8. | അരങ്ങം-കാർത്തികപുരം ഗ്രാമീണ കുടിവെള്ള പദ്ധതി | ആലക്കോട് & ഉദയഗിരി |
| 9. | നടുവിൽ ഗ്രാമീണ കുടിവെള്ള പദ്ധതി | നടുവിൽ |
| 10 | ചെമ്പേരി & അമ്പഴത്തുംചാൽഗ്രാമീണ കുടിവെള്ള പദ്ധതി | എരുവേശ്ശി |
| 11. | അരിമ്പ്ര ഗ്രാമീണ കുടിവെള്ള പദ്ധതി | ചെങ്ങളായി |
| 12. | വളക്കൈ ഗ്രാമീണ കുടിവെള്ള പദ്ധതി | ചെങ്ങളായി |

മേൽ പദ്ധതികൾ വഴി ഏകദേശം 11200 പേർക്ക് പ്രയോജനം ലഭിക്കുന്നുണ്ട്. കൂടാതെ ഇരിക്കൂർ, ഉളിക്കൽ, ഉദയഗിരി ഗ്രാമ പഞ്ചായത്തുകളിൽ ജലനിധിയും കുടിവെള്ള മേഖലയിൽ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

**പൂർത്തീകരിക്കാത്ത പദ്ധതികൾ**

എരുവേശ്ശി പഞ്ചായത്തിലെ പൂപ്പറമ്പ് കുടിവെള്ള പദ്ധതി, ഉദയഗിരി പഞ്ചായത്തിലെ പാറോത്തുംമല-നൂറേക്കർ കുടിവെള്ള പദ്ധതി എന്നിവ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തി തുടങ്ങിയെങ്കിലും പൊതുമരാമത്ത് പ്രവൃത്തികളുടെ നിരക്കിലെ വർദ്ധനവ്മൂലം  അടങ്കൽ തുകകൊണ്ട് പൂർത്തീകരിക്കുവാൻ കഴി

ഞ്ഞിട്ടില്ല. പദ്ധതിയുടെ വിവിധ ഘടകങ്ങൾ പൂർത്തിയായെങ്കിലും ഏതാനും ചില ഘടകങ്ങളുടെ പ്രവൃത്തി നടക്കാത്തതിനാൽ പദ്ധതിയിൽ വിഭാവനം ചെയ്ത പ്രയോജനം ലഭിച്ചിട്ടില്ല. മേൽ പദ്ധതികൾ നബാർഡിൽ നിന്നുമുള്ള ധനസഹായത്തോടെ പൂർത്തീകരിക്കുവാനുള്ള ശ്രമം നടന്നുവരുന്നു.

**നടപ്പിലാക്കിവരുന്ന പദ്ധതികൾ**

തളിപ്പറമ്പ്-കൂർഗ് ബോർഡർ റോഡിന്റെ നവീകരണംമൂലം അരങ്ങം-കാർത്തികപുരം കുടിവെള്ള പദ്ധതിയുടെ വിതരണ ശൃംഖല താറുമാറായതുമൂലം കുടിവെള്ള വിതരണം നിലവിൽ പലസ്ഥലങ്ങളിലും മുടങ്ങിയിട്ടാണുള്ളത്. ബഹുമാനപ്പെട്ട ഗ്രാമ വികസന വകുപ്പു മന്ത്രി ശ്രീ.കെ.സി.ജോസഫിന്റെ പ്രത്യേക ശ്രമഫലമായി, കുടിവെള്ള പദ്ധതിയുടെ പഴകിയ വിതരണ ശ്യൃംഖല മാറ്റി സ്ഥാപിക്കുന്നതിനായി 238 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ട്. 2014-15 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കുന്നതിനുള്ള ദർഘാസ് നടപടികൾ പുരോഗമിച്ചുവരുന്നു.

ജപ്പാൻ കുടിവെള്ള പദ്ധതിയിൽ നിന്നുള്ള ജലം ഉപയോഗിച്ച് നടുവിൽ പഞ്ചായത്ത് കുടിവെള്ള പദ്ധതി നടപ്പിലാക്കുവാൻ ടഘടടഇക്ക് സമർപ്പിച്ചിട്ടുണ്ട്. ജപ്പാൻ കുടിവെള്ള പദ്ധതിയുടെ കൂനത്തുള്ള ജലസംഭരണിയിൽ നിന്നും പമ്പ് ചെയ്ത് ഉത്തൂർതട്ടിൽ 6 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ഉപരിതല ജലസംഭരണിയിൽ എത്തിച്ച് നടുവിൽ പഞ്ചായത്തിലെ 10 വാർഡുകളിൽ വിതരണം ചെയ്യാനുദ്ദേശിക്കുന്ന പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ 1970 ലക്ഷം രൂപ ചിലവു പ്രതീക്ഷിക്കുന്നു. നടുവിൽ സ്റ്റേഡിയം ഗ്രൗണ്ടിന്റെ അടുത്ത് ബൂസ്റ്റർ സ്റ്റേഷൻ സ്ഥാപിച്ച് ചേറ്റടിയിലുള്ള ഒന്നര ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ഉപരിതല ജലസംഭരണിയിൽ എത്തിച്ച് നടുവിൽ പഞ്ചായത്തിലെ 5 വാർഡുകളിൽകൂടി വിതരണം ചെയ്യാനുദ്ദേശിക്കുന്ന രണ്ടാം ഘട്ടത്തിൽ 630 ലക്ഷം രൂപ ചിലവ് പ്രതീക്ഷിക്കുന്നു. ഈ പദ്ധതി ജല അതോറിറ്റിയുടെ മട്ടന്നൂർ പ്രൊജക്ട് ഡിവിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കുവാനുള്ള ശ്രമം നടത്തിവരുന്നു.

ജല അതോറിറ്റിയുടെ കണ്ണൂർ പ്രൊജക്ട് ഡിവിഷന്റെ നേതൃത്വത്തിൽ, ശ്രീകണ്ഠാപുരത്തുള്ള മടമ്പം റഗുലേറ്ററിൽ നിന്നും ജലം സംഭരിച്ച് എരുവേശ്ശി, പയ്യാവൂർ പഞ്ചായത്തുകളിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള ബൃഹത്തായ പദ്ധതിക്കുള്ള ഒരു പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു.
പദ്ധതിയുടെ ഒന്നാംഘട്ടത്തിന് 35 കോടിയും രൂപയും രണ്ടാം ഘട്ടത്തിന് മറ്റൊരു 35 കോടി രൂപയും ചിലവ് പ്രതീക്ഷിക്കുന്നു.

**നടപ്പു പദ്ധതികൾ**

1) മണ്ഡലത്തിലെ പ്രധാന കുടിവെള്ള പദ്ധതിയാണ് ഇരിക്കൂറും സമീപ വില്ലേജിലേക്കുമുള്ള കുടിവെള്ള പദ്ധതി. പ്രസ്തുത പദ്ധതിയുടെ ഘടകങ്ങൾ എല്ലാംതന്നെ പൂർത്തിയായി. ട്രയൽ റൺ നടത്തിക്കൊണ്ടിരിക്കുകയാണ്. പൈപ്പ്ലൈനുകൾ കുറെ വർഷങ്ങൾക്കുമുമ്പ് സ്ഥാപിച്ചതാകയാൽ ചാർജ്ജ് ചെയ്യുന്നതിന് തടസ്സം നേരിടുന്നുണ്ട്. കൂടാതെ പല സ്ഥലത്തും റോഡ് വീതി കൂട്ടിയതിനാൽ പൈപ്പുകൾ ടാറിനടിയിലാവുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ പദ്ധതി പൂർത്തീകരിക്കുന്നതിനായി വിതരണ ശൃംഖലയുടെ മെയിൻ പൈപ്പുകൾ റോഡിന്റെ വശങ്ങളിലേക്ക് സ്ഥാപിക്കുന്നതിന് (പുതിയത്) 8 കോടി രൂപയുടെ പദ്ധതി നിർദ്ദേശത്തിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ എടുത്തുവരികയാണ്. ശ്രീകണ്ഠാപുരം, മലപ്പട്ടം എന്നീ പഞ്ചായത്തുകൾക്കാണ് ഇതുവഴി പ്രയോജനം ലഭിക്കുന്നത്.

2) പടിയൂർ-വയത്തൂർ ത്വരിത ഗ്രാമീണ കുടിവെള്ള പദ്ധതി: ഇരിക്കൂർ മണ്ഡലത്തിലെ ഉളിക്കൽ പഞ്ചായത്തിൽ ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാ

ണ്. പദ്ധതിയുടെ എല്ലാ ഘടകങ്ങളും പൂർത്തീകരിച്ച് ട്രയൽ റൺ നടത്തിക്കൊണ്ടിരിക്കുകയാണ്. ഉളിക്കൽ പഞ്ചായത്ത്, ജലനിധി പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പഞ്ചായത്ത് ആകയാൽ പ്രസ്തുത പഞ്ചായത്തിലേക്കുള്ള ജലവിതരണം ജലനിധിവഴി മാത്രമേ നടപ്പിലാക്കുവാൻ കഴിയുകയുള്ളൂ.

**പ്രോജക്ട് നിർദ്ദേശങ്ങൾ**

- എല്ലാ വീടുകളിലും മഴവെള്ള സംഭരണി, ശുദ്ധജല സമൃദ്ധി, ജലസ്രോതസ്സുകൾ മലിനമാകുന്നത് തടയൽ. വെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കൽ.
- കിണർ, കുളങ്ങൾ റീചാർജ്ജിംഗ് സംവിധാനം.
- നിലവിലുള്ള കുളങ്ങൾ ശുദ്ധജല കുളങ്ങളാക്കൽ, സ്റ്റാൻഡേർഡൈസേഷൻ
- ജലസ്രോതസ്തുകളുടെ പുനരുദ്ധാരണം
- നിലവിലുള്ള കിണർ-ശുചിത്വ കിണറാക്കൽ പദ്ധതി

**ആരോഗ്യം**

**എ. അലോപ്പതി**

**ഇന്നത്തെ അവസ്ഥ:**

ആരോഗ്യരംഗത്ത് കേരളം മികച്ച നേട്ടം കൈവരിച്ചിട്ടുണ്ട്. എന്നാൽ വീണ്ടും രോഗാതുരമാക്കുന്ന ചില പകർച്ച വ്യാധികൾ മൺസൂൺ കാലങ്ങളിൽ വ്യാപമാകുന്നത് മണ്ഡലത്തിലെ പല ഗ്രാമപഞ്ചായത്തുകളിലും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. നാം നിർമ്മാർജ്ജനം ചെയ്തു എന്നവകാശപ്പെടുന്ന പല രോഗങ്ങളും വീണ്ടും തിരിച്ചുവരുന്ന അവസ്ഥ നിലനിൽക്കുന്നു. പട്ടിക വിഭാഗ കോളനികളിൽ പോഷകാഹാര കുറവുകൊണ്ടുള്ള രോഗങ്ങൾ ഉണ്ട്. പ്രധാനമായും ദാരിദ്ര്യം അനുഭവിക്കുന്ന മിക്ക മേഖലകളിലും പോഷകാഹാര കുറവുകൊണ്ടുള്ള രോഗങ്ങൾ ഉണ്ട്. അതോടൊപ്പം തന്നെ ജീവിതശൈലീ രോഗങ്ങളായ രക്തസമ്മർദ്ദം, പ്രമേഹം, അമിതകൊഴുപ്പു തുടങ്ങിയവ ക്രമാതീതമായി വളർന്നുവരുന്നത് കാണാം. ഇത് ഇടത്തരക്കാരിലും സമൂഹത്തിന്റെ ഉന്നത ശ്രേണിയിലുള്ളവരേയും കടന്നാക്രമിക്കുന്നുണ്ട്.

രോഗനിയന്ത്രണത്തിന് സാധാരണ ജനങ്ങൾ ആശ്രയിക്കുന്നത് ഗ്രാമങ്ങളിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ്. കൂടാതെ ആരോഗ്യ മേഖലയിൽ സ്വകാര്യ ക്ലിനിക്കുകളും, ആശുപത്രികളും ഇന്ന് എല്ലാ മുക്കിലും മൂലയിലും ഉണ്ട്. ഏത് അസുഖം വന്നാലും ഡോക്ടറെ സമീപിക്കണം എന്ന് നല്ല ബോധം എല്ലാ ജനങ്ങളിലുമുണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ സർക്കാർ മേഖലയേയും മറ്റുള്ളവർ സ്വകാര്യ മേഖലയേയും സമീപിക്കുന്ന ഒരു രീതിയാണ് കൂടുതലും കണ്ടുവരുന്നത്. എന്നാൽ ആധുനിക സംവിധാനങ്ങൾ മിക്കവയും സ്വകാര്യ സ്ഥാപനങ്ങളിലാണുള്ളത്. അത്കൊണ്ട് കൂടുതൽ പേരും സ്വകാര്യമേഖലയെ സമീപിക്കേണ്ട സ്ഥിതി വരുന്നു.

**പ്രശ്നങ്ങൾ**

ഇരിക്കൂർ സാമൂഹിക ആരോഗ്യ കേന്ദ്രത്തെ താലൂക്ക് ആശുപത്രി ആക്കി ഉയർത്തിയെങ്കിലും ആവശ്യമായ ഡോക്ടർമാരെയും, പാരാമെഡിക്കൽ ജീവനക്കാരെയും നിയമിച്ചിട്ടില്ല. താലൂക്ക് ആശുപത്രിയാക്കി മാറ്റുവാൻ ആവശ്യമായ കെട്ടിട സൗകര്യമില്ല.

(1) വർദ്ധിച്ചു വരുന്ന മാലിന്യങ്ങൾ ആരോഗ്യത്തിന് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.
(2) ജീവിതശൈലീ രോഗങ്ങളുടെ കടന്നാക്രമണം.
(3) പട്ടികവിഭാഗ കോളനികളിലെ ബോധനിലവാരത്തിലുള്ള കുറവ്
(4) സർക്കാർ ആശുപത്രികളിലെ അടിസ്ഥാന സൗകര്യകുറവ്
(5) വർദ്ധിച്ചുവരുന്ന ചികിത്സാചിലവുകൾ
(6) പ്രായാധിക്യം വഴിയുണ്ടാകുന്ന അവശതയുള്ളവരെ പരിചരിക്കുന്നതിനുള്ള പദ്ധതികളുടെ അപര്യാപ്തത.

**നടപ്പു പദ്ധതി**

1) ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം പരിപാടികൾ
2) പ്രജനന ശിശു ആരോഗ്യ പരിപാടി
3) ദേശീയ കൊതുകുജന്യ രോഗ നിയന്ത്രണ പരിപാടി
4) ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടി
5) ദേശീയ അന്ധതാ നിവാരണ പദ്ധതി
6) ദേശീയ ക്ഷയ രോഗ നിയന്ത്രണ പരിപാടി
7) ദേശീയ എയ്ഡ്സ് നിയന്ത്രണ പരിപാടി
8) പകർച്ചവ്യാധി രോഗ നിയന്ത്രണ പരിപാടി
9) ദേശീയ പോളിയോ നിർമ്മാർജ്ജന പരിപാടി
10) ദേശീയ മന്തുരോഗ നിവാരണ പരിപാടി
11) വയറിളക്ക രോഗ നിയന്ത്രണ പാനീയ ചികിത്സാ പരിപാടി

**സംസ്ഥാനാവിഷ്കൃത പദ്ധതി**

1) ജീവിതശൈലി രോഗ ഏഴിന പരിപാടി
2) പകർച്ചവ്യാധി നിയന്ത്രണ പരിപാടി

**പ്രൊജക്ട് നിർദ്ദേശങ്ങൾ**

ഇരിക്കൂർ സാമൂഹിക ആരോഗ്യ കേന്ദ്രത്തെ താലൂക്ക് ആശുപത്രിയാക്കി ഉയർത്തി നിയോജക മണ്ഡലത്തിലെ ജന വിഭാഗങ്ങൾക്ക് പരിപൂർണ്ണ ആരോഗ്യ-ചികിത്സാ സംവിധാനം ലഭ്യമാക്കുക.

**അടിയന്തിരമായി ചെയ്യേണ്ട പ്രവർത്തനങ്ങൾ** (ഹ്രസ്വകാല പദ്ധതി):

നിലവിൽ 2 സി.എച്ച്.സികളായ സി.എച്ച്.സി. ഇരിക്കൂർ, സി.എച്ച്.സി. കൂട്ടുമുഖം എന്നിവയുടെ അവസ്ഥ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ഉള്ള സ്ഥിതി തന്നെയാണ്. ആയതിനാൽ ഇവയുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക എന്നുള്ളതാണ് ഏറ്റവും പ്രധാനം (പ്രഥമ പരിഗണന നൽകേണ്ടത്)

സി.എച്ച്.സി. കൂട്ടുമുഖത്തെ സാമൂഹ്യ ആരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ടെങ്കിലും സ്റ്റാഫ് പാറ്റേൺ സി.എച്ച്.സി.യുടെതാക്കി ഉയർത്തിയിട്ടില്ല. ആയതിനാൽ അത്യാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഉയർത്തേണ്ടതും ജീവനക്കാരുടെ എണ്ണം സി.എച്ച്.സി.യുടെതുപോലെ ഉയർത്തേണ്ടതും ലാബ് സൗകര്യം ഏർപ്പെടുത്തേണ്ടതുമാണ്. ഡോക്ടർമാരുടെ എണ്ണത്തിന് ആനുപാതികമായി ക്വാർട്ടേഴ്സ് സൗകര്യം ഏർപ്പെടുത്തേണ്ടതും, കിടത്തിചികിത്സക്കായി കെട്ടിട സൗകര്യം ഏർപ്പെടുത്തേണ്ടതുമാണ്.

**സി.എച്ച്.സി. കൂട്ടുമുഖം- ഹ്രസ്വകാല പദ്ധതി**

1) വെള്ളം ആശുപത്രിയിൽ ആവശ്യാനുസരണം ലഭ്യമാക്കാനുള്ള നടപടി.
2) ജനറേറ്റർ

3) ഡ്രൈവറുടെ പോസ്റ്റും, വാഹനവും ആവശ്യമാണ്.
4) ലാബ് സൗകര്യം ലഭ്യമാക്കേണ്ടതാണ്.
5) സ്പെഷ്യാലിറ്റി നിലവാരത്തിൽ സ്റ്റാഫ് പാറ്റേൺ അടിയന്തിരമായി ഉയർത്തണം.

**മദ്ധ്യകാല പദ്ധതി**

1) രണ്ടര ഏക്കർ വരുന്ന സ്ഥലം ലാന്റ് സ്കേപ്പിങ്ങ് നടത്തി ആശുപത്രിയിലേക്ക് അപ്രോച്ച് റോഡ് സൗകര്യം ഒരുക്കണം.
2) കോമ്പൗണ്ട് വാളും ഗേറ്റും
3) 30 കിടക്കകൾ ഇടുവാനുള്ള കെട്ടിട സൗകര്യം ആവശ്യമാണ്.
4) ഡോക്ടർമാർക്കും, നഴ്സുമാർക്കും ക്വാർട്ടേഴ്സ് സൗകര്യം ഉണ്ടാകണം.

**ദീർഘകാല പദ്ധതി**

1) 50 കിടക്കകൾ ഇടുവാനുള്ള ആശുപത്രിയായി ഉയർത്തണം
2) എല്ലാ സ്പെഷ്യാലിറ്റിയും ലഭ്യമാക്കണം
3) എല്ലാ ജീവനക്കാർക്കും ക്വാർട്ടേഴ്സ് സൗകര്യം ലഭ്യമാക്കണം.
4) ആമ്പുലൻസ് സൗകര്യവും ഡ്രൈവറും

**ലക്ഷ്യം:**

സി.എച്ച്.സി. ഇരിക്കൂറിനെ താലൂക്ക് ആശുപത്രിയായി ഉയർത്തുക എന്നുള്ള താണ് ലക്ഷ്യം. അതിന് ആവശ്യമായ സ്റ്റാഫ് പാറ്റേൺ ലഭ്യമാക്കുക.

**ഹ്രസ്വകാല പദ്ധതി**

1) കോമ്പൗണ്ടിന് അകത്തുള്ള വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള ലാൻസ്സ്കേറ്റിങ്ങ് നടത്തുക.
2) കോമ്പൗണ്ട് വാളും, ഗേറ്റും നിർമ്മിച്ച് റോഡിൽ നിന്നും ആശുപത്രി വരെ പാത ഒരുക്കുക.
3) പഴയകെട്ടിടം പുതുക്കിപ്പണിയുക.
4) ഫാർമസിയും സ്റ്റോറും സി.എച്ച്.സി. ലെവലിൽ നിന്നും താലൂക്ക് ആശുപത്രി ലെവലിൽ വേണം.

**മദ്ധ്യകാല പദ്ധതി**

1) ജീവനക്കാർക്ക് ക്വാർട്ടേഴ്സ് ലഭ്യമാക്കുക
2) വാഹനപാർക്കിങ്ങ് ഏരിയ സജ്ജമാക്കുക
3) ജനറേറ്റർ സൗകര്യം ഏർപ്പാടാക്കുക
4) ഫാർമസിയും സ്റ്റോറും സി.എച്ച്.സി. ലെവലിൽ നിന്നും താലൂക്ക് ആശുപത്രി ലെവലിൽ വേണം.

**ദീർഘകാല പദ്ധതി**

1) എല്ലാ ജീവനക്കാർക്കും താമസയോഗ്യമായ ക്വാർട്ടേഴ്സ് നിർമ്മിക്കുക.

2) പകർച്ചവ്യാധി നിയന്ത്രണത്തിനായി നിയോജക മണ്ഡലത്തിൽ എല്ലാ പഞ്ചായത്തുകളിലും 2 ഫോഗിങ്ങ് മെഷീൻ വീതവും 5 വീതം ഡ്രെയറും ജീവനക്കാർക്ക് പരിശീലനം, കുടുബശ്രീ, അംഗൻവാടി, ആശാവർക്കർമാർക്കും ഇൻസെന്റീവും ബോധവൽക്കരണവും മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിക്കുക.

I. പകർച്ചവ്യാധി നിയന്ത്രണം: പകർച്ചവ്യാധി നിയന്ത്രണത്തിനായി നിയോജക മണ്ഡലത്തിൽ എല്ലാ പഞ്ചായത്തുകളിലും 2 ഫോഗിങ്ങ് മെഷിൻ വീതവും 5 വീതം ഡ്രെയറും ജീവനക്കാർക്ക് പരിശിലനം, കുടുംബശ്രീ, അംഗൻവാടി, ആശാവർക്കർമാർക്കും ഇൻസെന്റീവും ബോധവൽക്കരണവും ആവശ്യഘട്ടങ്ങളിൽ മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിക്കുക.

II. ഹെൽത്ത് ഇൻഷൂറൻസ്: ഇരിക്കൂർ നിയോജക മണ്ഡലത്തിൽ വരുന്ന എല്ലാ ജനവിഭാഗത്തിനും ഹെൽത്ത് ഇൻഷൂറൻസ്, ഹെൽത്ത് കാർഡ് ലഭ്യമാക്കണം.

III. ജീവിതശൈലീ രോഗനിയന്ത്രണം: എല്ലാ പഞ്ചായത്തുകളിലും ഉള്ള ജനങ്ങൾക്ക് ജീവിതശൈലീ രോഗ പരിശോധനയും ചികിത്സയും സൗജന്യമരുന്നു വിതരണവും, ബോധവൽക്കരണവും ലഭ്യമാക്കണം.

IV. വയോജന സംരക്ഷണം: വയോജന സംരക്ഷണത്തിനായി നിയോജക മണ്ഡലത്തിൽ വയോജന സേവന കേന്ദ്രം നിർമ്മിക്കുകയും ആവശ്യമായ ജീവനക്കാർ, ആഹാരം, ചികിത്സാസംവിധാനം എന്നിവ ലഭ്യമാക്കണം.

**സമഗ്ര വികസനം:**

2020 ഓടുകൂടി ഇരിക്കൂർ നിയോജക മണ്ഡലത്തിൽ മുഴുവൻ ജനങ്ങൾക്കും ആരോഗ്യം ഉറപ്പാക്കുന്ന രീതിയിൽ WHO യുടെ മാനദണ്ഡങ്ങൾക്കനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്.

ആയുർദൈർഘ്യം കൂടുതലുള്ള സമൂഹം പുകവലി, മദ്യപാനം കൃത്യനിഷ്ട യില്ലാത്ത ഭക്ഷണക്രമം എന്നിവ കാരണം അനാരോഗ്യരാണ്. ഇത്തരം പ്രശ്നങ്ങൾ തരണം ചെയ്യുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പ്, മറ്റ് ഡിപ്പാർട്ട്മെന്റുകളുമായി സഹകരിച്ച്, സംയോജിത പരിപാടികളിലൂടെ നടപ്പിലാക്കേണ്ടതുണ്ട്. പ്രത്യേകിച്ചും ഐ.സി.ഡി.എസ് - ഗ്രാമ വികസനം, വിദ്യാഭ്യാസം എന്നീ വകുപ്പുകളുമായി സഹകരിച്ച് ഐ.ഇ.സി പ്രവർത്തനങ്ങളിലൂടെ നമ്മുടെ സമൂഹത്തിന് ആരോഗ്യത്തെ കുറിച്ചുള്ള അവബോധം ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്.

മണ്ഡലത്തിലെ മുഴുവൻ ജനങ്ങൾക്കും കുട്ടികളടക്കം ആരോഗ്യ കാർഡ് വിതരണം ചെയ്യണം. കാൻസർ, ടിബി പോലുള്ള മാരക രോഗികൾക്ക് പ്രത്യേകം കാർഡ് നൽകുന്ന നടപടി സ്വീകരിക്കേണ്ടതാണ്.

മഴക്കാല രോഗങ്ങൾ, പ്രീമൺസൂൺ പ്രവർത്തനങ്ങൾ എന്നിവ ചെയ്യുമ്പോൾ ശുചിത്വ മിഷനുമായി സഹകരിച്ച് സമഗ്ര പരാപാടികൾ ആസൂത്രണം ചെയ്യാവുന്നതാണ്. മുഴുവൻ വീടുകളിലും ശുചിത്വ കക്കൂസ്, കിണറുകളുടെ ക്ളോറിനേഷൻ, സോക്കറ്റ് പിറ്റുകൾ, ബയോഗ്യാസ് പ്ളാന്റുകൾ, മണ്ണിര കമ്പോസ്റ്റ് എന്നിവ മുഴുവൻ വീടുകൾക്കും നൽകി ആരോഗ്യം ഉറപ്പാക്കേണ്ടതാണ്.

പൊതുവെ വരുമാനമുള്ള കുടുംബങ്ങളിൽ ഒരു പ്രത്യേകതരം രോഗുവസ്ഥയാണ് obesity. കൃത്യ നിഷ്ടയില്ലാത്ത ഭക്ഷണ രീതിയും, വ്യായാമമില്ലായ്മ ഒക്കെ ഇതിന് കാരണമാണ്. ആരോഗ്യത്തിനാവശ്യമായ പോഷകമൂല്യമുള്ള ഭക്ഷണം, കൃത്യമായ വ്യായാമം, ചിട്ടയായ ഭക്ഷണ രീതി എന്നിവയെ കുറിച്ചുള്ള അവബോധം ജനങ്ങളിൽ ഉണ്ടാക്കണം.

**ബി) ആയുർവേദം**

**നിലവിലുള്ള അവസ്ഥ:**

ഒമ്പത് ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെട്ട ഈ മണ്ഡലത്തിൽ ഭാരതീയ ചികിത്സാ വകുപ്പിന്റെ 7 ആയുർവേദ ഡിസ്പൻസറിയും ഒരു ആയുർവേദ ആശുപത്രിയും ഉണ്ട്. ആയുർവേദ ചികിത്സാ സംവിധാനത്തോട് ഏറെ താല്പര്യമുള്ള ഒരു ജനവിഭാഗത്തിന്റെ പ്രധാന ചികിത്സാ കേന്ദ്രമായി സ്ഥാപനങ്ങൾ മാറിയിട്ടുണ്ട്. ഉദയഗിരി, ശ്രീകണ്ഠാപുരം എന്നീ ഗ്രാമപഞ്ചായത്തുകളിൽ മാത്രമാണ് ഭാരതീയ ചികിത്സാ വകുപ്പിന്റെ സ്ഥാപനങ്ങൾ ഇല്ലാത്തത്.

| ക്രമ നം | പഞ്ചായത്തിന്റെ പേര് | സ്ഥാപനം സ്ഥിതി ചെയ്യുന്ന സ്ഥലം | പശ്ചാത്തല സൗകര്യം കെട്ടിടം/സ്ഥലം |
|---|---|---|---|
| 1 | പയ്യാവൂർ | പൈസക്കരി | സ്വന്തമായി കെട്ടിടം ഇല്ല. സ്ഥലവും ഇല്ല. |
| 2 | പയ്യാവൂർ | പയ്യാവൂർ | സ്വന്തമായി കെട്ടിടം ഉണ്ട്. 25 സെന്റ് സ്ഥലം തരിശായിട്ടുണ്ട്. |
| 3 | ഏരുവേശ്ശി | ചെറിയ അരിക്കാമല | സ്വന്തമായി കെട്ടിടം ഉണ്ട്. |
| 4 | നടുവിൽ | പൊട്ടൻപ്ലാവ് | സ്വന്തമായി കെട്ടിടം ഉണ്ട്. |
| 5 | ചെങ്ങളായി | ചേരൻകുന്ന് | സ്വന്തമായി കെട്ടിടം ഉണ്ട്. |
| 6 | ഇരിക്കൂർ | ഇരിക്കൂർ | സ്വന്തമായി കെട്ടിടം ഉണ്ട്. |
| 7 | ഉളിക്കൽ | ഉളിക്കൽ | സ്വന്തമായി കെട്ടിടം ഉണ്ട്. |
| 8 | ആലക്കോട് | നെല്ലിപ്പാറ | 2012ൽ ആശുപത്രിയായി അപ്ഗ്രേഡ് ചെയ്തു. സ്വന്തമായി കെട്ടിടം ഉണ്ട്. ആശുപത്രി ഐ.പി. വിഭാഗത്തിൽ ആവശ്യമായ സ്ഫാഫിനെ നിയമിച്ചിട്ടില്ല. |

പയ്യാവൂർ പഞ്ചായത്തിൽ രണ്ട് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു എന്ന പ്രത്യേകത ഈ മണ്ഡലത്തിൽ കാണാം. ഓരോ സ്ഥാപനത്തിലും ദിനം പ്രതി നൂറോളം രോഗികൾ ചികിത്സക്കായി എത്തുന്നുണ്ട്. ഇവരിൽ കൂടുതലും സ്ത്രീകളും കുട്ടികളും എന്നൊരു പ്രത്യേകതയും കാണാം. വയോജനങ്ങളും കുറവല്ല. കിടത്തി ചികിത്സിക്കുന്ന സ്ഥാപനം ഇല്ല എന്നത് പോരായ്മയായിരുന്നു. 2012ൽ ആലക്കോട് ഡിസ്പെൻസറി ആശുപത്രിയായി അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്. ആലക്കോട് , ഉദയഗിരി പഞ്ചായത്തിലെ ജനങ്ങൾക്ക് ആശ്വാസമാണ് പ്രസ്തുത സ്ഥാപനം.

ശ്രീകണ്ഠാപുരം കേന്ദ്രീകരിച്ച് ഒരു ആശുപത്രി എന്നത് ജനങ്ങളുടെ ചിരകാലാഭിലാഷമാണ്. ഉദയഗിരി, ശ്രീകണ്ഠാപുരം പഞ്ചായത്തുകളിലായി ദേശീയ ആരോഗ്യ മിഷന്റെ ഓരോ ക്ളിനിക്കുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

**പ്രശ്നങ്ങൾ:**

1. പയ്യാവൂർ പഞ്ചായത്തിൽ പൈസക്കരി ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി സൗകര്യമുള്ള കെട്ടിടത്തിൽ അല്ല നിലവിൽ പവർത്തിച്ചുവരുന്നത്. സ്വന്തമായി

സ്ഥലവും ഇല്ല. നിലവിൽ പ്രവർത്തിച്ചു വരുന്ന കെട്ടിടം കൃഷി വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടമാണ്. പ്രസ്തുത സ്ഥലവും കെട്ടിടവും പഞ്ചായത്തിന് വിട്ടു കൊടുക്കുകയും പുതിയ കെട്ടിടം നിർമ്മിക്കുകയും ചെയ്താലേ പ്രശ്ന പരിഹാരമാവുകയുള്ളൂ.

2. ശ്രീകണ്ഠാപുരം പഞ്ചായത്തിലെ ചെമ്പൻതൊട്ടി കേന്ദ്രമാക്കി പൈതൽ മല ടൂറിസം പദ്ധതിയുടെ ഭാഗമായി ഭാരതീയ ചികിത്സാ വകുപ്പിന്റെ ഉടമസ്ഥതയിൽ പഞ്ചകർമ്മ സ്പെഷ്യാലിറ്റി ആശുപത്രി ആരംഭിക്കാവുന്നതാണ്. ഭാരതീയ ചികിത്സാ രീതിയായ ആയുർവേദത്തിന്റെ പരിശുദ്ധി നഷ്ടപ്പെടാതെ വിദേശ രാജ്യങ്ങളിലുള്ളവർക്ക് പഞ്ചകർമ്മ ചികിത്സ നൽകാനുള്ള ഇന്ത്യയിലെ തന്നെ മികച്ച ഒരു സ്ഥാപനമാക്കി മാറ്റാം.
3. ഉദയഗിരി, ശ്രീകണ്ഠാപുരം പഞ്ചായത്തുകളിൽ ഭാരതീയ ചികിത്സാ വകുപ്പിന്റെ സ്ഥാപനങ്ങൾ ആരംഭിക്കുക നിലവിലുള്ള എൻ.ആർ.എച്ച്.എം സ്ഥാപനങ്ങൾ അതേപടി സബ് സെന്റർ എന്ന രീതിയിൽ പ്രവർത്തിക്കുക.
4. പച്ചമരുന്നിന്റെ ദൗർബല്യം കൂടി വരുന്ന സാഹചര്യത്തിൽ ഔഷധ ലഭ്യത ഉറപ്പ് വരുത്താൻ ഔഷധ സസ്യ വ്യാപനവും ഔഷധിയുടെ ഉടമസ്ഥതയിൽ മരുന്ന് നിർമ്മാണശാലയും പൈതൻമല കേന്ദ്രീകരിച്ച് ആരംഭിക്കാവുന്നതാണ്.

**സമഗ്ര വികസനം**

മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി ഞഗഡഥ, കണങജ പഞ്ചായത്തിന്റെ വികസന ഫണ്ട് എന്നിവയെല്ലാം ചേർത്ത് ഭാരതീയ ചികിത്സാ വകുപ്പിന്റെ നേതൃത്വത്തിൽ അതത് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ മലയോര ഹരിതവൽക്കരണം ഔഷധസസ്യ വ്യാപനത്തിലൂടെ എന്ന സമഗ്ര പദ്ധതി പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി കാലയളവിൽ ആരംഭിച്ച് പൂർണ്ണതയിലെത്താൻ കഴിയണം. കൃഷി വകുപ്പ് ഔഷധ സസ്യബോർഡ്, ഔഷധി സോഷ്യൽ ഫോറസ്ട്രി, വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ സഹകരണം ഉറപ്പ് വരുത്തിക്കൊണ്ടുള്ള ഒരു സമഗ്ര പരിപാടിക്ക് രൂപം നൽകണം.

**പദ്ധതി നിർദ്ദേശങ്ങൾ**

1. പയ്യാവൂർ പഞ്ചായത്തിലെ പൈസക്കരി ആയുർവേദ ഡിസ്പെൻസറിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുക MLA, MPLAD തുടങ്ങിയ ഫണ്ട് ഉപയോഗപ്പെടുത്താവുന്നതാണ്
2. ഉദയഗിരി, ശ്രീകണ്ഠാപുരം പഞ്ചായത്തിൽ ഭാരതീയ ചികിത്സാ വകുപ്പിന്റെ കീഴിൽ ഡിസ്പെൻസറി ആരംഭിക്കുക.
3. പൈതൽമല ടൂറിസം പദ്ധതിയുടെ ഭാഗമായി ഭാരതീയ ചികിത്സാ വകുപ്പിന്റെ നേതൃത്വത്തിൽ ഒരു മാതൃകാ പഞ്ചകർമ്മ സ്പെഷാലിറ്റി ആശുപത്രി ആരംഭിക്കുക. ശ്രീകണ്ഠാപുരം പഞ്ചായത്തിലെ ചെമ്പൻതൊട്ടി കേന്ദ്രമാക്കി സ്ഥാപനം തുടങ്ങാൻ നാട്ടുകാരുടെ സഹായം ലഭിക്കുവാൻ സാദ്ധ്യതയുണ്ട്. സ്ഥലം സൗജന്യമായി ലഭിക്കാനുള്ള സാഹചര്യം ഉണ്ടാക്കിയെടുക്കുവാൻ കഴിയും. വിദേശ രാജ്യത്തുള്ളവർക്ക് ഭാരതീയ ചികിത്സാ രീതിയുടെ തനിമ നഷ്ടപ്പെടാതെ ആയുർവേദ ചികിത്സ ലഭ്യമാക്കുക. പാശ്ചാത്യ രാജ്യങ്ങളിലേക്ക് അായുർവേദത്തിന്റെ പ്രാധാന്യവും പ്രസക്തിയും എത്തിക്കാൻ കഴിയുന്ന ഒരു മാതൃകാ സംരംഭമായി മാറും.
4. പൈതൽമല കേന്ദ്രീകരിച്ച് ഔഷധസസ്യത്തോട്ടവും മരുന്ന് നിർമ്മാണ ഫാക്ടറിയും ആരംഭിക്കുക.

5. മലയോര ഹരിതവൽക്കരണം ഔഷധ സസ്യ വ്യാപനത്തിലൂടെ സമഗ്ര പദ്ധതി നടപ്പിലാക്കുക.

**സി) ഹോമിയോ വിഭാഗം**

ഇരിക്കൂർ അസംബ്ളി നിയോജക മണ്ഡത്തിലെ 9 ഗ്രാമപഞ്ചായത്തുകളിലായി 9 സർക്കാർ ഹോമിയോ ഡിസ്പെൻസറികളും 5 എൻ.ആർ.എച്ച്.എം ഡിസ്പെൻസറികളും ഉണ്ട്. അവയുടെ പേര് ചുവടെ കൊടുക്കുന്നു.

| ക്രമ നം | ഡിസ്പെൻസറിയുടെ പേര് | പഞ്ചായത്തിന്റെ പേര് |
|---|---|---|
| 1 | ഉളിക്കൽ സർക്കാർ ഹോമിയോ ഡിസ്പെൻസറി | ഉളിക്കൽ പഞ്ചായത്ത് |
| 2 | ശ്രീകണ്ഠാപുരം സർക്കാർ ഹോമിയോ ഡിസ്പെൻസറി | ശ്രീകണ്ഠാപുരം പഞ്ചായത്ത് |
| 3 | ഉദയഗിരി സർക്കാർ ഹോമിയോ ഡിസ്പെൻസറി | കാർത്തികപുരം പഞ്ചായത്ത് |
| 4 | പയ്യാവൂർ സർക്കാർ ഹോമിയോ ഡിസ്പെൻസറി | പയ്യാവൂർ പഞ്ചായത്ത് |
| 5 | അരീക്കാമല സർക്കാർ ഹോമിയോ ഡിസ്പെൻസറി | എരുവേശ്ശി പഞ്ചായത്ത് |
| 6 | ഇരിക്കൂർ എൻ.ആർ.എച്ച്.എം ഹോമിയോ ഡിസ്പെൻസറി | ഇരിക്കൂർ പഞ്ചായത്ത് |
| 7 | ആലക്കോട് എൻ.ആർ.എച്ച്.എം ഹോമിയോ ഡിസ്പെൻസറി | ആലക്കോട് പഞ്ചായത്ത് |
| 8 | ചെങ്ങളായി എൻ.ആർ.എച്ച്.എം ഹോമിയോ ഡിസ്പെൻസറി | ചെങ്ങളായി പഞ്ചായത്ത് |
| 9 | നടുവിൽ എൻ.ആർ.എച്ച്.എം ഹോമിയോ ഡിസ്പെൻസറി | നടുവിൽ പഞ്ചായത്ത് |
| 10 | പുളിക്കുരുമ്പ എൻ.ആർ.എച്ച്.എം ഹോമിയോ ഡിസ്പെൻസറി | |

**കരട് പ്രൊജക്ട് നിർദ്ദേശങ്ങൾ**

| ക്രമ നം | ഡിസ്പെൻസറിയുടെ പേര് | ആവശ്യമുള്ളവ |
|---|---|---|
| 1 | ഉളിക്കൽ സർക്കാർ ഹോമിയോ ഡിസ്പെൻസറി | സ്വന്തം കെട്ടിടം, വൈദ്യുതി, ഫോൺ കണക്ഷൻ |
| 2 | ശ്രീകണ്ഠാപുരം ഹോമിയോ ഡിസ്പെൻസറി | ടെലഫോൺ കണക്ഷൻ, കമ്പ്യൂട്ടർ പ്രിന്റർ |
| 3 | ഉദയഗിരി ഹോമിയോ ഡിസ്പെൻസറി | വെള്ളം, ഫോൺ കണക്ഷൻ |
| 4 | പയ്യാവൂർ ഹോമിയോ ഡിസ്പെൻസറി | വെള്ളം, വൈദ്യുതി, ഫോൺ കണക്ഷൻ |
| 5 | അരീക്കാമല സർക്കാർ ഹോമിയോ ഡിസ്പെൻസറി | പ്ളബിംഗ്, റീവയറിംഗ്, ടോയിലറ്റ് റിപ്പയറിംഗ്. പഞ്ചായത്തിലെ 1 വാർഡിലെ 50 കുടുംബങ്ങൾ മാത്രമാണ് നിലവിൽ ഡിസ്പെൻസറിയിൽ നിന്ന് സേവനം ലഭിക്കുന്നത്. കാരണം ഡിസ്പെൻസറി ആ വാർഡിലെ |

| | | |
|---|---|---|
| | | കുന്നിന്റെ മുകളിലാണ് സ്ഥിതി ചെയ്യുന്നത്. ആയതിനാൽ പഞ്ചായത്തിലെ എല്ലാ വാർഡിലെ അംഗങ്ങൾക്കും സേവനം ലഭിക്കത്തക്ക വിധത്തിൽ കുടിയാന്മല ടൗണിൽ മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കൽ |
| 6 | ഇരിക്കൂർ എൻ.ആർ.എച്ച്.എം ഹോമിയോ ഡിസ്പെൻസറി | എൻ.സി.പി. യോഗ്യതയുള്ള ഫാർമസിസ്റ്റ് തസ്തികയിൽ 1 ജീവനക്കാരനെ നിയമിക്കുക. |
| 7 | ആലക്കോട് എൻ.ആർ.എച്ച്.എം ഹോമിയോ ഡിസ്പെൻസറി | വെള്ളം, ഫോൺ കണക്ഷൻ |
| 8 | ചെങ്ങളായി എൻ.ആർ.എച്ച്.എം ഹോമിയോ ഡിസ്പെൻസറി | എൻ.സി.പി. യോഗ്യതയുള്ള ഫാർമസിസ്റ്റ് തസ്തികയിൽ 1 ജീവനക്കാരനെ നിയമിക്കുക. |
| 9 | നടുവിൽ എൻ.ആർ.എച്ച്.എം ഹോമിയോ ഡിസ്പെൻസറി | കറന്റ്, വെള്ളം |
| 10 | പുളിക്കുരുമ്പ എൻ.ആർ.എച്ച്.എം ഹോമിയോ ഡിസ്പെൻസറി | കറന്റ്, വെള്ളം |

## ശുചിത്വം

**ഇന്നത്തെ അവസ്ഥ:**

സമ്പൂർണ്ണ ശുചിത്വ മേഖലയിൽ ഇരിക്കൂർ നിയോജക മണ്ഡലത്തിൽ മുഴുവൻ ഗ്രാമ പഞ്ചായത്തുകൾക്കും ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിനും കേന്ദ്രസർക്കാറിന്റെ നിർമ്മൽ ഗ്രാമ പുരസ്ക്കാർ ലഭിച്ചിട്ടുണ്ട് സ്ഥാപനത്തിലും വിദ്യാലയത്തിലും ശുചിത്വ കാര്യങ്ങൾ പരിപാലിച്ചതിനു പൊതുസ്ഥലങ്ങളിലെ വിസർജ്ജന പ്രശ്നം പരിഹരിച്ചതിനും നൽകിയതാണ് നിർമ്മൽ പുരസ്ക്കാരം ഇതുകൊണ്ട് പഞ്ചായത്തുകളിലെ മാലിന്യ പ്രശ്നം പരിഹരിക്കപ്പെടുന്നില്ല. ഖരമാലിന്യ സംസ്ക്കരണം പ്ലാസ്റ്റിക് മാലിന്യങ്ങളുടെ സംസ്ക്കരണം പുഴകളിലെയും തോടുകളിലെയും മാലിന്യ സംസ്ക്കരണം എന്നിവ വർത്തമാന കാലത്ത് നടപ്പിലാക്കേണ്ട പദ്ധതികളാണ് ഇന്ന് മാലിന്യ പരിപാലനത്തിലും പ്രത്യേകിച്ച് പ്ലാസ്റ്റിക് മാലിന്യ പരിപാലനത്തിനും വിവിധ യൂണിറ്റുകൾ പ്രവർത്തിക്കാൻ തുടങ്ങിയിട്ടുണ്ട്. ശ്രീകണ്ഠാപുരത്ത് ഒരു റീസൈക്ലിംഗ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട് ശാസ്ത്രീകമായ അറവുശാല സ്ഥാപിക്കാനാവശ്യമായ പ്രവർത്തനങ്ങൾ ശ്രീകണ്ഠാപുരം പഞ്ചായത്തിൽ ആരംഭിച്ചിട്ടുണ്ട്.

**പ്രശ്നങ്ങൾ:**

മാലിന്യ സംസ്ക്കരണം, പരിസര ശുചിത്വം, സമൂഹ ശുചിത്വം എന്നിവ ഇന്നും ഒരു അനിവാര്യ ചുമതലമായി സമൂഹം പരിഗണിച്ച് തുടങ്ങിയിട്ടില്ല. അതുകൊണ്ട് തന്നെ ഇത്തരം പ്രവർത്തനങ്ങൾക്ക് ഇന്ന് വ്യാപകമായ പിന്തുണ ലഭിച്ചു തുടങ്ങിയിട്ടില്ല. ഉറവിട മാലിന്യ സംസ്ക്കരണം പ്ലാസ്റ്റിക് മാലിന്യ സംസ്ക്കരണവും ജനങ്ങളുടെ ജീവിത ശൈലിയായി മാറണം വിദ്യാർത്ഥിതലത്തിൽ സ്ക്കൂൾ സിലബസിൽ ഒരു അജണ്ടയായി വരേണതുണ്ട്. ശുചിത്വവുമായി ബന്ധപ്പെട്ട് നിരവധി പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെങ്കിലും ബഹുജന പിന്തുണ പദ്ധതികൾക്ക് ഇനിയും ലഭിക്കേണ്ടതുണ്ട്.

**സാധ്യതകൾ:**

മണ്ഡലത്തിൽ മുഴുവൻ ഗ്രാമ പഞ്ചായത്തുകളിലും 20 ലക്ഷം രൂപയുടെ മാലിന്യ സംസ്ക്കരണ പദ്ധതികൾക്ക് രൂപരേഖ തയ്യാറാക്കിട്ടുണ്ട്.

സ്ക്കൂളുകളിൽ അക്ഷരമുറ്റം പ്രശ്നോത്തരിയിലൂടെ അടിസ്ഥാനപരമായ അവബോധം സൃഷ്ടിക്കുന്നതിന് സാധിച്ചിട്ടുണ്ട്. ഇത് പൂർണ്ണമായും ശുചിത്വ പദ്ധതികൾക്ക് സഹായകരമായി ഉപയോഗപ്പെടുത്തണം. അതോടൊപ്പം എൻ.ആർ.എച്ച്.എം. പദ്ധതിയിലൂടെ നടത്തുന്ന പരിപാടികൾക്ക് ഐക്യ രൂപമുണ്ടാക്കി പ്രസ്തുത പദ്ധതി പ്രവർത്തനങ്ങൾ കൂടി മുഖ്യധാരയിലേക്ക് കൊണ്ട് വരണം മൂന്ന് വിധത്തിലൂടെ പദ്ധതികൾ യോജിപ്പിച്ച് കൊണ്ടാവണം മണ്ഡലത്തിലെ സുപ്രധാന പദ്ധതികൾക്ക് രൂപം നൽകാൻ അല്ലാത്തപക്ഷം വിവിധ തലങ്ങളിൽ നടത്തുന്ന പ്രവർത്തനങ്ങൾ ലക്ഷ്യം കാണാതെ പാഴ്ചിലവായി മാറും.

മാറി വരുന്ന ആരോഗ്യ ശീലം, ശൈലി രോഗങ്ങൾ, രോഗാതുരത എന്നിവ കൂടി കണക്കിലെടുത്താവണം സമഗ്ര പദ്ധതികൾ നടപ്പിലാക്കാൻ

**പദ്ധതികൾ (നടപ്പിലാക്കിയവ)**

**മാലിന്യ സംസ്ക്കരണ പ്ലാന്റ് (ഇരിക്കൂർ നിയോജക മണ്ഡലം)**

ഇരിക്കൂർ നിയോജക മണ്ഡലത്തിലെ ഉളിക്കൽ, ശ്രീകണ്ഠാപുരം, നടുവിൽ എന്നീ ഗ്രാമ പഞ്ചായത്തുകളിലായി 325 ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതി നുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**സ്ക്കൂൾ ടോയ്ലറ്റ് (ഇരിക്കൂർ നിയോജക മണ്ഡലം)**

സർക്കാർ സ്ക്കുളുകളിൽ ശുചിത്വ പദ്ധതിയുടെ ഭാഗമായി ടോയ്ലറ്റുകളും മൂത്രപ്പുരകളും നിർമ്മിച്ചിട്ടുണ്ട്. കൂടാതെ ജലലഭ്യത ഉറപ്പു വരുത്തുന്നതിനായി പൈപ്പ് ലൈൻ സൗകര്യവും ഒരുക്കിയിട്ടുണ്ട്.

**വ്യക്തിഗത കക്കൂസ് (ഇരിക്കൂർ നിയോജക മണ്ഡലം)**

ഇ.എം.എസ്. ഭവന പദ്ധതിയിൽ ഇരിക്കൂർ നിയോജക മണ്ഡലത്തിലെ 9 ഗ്രാമ പഞ്ചായത്തുകളിലായി 520 യൂണിറ്റ് കക്കൂസുകൾ പൂർത്തീകരിക്കുകയും ശുചിത്വമിഷൻ വിഹിതം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഐ.എ.വൈ. പദ്ധതിയിൽ ഭവന നിർമ്മാണ സഹായം ലഭിച്ച് അനുബന്ധമായി വ്യക്തിഗത കക്കൂ സുകൾ നിർമ്മിച്ച് പൂർത്തിയാക്കിയ 212 പേർക്ക് 6,78,400/-രൂപ അനുവദിച്ചിട്ടുണ്ട്.

**ശുചിത്വം വികസന കാഴ്ചപ്പാട്**

- എല്ലാ വീട്ടിലും കംപോസ്റ്റിങ്ങ് സംവിധാനം -പൈപ്പ് കമ്പോസ്റ്റിങ്ങ്, മണ്ണിര കമ്പോസ്റ്റിങ്ങ്, കുഴി കമ്പോസ്റ്റിങ്ങ്
- എം.ജി.എൻ.ആർ.ജി.എ.യിൽ ഉൾപ്പെടുത്തി എല്ലാ വീട്ടിലും സോക്കേജ് സംവിധാനം
- എല്ലാ പഞ്ചായത്തിലും പ്ലാസ്റ്റിക് മാലിന്യ പരിപാലന പദ്ധതി - സുസ്ഥിര പ്രോജക്ട്
- ചെറുപട്ടണങ്ങളിലെ മാലിന്യ സംസ്ക്കരണത്തിനുള്ള സംവിധാനം - റിങ്ങ് കമ്പോസ്റ്റിങ്ങ്
- പ്ലാസ്റ്റിക്ക് റി സൈക്ലിംഗ് യൂണിറ്റ്
- സെപ്റ്റേജ് വേസ്റ്റ് മാനേജ്മെന്റ്

- ബസ്സ്റ്റാൻഡുകളിലും ചെറുപട്ടണങ്ങളിലും ബയോടോയ്ലറ്റ് / ഇ ടോയ്ലറ്റ് നിലവിലുള്ള ശ്രീകണ്ഠാപുരം ശാസ്ത്രീയ അറവുശാല പദ്ധതി വിപുലീകരിച്ച് പ്രവർത്തന ക്ഷമമാക്കുക
- പശു എരുമ, ആട്, കോഴി എന്നിവ വളർത്തുന്ന കർഷകരുടെ വീടുകളിൽ ഓവുചാൽ പ്ലാന്റ്
- അംഗൻവാടി ടോയ്ലറ്റ് (ബേബി ഫ്രണ്ട്ലി)
- സ്ക്കൂൾ ടോയ്ലറ്റ് (ഗേൾഡ് ഫ്രണ്ട്ലി ആന്റ് ബോയ്സ് ഫ്രണ്ടലി) കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി നിർമ്മിക്കുക
- സ്ഥാപനങ്ങളിലെ (ഓഡിറ്റോറിയം, ഹോട്ടലുകൾ) ഖരദ്രവ മാലിന്യ സംസ്ക്കരണ പ്ലാന്റ്, ബയോഗ്യാസ്, റിങ്ങ് കമ്പോസ്റ്റ്

## പാർപ്പിടം

**ഇന്നത്തെ അവസ്ഥ:**

വില്ലേജ് ഹൗസിംഗ് പ്രോഗ്രാം, ജെ.ആർ.വൈ., എം.ഡബ്ല്യൂ.എസ്., ഇ.എ.എസ്. എൻ.ആർ.ഇ.പി., ആർ.എൽ.ഇ.ജി.പി. തുടങ്ങി വിവിധ കേന്ദ്രാവിഷ്കൃത ഭവന പദ്ധതികൾ രാജ്യമൊട്ടാകെ നടപ്പിലാക്കിയിരുന്നു.. കേരളത്തിൽ ഇ.എം.എസ്. ഭവന പദ്ധതി, എം.എൻ.പാർപ്പിട പദ്ധതി, പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പ് എന്നിവ വഴിയും ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെയും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും സംയുക്തമായി ഐ.എ.വൈ. ഭവന നിർമ്മാണ പദ്ധതി എന്നി വയിലൂടെയും ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട വീടില്ലാത്ത ധാരാളം പേർക്ക് വീട് നിർമ്മിച്ചു നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത ഭവന പദ്ധതി നിർവ്വഹണ ഫല മായി ഇരിക്കൂർ നിയോജകമണ്ഡലത്തിലും പാർപ്പിട പ്രശ്നം ഏറെ ക്കുറെ പരിഹരി ക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നിരുന്നാലും പട്ടികവർഗ്ഗ വിഭാഗത്തിലും ന്യൂനപക്ഷ, മറ്റുവി ഭാഗങ്ങൾക്കിടയിലും അണുകുടുംബ വ്യവസ്ഥയുടെ ഭാഗമായി ബി.പി.എൽ. വിഭാഗ ത്തിൽപ്പെട്ട 4701 കുടുംബങ്ങൾക്ക് ഇപ്പോൾ വാസയോഗ്യമായ വീടുകളില്ലാത്ത സ്ഥിതിയുണ്ട്.

**വാസയോഗ്യമല്ലാത്ത വീടുകളില്ലാത്ത കുടുംബങ്ങളുട എണ്ണം**

| ഗ്രാമ പഞ്ചായത്തിന്റെ പേര് | ആകെ വീടില്ലാത്ത കുടുംബങ്ങ ൾ | ബി.പി.എ ൽ. കുടുംബ ങ്ങളുടെ എണ്ണം | പട്ടിക ജാതി കുടുംബ ങ്ങൾ | പട്ടികവർഗ്ഗ കുടുംബ ങ്ങൾ | ന്യൂനപക്ഷ വിഭാഗം | മറ്റുള്ളവ ആകെ |
|---|---|---|---|---|---|---|
| എരുവേശ്ശി | 204 | 204 | 6 | 39 | 103 | 56 |
| ശ്രീകണ്ഠപുരം | 252 | 164 | 19 | 12 | 36 | 185 |
| പയ്യാവൂർ | 424 | 424 | 4 | 100 | 180 | 140 |
| ഇരിക്കൂർ | 130 | 130 | 5 | 0 | 95 | 30 |
| ഉളിക്കൽ | 526 | 526 | 10 | 60 | 225 | 231 |
| ആലക്കോട് | 800 | 2492 | 45 | 107 | 367 | 281 |
| ചെങ്ങളായി | 1066 | 2217 | 70 | 34 | 347 | 615 |

| | | | | | | |
|---|---|---|---|---|---|---|
| നടുവിൽ | 999 | 3048 | 29 | 200 | 435 | 335 |
| ഉദയഗിരി | 390 | 2315 | 2 | 80 | 155 | 153 |
| ആകെ | **4791** | **11520** | **190** | **632** | **1943** | **2026** |

**പ്രശ്നങ്ങൾ:**

1. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം കടത്തു കൂലി, ലഭ്യത കുറവ്
2. വിദഗ്ദ്ധ തൊഴിലാളികളെ ലഭിക്കാനുള്ള ബുദ്ധിമുട്ട്
3. വായ്പകൾ ലഭിക്കാനുള്ള ബുദ്ധിമുട്ട്
4. ഭവനനിർമ്മാണ പദ്ധതികളെക്കുറിച്ചും, ഗുണഭോക്തൃ തെരഞ്ഞെടുപ്പ്, ഗ്രാമ സഭ പങ്കാളിത്തം നടപ്പിലാക്കുന്ന ഏജൻസികൾ എന്നിവ സംബന്ധിച്ച വേണ്ടത്ര അറിവില്ലായ്മ.
5. സംയോജന സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനുള്ള പോരയ്മ ഉദാ:- എം.ജി..എൻആർ.ഇ.ജി.എസ്., ടി.എസ്.സി., ആർ..എസ്.ബി.വൈ., ആർ.ജി. എൻ.വി.വൈ. മുതലായവ

**സാധ്യതകൾ:**

1. ദാരിദ്ര്യരേഖയ്ക്ക് താഴെ മുഴുവൻ വാസയോഗ്യമല്ലാത്ത വീടുള്ളവർക്കും ഭവന നിർമ്മാണ ധനസഹായം ഇന്ദിര ആവാസ് യോജന ഭവന പദ്ധതി വഴി നൽകുക
2. നിയോജക മണ്ഡലത്തിൽ ഭവന നിർമ്മാണ സഹകരണ സംഘം ഉണ്ടാക്കുക
3. നിർമ്മാണ സാമഗ്രികളുടെ വില ഏകീകരിക്കുന്നതിന് ഭവന നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ (കല്ല്, മണൽ, ഇഷ്ടക, ഹോളോ ബ്രിക്സ് കമ്പി, സിമന്റ്, ജില്ലി തുടങ്ങിയവ) ഉല്പാദിപ്പിച്ച ലഭ്യാക്കുന്നതിന് വിദഗ്ദ്ധ തൊഴിലാളികളുടെ ഉല്പാദക സംഘം രൂപീകരിച്ച് ന്യായ വിലക്ക് നൽകുന്നതിന് വിപണന കേന്ദ്രം, പരിശീലനം തുടങ്ങിയവ സ്ഥാപിക്കുക
4. ഭവന നിർമ്മാണ വായ്പ വ്യവസ്ഥകൾ ഉദാരമാക്കുക
5. ഭൂരഹിതർക്ക് കുറഞ്ഞത് 6 സെന്റ് ഭൂമിയെങ്കിലും ലഭ്യമാക്കി വിടുൾപ്പെടെ ധനസഹായം ലഭ്യമാക്കുക

**വികസന സമീപനം:**

ഇരിക്കൂർ നിയോജക മണ്ഡലത്തിലാകെ 11520 ബി.പി.എൽ. കുടുംബങ്ങളാണുള്ളത് അതിൽ 4701 കുടുംബങ്ങൾക്ക് വാസയോഗ്യമായ വീടുകളില്ല. വീടില്ലാത്ത മുഴുവൻ കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചു നൽകുന്നതിന് ധനസഹായം ലഭ്യമാക്കേണ്ടതുണ്ട്. പാർപ്പിടരംഗത്തെ വികസന സമീപനം ഘട്ടം ഘട്ടമായി ഈ ലക്ഷ്യം കൈവരിക്കുന്നതിനുള്ള പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കാനുദ്ദേശിക്കുന്നു. വിവിധ ഡിപ്പാർട്ട്മെന്റുകളുടെയും, സന്നദ്ധ സംഘടനകളുടെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും ഫണ്ടുകൾ ഏകോപിപ്പിച്ചു കൊണ്ട് പ്രത്യേകിച്ച് ഇന്ദിര ആവാസ് യോജന ഭവന പദ്ധതിയിൽ കൂടുതൽ ലക്ഷ്യം കൈവരിക്കുന്നതിന് മുൻഗണന നൽകുന്നു 60ങ്ങ$^2$ വിസ്തീർണ്ണമുള്ള ശുചിത്വ കക്കൂസ്പുകയില്ലാത്ത അടുപ്പ്, മേൽക്കൂര , മഴവെള്ള സംഭരണി, വൈദ്യുതീകരണം തുടങ്ങി ആധുനിക സൗകര്യത്തോടെമുള്ള വീട് നിർമ്മിക്കുന്നതിന് പട്ടികജാതി, ന്യൂനപക്ഷ, മറ്റു വിഭാഗങ്ങൾക്ക് 2 ലക്ഷം രൂപയും പട്ടികവർഗ്ഗ വിഭാഗത്തിന് 2 1/2 ലക്ഷം രൂപയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്. അധിക സഹായം നൽകുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് തുക തികയാതെ

വന്നാൽ 10 വർഷം തുല്യ ഗഡുക്കളായി ലോണെടുക്കുന്നതിനും പലിശ സർക്കാർ വഹിക്കുന്നതിനും തീരുമാനമെടുക്കാവുന്നതാണ്

**നടപ്പ് പദ്ധതികൾ:**

ഇന്ദിര ആവാസ് യോജന പദ്ധതി വികസന ബ്ലോക്ക് മുഖേന നടപ്പാക്കി വരുന്നു. ഗ്രാമസഭ തെരഞ്ഞെടുത്ത് ഗ്രാമ പഞ്ചായത്ത് അംഗീകരിച്ച ബ്ലോക്ക് ഗുണഭോക്താക്കളിൽ 60% പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കും 15% മതന്യനപക്ഷങ്ങൾക്കും ബാക്കി മറ്റ് വിഭാഗങ്ങൾക്കും നൽകുന്നു. പട്ടികവർഗ്ഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ഐ.എ.വൈ. വിഹിതം കഴിച്ച് ബാക്കി തുക ഗ്രാമ പഞ്ചായത്ത് , ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതം ഉൾപ്പെടെ 250000/- രൂപയും മറ്റ് എല്ലാ വിഭാഗങ്ങൾക്കും 2 ലക്ഷം രൂപയും നൽകുന്നു. ആകെ ഗുണഭോക്താക്കളിൽ 3% ഭിന്നശേഷിയുള്ളവർക്ക് നീക്കിവെക്കണം. 2011-12 വർഷം മുതൽ ഇരിക്കൂർ നിയോജകമണ്ഡലത്തിലെ 9 ഗ്രാമ പഞ്ചായത്തുകളിലായി നടപ്പാക്കി വരുന്ന ഭവന നിർമ്മാണ പരിപാടികളുടെ വിവരങ്ങൾ ചുവടെ കോടുക്കുന്നു.

**പ്രോജക്ട് നിർദ്ദേശങ്ങൾ:**

നിയോജക മണ്ഡലത്തിലെ 9 ഗ്രാമ പഞ്ചായത്തുകളിലായി 4791 കുടുംബങ്ങൾ ഭവനരഹിതരോ താമസയോഗ്യമായ വീടില്ലാത്തവരൊ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഈ കുടുംബങ്ങൾക്ക് അടുത്ത 2 വർഷം കൊണ്ടു വീട് ലഭ്യമാക്കി മുഴുവൻ കുടുംബങ്ങൾക്ക് താമസയോഗ്യമായ വീട് നിർമ്മിക്കാൻ സാധിച്ച് എന്ന് ഉറപ്പ് വരുത്തുവാൻ സാധിക്കണം അതിനുള്ള പ്രോജക്ട് നിർദ്ദേശങ്ങൾ ചുവടെ കൊടുക്കുന്നു.

**ആവശ്യമായ വീടുകളുടെ എണ്ണവും ആവശയമായ തുകയും**

| | ആവശ്യമായ വീടുകളുടെ എണ്ണം | ആകെ ആവശ്യമായ തുക | കേന്ദ്ര വിഹിതം (70000) | സംസ്ഥാന വിഹിതം (50000) | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് |
|---|---|---|---|---|---|---|---|
| പട്ടിക ജാതി | 190 | 38000000 | 13300000 | 9500000 | 3800000 | 6080000 | 5320000 |
| പട്ടിക വർഗ്ഗം | 632 | 158000000 | 44240000 | 31600000 | 20540000 | 32864000 | 28756000 |
| ന്യൂനപക്ഷ വിഭാഗം | 1943 | 388600000 | 136010000 | 97150000 | 38860000 | 62176000 | 54404000 |
| മറ്റുവളളവ | 2026 | 405200000 | 141820000 | 101300000 | 40520000 | 64832000 | 56728000 |
| ആകെ | **4791** | **989800000** | **335370000** | **239550000** | **103720000** | **165952000** | **145208000** |

**സമഗ്ര വികസനം**

ദീർഘകാലത്തേക്കുള്ള ഒരു വികസന കാഴ്ചപ്പാടോട് കൂടി വേണം നമ്മുടെ പാർപ്പിട പ്രശ്നത്തെ വിലയിരുത്താൻ ഗ്രാമ വികസന വകുപ്പ്, പട്ടികജാതി വികസന വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ്, ഭവന നിർമ്മാണ ബോർഡ് തുടങ്ങി ഒട്ടനവധി

സർക്കാർ വകുപ്പുകളും ഏജൻസികളും ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ടെങ്കിലും സമഗ്രമായ ഒരു കാഴ്ചപ്പാട് വേണ്ട രീതിയിൽ ഉരുത്തിരിഞ്ഞ് വന്നിട്ടില്ല. വലിയൊരളവ് വരെ ഈ മണ്ഡലത്തിൽ പാർപ്പിട പ്രശ്നത്തെ പരിഹരിക്കാൻ സാധിച്ചിട്ടുണ്ടെങ്കിലും പുതിയ കുടുംബങ്ങളുടെ ഉദയത്തോട് കൂടി വീടുകളുടെ ആവശ്യകതയും വർദ്ധിപ്പിച്ചു വന്നു അതോടൊപ്പം തന്നെ ഭൂമിയുടെ ലഭ്യത കുറഞ്ഞ് വരികയും ചെയ്തു. ഏകീകൃതമായ ഒരു സമീപനമാണ് പാർപ്പിട പ്രശ്നത്തെ കൈകാര്യം ചെയ്യുന്നതിന് നമുക്കാവശ്യം.

ഈ മേഖലയിൽ ഇന്ന് നിലനിൽക്കുന്ന പ്രശ്നങ്ങൾക്ക് ദീർഘ കാലാടിസ്ഥാനത്തിലുള്ള പരിഹാരമുണ്ടാക്കുകയെന്നത് കൂടി വികസന കാഴ്ചപ്പാടിന്റെ ഭാഗമാകേണ്ടതുണ്ട്. അസംസ്കൃത വസ്തുക്കളുടെ ലഭ്യത കുറവ്, വിലക്കയറ്റം, വിദഗ്ദ്ധ തൊഴിലാളികളുടെ അഭാവം തുടങ്ങി ഒട്ടനവധി പ്രശ്നങ്ങൾ നിലനിൽക്കുന്നു.

## IV.5. വിദ്യാഭ്യാസം, സംസ്കാരം

## വിദ്യാഭ്യാസം

**ഇന്നത്തെ അവസ്ഥ:**

ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ഇരിക്കൂർ, തളിപ്പറമ്പ് നോർത്ത്, ഇരിട്ടി സബ്ജില്ലകളിലായി സർക്കാർ എയിഡഡ്, ഹൈസ്കൂൾ/ഹയർ സെക്കന്ററി പ്രൈമറി/അപ്പർ പ്രൈമറി വിഭാഗങ്ങളിലായി ആകെ 122 വിദ്യാലയങ്ങളാണ് ഉള്ളത്.

| സബ്ജില്ല | പ്രൈമറി/അപ്പർ പ്രൈമറി | | സെക്കന്ററി | | ഹയർ സെക്കന്ററി | | ആകെ |
|---|---|---|---|---|---|---|---|
| | ഗവ: | എയിഡഡ് | ഗവ: | എയിഡഡ് | ഗവ: | എയിഡഡ് | |
| ഇരിക്കൂർ | 16 | 44 | 6 | 9 | 6 | 2 | 83 |
| തളിപ്പറമ്പ് നോർത്ത് | 9 | 13 | 4 | 5 | 4 | 3 | 38 |
| ഇരിട്ടി | 0 | 1 | 0 | 0 | 0 | 0 | 1 |
| ആകെ | 25 | 58 | 10 | 14 | 10 | 5 | 122 |

ഇരിക്കൂർ നിയോജകമണ്ഡലത്തിൽവരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇരിക്കൂർ, തളിപ്പറമ്പ് നോർത്ത്, ഇരിട്ടി ഉപജില്ലാ വിദ്യാഭ്യാസ ആഫീസിന്റെ പരിധിയിൽ വരുന്നവയാണ്.

എയിഡഡ് വിദ്യാലയങ്ങളിൽ സാധാരണ ഗതിയിൽ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും സർക്കാറും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഫണ്ട് അനുവദിക്കാറില്ല. എയിഡഡ് വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ പൂർണ്ണമായും ഒരുക്കുന്നത് അതാത് മാനേജ്മെന്റിന്റെ ഉത്തരവാദിത്വത്തിൽ വരുന്നതാണ്. എന്നിരുന്നാലും കേന്ദ്ര ഗവൺമെന്റ് സ്കീം മുഖേന മൈനോറിറ്റി ഗ്രാന്റ് ഇനത്തിൽ തുക നൽകി വരുന്നു. എന്നാൽ സർക്കാർ വിദ്യാലയങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ആർ.എം.എസ്.എ, എസ്.എസ്.എ സർക്കാർ എന്നിവ വഴിയും ഫണ്ട് അനുവദിക്കുന്നുണ്ട്. എന്നിരുന്നാലും ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ഭൂരിഭാഗം വിദ്യാലയങ്ങളിലും പുതിയ കാലഘട്ടത്തിന് അനുയോജ്യമായ അടിസ്ഥാന സൗകര്യങ്ങൾ നിലവിലില്ല. കായിക മേഖലയിൽ മികച്ച മുന്നേറ്റമുണ്ടാ ക്കുവാൻ മലയോരമേഖലയിൽ സ്ഥിതിചെയ്യുന്ന വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് കഴിഞ്ഞിട്ടുണ്ടെങ്കിലും സൗകര്യപ്രദമായ കളിസ്ഥലവും അന്താരാഷ്ട്ര നിലവാരമുള്ള പരിശീലന സൗകരവും ഇരിക്കൂർ മണ്ഡലത്തിലെ യാതൊരു സ്കൂളിലും നിലവിലില്ല.

എയിഡഡ് വിദ്യാലയങ്ങളിൽ സൗകര്യം കുറഞ്ഞ പഴയ പ്രി-കെ.ഇ.ആർ. കെട്ടിടം നിലനിൽക്കുന്നുണ്ട് എന്നുള്ളത് വലിയൊരു പോരായ്മയാണ്. 8-10 ക്ളാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണ പരിപാടി നടപ്പിലാക്കി വരുന്നുണ്ട്. എന്നാൽ നല്ല രീതിയിലുള്ള ഉച്ചഭക്ഷണ ശാലകൾ മിക്ക വിദ്യാലയങ്ങളിലും ഇല്ല. ഉച്ചഭക്ഷണ ത്തിനുള്ള അരി കേന്ദ്രവിഹിതമായും പാചകക്കൂലി, പലവ്യഞ്ജനങ്ങൾ എന്നിവയ്ക്ക് സംസ്ഥാന സർക്കാർ സാമ്പത്തിക സഹായവും നൽകുന്നുണ്ട്. സമഗ്ര പോഷകാഹാര പദ്ധതി എന്ന രീതിയിൽ സാമാന്യം മെച്ചപ്പെട്ട തരത്തിൽ ഉച്ചഭക്ഷണം നൽകിവരു ന്നുണ്ട്. ഈ മേഖലയിൽ വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം ഏർപ്പെടുത്തേണ്ടത് അത്യാവശമായ ഒരു ഘടകമാണ്. കുട്ടികളുടെ എണ്ണക്കുറവുള്ള വിദ്യാലയങ്ങളിൽ ഉച്ചഭക്ഷണ പരിപാടി നടപ്പിലാക്കുമ്പോൾ ബന്ധപ്പെട്ട വിദ്യാലയത്തിലെ പ്രധാന അദ്ധ്യാപകർക്കും സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നുണ്ട്.

പുതിയ പാഠ്യപദ്ധതിയനുസരിച്ച് വിദ്യാർത്ഥികൾ ഒട്ടേറെ കാര്യങ്ങൾ സ്വമേധയാ പഠിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുന്നുണ്ട്. ഇത് മെച്ചപ്പെടുത്തുവാൻ വിവരസാങ്കേതിക വിദ്യായുടെ ഗുണഫലങ്ങൾ പൂർണ്ണമായും ഉപയോഗപ്പെടുത്തണം. ഐ.സി.ടി. പദ്ധതിപ്രകാരമുള്ള സ്മാർട്ട് ക്ളാസ്സ് റൂം മുഴുവൻ വിദ്യാലയങ്ങളിലും ഉണ്ടാക്കണം. അതുപോലെ പ്രീ-പ്രൈമറി വിഭാഗത്തിനും കൂടുതൽ ഊന്നൽ നൽകി പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിനായി പദ്ധതി നടപ്പിലാക്കുന്നതും ഈ വിഭാഗത്തിന് ഗുണം ചെയ്യും. ഇരിക്കൂർ നിയോജകമണ്ഡലത്തിൽ കലാരംഗത്ത് ഊന്നൽ നൽകിക്കൊണ്ട് വളർന്നുവരുന്ന കലാകാരന്മാരെ പരിപോഷിപ്പിക്കുന്നതിനും കണ്ടെത്തുന്നതിനും പ്രയോജനപ്രദമായ സ്ഥാപനങ്ങൾ തുടങ്ങുന്നതും ഈ മേഖലയിൽ വളരെയധികം പ്രയോജനം ചെയ്യുന്നതാണ്.

**വികസന കാഴ്ചപ്പാട്:**

കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ പൊതുവിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങൾ ഇരിക്കൂർ മണ്ഡലത്തിലെ വിദ്യാലയങ്ങളിൽ ഏറ്റക്കുറിച്ചിലോടെ ഉണ്ടായിട്ടുണ്ട്. അതോടൊപ്പം അക്കാദമിക് രംഗത്തും കലാകായിക രംഗങ്ങളിലും എടുത്ത് പറയാവുന്ന ഒട്ടേറെ ഒറ്റപ്പെട്ട അനുഭവങ്ങളുമുണ്ട്. ഈ മേഖലയിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങൾ സുസ്ഥിരവും സ്ഥായിയായതുമായി മാറ്റാനുള്ള പ്രവർത്തനങ്ങളാണ് 2030 ആകുമ്പോഴേക്കും ചെയ്യേണ്ടത്. ഇതിനായി ആദ്യഘട്ടത്തിൽ സ്കൂളുകളിൽ സ്മാർട്ട് ക്ളാസ്സ് റും ഉണ്ടാവുകയും രണ്ടാംഘട്ടമായി സ്കൂളുകൾതന്നെ സ്മാർട്ട് സ്കൂളുകൾ ആയി മാറുകയും വേണം.

പുതിയ വിദ്യാഭ്യാസ സമ്പ്രദായമനുസരിച്ച് വിദ്യാർത്ഥികൾ ഒട്ടേറെ കാര്യങ്ങൾ സ്വമേധയാ പഠിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുന്നുണ്ട്. ഇത് മെച്ചപ്പെടുത്തുവാൻ വിവരസാങ്കേതിക വിദ്യയുടെ ഗുണഫലങ്ങൾ പൂർണ്ണമായും ഉപയോഗപ്പെടുത്തണം. ഐ.സി.ടി. പദ്ധതി പ്രകാരമുള്ള സ്മാർട്ട് ക്ളാസ്സ്റും മുഴുവൻ വിദ്യാലയങ്ങളും ഉണ്ടാക്കണം.

ഉന്നത നിലവാരത്തിലുള്ള വിദഗ്ദരുടെ ക്ളാസ്സുകളും ദൃശ്യങ്ങളും ഈ സംവിധാനത്തിലൂടെ തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ കുട്ടികൾ നേരിട്ട് കേൾക്കുവാനും കാണുവാനും കഴിയണം. അദ്ധ്യാപകർ ക്രമേണ ഫെസിലിറ്റേറ്റർമാരായി മാറണം. അതോടൊപ്പം ഉന്നത നിലവാരത്തിലുള്ള ലബോറട്ടികളും ലൈബ്രറികളും വിദ്യാലയങ്ങളിൽ ഉണ്ടാകണം. സ്കൂളുകളിൽ കുട്ടികളുടെ എന്റോൾമെന്റ് ഏതാണ്ട് പൂർണ്ണമാണ്. എന്നാൽ പട്ടികവർഗ്ഗമേഖലകളിൽ കൊഴിഞ്ഞുപോക്ക് ശക്തമാണ്. ഇത് പൂർണ്ണമായും ഒഴിവാക്കുന്നതിന് ഈ മേഖലയിൽ രക്ഷിതാക്കൾക്ക് ആവശ്യമായ ബോധവൽക്കരണ പരിശീലനം നൽകണം.

കുട്ടികളുടെ ആരോഗ്യസംരക്ഷണവും വളരെ പ്രധാനപ്പെട്ട കാര്യമാണ്. സാമ്പത്തികശേഷിയുള്ള കുടുംബങ്ങളിലെ കുട്ടികൾപോലും മതിയായ രീതിയിൽ പ്രഭാതഭക്ഷണം കഴിക്കാത്ത അവസ്ഥയാണ് നിലവിലുള്ളത്. "Breakfast is Brainfood" എന്ന ചൊല്ല് അന്വർത്ഥമാക്കുന്നവിധത്തിൽ മുഴുവൻ വിദ്യാലയങ്ങളിലും പോഷകസമൃദ്ധമായ പ്രഭാതഭക്ഷണം ഏർപ്പെടുത്തണം.

കായികരംഗത്ത് മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന മലയോര മേഖലയിമര വിദ്യാർത്ഥികൾക്ക് കായികപരിശീലനം നൽകുന്നതിന് മികച്ച പരിശീലകന്റെ സേവനവും പരിശീലന ഉപകരണങ്ങളും ലഭ്യമാക്കേണ്ടത് കായികരംഗത്തെ വികസനത്തിന് ആക്കംകൂട്ടുന്നതാണ്.

സെക്കന്ററി വിദ്യാഭ്യാസത്തിനുശേഷം ബിരുദ ബിരുദാനന്തര പഠനത്തിനും പ്രൊഫണൽ വിദ്യാഭ്യാസത്തിനും ഈ മണ്ഡലത്തിൽ സൗകര്യമില്ലാത്തതിനാൽ വിദൂര സ്ഥലങ്ങളിൽപ്പോയി പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം ഈ മണ്ഡലത്തിൽ വളരെയധികം കൂടുതലാണ്. ഇരിക്കൂർ മണ്ഡലത്തിൽ ആവശ്യമായ പ്രഫഷണൽ കോളേജുകൾ, സാങ്കേതിക സ്ഥാപനങ്ങൾ എന്നിവ ഭാവിയിൽ സ്ഥാപിക്കേണ്ടത് അനിവാര്യമായ സംഗതിയാണ്.

ഇരിക്കൂർ നിയോജക മണ്ഡലത്തിലെവിദ്യാഭ്യാസമേഖലയിൽ പ്രധാനമായും പുതിയഎൽ.പി.സ്കൂൾരൂപീകരണം, നിലവിലെവിദ്യാലയങ്ങളിലെ ഭൗതികസാഹച ര്യംവർദ്ധിപ്പിക്കൽ, മണ്ഡലത്തിൽതൊഴിൽ പരിശീലന കേന്ദ്രം, മലയോര മേഖല യിലെ കായികമൽസരങ്ങളിൽ കഴിവ് തെളിയിക്കുന്ന വിദ്യാർത്ഥികളെകണ്ടെത്തി പരി പോഷിപ്പിക്കുന്നതിനും സ്പോർട്സ്ഡിവിഷൻസ്കൂൾ, സിന്തറ്റിക് ട്രാക്സഹിതം ആധുനിക സൗകര്യങ്ങളോടു കൂടിയ സ്പോർട്സ് സ്റ്റേഡിയം, കലാരംഗങ്ങളിൽ പരി ശീലനത്തിന് ഒരുകേന്ദ്രം, പ്രീ-പ്രൈമറി വിഭാഗങ്ങൾക്ക് കെട്ടിടം ഉൾപ്പെടെ ആവശ്യ മായ സ്ഥിരം സംവിധാനം, കാർഷിക മേഖലയിൽ ഉന്നതപഠനത്തിന് കാർഷിക കോളേജ്, വിദ്യാലയങ്ങളിൽ ഇംഗ്ളീഷ് ഭാഷാ പരിശീലന പദ്ധതി, ഇരിക്കൂർ നിയോ ജക മണ്ഡലത്തിലെ 5 വയസ്സിനു താഴെ പ്രായമുള്ളവിദ്യാർത്ഥികൾക്ക്ആവശ്യമായ പ്രീ-പ്രൈമറിസ്കൂളുകൾ, പോഷകാഹാരവിതരണം നൽകുകതുടങ്ങിഒട്ടേറെ പദ്ധതി കൾ നിയോജക മണ്ഡലത്തിൽആവശ്യമാണ്.

**വിദ്യാഭ്യാസസ്ഥാപനങ്ങൾ പുതുതതായി അനുവദിക്കൽ:**

ഉളിക്കൽ പഞ്ചായത്തിൽഉൾപ്പെടുന്ന കാലാങ്കി എന്ന ഗ്രാമത്തിൽ ഗവൺമെന്റ് എൽ.പി.സ്കൂൾ അനുവദിക്കുകഎന്നത് പ്രദേശവാസികളുടെഏറെകാലത്തെ ആവശ്യമാണ് എം.ജി.എൽ.സി എന്നു പറയുന്ന ബദൽവിദ്യാലയമാണ് നിലവിൽകാലാങ്കി പ്രദേശത്തുള്ളത് പ്രസ്തുതസ്ഥലത്തുനിന്നുംഅയൽവിദ്യാലയമായജി.എൽ.പി. സ്കൂൾ മാട്ടറയിലേക്ക് 7 കി.മീറ്റർദൂരമുണ്ട്. ഗ്രാമപഞ്ചായത്ത് ഇതിനകം സ്കൂൾ സ്ഥാപിക്കുവാൻ 52 സെന്റ്സ്ഥലംവാങ്ങിയതായിഇതിക്കൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർറിപ്പോർട്ട്ചെയ്തിട്ടുണ്ട്. ആയതിനാൽകാലാങ്കി പ്രദേശത്ത് ഗവൺമെന്റ് എൽ.പി.സ്കൂളിൻെറ നിർമ്മാണ പവൃത്തിഉടനെ ആരംഭിക്കുവാൻവേണ്ട നടപടി കൾസ്വീകരിക്കുവാൻ അഭ്യർത്ഥിക്കുന്നു.

ഇരിക്കൂർ നിയോജക മണ്ഡലത്തിലെ എസ്.എസ്.എൽ.സി പ്ളസ് 2 വിദ്യാ ഭ്യാസം പൂർത്തിയാക്കിയ വിദ്യാർത്ഥികളിൽ തൊഴിൽ പരിശീനവുമായി ബന്ധപ്പെട്ട് സാങ്കേതിക വിദ്യാഭ്യാസത്തിന് വിദൂര സ്ഥലങ്ങളെ ആശ്രയിച്ചാണ് പഠിക്കുന്നത് ഇരി ക്കൂർ നിയോജകമണ്ഡലത്തിൽ തൊഴിൽ പരിശീലന കേന്ദ്രം, ഐ.ടി.ഐ പോളി ടെ ക്നിക് തുടങ്ങിയ സാങ്കേതിക സ്ഥാപനങ്ങൾ അനിവാര്യമാണ് പോളിടെക്നിക്, ഐ.ടി.ഐ എന്നിവ ആരംഭിക്കുന്നതിന് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ഗവൺമെന്റ് സ്ഥലത്തിൻെറ ലഭ്യത അനുസരിച്ച് സ്ഥാപനങ്ങൾ നിർമ്മിക്കുക വഴി മലയോര മേഖ ലയിലെ വിദ്യാർത്ഥികൾക്ക് തൊഴിൽ പരിശീലന വിദ്യാഭ്യാസത്തിന് മികച്ച പ്രയോ ജനം ലഭിക്കും.

ഇരിക്കൂർമണ്ഡലത്തിൽ 5 വയസ്സിന് താഴെയും, 3 വയസ്സിന് മുകളിലുള്ള കുട്ടികൾക്ക്, മാനസിക വികാസത്തിനും, ഉല്ലാസത്തിനും ഉതകുന്ന നവീന മാതൃകയിലുള്ള പ്രീ-പ്രൈമറി കെട്ടിടങ്ങൾ നിർമ്മിക്കുക കൂടാതെ വിദ്യാർത്ഥികൾക്ക് ആവശ്യമായ മുഴുവൻ പോഷകാഹാരങ്ങളും വിതരണം ചെയ്യുവാൻ നടപടി സ്വീകരിച്ചാൽ ഈ വിഭാഗത്തിന് വളരെയധികം പ്രയോജനം ലഭിക്കുന്നതാണ്.

**കായികമേഖലയിൽവികസനം:**

കായിക മത്സരങ്ങളിൽ മികവ് പ്രകടിപ്പിക്കുന്ന ഇരിക്കൂർ മണ്ഡലത്തിലെ വിദ്യാർത്ഥികൾക്ക് മികച്ച രീതിയിലുള്ള പരിശീലനവും ഭൗതികസാഹചര്യങ്ങൾ ഒരുക്കുക എന്നിവ വഴി ഭാവിയിൽ ഇരിക്കൂർ മണ്ഡലത്തിൽ നിന്നും മികച്ച കായികതാരങ്ങളെ വാർത്തെടുക്കുവാൻ സാധിക്കും. ഇതിനായി അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലന സൗകര്യങ്ങൾ പരിശീലന ഉപകരണങ്ങൾ എന്നിവയും മികച്ച കളിസ്ഥലവും നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്. ഇതിനായി ഭൗതിക സൗകര്യങ്ങൾ ഉള്ള വിദ്യാലയങ്ങളെ സ്പോർട്ട്സ് സ്കൂളായി ഉയർത്തുക.

**ഇരിക്കൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് നിർമ്മാണം:**

ഇരിക്കൂർ ഉപജില്ലാവിദ്യാഭ്യാസ ഓഫീസ് പ്രവർത്തിക്കുന്നത് വാടക ക്കെട്ടിടത്തിലാണ് സർക്കാരിന് വാടകയിനത്തിൽ ഈയിനത്തിൽ തുക ചെലവഴിക്കുന്നു. പ്രസ്തുത ഓഫീസിന് സ്ഥലം കണ്ടെത്തി പുതിയ കെട്ടിട നിർമ്മാണവും ഭൗതിക സാഹചര്യങ്ങൾ ഒരുക്കൽ എന്നീ പ്രോജക്ടും പരിഗണനക്കായി ശുപാർശ ചെയ്യുന്നു.

**കലാരംഗത്ത് പുതിയസ്ഥാപനങ്ങൾ പരിശീലനത്തിനായി അനുവദിക്കുക:**

മണ്ഡലത്തിൽ കലാരംഗങ്ങളിൽ മികവ് പ്രകടിപ്പിക്കുന്ന വിദ്യാർത്ഥികൾക്ക് കലാരംഗത്ത് മികച്ച രീതിയിലുള്ള പരിശീലനം ഉറപ്പുവരുത്തുന്നതിനായി ഗവൺമെന്റ്തലത്തിൽ കേന്ദ്രം, അനുവദിച്ചാൽ ഈ മേഖലയിൽമികച്ച കലാകാരൻമാരെവാർത്തെടുക്കുവാൻ സാധിക്കും.

**വിദ്യാലയങ്ങളിൽഇംഗ്ലീഷ് ഭാഷ പരിശീലന പദ്ധതി:**

മണ്ഡലങ്ങളിലെ മുഴുവൻ വിദ്യാലയങ്ങളിലും ഇംഗ്ളീഷ് ഭാഷയിൽ പ്രാവീണ്യമുള്ള വിദ്യാർത്ഥികളെ വാർത്തടുക്കുവാനും, ഉപരിപഠനവുമായി ബന്ധപ്പെട്ടും മത്സര പരീക്ഷകളിലും ഇൻറർവ്യൂവിലും പങ്കെടുക്കുന്നതിന് വിദ്യാർത്ഥികളെ സജ്ജരാക്കുന്നതിന് പ്രത്യേക പരിശീലന പദ്ധതി നടപ്പിലാക്കിയാൽ ഭാവിയിൽ വിദ്യാർത്ഥികൾക്ക് വളരെയധികം പ്രയോജനം ചെയ്യും. ഇതിനായി ഈ മേഖലയിൽ വിദഗ്ധരുടെ ഒരു പരിശീലനം മുഴുവൻ വിദ്യാലയങ്ങളിലും നടപ്പിലാക്കിയാൽ ഈ വിഷയത്തിൽ വിദ്യാർത്ഥികൾക്ക് വളരെയേറെ പ്രയോജനം ചെയ്യും.

**നിലവിലെ ഗവൺമെന്റ്, എയ്ഡഡ് സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ:**

മണ്ഡലത്തിൽ നിലവിൽസ്ഥിതിചെയ്യുന്ന 108 ഗവൺമെന്റ്, എയ്ഡഡ്വിദ്യാലയങ്ങൾ ആവശ്യമായക്ളാസ്മുറികൾ, പാചകപ്പുര നിർമ്മാണം, ചുറ്റുമതിൽ, കമ്പ്യൂട്ടറുകൾ, കുടിവെള്ളയൂണിറ്റ്, കെട്ടിടഅറ്റകുറ്റപ്പണി, മാലിന്യ സംസ്കരണയൂണിറ്റ്, കളിസ്ഥല നിർമ്മാണം, സ്കൂൾ ബസ്, ഫർണിച്ചറുകൾ, ടോയ്ലറ്റ് നിർമ്മാണം, വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം നൽകൽസ്കൂൾസൗന്ദര്യ വൽകരണം, ഭക്ഷണശാല നിർമ്മാണം.

**മുഴുവൻ/എയ്ഡഡ് വിദ്യാലയങ്ങളിലും ഐ.സി.ടി പ്രോജക്ട് പ്രകാരം സ്മാർട്ട്ക്ളാസ് റൂം പദ്ധതി ആവിഷ്കരിക്കുക**

മണ്ഡലത്തിലെ 108 വിദ്യാലയങ്ങളിലും ആധുനികരീതിയിലുള്ള ലബോറട്ടറി സൗകര്യങ്ങൾ, ലൈബ്രറിസൗകര്യങ്ങൾ തുടങ്ങിയ സംവിധാനം ഏർപ്പെടുത്തേണ്ടത് അത്യാവശ്യമാണ്.

കേരളത്തിൽ വിദ്യാഭ്യാസ മേഖലയിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങൾ സുസ്ഥിരവും സ്ഥായിയുമായി മാറുന്നതിന് വിദ്യാലയങ്ങൾ പടിപടിയായി ഹൈടെക് വിദ്യാലയങ്ങ ളായി മാറേണ്ടതുണ്ട്. വിദഗ്ദരായ അദ്ധ്യാപകരുടെ ക്ളാസുകൾ പഠന സംബന്ധമായ വിവരങ്ങൾ തുടങ്ങിയവ ഓരോ ക്ളാസുറൂമിലും വിദ്യാർത്ഥികൾക്ക് വീഡിയോ സംവിധാനത്തിലും ലഭിക്കത്തക്ക വിധത്തിൽ ഇരിക്കൂർ മണ്ഡലത്തിലെ 108 വിദ്യാല യങ്ങളിലും ആധുനികരീതിയിൽ ക്ളാസ്റൂമുകൾ സുസജ്ജരാക്കുക.

## സംസ്ക്കാരം

വടക്കെ മലബാറിന്റെ തനത് കലയായ തെയ്യങ്ങളുടെനാട് കൂടിയാണ് നമ്മുടെ നിയോജക മണ്ഡലം എല്ലാ വർഷവും തുലാം 10 മുതൽ ഇടവം 29 വരെയാണ് തെയ്യങ്ങളുടെ കാലം സമൂഹത്തിലെ മലയൻ, വണ്ണാൻ, മുത്തറ്റാൻ, അഞ്ഞറ്റാൻ, വേലൽ ചിണത്താൻ, മാവിലൻ കരിമ്പാലൻ വിഭാഗാങ്ങൾക്കാണ് തെയ്യം കെട്ടാനവകാശം. കുന്നത്തൂർപാടി ദേവസ്ഥാനത്തെ മുത്തപ്പൻ തിരുവപ്പന തെയ്യക്കോലങ്ങളുടെ കെട്ടിയാടൻ ഒരു മാസം നീണ്ട് നിൽക്കും വിവിധ തെയ്യക്കോലങ്ങൾ കെട്ടിയാടുത്ത 25ൽ പരം കാവുകളും ക്ഷേത്രങ്ങളുമുണ്ട് നിയോജക മണ്ഡലത്തിൽ മുൻകാല സാംസ്ക്കാരിക കേന്ദ്രങ്ങളായിരുന്ന വായനശാലകളും ഗ്രന്ഥാലയങ്ങളും സ്വാതന്ത്ര്യ ലബ്ധിക്ക് മുമ്പും ശേഷവും കേരളത്തിന്റെ വികസനത്തിലും അനൗപചാരിക വിദ്യാഭ്യാസ മേഖലയിലും ഇവിടുത്തെ ഗ്രന്ഥാലയകൾ വഹിച്ച പങ്ക് നിസ്തുലമാണ് 9 ഗ്രാമ പഞ്ചായത്തുകൾ ചേർന്ന ഈ ചെറിയ ഭൂപ്രദേശത്ത് 68 വായനശാലകളും ഗ്രന്ഥാലയങ്ങളുണ്ട്. എന്ന വസ്തുത ഗ്രാമീണ വികസനത്തിൽ ഈ സാംസ്കാരിക സ്ഥാപനങ്ങൾ വഹിച്ചു കൊണ്ടിരിക്കുന്ന ഉത്തരവാദിത്തം ബോദ്ധ്യപ്പെടുത്തുന്നവയാണ്.

നിയോജക മണ്ഡലത്തിന്റെ രൂപീകരണ കാലഘട്ടം മുതൽക്ക് തന്നെയുള്ള പ്രശ്നങ്ങളാണ് ആവശ്യത്തിന് വിദ്യാലയങ്ങളില്ലാത്ത അവസ്ഥയും ഉള്ളവയിൽ അടിസ്ഥാന സൗകര്യങ്ങളില്ലാത്ത സ്ഥിതി വിശേഷവും ജില്ലാ ആസ്ഥാനത്തേക്കുള്ള ദൂരവും ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തതയും എല്ലാ കാലത്തും നിയോജക മണ്ഡലത്തിലെ വളർച്ചയിലെ പ്രധാന തടസ്സങ്ങളായിരുന്നു. നിയോജക മണ്ഡലത്തിൽ ഇന്ന് 122 സ്ക്കളുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. നിലവിലുള്ള വിദ്യാലയങ്ങൾക്ക് സൗകര്യങ്ങളും സാംസ്കാരിക സംഘടനകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ നൽകേണ്ടതുണ്ട്. ആദ്യകാല നാടകസംഘങ്ങൾ ഇന്നില്ല. ശ്രീകണ്ഠാപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രാദേശീക പഠന കേന്ദ്രം ഈ പ്രദേശത്തെ പഠിക്കുവാനും നാടിനെ അറിയൻ എന്ന ഗ്രന്ഥം രചിക്കുന്നതിനും തയ്യാറായതു ശ്രദ്ധേയമായ കാര്യമാണ് പഠന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ജില്ലയുടെയും പഞ്ചായത്തുകളുടെയും ഭൂപടം തയ്യാറാക്കാൻ വേണ്ടി നടത്തിയ ശ്രമങ്ങൾ ശ്ലാഘനീയമാണ് ഈ സാഹചര്യത്തിൽ രാജേന്ദ്രൻ അഷ്ടമുടിയെ ഓർക്കുന്നതു നന്നായിരിക്കും സാംസ്കാരിക മേഖലയിൽ 1990കളിൽ നടന്ന സാക്ഷരതാ പ്രസ്ഥാനം ഗ്രാമീണരെ അക്ഷര വിദ്യ പഠിപ്പിക്കുന്നതിൽ സ്തുത്യർഹമായി പങ്ക് വന്നിച്ചിട്ടുണ്ട്.

### നിലവിലുടെ പ്രശ്നങ്ങൾ

1. മണ്ഡലത്തിൽ നിലവിൽ സാംസ്കാരിക സംഘടനകൾ നിർജ്ജീവാ വസ്ഥയിലാണ്.

2. കേരളാൽത്സവത്തിലും പൈക്ക കായിക മത്സരത്തിലും വർഷംതോറും കുറഞ്ഞുകൊണ്ടിരിക്കുന്ന ബഹുജന പങ്കാളിത്തം സൂചിപ്പിക്കുന്നതു ഇക്കാര്യമാണ്.
3. കലാ സംസ്ക്കാരിക സംഘടനകൾ മുൻപുണ്ടായിരുന്നത് പോലെ സജീവമായി രംഗത്ത് വരാത്തതു ഇന്ന് ഇത്തരം പ്രവർത്തനങ്ങൾ വേണ്ടി വുരന്ന ഭാരിച്ച സാമ്പത്തിക ബാദ്ധ്യതയാണ്.
4. ദൃശ്യമാദ്ധ്യമങ്ങളുടെ കടന്ന് കയറ്റം ഇത്തരം സംരംഭങ്ങളിൽ നിന്ന് യുവജനങ്ങളെ പിൻതിരിപ്പിക്കുന്നതിന് പ്രേരിപ്പിക്കുന്നുണ്ട്.
5. 68 ഗ്രന്ഥലയങ്ങളിൽ അപൂർവ്വങ്ങളും സമൂഹത്തിന്റെ വളർച്ചക്ക് ഉതകുന്നതുമായ ആയിരക്കണക്കിന് ഗ്രന്ഥങ്ങളുണ്ടെങ്കിലും ഇതൊന്നും ഭൂരിപക്ഷം ജനങ്ങളും വായിക്കുന്നില്ല എന്നത് നിലവിൽ സമൂഹം നേരിടുന്ന പ്രധാന പ്രശ്നം തന്നെയാണ്.
6. സാംസ്കാരിക മേഖലയിൽ പ്രവർത്തിക്കുന്ന യുവജനക്ഷേമ ബോർഡ്, ഫോക്‌ലോർ അക്കാദമി, നെഹ്റു യുവക് കേന്ദ്ര എന്നീ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വേണ്ട വിധത്തിൽ മലയോര മേഖലകളിൽ എത്തുന്നില്ല.

### സാധ്യതകൾ

1. സാംസ്കാരിക രംഗത്ത് നിലവിലൂടെ ജീർണ്ണതകളും പ്രശ്നങ്ങളും പരിഹരിക്കുന്നതിന് വ്യക്തമായ ഇടപ്പെടൽ ഭരണകൂടത്തിന്റെ ഭാഗത്ത് നിന്നുണ്ടാവണം.
2. കേരളോത്സവം പോലുള്ള വേദികൾ കലാകാരന്മാർക്കും സാംസ്കാരിക പ്രവർത്തകൾക്കും അംഗീകാരം നൽകുന്നതിനുള്ള വേദി എന്നതിലുപരി ഇവർക്ക് ജീവനോപാധി കൂടിയാവണം.
3. വിദ്യാലയങ്ങൾ സാംസ്കാരിക പ്രവർത്തനങ്ങളുടെ പഠനക്കളരി ആയി മാറണം.
4. നമ്മുടെ നാട്ടിലെ ഗ്രന്ഥശാലകൾ വർത്തമാന കാലത്തിനനുസൃതമായി ഉയർത്തിക്കൊണ്ടുവരിക വാർഷിക ബജറ്റിൽ പഞ്ചായത്ത് സെസ്സിനോടൊപ്പം ആവശ്യമായ തുക നീക്കിവെക്കുന്ന സാഹചര്യമുണ്ടാവണം.
5. യുവജന ക്ഷേമ ബോർഡിന്റെ പ്രവർത്തനം ഇന്ന് കടലാസിൽ ഒതുങ്ങുകയാണ് കോ-ഓർഡിനേറ്റർമാർ കേരളോത്സവത്തിന് മാത്രമായി ചുരുങ്ങിപ്പോകുന്നു. ഇവർ മുഴുവൻ സമയ പ്രവർത്തകരായി മാറേണ്ടതുണ്ട്.

### പദ്ധതി നിർദ്ദേശങ്ങൾ

1. പഞ്ചായത്ത് തോറും യുവജനക്ഷേമ ബോർഡിന്റെ വെബ്സൈറ്റുകൾ ആരംഭിക്കുന്ന പദ്ധതി
2. കേരളോത്സവത്തിന് പങ്കെടുക്കുന്നവർക്ക് പി.എസ്.സി.യിലും മറ്റ് മത്സര പരീക്ഷകളിലും ഗ്രെയ്സ് മാർക്ക് അനുവദിക്കുന്നതിനുള്ള പദ്ധതി
3. സാംസ്കാരിക സംഘടനകൾക്ക് നിലവിലുള്ള ഗ്രാന്റ് ഇരട്ടിയായി വർദ്ധിപ്പിക്കുക
4. നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന നാടൻ പാട്ടുകളുടെയും നാടൻ കലകളുടെയും പുനരാവിഷ്കരണത്തിനുള്ള പദ്ധതി.

**കല, കായികം:**

നാടൻകലകൾ - അനുഷ്ടാന കലകൾ - തെയ്യം - ക്ഷേത്രകലകൾ പൂരക്കളി -വടക്കെ മലബാറിലെ ഒരു പ്രധാന നാടൻ കലയാണ്. പൂരക്കളിയുടെ ഭാഗമായി മറത്ത് കളി നടന്നുവരുന്നുണ്ട്. തിടമ്പ് നൃത്തം ക്ഷേത്രോൽസവങ്ങളോട് അനുബന്ധിച്ച നടക്കുന്നു. കുടിയേറ്റ മേഖലകളിൽ പള്ളികളോട് അനുബന്ധിച്ച് കൃസ്തീയ നാടകങ്ങൾ മാർഗ്ഗംകളി എന്നിവ നടക്കുന്നു. പുലയ സമുദായത്തിൽപെട്ടവർ മാരി തെയ്യം, തുടികൊട്ടിപാട്ട് എന്നിവ അനുഷ്ഠിക്കുന്നു. മുസ്ലീം സമുദായത്തിൽപ്പെട്ടവർ വിവാഹ ത്തോടനുബന്ധിച്ച് ദഫ്മുട്ട് ഒപ്പന, കോൽക്കളി എന്നിവ നടത്തുന്നു. ഈ കലകൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെ ഗ്രാമീണ ജനതയെ കലാരംഗത്ത് വളർത്തി കൊണ്ട് വരുവാൻ കഴിയും. കൂടാതെ അന്യം നിന്നു പോകുന്ന കലകളെ നിലനിർത്തുവാനും അതുവഴി കുടുംബങ്ങളുടെ ഉപജീവന മാർഗ്ഗം നിലനിർത്താനും കഴിയും

പഞ്ചായത്ത് മിനി സ്റ്റേഡിയം കേന്ദ്രീകരിച്ച് സ്പോർട്സ് ആന്റ് ഗെയിംസ് ഇനങ്ങൾ നടക്കുന്നു. വിവിധ ക്ലബുകൾ പ്രാദേശിക തലത്തിൽ വെച്ച് കലാകായിക മത്സരങ്ങൾ നടത്തുന്നു. പഞ്ചായത്തിൽപ്പെട്ട പൊതുകുളങ്ങൾ, ക്ഷേത്രകുളങ്ങൾ എന്നിവയിൽ വെച്ച് സ്വിമ്മിംഗ് പരിശീലനവും മത്സരങ്ങളും നടത്തുന്നുണ്ട്. കായികമത്സരങ്ങൾ, പ്രോൽസാഹനം നൽകിയാൽ ഗ്രാമീണ ജനതയുന്ന ആരോഗ്യം വളർത്താനും ജനമനസ്സുകളെ ഒന്നിപ്പിക്കുവാനും കഴിയുന്നതാണ്.

മാറുന്ന കാലഘട്ടത്തിനനുയോജ്യമായ കലാ കായിക പരിശീലനം സ്കൂൾ തലം മുതൽ ലഭിക്കേണ്ടതുണ്ട്. അന്യം നിന്നു പോയ നാടൻ കലാ മേളകൾ ഇന്നത്തെ കുട്ടികൾക്ക് അന്യമാണ്. നാടൻ കലാസ്വാദന വേദികൾ നിലച്ചുപോയി കേരളോത്സവം, പൈക്ക എന്നീ പദ്ധതികൾ ഒരു പരിധി വരെ കലാകായിക മത്സരങ്ങൾ നടത്തുന്നണെങ്കിലും ഇതിനാവശ്യമായ പരിശീലനങ്ങൾ നടത്തുന്നതിന് പരിശീലന കളരികൾ ആവശ്യമാണ്.

കുട്ടികളുടെ മാനസികമായ വളർച്ചയ്ക്കാവശ്യമായ കളിസ്ഥലങ്ങൾ ഇല്ലാത്തത് ടി.വി. ഇന്റർനെറ്റ് എന്നീ സംവിധാനങ്ങളുടെ അമിത ഉപയോഗം നിമിത്തം കുട്ടികൾ ശാരീരികമായും മാനസികമായും പിരിമുറുക്കം അനുഭവിക്കുന്നു. ഗ്രാമ പഞ്ചായത്തിൽ വാർഡ് തലത്തിൽ കളിസ്ഥലങ്ങൾക്കുള്ള സൗകര്യം കുറവാണ്.

**നിർദ്ദേശങ്ങൾ**

- നാടൻ കലാ പരിശീലന കളരികൾ സ്ഥാപിക്കണം
- നാടക പരിശീലന കളരി
- ഹ്രസ്വചലചിത്ര നിർമ്മാണം
- നീന്തൽ , സൈക്കിൾ പരിശീലനം
- ഗ്രേസ് മാർക്ക് - പൈക്ക - കേരളോത്സവം

## IV .6. വിനോദസഞ്ചാരം

**ഇന്നത്തെ അവസ്ഥ:**

ഭൂമിശാസ്ത്രപരമായും ചരിത്രപരമായും വളരെയധികം പ്രത്യേകതയുള്ള പ്രദേശമാണ് ഇരിക്കൂർ നിയോജക മണ്ഡലം. മലയോരമേഖലയുമായി ബന്ധ പ്പെട്ട്കിടക്കുന്ന പ്രദേശമായതിനാൽ വിനോദസഞ്ചാരത്തിനും സാഹസികയാത്രക്കും ധാരാളം സ്ഥലങ്ങളുണ്ട്. നിലവിൽ പൈതൽമല, കാഞ്ഞിരക്കൊല്ലി പ്രദേശങ്ങളെ ബന്ധപ്പെടുത്തി യുവജനങ്ങൾക്ക് എല്ലാവർഷവും സാഹസികയാത്ര സംഘടിപ്പിക്കാ

റുണ്ട്. മണ്ഡലത്തിലെ ഏറ്റവും പ്രധാനടൂറിസ്റ്റ് കേന്ദ്രങ്ങളാണ് കാഞ്ഞിരക്കൊല്ലിയും പൈതൽമലയും. 12-ാം നൂറ്റാണ്ടിൽതന്നെ കുടക് രാജാവായിരുന്ന പൈതൽകോൻ ഭൂപ്രകൃതിയാൽ അനുഗ്രഹീതമായ ഈ പ്രദേശത്ത് ക്ഷേത്രം സ്ഥാപിച്ചിരുന്നു. മുല്ലപ്പള്ളി രാമചന്ദ്രൻ എം.പിയായിരുന്ന സമയത്ത് പൈതൽമലയിൽ ഒരു വാച്ചിംഗ്ടവറും സ്ഥാപിച്ചിരുന്നു. നിത്യേന ധാരാളംസഞ്ചാരികൾവന്നു പോകുന്ന സ്ഥലമാണ് കാഞ്ഞിരക്കൊല്ലി. പ്രകൃതി മനോഹരമായ വെള്ളച്ചാട്ടമുള്ള സ്ഥലമാണ്. മഴക്കാലത്ത് 6 മാസവും സമൃദ്ധമായ ജലപാതമുള്ള ഈ പ്രദേശം ഇന്നും ധാരാളം വിനോദസഞ്ചാരികളെ ആകർഷിച്ചുവരുന്നു.

ഈ അടുത്ത കാലത്തായി ന്യൂജനറേഷൻ ടീം ഏറ്റവും കൂടുതൽ എത്തിച്ചേർന്നുകൊണ്ടിരിക്കുന്ന വിനോദ സഞ്ചാര കേന്ദ്രമാണ് കാപ്പിമല. ആത്മീയ കേന്ദ്രങ്ങളായ മാമാനിക്കുന്ന് മഹാവിഷ്ണു ക്ഷേത്രം, പയ്യാവൂർശിവ ക്ഷേത്രം, അരങ്ങം ക്ഷേത്രം, മടമ്പം പള്ളി, ഇരിക്കൂർ പള്ളി എന്നിവയിൽ ധാരാളം സന്ദർശകർ എത്താറുണ്ട്.

ജലഗതാഗതരംഗത്തും മുമ്പ് വ്യാപരാവശ്യങ്ങൾക്ക് ഉപയോഗിച്ച ഇരിക്കൂർ പുഴയും വളപട്ടണം പുഴയും ഇനിയും ഒരൽപം കൂടി വ്യാപാരവൽക്കരിച്ചാൽ ഉൾനാടൻ ടൂറിസത്തിനും സമാന്തര ഗതാഗതത്തിനും ഉപകരിക്കുന്നവയാണ്.

**സാദ്ധ്യതകൾ:**

1. ജില്ലയിലേയും സംസ്ഥാനത്ത് തന്നെയും ശ്രദ്ധേയമായ വിനോദ സഞ്ചാര കേന്ദ്രവും യുവജനങ്ങളുടെ സാഹസിക വിനോദ സഞ്ചാരകേന്ദ്രമാണ് പൈതൽമല. പക്ഷെ ഇന്നും അടിസ്ഥാന സൗകര്യങ്ങളുടെ പോരായ്മ ഈ വിനോദ സഞ്ചാര കേന്ദ്രത്തിൻെറ പ്രാധാന്യത്തിന് കോട്ടം വരുത്തുകയാണ്. ഈ പ്രദേശത്ത് ഒരു ടൂറിസം റിസോർട്ട് ആവശ്യമുണ്ട്.
2. ജില്ലയിലെ മറ്റൊരു സുപ്രധാന കേന്ദ്രമാണ് കാഞ്ഞിരക്കൊല്ലി. ഈ വിനോദസഞ്ചാര കേന്ദ്രത്തിൻെറ സാദ്ധ്യത പൂർണ്ണമായും ഉൾക്കൊള്ളുന്നതിന് ആവശ്യമായ പദ്ധതികൾ വികസിപ്പിക്കാവുന്നതാണ്.
3. മഞ്ഞപ്പുൽ മുതൽ പൈതൽമലവരെ 2കി. മീറ്റർചെങ്കൽപാത ടൂറിസ്റ്റുകളെ ഏറ്റവും അധികം ആകർഷിക്കാൻ സാദ്ധ്യതയുള്ള പ്രദേശമാണ്.
4. കൂടാതെ സാഹസിക യാത്രക്ക് സാദ്ധ്യതയുള്ള മാളികപ്പാറ, കന്മദപ്പാറ, ഹനുമാൻപ്പാറ, ശശിപ്പാറ എന്നീ പ്രദേശങ്ങളേയും കാഞ്ഞിരക്കൊല്ലി പൈതൻമല എന്നിവയേയും ഉൾപ്പെടുത്തി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാവുന്നതാണ്.

മുകളിൽ പറഞ്ഞ പദ്ധതികളുൾപ്പെടുത്തി മണ്ഡലത്തിൽ സമഗ്രമായ ഒരു ടൂറിസം വികസന മാസ്റ്റർ പ്ളാൻ തയ്യാറാക്കേണ്ടതും വിവിധ വിഭവസ്രോതസ്സുകൾ. ഉപയോഗിച്ച് ഈ പ്രദേശത്ത് യുവാക്കൾക്ക് തൊഴിൽ, മറ്റു അനുബന്ധ പ്രവർത്തനങ്ങളിൽ നിന്നും വരുമാനം എന്നിവ കൈവരിക്കത്തക്ക പദ്ധതി നടപ്പിലാക്കാവുന്നതാണ്.

## IV. 7. ഗതാഗതം, അടിസ്ഥാനസൗകര്യം

### റോഡുകൾ

**ഇന്നത്തെ അവസ്ഥ:**

മണ്ഡലത്തിന്റെ 70% മലയോര മേഖലയിലാണ് ഉൾപ്പെടുന്നത്. 30% മാത്രമാണ് സമതല പ്രദേശങ്ങൾ. ഇന്ന് മണ്ഡലത്തിൽ സംസ്ഥാന പാത, ഹിൽ ഹൈവെ, പ്രധാന ജില്ലാ റോഡുകൾ, ഗ്രാമീണ റോഡുകൾ എന്നിങ്ങനെ 4 തരത്തിലുള്ള റോഡുകളാണ് നിലവിലുള്ളത്. നിയോജകമണ്ഡലത്തിൽ 510.33 കി.മി. റോഡുക

ളാണ് നിലവിലുള്ളത്. (സംസ്ഥാന പാത 22 കി.മി. മലയോര ഹൈവേ, 58 കി.മി. ജില്ലാ റോഡുകൾ 430.33 കി.മി) മേൽ പറഞ്ഞ റോഡുകൾക്ക് പുറമെ ഗ്രാമ പഞ്ചായത്തുകൾ നിർമ്മിച്ച 1000 കീ.മി. റോഡുകളും നിലവിലുണ്ട്.

**പ്രശ്നങ്ങൾ:**

1. റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട ആവശ്യമായ ഫണ്ടിന്റെ ലഭ്യതക്കുറവ്
2. മുൻകാലങ്ങളിൽ അശാസ്ത്രീയമായി നിർമ്മിച്ച പല റോഡുകളിൽ (കുത്തനെയുള്ള കയറ്റം, ആവശ്യമായ വീതിയില്ലായ്മ) പുനരുദ്ധാരണ പ്രവർത്തനം അതേ അവസ്ഥയിൽ നിർമ്മിക്കുന്നത്.
3. വെള്ളം ഒഴുക്കിപ്പോവുനുള്ള സൈഡ് ഡ്രെയിനുകളുടെ അപര്യാപ്തത.

70% മലയോര മേഖലയായതിനാലും ജില്ലയിലെ മറ്റ് മേഖലകളെ അപേക്ഷിച്ച് മഴ ലഭ്യത കൂടുതലായതിനാലും റോഡുകളുടെ നിർമ്മാണവും സംരക്ഷണവും ഈ പ്രദേശത്തെ ഒരു വെല്ലുവിളിയായി നിലനിൽക്കുന്നുണ്ട്. അത് കൊണ്ട് തന്നെ മറ്റ് പ്രദേശത്ത് അപേക്ഷിച്ച് ഈ മണ്ഡലത്തിൽ റോഡുകളുടെ സംരക്ഷണവും സുരക്ഷിതത്വവും ഏറെ വെല്ലുവിളി ഉയർത്തുന്ന ഒരു പ്രശ്നമാണ്.

**സാദ്ധ്യതകൾ**

1) വിഭവങ്ങളുടെ നീതിപൂർവ്വമായ വിതരണം ഉറപ്പ് വരുത്തുന്നതിലും നല്ല റോഡുകൾ ഉണ്ടാവുന്നു.
2) നിർമ്മാണ പ്രവർത്തനങ്ങൾ നിർവ്വഹണ കലണ്ടറിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കുയാൽ സമയനഷ്ടം ഒഴിവാക്കാം.
3) ഫലപ്രദമായ സമയാസമയങ്ങളിലുള്ള മോണിറ്ററിംഗ് നടത്തുന്നതിലൂടെ പൊതു നഷ്ടങ്ങൾ ഒഴിവാക്കാം.
4) മലയോരു പ്രദേശങ്ങളിലെ റോഡ് നിർമ്മാണത്തിൽ മഴവെള്ളം കൃത്യമാ.യി ഒഴുകി പോകുവാൻ ഓരോ നൂറ് മീറ്ററിനും നിർബന്ധമായും ഒരു കലുങ്ക് എങ്കിലും നിർമ്മിക്കുന്നത് റോഡുകളുടെ അകാലമായ തകർച്ച ഒഴിവാക്കുന്നതിന് സഹായിക്കും.
5) കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.ജി.എസ്.വൈ റോഡുകളുടെ മാനദണ്ഡങ്ങൾ മറ്റ് റോഡുകളുടെ നിർമ്മാണങ്ങൾക്ക് ബാധകമാക്കുക.

നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്ന റോഡുകളുടെ വിവരങ്ങൾ താഴെ പ്രതിപാദിക്കുന്നു.

| ക്രമ നമ്പർ | റോഡിന്റെ പേര് | റോഡിന്റെ നീളം (കി. മീറ്ററിൽ) |
|---|---|---|
| **സ്റ്റേറ്റ് ഹൈവേ** | | |
| 1 | തളിപ്പറമ്പ് ഇരിട്ടി റോഡ് (എസ്.എച്ച് 36) കി.മി. 10/000 മുതൽ 32/000 | 22.00 |
| **മലയോര ഹൈവേ** | | |
| 1 | മലയോര ഹൈവേ തേർത്തല്ലി-ആലക്കോട്-കരുവഞ്ചാൽ-നടുവിൽ-വേക്കുന്ന് കവല പുറഞ്ചാൽ ചേമ്പേരി പൂപ്പറമ്പ് പയ്യാവൂർ ഉളിക്കൽ കൂമൻതോട് റോഡ് | 58.00 |
| **പ്രധാന ജില്ലാ റോഡുകൾ** | | |
| 1 | പയ്യാവൂർ-കുന്നത്തൂർപാടി-കാഞ്ഞിരക്കൊല്ലി റോഡ് കി.മി. 0/000 മുതൽ 15/780 വരെ | 15.78 |

| | | |
|---|---|---|
| 2 | വട്ടിയൻ തോട് മണിക്കടവ് റോഡ് കി.മി. 0/000 മുതൽ 2/800 വരെ | 2.80 |
| 3 | പയ്യാവൂർ പൈസക്കരി ചന്ദനക്കാംപ്പാറ വഞ്ചിയം റോഡ് കി.മി. 0/000 മുതൽ 11/400 വരെ | 11.40 |
| 4 | ചെമ്പേരി കുടിയാൻമല റോഡ് കി.മി. 0/000 മുതൽ 3/980 വരെ | 3.98 |
| 5 | പുലികുറുമ്പ പുറഞ്ചാൽ റോഡ് കി.മി. 0/000 മുതൽ 2/550 വരെ | 2.55 |
| 6 | ശ്രീകണ്ഠാപുരം കൂട്ടുമുഖം പയ്യാവൂർ റോഡ് കി.മി. 0/000 മുതൽ 9/800 വരെ | 9.80 |
| 7 | ശ്രീകണ്ഠാപുരം കൂട്ടുമുഖം ചെമ്പേരി റോഡ് കി.മി. 0/000 മുതൽ 7/000 വരെ | 7.00 |
| 8 | ശ്രീകണ്ഠാപുരം ചെമ്പൻന്തോട്ടി നടുവിൽ റോഡ് കി.മി. 0/000 മുതൽ 9/820 വരെ | 9.82 |
| 9 | ഇരിട്ടി ഉളിക്കൽ മാട്ടറ കലങ്കി റോഡ് കി.മി. 3/000 മുതൽ 17/670 വരെ | 14.67 |
| 10 | ചുണ്ടപറമ്പ പൂപ്പറമ്പ നെല്ലിക്കുറ്റി അരീകാമല വെള്ളാട് കരുവഞ്ചാൽ റോഡ് | 28.50 |
| 11 | ഉളിക്കൽ അറബികേളിത്തട്ട് പേരട്ട തൊട്ടിപ്പാലം റോഡ് കി.മി. 3/00 മുതൽ 16/100 വരെ | 13.10 |
| 12 | ചെങ്ങോത്ത് വയൽ വളയംകുണ്ട് റോഡ് | 1.70 |
| 13 | ചെമ്പൻത്തോട്ടി പുറഞ്ചാൽ റോഡ് | 5.70 |
| 14 | അമേരിക്കൻപാറ-കോട്ടപ്പാറ- കുന്നത്തൂർ റോഡ് | 4.50 |
| 15 | എടമന-കുട്ടിയറ-അരീക്കാമല റോഡ് | 5.00 |
| 16 | ഇരിക്കൂർ-ബ്ലാത്തൂർ റോഡ് | 7.50 |
| 17 | കല്ല്യാട്-ഒറത്തൂർ-തെർമല റോഡ് | 7.00 |
| 18 | കണിയാൽവയൽ-മലപ്പട്ടം-മുനമ്പുകടവ് മയ്യിൽ റോഡ് കി.മി. 0/000 മുതൽ | 8.40 |
| 19 | മലപ്പട്ടം കോട്ടൂർ റോഡ് 6/100 | 6.10 |
| 20 | മണ്ഡലം-മാവുംപ്പാലം-കരയത്തുംഞ്ചാൽ റോഡ് | 5.00 |
| 21 | മണിക്കടവ്-ശാന്തിനഗർ-ചിറ്റാരി റോഡ് | 10.00 |
| 22 | മയ്യിൽ-ശ്രീകണ്ഠാപുരം റോഡ് (പവന്നൂർമൊട്ട പെരുവളത്ത് പറമ്പ) കി.മി. 2/700 മുതൽ 8/080 വരെ | 5.38 |
| 23 | നെരുവമ്പ്രം-പയറ്റുഞ്ചാൽ-ചേമ്പേരി റോഡ് | 7.85 |
| 24 | നുച്യാട്-മണിക്കടവ്-കാഞ്ഞിരക്കൊല്ലി റോഡ് | 12.20 |
| 25 | പെരുവംപറമ്പ കല്ലുവയൽനെല്ലിക്കാംപൊയിൽ റോഡ് കി.മി. 5/200 മുതൽ 6/900 | 1.80 |
| 26 | പൊടിക്കളം മണ്ഡപം പാറക്കടവ് റോഡ് | 10.20 |
| 27 | രണ്ടു തെങ്ങ് രത്നഗിരി ഗാന്ധികവല-വഞ്ചിയം റോഡ് | 7.00 |
| 28 | ഉളിക്കൽ-തെർമല-കാഞ്ഞിലേരി-കണിയാർവയൽ റോഡ് | 18.00 |
| 29 | വളക്കൈ-കൊയ്യം റോഡ് | 5.50 |

| | | |
|---|---|---|
| 30 | വളക്കൈ-ചുഴലി-ചെമ്പൻതോട്ടി റോഡ് | 9.35 |
| 31 | വട്ടിയം തോട് - കരുമ്മൻക്കയം-മണിപ്പാറ-കുന്നത്തൂർ-പൈസക്കരി റോഡ് | 10.00 |
| 32 | വണ്ണായിക്കടവ്-മുണ്ടികാംപള്ളി-നെല്ലികുറ്റി-തറചീറ്റ -ഗാന്ധികവല-വലിയ അരീക്കാമല-ചാത്തപ്പാറ-പൈതൽമല റോഡ് | 1.00 |
| 33 | തളിപ്പറമ്പ-കൂർഗ്ഗ് ബോർഡർ റോഡ് കി.മി. 16/500 മുതൽ 36/985 വരെ | 26.485 |
| 34 | ഒടുവള്ളിത്തട്ട്-നടുവിൽ കുടിയാൻമല റോഡ് കി.മി. 1/500 മുതൽ 18/000 വരെ | 16.500 |
| 35 | കരുവഞ്ചാൽ കുട്ടിപ്പുഴ നെല്ലിപ്പാറ റോഡ് കി.മി. 0/000 മുതൽ 6/150 വരെ | 6/150 |
| 36 | അരങ്ങം-റയരോം തെർത്തല്ലി റോഡ് കി.മി. 0/000 മുതൽ 7/000 വരെ | 7/000 |
| 37 | തെർത്തല്ലി മഞ്ചക്കാട് റോഡ് കി.മി. 0/000 മുതൽ 7/720 വരെ | 7/720 |
| 38 | ചപ്പാരപ്പടവ് തെർത്തല്ലി റോഡ് വമി ചിറക്കൽപ്പാടി വിമലശ്ശേരി ഏരുവാട്ടി റോഡ് കി.മി. 10/800 മുതൽ 12/150 വരെ | 1.350 |
| 39 | കരുവഞ്ചാൽ തവുകുന്ന് നടുവിൽ റോഡ് കി.മി. 0/000 മുതൽ 5/540 വരെ | 5.500 |
| 40 | രയരോം മൂന്നാംകുന്ന് കുണ്ടേരി പ്രപ്പൊയിൽ റോഡ് കി.മി. 0/000 മുതൽ 7/000 വരെ | 7.000 |
| ആകെ | | 430.325 |

**താഴെ പറയുന്ന പദ്ധതിപ്രകാരം വിവിധ റോഡുകൾ ഏറ്റെടുക്കാവുന്നതാണ്**

1) പി.എം.ജി.എസ്.വൈ
2) നബാർഡ്
3) ഹാഡ
4) എം.പി. ഫണ്ട്
5) എം.എൽ.എ ഫണ്ട്
6) ആസ്തി വികസന ഫണ്ട്
7) പ്രകൃതിക്ഷോഭം
8) ഗ്രാമ പഞ്ചായത്ത് പദ്ധതി വിഹിതം
9) ബ്ലോക്ക് പഞ്ചായത്ത് പദ്ധതി വിഹിതം
10) ജില്ലാ പഞ്ചായത്ത് പദ്ധതി വിഹിതം
11) പി.ഡബ്ല്യൂ.ഡി ഒറ്റത്തവണ പദ്ധതി

## IV. 8.ശിശുവികസനം, വനിതാ വികസനം, വയോജനക്ഷേമം

### ശിശുവികസനം

**ഇന്നത്തെ അവസ്ഥ:**

ഇരിക്കൂർ, ഇരിക്കൂർ അഡീഷണൽ ഐ.സി.ഡി.എസ്സിന്റെ പരിധിയിൽ ഏരുവേശ്ശി, ശ്രീകണ്ഠാപുരം, പയ്യാവൂർ, ഇരിക്കൂർ, ഉളിക്കൽ, ഉദയഗിരി, ആലക്കോട്, നടുവിൽ, ചെങ്ങളായി പഞ്ചായത്തുകളാണ് ഉൾപ്പെടുന്നത്. ഇവയിൽ 306 അംഗനവാടികൾ പ്രവർത്തിച്ചു വരുന്നു.

**സ്ഥിതിവിവരകണക്കുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.**

| പഞ്ചായത്ത് | ആകെ അംഗൻ വാടികൾ | സ്വന്തം കെട്ടിടം | കക്കൂസ് | കുടിവെള്ള സൗകര്യം | ചുറ്റുമതിൽ | വൈദ്യുതി കണക്ഷൻ |
|---|---|---|---|---|---|---|
| ഏരുവേശ്ശി | 22 | 19 | 19 | 7 | 18 | 2 |
| ശ്രീകണ്ഠാ പുരം | 34 | 32 | 32 | 17 | 27 | 2 |
| പയ്യാവൂർ | 26 | 26 | 26 | 8 | 15 | 4 |
| ഇരിക്കൂർ | 13 | 9 | 9 | 1 | 8 | 0 |
| ഉളിക്കൽ | 37 | 33 | 33 | 18 | 32 | 15 |
| ഉദയഗിരി | 23 | 17 | 17 | 2 | 9 | 5 |
| ആലക്കോട് | 38 | 25 | 25 | 10 | 18 | 7 |
| നടുവിൽ | 38 | 25 | 24 | 8 | 18 | 7 |
| ചെങ്ങളായി | 25 | 21 | 21 | 18 | 15 | 10 |
| ആകെ | 256 | 207 | 206 | 89 | 160 | 52 |

**ഗുണഭോക്താക്കളുടെ വിവരങ്ങൾ:**

| പഞ്ചായത്ത് | 6 മാസം മുതൽ 6 വയസ്സു വരെ | ഗർഭിണികൾ | പാലൂട്ടുന്ന അമ്മ മാർ | കൗമാര പ്രായ ക്കാർ |
|---|---|---|---|---|
| ഏരുവേശ്ശി | 760 | 110 | 110 | 110 |
| ശ്രീകണ്ഠാപുരം | 900 | 105 | 100 | 170 |
| പയ്യാവൂർ | 800 | 104 | 104 | 130 |
| ഇരിക്കൂർ | 370 | 52 | 52 | 52 |
| ഉളിക്കൽ | 990 | 100 | 105 | 183 |
| ഉദയഗിരി | 1976 | 67 | 84 | 125 |
| ആലക്കോട് | 2965 | 99 | 104 | 245 |
| നടുവിൽ | 2520 | 110 | 106 | 175 |
| ചെങ്ങളായി | 2750 | 107 | 105 | 145 |
| ആകെ | 14031 | 854 | 870 | 1335 |

**സാദ്ധ്യതകൾ:**

22 അംഗൻവാടികൾക്ക് ഗ്യാസ് കണക്ഷൻ ആവശ്യമാണ്. സി.നമ്പർ: 20 കരി വെള്ളേരി അംഗൻവാടിക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും വേണ്ടതാണ്. അംഗൻവാടികൾക്ക് ഫർണിച്ചറുകൾ ലഭ്യമാക്കേണ്ടതാണ്. അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തണം.

*ശ്രീകണ്ഠാപുരം*: 34 അംഗൻവാടികൾക്ക് ഗ്യാസ് കണക്ഷൻ 10 സെന്റ് സ്ഥലമുള്ള കംബ്ലാരി, പൊക്കെളം എന്നീ അങ്കണവാടികൾ മാതൃകാ അങ്കണവാടികളും, കുട്ടിക ളുടെ പാർക്ക് എന്നിവ നിർമ്മിക്കുക. എല്ലാ അങ്കണവാടികളിലും കമ്പ്യൂട്ടർ നൽകുക.

*പയ്യാവൂർ:* 26 അങ്കൺവാടികൾക്ക് ഗ്യാസ് കണക്ഷൻ ആവശ്യമാണ്. കുടിവെള്ള സൗകര്യമില്ലാത്ത അങ്കൺവാടികൾക്ക് കുടിവെള്ള സൗകര്യം ലഭ്യമാക്കേണ്ടതാണ്. 17 അംഗൻവാടിക്ക് കുടിവെള്ള ലഭ്യത ഇല്ല. 22 അങ്കണവാടികൾക്ക് കറന്റ് കണ ക്ഷൻ ഇല്ല. 6 അങ്കണവാടികൾക്ക് ചുറ്റുമതിലും ലഭ്യമാക്കേണ്ടതായിട്ടുണ്ട്.

ആധുനിക സൗകര്യങ്ങളോടു കൂടിയ അംഗൻവാടികൾ അനുവദിക്കണം. ശാസ്ത്രീയവും മെച്ചപ്പെട്ടതുമായ വിദ്യാഭ്യാസം അംഗൻവാടികൾ നടപ്പിലാക്കുന്നു. എന്നാൽ ഭൗതിക സാഹചര്യങ്ങളുടെ അഭാവം പ്രൈവറ്റ് മേഖലയുമായി താരതമ്യം

ചെയ്യുമ്പോൾ അംഗൻവാടികൾക്ക് പൊതുജനങ്ങളിൽ മതിപ്പ് ഉളവാക്കുന്നതിൽ പിക്കോക്കം പോകുന്നതിന് കാരണമായിട്ടുണ്ട്.

### സമഗ്രവികസനം

ശിശുക്കളാണ് നാടിന്റെ സമ്പത്ത് നാളെയുടെ വാഗ്ദാനങ്ങളായ ശിശുക്കളുടെ ശാരീരികവും മാനസികവുംസാമൂഹികവുമായ വളർച്ചയ്ക്ക് ഉതകുന്ന രീതിയിലുള്ള സമ്പൂർണ്ണ ശിശു പോഷണ പരിപാടികൾ നടപ്പിലാക്കണം. ഇരിക്കൂർ നിയോജക മണ്ഡലത്തിലെ ഗർഭിണികളായ സ്ത്രീകൾക്ക് ഗർഭാവസ്ഥയിൽ തന്നെ നല്ലരിതിയിലുള്ള പരിചരണവും പോഷണവും ഉറപ്പാക്കണം നവജാത ശിശു തന്നെ ആരോഗ്യമുള്ളതായിരിക്കേണ്ടത് അത്യാവശ്യമാണ് അതിനായി ആരോഗ്യ പരിപാടികൾ നടപ്പിലാക്കണം. ആരോഗ്യം, വിദ്യാഭ്യാസം എന്നീ വകുപ്പുകളുടെ സംയോജനത്തോടെ ഓരോ ശിശുവിന്റെയും സമ്പൂർണ്ണ ആരോഗ്യം ഉറപ്പാക്കുന്നത്. കുട്ടികളുടെ സമഗ്ര വികസനം ആയിരിക്കണം ഓരോ ത്രിതല പഞ്ചായത്തിന്റെയും ലക്ഷ്യം. ഇതിനായി വകുപ്പുകളുടെ സംയോജനം ആവശ്യമാണ് കുട്ടികളുടെ നേരെയുള്ള അക്രമങ്ങൾ ഇന്ന് വളരെയധികം വർദ്ധിച്ചു വരുന്നു. കുട്ടികളുടെ പോഷകാഹാര ക്കുറവ്, കൊഴിഞ്ഞ് പോക്ക്, ബാലവേല എന്നിവക്ക് ഒരു അവസാനം കണ്ടെത്തേണ്ടിയിക്കണം. അണു കുടുംബ വ്യവസ്ഥ ആയതിനാൽ വളരുന്ന കുട്ടികൾ നമ്മുടെ പഴമയും , സംസ്ക്കാരവും അറിയാതെ വളരേണ്ടി വരുന്നു.

* ഗർഭിണികൾക്ക് പ്രത്യേക സംരക്ഷണ പോഷകാഹാരം പരിപാടി
* നവജാത ശിശുകൾക്ക് പ്രതിരോധ കുത്തിവെപ്പ്
* വിദ്യാഭ്യാസം ഉറപ്പ് വരുത്തജശ
* ഓരോ ഗർഭിണിക്കും , ശിശുവിനും ഹെൽത്ത് കാർഡ് സംവിധാനം
* മുലയൂട്ടൽ പ്രോത്സാഹിപ്പിക്കുക
* ശിശു സൗഹൃദ അംഗൻവാടികൾ

## വനിത വികസനം

### ഇന്നത്തെ അവസ്ഥ:

ഇരിക്കൂർ നിയോജക മണ്ഡലത്തിലെ സ്ത്രീകൾ പൊതുവെ കേരളത്തിലെ മറ്റ് ജില്ലകളെ അപേക്ഷിച്ചു സാമൂഹികമായും, വിദ്യാഭ്യാസപരമായും മുൻപന്തിയിലാണെങ്കിലും തൊഴിൽ പരമായി വളരെ പിന്നോക്കാവസ്ഥയിലാണ് തൊഴിലുറപ്പ് പദ്ധതിയിയും നില പരിശോധിച്ചാൽ അതിന്റെ അവസ്ഥ മനസ്സിലാക്കും ഇതുവരെ കാർഷിക മേഖലയിലും കാർഷികേതര മേഖലയിലും സ്ത്രികളുടെ പങ്കാളിത്തം വളരെ കുറവാണ് ജനസംഖ്യയുടെട 50% സ്ത്രീകളാണെങ്കിലും വരുമാനദായക പ്രവർത്തിയിൽ ഇവരുടെ സംഭാവന കുറവാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ വരവോടുകൂടി ഇതിൽ സാരമായ മാറ്റം ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. കൂലിനിരക്കിലുള്ള അന്തരവും കാർഷിക മേഖലയിലെ തൊഴിൽ ലഭ്യത കുറവു കാരണം കൂടുതൽ പേരും മറ്റ് മേഖലയെയാണ് തൊഴിലിന് ആശ്രയിക്കുന്നത്. മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ്. സ്ത്രീകൾക്ക് തൊഴിൽ ഉറപ്പും, നിയമ സംരക്ഷണവും നൽകുന്നണെങ്കിലും 100 ദിവസം തൊഴിൽ എന്ന വസ്തുതയിൽ ഒരുങ്ങി പോകുന്നു. ഇതുവരെ ഇത്തരം തൊഴിൽ ചെയ്യാത്ത വനിതകളെ ഈ പ്രവൃത്തിയിലേക്ക് ആകർഷിച്ച് 100 ദിവസം മാത്രം തൊഴിൽ നൽകാൻ സാധിക്കുന്നതിന് ഇത്തരം സ്ത്രീകളെ ഈ മേഖലയിൽ ഉറപ്പിച്ച് നിർത്തുന്നതിനും 365 ദിവസവും ജോലി നൽകുന്നതിനുമായി വിവിധ സാങ്കേതിക പരിശീലന പരിപാടികൾ ആസൂത്രണ ചെയ്യേണ്ടതുണ്ട്. ബ്ലോക്ക്, ജില്ല, ഗ്രാമ പഞ്ചായത്തിലും പദ്ധതിയിൽപ്പെടുത്തി ഈ മേഖലയിലെ അതായത് 9 ഗ്രാമ

പഞ്ചായത്തുകളിലെയും സ്ത്രീകളെ ബ്ലോക്കാടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്തു ഒരു ലേബർ ബാങ്ക് ഉണ്ടാകേണ്ടതാണ്. തെങ്ങ് കയറ്റം, ഡ്രൈവിംഗ്, ഹോം കെയർ, ഡെകെയർ, പ്ലംബിംഗ് മുതലാവ നിർമ്മാണ പ്രവൃത്തികളടക്കം ഉൾപ്പെടുത്തി പരിശീലന പരിപാടികൾ പഞ്ചായത്തടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ടതാണ്.

**പ്രശ്നങ്ങൾ**

1. വനിതാ വികസനവുമായി ബന്ധപ്പെട്ടുകൊണ്ട് അവരുടെ സാമൂഹ്യ -സാംസ്കാരിക ബന്ധങ്ങളിൽ മാറ്റങ്ങൾ വരുന്നതിന് താഴെ തട്ടിലുള്ള അടിസ്ഥാന അവബോധനം ഉണ്ടാകുന്നില്ല.
2. വ്യത്യസ്ത മേഖലയിൽ പരിഞ്ജാനമുള്ളവരും പരിഞ്ജാനമില്ലാത്തവരുമായി ഒരേ വേദിയിൽ ഇരുന്നു കൊണ്ട് പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നില്ല.
3. തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ഉപയോഗപ്പെടുത്തി നൂതനമായ പരിശീലന പരിപാടികൾ സംഘടിപ്പിച്ച് കൂടുതൽ സ്ത്രീകൾക്ക് സ്വയം തൊഴിൽ രംഗത്ത് സംരംഭകത്വ വികസനം സാധ്യമാകുന്നില്ല.
4. മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പു പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന എല്ലാ കുടുംബങ്ങൾക്കും 100 ദിവസം പണി ലഭിക്കുന്നില്ല.
5. നിലവിലുള്ള സ്വയം തൊഴിൽ പദ്ധതികളിൽ വേണ്ടത്ര നിക്ഷേപം മുടക്കി വൻകിട സംരംഭം തുടങ്ങുന്നതിന് മുൻകൈയെടുക്കുന്നില്ല.

**സാദ്ധ്യതകൾ**

സ്വയം സഹായ പദ്ധതിയായ എസ്.ജി.എസ്.വൈ. പദ്ധതിയുടെ ഇൻഫ്രയിൽ ഉൾപ്പെടുത്തി ഇരിക്കൂർ നിയോജക മണ്ഡലത്തിൽ പല സ്ഥലത്തും പരിശീലന കേന്ദ്രങ്ങൾ ബ്ലോക്കിന്റെ കീഴിൽ നിർമ്മിച്ചിട്ടുണ്ട്. ഇവ ഉപയോഗപ്പെടുത്തി ഗവ: സ്ഥാപനങ്ങളെയും, മാസ്റ്റർ ക്രാഫ്റ്റ്മാനേയും ഉപയോഗിച്ച് വിവിധ പദ്ധതികളുടെ പരിശീലന പരിപാടികൾ നടത്തി തൊഴിലധിഷ്ഠിത തൊഴിലവസരങ്ങൾ സൃഷ്ടി ക്കേണ്ടതാണ്. ഇതിലൂടെ 2030 ഓടു കൂടി ഒരു പരിധി വരെ സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിക്കാവുന്നതാണ്.

തൊഴിൽ മേഖലയിൽ പ്രത്യേകിച്ചു സമൂഹത്തിലെ എല്ലാവിധ മേഖലയിലും സ്ത്രീകൾ പലതരം പീഡനങ്ങൾക്കും ചൂഷണത്തിനും വിധേയമാവുന്നുണ്ട്. ഉന്നത ഉദ്യോഗ പദവിയിലരിക്കുന്നവർ പോലും ഇന്ന് മാനസിക പീഡനത്തിനും ചൂഷണത്തിനും ഇരയാവുകയാണ്. ഇതിനെതിരെ സംഘടിത, അസംഘടിത മേഖലയിൽ സ്ത്രീകളെ സംഘടിപ്പിച്ച് മാനസികവും ശാരീരികമായും ശക്തി നൽകുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ആവിഷ്കരിക്കണം.

**നിർദ്ദേശങ്ങൾ**

1. വനിത വികസനവുമായി ബന്ധപ്പെട്ടുകൊണ്ട് അവരുടെ സാമൂഹ്യ സാംസ്കാരിക ബന്ധങ്ങളിൽ മാറ്റങ്ങൾ വരണമെങ്കിൽ താഴെ തട്ടിൽ അവരെ വിളിച്ചു കൂട്ടി ഗവ: നടപ്പിലാക്കുന്ന എല്ലാ പദ്ധതികളെ ക്കുറിച്ച് (ത്രിതല പഞ്ചായത്ത്) ഒരു അടിസ്ഥാന അവബോധനം ഉണ്ടാക്കികൊടുക്കണം.
2. തൊഴിൽ പരമായ വൈദഗ്ദ്ധ്യ അടിസ്ഥാന അവബോധനം, പരിശീലനം എന്നിവയെ ക്കുറിച്ചുള്ള ഒരു ബോധം ഉണ്ടാക്കി കൊടുക്കുന്നതിന് പരിഞ്ജാനമുള്ളവരും പരിഞ്ജാനമില്ലാത്തവരും ഒരേ വേദിയിൽ ഇരുന്നു കൊണ്ട് അവരുടെ പ്രശ്നങ്ങള എന്താണെന്ന് ആദ്യം പഠിക്കണം.
3. മുൻ നിരയിൽ വന്നുകൊണ്ടിരിക്കുന്ന വനിതകൾ പോലും മറ്റുള്ളവരുടെ എതിരായ അഭിപ്രായം കൊണ്ട് (50% തദ്ദേശ സ്വയം ഭരണങ്ങളിൽ വനിതാ സംവരണം) പിന്നോട്ടുപോകുന്ന ഒരവസ്ഥ നമ്മുടെ നിലവിൽ ഉണ്ട്. അത് മാറ്റി

എടുത്തുകൊണ്ട് അവർക്ക് ചെയ്യുന്ന പ്രവർത്തികൾക്ക് മുൻതുക്കം കൊടുത്തുകൊണ്ടുവേണം പദ്ധതി ആസൂത്രണം ചെയ്യേണ്ടത്.

4. പദ്ധതികൾ എന്തെന്ന് കാലെക്കൂട്ടി വനിതകളെ അറിയികുകയും അവരുടെ അഭിപ്രായങ്ങൾ കൂടി പരിഹരിച്ചുകൊണ്ടുവേണം പദ്ധതി ആസൂത്രണം ചെയ്യേണ്ടത്. (ഉദാ: ഓട്ടോറിക്ഷ ഡ്രൈവിംഗ്, കരാട്ടെ എന്നിവ)
5. ഈ മേഖലയിലേക്ക് താല്പര്യമുള്ളവരെ കണ്ടെത്തണം എന്നിട്ട് അവരുടെ നിർദ്ദേശങ്ങൾ - അതിന്റെ പോരായ്മകള എന്തെല്ലാം അതിന്റെ സാങ്കേതിക പരിഞ്ജാനം എവിടെ നിന്നും ലഭിക്കും എന്നിവ പറഞ്ഞുകൊടുക്കുകയും പ്രദേശത്തിന് അനുസൃതവും അനുയോജ്യവുമായ പദ്ധതികൾ കണ്ടെത്തുവാൻ അവരിൽ നിന്നും നിർദ്ദേശങ്ങൾ ഉണ്ടാവുകയും പര്യാപ്തമാകുന്നതിനുള്ള നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചുകൊണ്ടുള്ള പദ്ധതിയാണ് രൂപപ്പെടുത്തേണ്ടത്.
6. മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന എല്ലാ കുടുംബത്തിനും 100 ദിവസം തൊഴിൽ ലഭിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.
7. തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ഉപയോഗപ്പെടുത്തി നൂതനമായ പരിശീലന പരിപാടികൾ സംഘടിപ്പിച്ച് കൂടുതൽ സ്ത്രീകൾക്ക് സ്വയം തൊഴിൽ രംഗത്ത് സംരംഭകത്വ വികസനം സാധ്യമാക്കണം.
8. തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിന് ലേബർ ബാങ്കുകൾ രൂപീകരിച്ച് വയത്യസ്ത ങ്ങളായ പദ്ധതിയിൽ വിദഗ്ദരെ കൊണ്ട് പരിശീലനം കൊടുത്തു കൊണ്ട് വനിതകളെ സ്വയം പര്യാപ്തമാവുന്നതാണ്. തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ഉപയോഗപ്പെടുത്തണം (തളിപ്പറമ്പ്, ഇരിക്കൂർ എന്നീ ബ്ലോക്കുകളിൽ എസ്.ജി.എസ്.വൈ.യുടെ അടിസ്ഥാന സൗകര്യവികസന ഫണ്ടുപയോഗിച്ച് ചെയ്തിട്ടുള്ള പരിശീലന കേന്ദ്രങ്ങൾ)
9. വനിതകളുടെ സാമൂഹ്യകയും സാംസ്കാരികവും സാമ്പത്തികവുമായ പദവി ഉയർത്താൻ ലേബർ ബാങ്കുകൾ ശക്തിപ്പെടുത്തി, തൊഴിലാളി ക്ഷാമം പരിഹരിക്കാവുന്നതാണ്.
10. നിലവിലുള്ള കുടുംബശ്രീ സ്വയം സംഘങ്ങളുടെ സംഘടനാ സംവിധാനത്തിലൂടെ ( വില്ലേജ് ലേവൽ ഫെഡറേഷൻ, ബ്ലോക്ക് ലെവൽ ഫെഡറേഷൻ, എൻ.എച്ച്.ജി., സി.ഡി.എസ്.) വനിതാ വ്യവസായ എസ്റ്റേറ്റുകൾ രൂപികരിക്കാവുന്നതാണ്.
11. വ്യക്തി കേന്ദ്രീകൃതവും കുടുംബ കേന്ദ്രീകൃതവുമായ വികസനാവശ്യങ്ങൾ നിർവ്വഹിക്കുവാനുള്ള പദ്ധതികൾ ചെയ്ത് കൊടുക്കാവുന്നതാണ്. (കൗമാരക്കാരായ യുവതികൾക്കുള്ള കൗൺസിംഗ് ഉൾപ്പെടെ)
12. നിലവിലുള്ള സ്വയം തൊഴിൽ സംരംഭകർ വലിയ നിക്ഷേപം മുടക്കി വൻകിട സംരംഭം തുടങ്ങുന്നതിന് സ്ത്രീകൾ മുന്നോടു വരുന്നില്ല.
13. ലൈംഗീകാതിക്രമങ്ങളിൽ നിന്നുള്ള മോചനത്തിന് ജാഗ്രതാ സമിതികൾ ശക്തിപ്പെടുത്തേണ്ടതാണ്.

## വയോജനക്ഷേമം

### ഇന്നത്തെ അവസ്ഥ:

2011-2012ലെ ഐ.സി.ഡി.എസ്. സർവ്വെ പ്രകാരം 365710 ജനസംഖ്യയുള്ള നിയോജകമണ്ഡലമാണ്. ഇരിക്കൂർ, ഹിന്ദുക്കളും, മുസ്ലീങ്ങളും, ക്രിസ്ത്യാനികളും ഊരുമൂപ്പൻമാരും, ഇടത്ത് ഇവിടെ താമസിക്കുന്നു. അര നൂറ്റാണ്ട് മുൻപ് ജൻമിത്വ കാലഘട്ടത്തിൽ കൂട്ടു കുടുംബ വ്യവസ്ഥയായിരുന്നു. ഇവിടെ നിലനിന്നിരുന്നു ത്. ജൻമിത്വത്തിന് വിരാമമായതോടെ സാമൂഹിക സമ്പത്തിക സ്ഥിതിയിലും സാര മായ മാറ്റം വന്നു. കൂട്ടു കുടുംബ വ്യവസ്ഥയിൽ പ്രായമായവരുടെ പ്രശ്ന ങ്ങൾ പരിഹരിക്കപ്പെടുമായിരുന്നു. എന്നാൽ അണു കുടുംബ വ്യവസ്ഥയിൽ പ്രായമാ

യവരുടെ പ്രശ്നങ്ങൾ ആരോടും പറയാൻ കഴിയാതെ വീർപ്പുമുട്ടിക്കഴിയുന്ന ഒരു സമൂഹത്തെയാണ് ഇന്ന് കാണാൽ കഴിയുന്നത്.

**60 വയസ്സിനു മുകളിൽ പ്രായമായവരുടെ വിവരങ്ങൾ**

| പട്ടികജാതി | | പട്ടിക വർഗ്ഗം | | മറ്റുള്ളവർ | | ആകെ | |
|---|---|---|---|---|---|---|---|
| ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 363 | 451 | 680 | 670 | 12844 | 14082 | 13887 | 15203 |

ജനസംഖ്യയിൽ 12% വയോജനങ്ങളാണെന്ന് സർവ്വേയിലൂടെ കണ്ടെത്തിയിട്ടുണ്ട്. അവരിൽ സ്ത്രീകളാണ് കൂടുതൽ പേരും.

ഇരിക്കൂർ ഐ.സി.ഡി.എസ് പ്രോജക്ടിന്റെ പരിധിയിൽ ഏരുവേശ്ശി, ശ്രീകണ്0ാപുരം, പയ്യാവൂർ എന്നീ പഞ്ചായത്തുകളാണ് ഉള്ളത്. വൃദ്ധമന്ദിരങ്ങൾ 14 എണ്ണമാണുള്ളത്.

| ജനസംഖ്യ ആകെ | വൃദ്ധ ജനസംഖ്യ | | | ആകെ |
|---|---|---|---|---|
| | എസ്.സി | എസ്.ടി | മറ്റുള്ളവർ | |
| 83278 | 266 | 413 | 9289 | 9968 |

**ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ വിവരങ്ങൾ:**

| മാനസിക വൈകല്യം | അസ്ഥി വൈകല്യം | ദൃഷ്ടി വൈകല്യം | ശ്രവം ഭാഷണം | മസ്തികാ ഘാതം | സമിശ്ര വൈകല്യം | ആകെ |
|---|---|---|---|---|---|---|
| 94 | 267 | 101 | 168 | 15 | 75 | 720 |

1. വിശ്രമ കേന്ദ്രങ്ങളുടെ അഭാവം- നിലവിലുള്ള വിശ്രമ കേന്ദ്രങ്ങളിൽ എത്തിപ്പെടാൻ പറ്റാത്ത അവസ്ഥ, വിശ്രമകേന്ദ്രങ്ങളിൽ ആവശ്യമായ ഫർണിച്ചർ, മറ്റു സൗകര്യങ്ങളുടെ അപര്യാപ്തത.
2. കുടുംബപരമായ പ്രശ്നങ്ങൾ
3. രോഗങ്ങൾ - ചികിത്സയുടെ അഭാവം.
4. വയോജന വിശ്രമ കേന്ദ്രങ്ങൾക്ക് അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ:-
5. ആയുർവേദ മരുന്ന്
6. പെയിൻ ആന്റ് പാലിയേറ്റീവ് ചികിത്സ

**സാമൂഹ്യസുരക്ഷാ പെൻഷൻ ലഭിക്കുന്നവരുടെ വിവരം**

| വിധവാ പെൻഷൻ | കർഷകത്തൊഴിലാളി പെൻഷൻ | വികലാംഗ പെൻഷൻ | വാർദ്ധക്യകൊല പെൻഷൻ | അവിവാഹിത പെൻഷൻ |
|---|---|---|---|---|
| 5404 | 5049 | 1989 | 4088 | 197 |

ഇരിക്കൂർ നിയോജക മണ്ഡലത്തിൽ 13 ക്ഷേമ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു.

**ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ**

| പഞ്ചായത്ത് | ബുദ്ധി മാന്ദ്യം | മാന സിക വൈക ല്യം | അസ്ഥി വൈക ല്യം | ദൃഷ്ടി വൈക ല്യം | ശ്രവ ണ വൈക ല്യം | കുഷ്ഠ രോഗ വൈക ല്യം | മസ്തി കാഘാ തം | സമ്മി ശ്ര വൈക ല്യം |
|---|---|---|---|---|---|---|---|---|
| ഉളിക്കൽ | 86 | 35 | 137 | 45 | 59 | 0 | 13 | 9 |
| ഇരിക്കൂർ | 44 | 27 | 60 | 12 | 21 | 0 | 2 | 3 |
| പയ്യാവൂർ | 60 | 44 | 77 | 28 | 59 | 0 | 5 | 26 |
| ശ്രീകണ്ഠാ പുരം | 60 | 45 | 140 | 50 | 61 | 0 | 3 | 37 |
| എരുവേശ്ശി | 47 | 16 | 77 | 44 | 33 | 0 | 3 | 12 |
| ചെങ്ങളായി | 50 | 62 | 102 | 45 | 63 | 1 | 13 | 14 |
| നടുവിൽ | 55 | 37 | 117 | 52 | 71 | 0 | 1 | 18 |
| ആലക്കോട് | 89 | 43 | 140 | 48 | 62 | 0 | 2 | 17 |
| ഉദയഗിരി | 23 | 36 | 109 | 21 | 38 | 0 | 5 | 12 |

**നിലനിൽക്കുന്ന പ്രശ്നങ്ങൾ**

1. മാനസിക പിരിമുറുക്കം
2. കുടുംബത്തിൽ അംഗീകാരവില്ലായ്മ
3. തുറന്നു പറയാൻ കഴിയാത്ത മാനസികാവസ്ഥ
4. മാനസിക ഉല്ലാസത്തിനും വിനോദത്തിനും ഉള്ള സൗകര്യമില്ലായ്മ
5. വാർദ്ധക്യ സഹജമായമനോ നില, സ്നേഹമായ കുടുംബാന്തരീക്ഷത്തിന്റെ അഭാവം
6. രോഗാവസ്ഥ
7. ഭക്ഷണത്തിന്റെയും വരുന്നിന്റെയും അഭുവം

**പ്രശ്നപരിഹാരം -വികസന സാദ്ധ്യതകൾ**

1. സാന്ത്വന കേന്ദ്രങ്ങൾ സ്ഥാപിച്ച് ഒറ്റപ്പെട്ടു കഴിയുന്നവരെ പുനരധിവസിപ്പിക്കൽ
2. ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ബഡ്സ് സ്കൂൾ സ്ഥാപിക്കൽ
3. പരിചരണ സേവനങ്ങൾക്ക് പാലിയേറ്റീവ് കെയർ യൂണിറ്റ് സ്ഥാപിക്കൽ
4. വികലാംഗർക്ക് സഹായ ഉപകരണങ്ങൾ ലഭ്യമാക്കുകയും സ്വയം തൊഴിൽ സൗകര്യം സജ്ജമാക്കുകയും ചെയ്യുക
5. ശാരീരിക മാനസികവുമായ ആരോഗ്യം വീണ്ടെടുക്കാൻ വിവിധ വകുപ്പുകളെ കൂട്ടി യോജിപ്പിച്ച് ചികിത്സ തരപ്പെടുത്തൽ
6. ജീവിതശൈലി രോഗങ്ങളിൽ നിന്നും ആശ്വാസം നൽകുന്നതിനുള്ള പരിപാടികൾ ആവിഷ്കരിക്കുക
7. പകൽ വീട് പോലുള്ള സംവിധാനങ്ങൾ ഒരുക്കുക
8. ഭക്ഷ്യസുരക്ഷ, ക്ഷേമ പെൻഷൻ എന്നിവ ഉറപ്പാക്കുക

**യഥാർത്ഥ പ്രയോജനം കൈവരിച്ച പ്രോജ്കടുകളും കാരണങ്ങളും**

ശ്രീകണ്ഠാപുരം ഗ്രാമ പഞ്ചായത്തിൽ വൃദ്ധരുടേയും ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവരുടേയും പദവി പഠനരേഖ തയ്യാറാക്കിയിട്ടുണ്ട്.

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്

ആയുവേദ മരുന്ന് വിതരണം

**വകുപ്പുകളുടെ ഏജൻസികളുടെ പരിപാടികൾ**

സാമൂഹ്യനീതി വകുപ്പു വഴി വികലാംഗ സഹായ ഉപകരണങ്ങൾ, വിതരണം, ക്ഷേമ സ്ഥാപനങ്ങൾക്കുളള ധനസഹായം, മിശ്ര വിവാഹ ധനസഹായം, വികലാംഗർക്കുളള വിവാഹ ധനസഹായം, സാമൂഹ്യസുരക്ഷാ മിഷൻ, വികലാംഗ തിരിച്ചറിയൽ കാർഡ്, ആശ്വാസ കിരൺ പദ്ധതി സ്നേഹസ്പർശം പദ്ധതി, ആരോഗ്യ വകുപ്പ് – പാലിയേറ്റീവ് കെയർ എന്നിവ നടപ്പിലാക്കുന്നു.

**യഥാർത്ഥ പ്രയോജനം ലഭിച്ച പ്രോജക്ടുകളും കാരണങ്ങളും**

| | | |
|---|---|---|
| 1 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | പഠന സഹായത്തിന് ധനസഹായം ലഭ്യമാക്കുവാൻ സാധിച്ചു |
| 2 | ആയുർവേദ മരുന്ന് വിതരണം | പ്രായമായവർക്ക് ചികിത്സയും മരുന്നും ലഭ്യമാക്കി |
| 3 | പാലിയേറ്റീവ് കെയർ യൂണിറ്റ് | കിടപ്പ് രോഗികൾക്ക് ചികിത്സാ സഹായം പണിക്കുന്നതിന് സാധിച്ചു |
| 4 | വയോജനങ്ങൾക്ക് പാൽ വിതരണം | വയോജനങ്ങൾക്ക് പാൽ ലഭ്യമാക്കുക വഴി ആരോഗ്യ നിലവാരം ഉയർത്തുവാൻ സാധിച്ചു. |
| 5 | ആശ്രയ പദ്ധതി | പദ്ധതി പ്രകാരം അഗതികൾക്ക് ഭക്ഷ്യ വിതരണം നടത്തുന്നതിന് സാധിച്ചു. |

**ഓർഫനേജുകളുടെ വിവരങ്ങൾ**

| ക്രമ നം. | ഓർഫനേജുകളുടെ പേര് | രജി: നമ്പർ |
|---|---|---|
| 1 | റഹ്മാനിയ ഓർഫനേജ്, പെരുവളത്തുപറമ്പ് | 233/71 |
| 2 | പുഷ്പാലയം, ഓൾഡ് എയ്ജ് ഹോം | 618 |
| 3 | പ്രതീക്ഷ ബോയ്സ് ഓർഫനേജ്, ഉളിക്കൽ | |
| 4 | സൽസബീൽ ഗേൾസ് ഓർഫനേജ്, ചെങ്ങളായി | 572 |
| 5 | ബാലഭവൻ, കോട്ടൂർ ശ്രീകണ്ഠാപുരം | 196 |
| 6 | പയസ്നോം – പയ്യാവൂർ | 357 |
| 7 | സെന്റ് എലിസബത്ത് ഹോം, തുസേനി, ശ്രീകണ്ഠാപുരം | 1426 |
| 8 | ദേശീയ കാരുണ്യഗുരുകുലം, നെടിയേങ്ങ | 749 |
| 9 | പുഷ്പനിവാസ്, ബാലഭവൻ, നെല്ലിക്കുറ്റി | 609 |
| 10 | കരുണാലയം, ചെമ്പേരി | 704 |
| 11 | സെന്റ് ജോസഫ്, ഓർഫനേജ്, ചെമ്പേരി | 281 |
| 12 | തെരേശഭവൻഹോം ഫോർ എയ്ജ് സ്റോം പയ്യാവൂർ | 1501 |
| 13 | ആശ ഭവൻ കരുവൻചാൽ | |
| 14 | തിരുരക്താശ്രമം – ആശാൻകവല – നടുവിൽ | |
| 15 | സന്തോഷ് ഭവൻ – വായാട്ടുപറമ്പ് | |
| 16 | ദിവ്യ കാരുണ്യ ആശ്രമം – നെല്ലിപ്പാറ | |

**പദ്ധതി നിർദ്ദേശങ്ങൾ:**

1. പകൽ വിശ്രമ കേന്ദ്രങ്ങൾ:- വൃദ്ധജനങ്ങൾക്ക് പകൽ സമയങ്ങളിൽ വീട്ടിൽ നിന്ന് വന്ന് പോകാവുന്ന വാഹനസൗകര്യം ഉൾപ്പെടെ പകൽ വിശ്രമ കേന്ദ്ര ങ്ങൾ സ്ഥാപിച്ച് ആവശ്യമായ സൗകര്യം ഒരുക്കിക്കൊടുക്കുക.
2. വിവിധ ചികിത്സാ സൗകര്യം നടപ്പിലാക്കുക.

**സമഗ്രസമീപനം**

ആയുർ ദൈർഘ്യം കുടുതലുള്ള കേരളത്തിൽ വൃദ്ധൻമാർ പ്രത്യേകിച്ചു സ്ത്രീകൾ ഒരുപാട് പ്രശ്നങ്ങൾ നേരിടുന്നു. വൃദ്ധസദനങ്ങൾ പ്രോത്സാഹിപ്പിക്കാതെ വൃദ്ധർമാരെ പകൽവിശ്രമ കേന്ദ്രങ്ങളിൽ എത്തിക്കണം - മാനസിക പിരിമുറുക്കം കാരണം വൃദ്ധർ വല്ലാത്ത അവസ്ഥയിലാണ് അവിടെ വിനോദത്തിലും കായികമുറകളിലും താല്പര്യം ഉണ്ടാക്കാവുന്ന രിതിയിലുള്ള അന്തരീക്ഷം സൃഷ്ടിക്കും ഇതേ കേന്ദ്രത്തിൽ കൊച്ചുകുട്ടികളെ എത്തുമ്പോൾ പഴമ കൈമാറാം മുതിർന്നവരുമായുള്ള സമ്പർക്കം കുട്ടികളിൽ നമ്മുടെ കാലം നിന്നു പോയ കുട്ടു കുടുംബ സമ്പ്രദായ രീതിയെ ഓർമ്മിപ്പിക്കുന്ന രീതിയിലുള്ള പഴഞ്ചൊല്ലുകൾ, പുരാണവൻ, പരമ്പരാഗത സംസ്കാരങ്ങൾ ആചാരങ്ങൾ എന്നിവ ആശയവിനിമയം നടത്താം.

വൃദ്ധർമാർക്കും കുട്ടികൾക്കും വേണ്ടിയുള്ള പകൽ വിശ്രമ കേന്ദങ്ങൾ - സൗഹൃദ സാഹചര്യത്തിൽ - സൗഹൃദ കൂട്ടായ്മ

മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവരും ഓട്ടിസം പോലുള്ള രോഗങ്ങളുള്ളവരേയും പ്രത്യേകം പരിചരിക്കുന്നതിനുള്ള ടി.ഒ.ടി.കൾ നടപ്പിലാക്കണം.

## IV.9. പട്ടികജാതി, പട്ടികവർഗ്ഗ വികസനം

### പട്ടികജാതി വികസനം

**ഇന്നത്തെ അവസ്ഥ:**

ഇരിക്കൂർ നിയോജക മണ്ഡലത്തിൽ 9 ഗ്രാമ പഞ്ചായത്തുകളാണുള്ളത്. ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിലെ ഇരിക്കൂർ, എരുവേശ്ശി, ഉളിക്കൽ, പയ്യാവൂർ, ശ്രീകണ്ഠാപുരം എന്നീ ഗ്രാമ പഞ്ചായത്തുകളും, തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്തിലെ ഉദയഗിരി, ആലക്കോട്, ചെങ്ങളായി, നടുവിൽ എന്നീ ഗ്രാമ പഞ്ചായത്തുകളും ഉൾപ്പെട്ടതാണ് ഈ നിയോജക മണ്ഡലം 9 ഗ്രാമ പഞ്ചായത്തുകളിലായി 1490 കുടുംബങ്ങളിൽ 45 കോളനികളിലായി 739 കുടുംബങ്ങളും 751 കുടുംബങ്ങൾ ഒറ്റപ്പെട്ടും അധിവസിക്കുന്നു. ഇതിൽ വാസയോഗ്യമായ വീടില്ലാത്തവരായി 104 കുടുംബവും ശുചിത്വമില്ലാത്ത കക്കൂസില്ലാത്തവർ 98 ഉം ആണ്. ഈ മേഖലയിൽ സർക്കാർ ജീവനക്കാർ 71 ഉം പൊതുമേഖലയിൽ ജോലിയുള്ളവർ 150 ആണ്. വിദ്യാഭ്യാസ രംഗത്ത് പുരോഗതി കൈവരികുവാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും അടിസ്ഥാന സൗകര്യ വികസനം വേണ്ട വിധം നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ജനസംഖ്യയിൽ കൂടുതലും 18-58 നുമിടയിൽ പ്രായമുള്ളവരാണ്. കാലാകാലങ്ങളിൽ കേന്ദ്രസർക്കാറുകൾ ആവിഷ്ക്കരിച്ച് നടപ്പിലാകുന്ന വിവിധ ക്ഷേമ പദ്ധതികളുടെ അടിസ്ഥാനത്തിലും വികേന്ദ്രീകൃത ആസൂത്രണത്തിലൂടെനടത്തുന്ന പദ്ധതികള ിലൂടെയും ഇവരുടെ സ്ഥിതി ഏറെക്കുറെ മെച്ചപ്പെട്ടിട്ടുണ്ട്.

**പട്ടികജാതി കോളനികളിലെ നിലവിലുള്ള അവസ്ഥ**

**ജന പ്രകൃതി**

| ക്രമ നം. | പഞ്ചായത്ത് | കോളനികളുടെ എണ്ണം | കുടുംബങ്ങളുടെ എണ്ണം | ഒറ്റപ്പെട്ട കുടുംബങ്ങളുടെ എണ്ണം | ജനസംഖ്യ | | |
|---|---|---|---|---|---|---|---|
| | | | | | പു | സ്ത്രീ | ആകെ |
| 1 | ആലക്കോട് | 4 | 69 | 162 | 460 | 439 | 899 |
| 2 | ഉദയഗിരി | 1 | 10 | 44 | 98 | 108 | 206 |
| 3 | നടുവിൽ | 0 | 0 | 56 | 104 | 123 | 227 |
| 4 | ചെങ്ങളായി | 19 | 339 | 160 | 999 | 1013 | 2012 |
| 5 | ഉളിക്കൽ | 4 | 70 | 83 | 390 | 315 | 705 |
| 6 | ശ്രീകണ്ഠാപുരം | 14 | 223 | 113 | 664 | 742 | 1406 |
| 7 | പയ്യാവൂർ | 2 | 10 | 60 | 140 | 155 | 295 |
| 8 | ഇരിക്കൂർ | 1 | 8 | 31 | 80 | 94 | 174 |
| 9 | എരുവേശ്ശി | 0 | 0 | 52 | 115 | 103 | 218 |
| | ആകെ | **45** | **729** | **761** | **3050** | **3092** | **6142** |

**ഭൂപ്രകൃതി**

| ക്രമ നം. | പഞ്ചായത്ത് | കോളനികളുടെ എണ്ണം | ആകെ വിസ്തീർണ്ണം | കാർഷിക ഭൂമിയുടെ അളവ് | കാർഷികേതര ഭൂമിയുടെ അളവ് |
|---|---|---|---|---|---|
| 1 | ആലക്കോട് | 4 | 6.9 Acre | 4.2 | 2.5 |
| 2 | ഉദയഗിരി | 1 | 4 Acre | 3.0 | 1.0 |
| 3 | നടുവിൽ | 0 | 6 Acre | 4.0 | 2.0 |
| 4 | ചെങ്ങളായി | 19 | 7.5 Acre | 6.5 | 1.0 |
| 5 | ഉളിക്കൽ | 4 | 7.0 Acre | 6.0 | 1.0 |
| 6 | ശ്രീകണ്ഠാപുരം | 14 | 11 Acre | 8.0 | 3.0 |
| 7 | പയ്യാവൂർ | 2 | 1 Acre | 0.50 | 0.50 |
| 8 | ഇരിക്കൂർ | 1 | 1 Acre | 0.50 | 0.50 |
| 9 | എരുവേശ്ശി | 0 | 4 Acre | 0.30 | 1.0 |
| | ആകെ | 45 | 50.4 Acre | 33 | 12.5 |

**പ്രശ്നങ്ങൾ:**

കോളനികളിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് താമസസ്ഥലത്തിന്റെ കൈവശാവകാശരേഖ ഇല്ലാത്ത കുടുംബങ്ങൾ ധാരാളമായി കാണുന്നു. പൂർവ്വികരുടെ പേരിലുണ്ടായിരുന്ന സ്ഥലം അവകാശികളുടെ പേരിൽ സമയബന്ധിതമായി രജിസ്റ്റർ ചെയ്യാതിരിക്കുന്നതാണ് ഇതിന് പ്രധാന കാരണം. ഇതുമൂലം വീട് വെകുന്നതിനുള്ള സഹായം ലഭ്യമാകുന്നില്ല എന്നതാണ് അവസ്ഥ.

കുടിവെള്ള സ്രോതസ്സിന്റെ അപര്യാപ്തതയും ഉള്ള സ്രോതസ്സിന്റെ ഉപയോഗ പ്രദമല്ലാത്ത രീതിയും കോളനികളിൽ വേനൽകാലത്തു കുടിവെള്ളക്ഷാമം രൂക്ഷമാകുന്നു. ശുചിത്വശീലങ്ങളുടെ അപര്യാപ്തത പരിസര മലിനീകരണത്തിനും അതുവഴി കോളനി നിവാസികൾക്ക് പ്രത്യേകിച്ച് വൃദ്ധർക്കും കുട്ടികൾക്കും രോഗങ്ങൾ പിടിപ്പെടാനുള്ള സാഹചര്യം നിലനില്കുന്നു. കുമിഞ്ഞു കുടുന്ന മാലിന്യങ്ങൾ ശരിയായ രീതിയിൽ നിർമ്മാർജ്ജനം ചെയ്യാത്തതുമൂലം പലവിധ പകർച്ചവ്യാധികളും പിടിപ്പെടുന്നതായി കാണപ്പെടുന്നു. കൂടാതെ പോഷകാഹാര കുറവുമൂലം സ്ത്രീകളും, കുട്ടികളും, വൃദ്ധരും രോഗങ്ങൾ ക്കടിമപ്പെടുന്നതായി കാണുന്നു.

കോളനി നിവാസികളുടെ പുകയില ഉല്പന്നങ്ങളുടെയും ലഹരി പദാർത്ഥങ്ങളുടെ ഉൽപാദനം, വിപണനം, അമിതമായ ഉപയോഗം എന്നിവ കോളനികളിൽ പൊതുവിലുള്ള കുടുംബ ജീവിതത്തെ താറുമാറാകുന്നു. കോളനികളിലേക്കുള്ള സഞ്ചാരയോഗ്യമായ റോഡുകളുടെ അപര്യാപ്തത വളരെ ഗുരുതരമായ പ്രശ്നമാണ്. കൃഷി ഭൂമി ഫലപ്രദമായി കാർഷിക യോഗ്യമാകുന്നതിനുള്ള പദ്ധതികൾ ഇല്ലാത്തതും പ്രശ്നങ്ങളായി നിലനിൽക്കുന്നു. ആവശ്യത്തിനുള്ള തെരുവുവിളകുകൾ ഇല്ലാത്തതും വോൾട്ടേജ് ക്ഷാമം പരിഹരിക്കാത്തതും പൊതു ജീവിതത്തെ പ്രത്യേകിച്ച് കുട്ടികളുടെ വിദ്യാഭ്യാസത്തെ സാരമായി ബാധിക്കുന്നു. ഉന്നത വിദ്യാഭ്യാസ സാഹചര്യം ഫലപ്രദമായി ഉപയോഗിക്കാത്തതും പ്രശ്നങ്ങളാണ്. പട്ടികജാതി കോളനികളിൽ സാംസ്കാരിക നിലയവും ശ്മശാനം, ശ്മശാനങ്ങളുടെ ചുറ്റുമതിൽ എന്നിവയുടെ അപര്യാപ്തതയും പ്രശ്നമാണ്.

**സാധ്യതകൾ**

മഹാത്മഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ എല്ലാ കുടുംബങ്ങളെയും തൊഴിൽ കാർഡ് എടുപ്പിക്കുകയും തൊഴിൽ ലഭ്യമാകുകയും ചെയ്യാവുന്നതാണ്.. കോളനി കുടുംബങ്ങൾക്ക് കൈവശാവകാശ രേഖ, കൈവശ ഭൂമി എന്നിവ ലഭ്യമാകുന്നതിനും റേഷൻ കാർഡില്ലാത്ത എല്ലാ കുടുംബത്തിനും റേഷൻ കാർഡ് ഉണ്ടാകുന്നതിനും ഗ്രാമ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഇടപെടലുകൾ ആവശ്യമാണ്.

വാസയോഗ്യ വീടില്ലാത്തവർക്ക് സമ്പൂർണ്ണ ഭവന പദ്ധതി എല്ലാ കോളനികളിലും നടപ്പിലാക്കേണ്ടതാണ്. കിണറുകൾ കുഴിച്ചും നിലവിലുള്ള കുളങ്ങൾ, കിണറുകൾ എന്നിവയുടെ ആഴം കൂടിയും കുഴൽ കിണറുകൾ സ്ഥാപിച്ചും കുടിവെള്ളം എത്തിക്കാനുള്ള പൈപ്പുലൈനുകൾ വലിച്ചു കുടിവെള്ള പ്രശ്നങ്ങൾ അടിയന്തിരമായി പരിഹരിക്കേണ്ടതാണ്. സമ്പൂർണ്ണ മാലിന്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി എല്ലാ വീട്ടിലും ശുചിത്വ കക്കൂസുകളും മാലിന്യ സംസ്കരണത്തിനായുള്ള കമ്പോസ്റ്റ് പിറ്റ് നിർമ്മിക്കുന്നതിനും അതുപയോഗിക്കുന്നതിന് അവരെ ബോധവൽക്കരിക്കേണ്ടതും ആവശ്യമാണ്. എല്ലാ കോളനികളിലും ജനസംഖ്യാനുപാതത്തിൽ തന്നെ അംഗൻവാടികൾ ഉണ്ടാവുകയും പോഷകാഹാര കുറവുമൂലം ദുരിതമനുഭവിക്കുന്നവർക്ക് (ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, 5 വയസ്സിന് താഴെയുള്ള കുട്ടികൾ, കൗമാരപ്രായമായ പെൺകുട്ടികളും, ആൺകുട്ടികളും വൃദ്ധരായ അച്ഛനമ്മമാർ) ഭക്ഷണം കൊടുക്കുന്നതിനുമുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

പുകയില ഉൽപ്പന്നങ്ങൾ, മദ്യം, ലഹരി പദാർത്ഥങ്ങൾ, വ്യാജ മദ്യം ഉല്പാദനം, വിപണനം എന്നിവ പൂർണ്ണമായും ഒഴിവാകുന്നതിനുള്ള അവബോധന ക്ലാസുകൾ, സെമിനാറുകൾ ലഹരി വിമുക്ത ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കാവുന്നതാണ്. പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ സേവനം എസ്.സി. കോളനികളിലെ ജനവിഭാഗത്തിന് കൂടി ലഭ്യമാകത്തക്ക രീതിയിലാക്കാവുന്നതാണ്.

പട്ടികജാതി കോളനികളിലേക്കുള്ള റോഡുകളുടെ നിർമ്മാണവും ഉള്ള റോഡിന്റെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും മുൻകൈയെടുത്ത് പരിഗണിക്കേണ്ടതാണ്. മെച്ചപ്പെട്ട റോഡുകൾ, കോളനിക്കകത്തും കോളനി പ്രദേശത്തും ഉറപ്പാക്കുവാനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. ഇതിനായി എസ്.സി. , എസ്.ടി. ഫണ്ടിന്റെ ഫലപ്രദമായ ഉപയോഗം ഉറപ്പാക്കാവുന്നതാണ്.

പൈതൃത കലകൾ പരിപോഷിപ്പിക്കപ്പെടുന്നില്ല. പട്ടികജാതി -പട്ടികവർഗ്ഗങ്ങളുടെ തനതായ നാടൻ കലകൾ അവതരിപ്പിക്കുന്നതിനും പ്രദർശിപ്പിക്കുന്നതിനും ബാഹ്യ ഇടപെടലുകൾ ഉണ്ടാവുകയും അതിനുള്ള വേദികൾ ഒരുക്കാവുന്നതാണ്.

പാരമ്പര്യേതര ഊർജ്ജസ്രോതസ്സ് പരമാവധി ഉപയോഗപ്പെടുത്തി കോളനികളിലെ എല്ലാ വീടുകളിലേക്കും വെളിച്ചം എത്തിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാവുന്നതാണ്. ഉന്നത വിദ്യാഭ്യാസം ചെയ്യുന്ന കുട്ടികൾക്ക് ട്യൂഷൻ, മെഡിക്കൽ / എഞ്ചിനീയറിംഗ് എൻട്രൻസ് പി.എസ്.സി. കോച്ചിംഗ് സെന്റർ തുടങ്ങുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കാവുന്നതാണ്. പട്ടികജാതി കോളനി സാംസ്കാരിത നിലയം, ശ്മശാനം എന്നിവയുടെ നിർമ്മാണം അത്യാവശ്യമാണ്.

**സമഗ്ര വികസനം:**

മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എ:- കോളനികളിൽ മണ്ണ് ജലസംരക്ഷണം, ഭൂവികസന പ്രവർത്തികൾ, കിണർ നിർമ്മാണം, കയ്യാല നിർമ്മാണം, ജൈവവേലി നിർമ്മാണം, നീർകുഴി നിർമ്മാണം, റോഡ് വൃത്തിയാക്കൽ, ഐ.എ.വൈ. ഭവന പദ്ധതികൾക്ക് മണ്ണ് പണി, റോഡ് സൈസ് കെട്ടൽ, കക്കൂസ് കുഴി എടുക്കൽ, കമ്പോസ്റ്റ് പിറ്റ്, പൊതുവഴി വൃത്തിയാക്കൽ, വൃക്ഷത്തെ വെച്ച് പിടിക്കൽ എന്നിവ ചെയ്യാവുന്നതാണ്. കൃഷി വകുപ്പുമായി ബന്ധപ്പെട്ട് നല്ലയിനം ഇടവിള ധാന്യവിത്തുകൾ, പച്ചക്കറി വിത്തുകൾ, വാഴ, പ്ലാവ്, തെങ്ങ്, മാവ് എന്നിവ കൊടുത്ത് ചെയ്യിക്കാവുന്നതാണ്. വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട് വ്യവസായ സംരംഭങ്ങൾ, സ്വയം തൊഴിൽ പദ്ധതി എന്നിവ ചെയ്യാവുന്നതാണ്. എൻ.ആർ.എൽ.എം.മായി ബന്ധപ്പെട്ട് പരിശീലനങ്ങൾ, മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട് പശു, ആട്, കോഴി എന്നിവയും വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് കുടിവെള്ള പ്രശ്നവും പരിഹരിക്കാവുന്നതാണ്. സോയിൽ കൺസർവേഷനുമായി ബന്ധപ്പെട്ട് മണ്ണ് സംരക്ഷണ പദ്ധതികൾ മലയോര വികസനവുമായി ബന്ധപ്പെട്ട് റോഡുകൾ, പരമ്പരാഗത കലകൾ, സാംസ്കാരിക നിലയങ്ങൾ, സമഗ്ര ആരോഗ്യ പരിരക്ഷ, കലാ കായികർക്കുള്ള പരിശീലന കേന്ദ്രങ്ങൾ എന്നിവ നല്കാവുന്നതാണ്. സംയോജിത നീർത്തട പരിപാലന പദ്ധതിയുമായി ബന്ധപ്പെട്ട് ജീവനോപാധികൾ സൃഷ്ടിക്കൽ, പ്രകൃതി വിഭങ്ങളുടെ പരിപാലനം എന്നിവ ചെയ്യുന്നതാണ്.

## പട്ടികവർഗ്ഗ വികസനം

**ഇന്നത്തെ അവസ്ഥ**

ഇരിക്കൂർ നിയോജക മണ്ഡലത്തിൽ 9 ഗ്രാമ പഞ്ചായത്തുകളാണുള്ളത്. ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിലെ ഇരിക്കൂർ, എരുവശ്ശേരി, ഉളിക്കൽ, പയ്യാവൂർ, ശ്രീകണ്ഠാപുരം എന്നീ ഗ്രാമ പഞ്ചായത്തുകളും തളിപ്പറമ്പ് ബ്ലോക്കിലെ ഉദയഗിരി, ആലക്കോട്, നടുവിൽ , ചെങ്ങളായി എന്നീ ഗ്രാമ പഞ്ചായത്തുകളും ഉൾപ്പെട്ടതാണ് ഈ നിയോജക മണ്ഡലം. 9 ഗ്രാമ പഞ്ചായത്തുകളിലായി 3376 പട്ടികവർഗ്ഗ കുടുംബങ്ങളിൽ 118 കോളനികളിലായി 3350 കുടുംബങ്ങളുമാണുള്ളത്. ബാക്കി കുടുംബങ്ങൾ ഒറ്റപ്പെട്ടു കഴിയുന്നവരാണ്.

കാർഷിക മേഖലയെ ആശ്രയിച്ചു കഴിയുന്ന ഈ വിഭാഗത്തിന് കാര്യമായ പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. കോളനി സമഗ്ര വികസനത്തിനായി വിവിധ വകുപ്പുകളിലൂടെ ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ പലപ്പോഴും ഫലപ്രദമായി നടപ്പാക്കുന്നതായി കാണുന്നില്ല. അടിസ്ഥാന സൗകര്യ വികസനമായാലും, വിദ്യാഭ്യാസ മേഖലയായാലും സാമൂഹ്യ സുരക്ഷയായാലും വേണ്ടത്ര ഫലപ്രദമായുണ്ടില്ലയെന്ന് കാണാൻ കഴിയുന്നു. വാസയോഗ്യമായ വീട് ഇല്ലാത്തതും ഉള്ളത് പരിപാലിക്കപ്പെടാത്തതും പ്രശ്നങ്ങളാണ് കാണപ്പെടുന്നു. പട്ടികവർഗ്ഗ കോളനികളിലെ നിലവിലുള്ള അവസ്ഥയെ സംബന്ധിച്ചക്കുന്ന വിവരം ചുവടെ ചേർക്കുന്നു.

**ജന പ്രകൃതി**

| ക്രമ നം. | പഞ്ചായത്ത് | കോളനി കളുടെ എണ്ണം | കുടുംബങ്ങ ളുടെ എണ്ണം | ജനസംഖ്യ | | |
|---|---|---|---|---|---|---|
| | | | | പു | സ്ത്രീ | ആകെ |
| 1 | ആലക്കോട് | 15 | 495 | 959 | 960 | 1919 |
| 2 | ഉദയഗിരി | 15 | 542 | 906 | 910 | 1816 |
| 3 | നടുവിൽ | 30 | 817 | 1514 | 1650 | 3164 |
| 4 | ചെങ്ങളായി | 4 | 52 | 120 | 104 | 224 |
| 5 | ഉളിക്കൽ | 19 | 493 | 920 | 926 | 1846 |
| 6 | ശ്രീകണ്ഠാ പുരം | 9 | 180 | 372 | 335 | 707 |
| 7 | പയ്യാവൂർ | 15 | 513 | 975 | 1004 | 1979 |
| 8 | ഇരിക്കൂർ | 0 | 0 | 0 | 0 | 0 |
| 9 | എരുവേശ്ശി | 11 | 284 | 503 | 571 | 1074 |
| | **ആകെ** | **118** | **3376** | **6269** | **6460** | **12729** |

**ഭൂപ്രകൃതി**

| ക്രമ നം. | പഞ്ചായത്ത് | കോളനി കളുടെ എണ്ണം | ആകെ വിസ്തീർണ്ണം | കാർഷിക ഭൂമിയുടെ അളവ് | കാർഷികേതര ഭൂമിയുടെ അളവ് |
|---|---|---|---|---|---|
| 1 | ആലക്കോട് | 15 | 48.5 Acre | 38.0 | 10.5 |
| 2 | ഉദയഗിരി | 15 | 42.5 Acre | 31.5 | 11.0 |
| 3 | നടുവിൽ | 30 | 100 Acre | 80.0 | 20.0 |
| 4 | ചെങ്ങളായി | 4 | 5.2 Acre | 4.1 | 1.1 |
| 5 | ഉളിക്കൽ | 19 | 45.52 Acre | 35.0 | 10.52 |
| 6 | ശ്രീകണ്ഠാ പുരം | 9 | 18.5 Acre | 10.0 | 8.5 |
| 7 | പയ്യാവൂർ | 15 | 45.5 Acre | 32.5 | 13.00 |
| 8 | ഇരിക്കൂർ | 0 | 0 Acre | 0 | 0 |
| 9 | എരുവേശ്ശി | 11 | 30.32 Acre | 18.3 | 12 |
| | ആകെ | **118** | 336.04 Acre | 249.4 | 86.62 |

**പ്രശ്നങ്ങൾ:**

ഇരിക്കൂർ നിയോജക മണ്ഡലത്തിൽ കീഴിൽ ഒരു ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ അഭാവം മൂലം ഈ മേഖലയിലേക്കുള്ള പ്രശ്നങ്ങളിൽ ഇടപെടൽ നടത്തുന്നതിന് പലപ്പോഴും നടക്കുന്നില്ല. കോളനികളിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് താമസസ്ഥലത്തിന്റെ കൈവശാവകാശരേഖകളില്ലാത്ത കുടുംബങ്ങൾ ധാരാളമായി കാണപ്പെടുന്നു. പൂർവ്വികരുടെ പേരിലുണ്ടായിരുന്ന സ്ഥലം അവകാശികളുടെ പേരിൽ സമയബന്ധിതമായി രജിസ്റ്റർ ചെയ്താതിരിക്കുന്നകാണ് ഇതിന് പ്രധാന കാരണം ഇതുമൂലം വീട് വെക്കുന്നതിനുള്ള ധനസഹായം ലഭ്യമാക്കാൻ പറ്റുന്നില്ല.

കുടിവെള്ള സ്രോതസ്സിന്റെ അപര്യാപ്തതയും ഉള്ള സ്രോതസ്സിന്റെ ഉപയോഗ പ്രദമല്ലാത്ത രീതിയും കോളനികളിൽ വേനൽകാലത്ത് കുടിവെള്ള ക്ഷാമം രൂക്ഷമാകുന്നു. ശുചിത്വശീല നങ്ങളുടെ അപര്യാപ്തത പരിസര മലിനീകരണത്തിനും അതുവഴി കോളനി നിവാസികൾക്ക് പ്രത്യേകിച്ച് വൃദ്ധർക്കും കുട്ടികൾക്കും രോഗങ്ങൾ പിടിപ്പെടാനുള്ള സാഹചര്യം നിലനില്കുന്നു. കുമിഞ്ഞു കൂടുന്ന മാലിന്യങ്ങൾ ശരിയായ രീതിയിൽ നിർമ്മാർജ്ജനം ചെയ്യാത്തതുമൂലം പലവിധ പകർച്ചവ്യാധികളും പിടിപ്പെടുന്നതായി കാണപ്പെടുന്നു. കൂടാതെ പോഷകാഹാര

കുറവുമൂലം സ്ത്രീകളും, കുട്ടികളും, വൃദ്ധരും രോഗങ്ങൾ ക്കടിമപ്പെടുന്നതായി കാണുന്നു.

കോളനി നിവാസികളുടെ പുകയില ഉല്പന്നങ്ങളുടെയും ലഹരി പദാർത്ഥങ്ങളുടെ ഉൽപാദനം, വിപണനം, അമിതമായ ഉപയോഗം എന്നിവ കോളനികളിൽ പൊതുവിലുള്ള കുടുംബ ജീവിതത്തെ താറുമാറാകുന്നു. കോളനികളിലേക്കുള്ള സഞ്ചാരയോഗ്യമായ റോഡുകളുടെ അപര്യാപ്തത വളരെ ഗുരുതരമായ പ്രശ്നമാണ്. കൃഷി ഭൂമി ഫലപ്രദമായി കാർഷിക യോഗ്യമാകുന്നതിനുള്ള പദ്ധതികൾ ഇല്ലാത്തതും പ്രശ്നങ്ങളായി നിലനിൽക്കുന്നു. ആവശ്യത്തിനുള്ള തെരുവുവിളകുകൾ ഇല്ലാത്തതും വോൾട്ടേജ് ക്ഷാമം പരിഹരിക്കാത്തതും പൊതു ജീവിതത്തെ പ്രത്യേകിച്ച് കുട്ടികളുടെ വിദ്യാഭ്യാസത്തെ സാരമായി ബാധിക്കുന്നു. ഉന്നത വിദ്യാഭ്യാസ സാഹചര്യം ഫലപ്രദമായി ഉപയോഗിക്കാത്തതും പ്രശ്നങ്ങളാണ്. പട്ടികജാതി കോളനികളിൽ സാംസ്കാരിക നിലയവും ശ്മശാനം, ശ്മശാനങ്ങളുടെ ചുറ്റുമതിൽ എന്നിവയുടെ അപര്യാപ്തതയും പ്രശ്നമാണ്.

**സാദ്ധ്യതകൾ**

ഭവന രഹിതരായ പട്ടികവർഗ്ഗക്കാരുടെ കോളനികളിൽ സമ്പൂർണ്ണ ഭവന പദ്ധതി നടപ്പിലാക്കാവുന്നതാണ്. ത്രിതല പഞ്ചായത്തുകളെയും വിവിധ ഏജൻസികളെയും സംഘടിപ്പിച്ചുകൊണ്ട് കുടിവെള്ളമില്ലാത്ത എല്ലാ സങ്കേതങ്ങളിലും പൈപ്പ് ലൈൻ വലിച്ചും, നിലവിലുള്ള കിണറിനും കുളങ്ങൾക്കും ആഴം കുട്ടിയും പുതിയ കിണറുകൾ കുഴിച്ചും ശുദ്ധജല സംവിധാനം ഒരുക്കാവുന്നതാണ്.

ആധാർ കാർഡ്, ആരോഗ്യ ഇൻഷുറൻസ് കാർഡ്, റേഷൻ കാർഡ് എന്നിവയില്ലാത്ത കോളനി കുടുംബങ്ങൾക്ക് ആയത് ലഭ്യമാകുന്നതിന് കുടുംബശ്രീ, പട്ടികവർഗ്ഗ വികസന വകുപ്പ് ഗ്രാമ പഞ്ചായത്ത് എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ട് ഗ്രാമ പഞ്ചായത്ത് തലത്തിൽ ഒന്നോ, രണ്ടോ സ്ഥലങ്ങളിൽ ക്യാമ്പ് വെച്ച് കൊണ്ട് ആയത് ലഭ്യമാക്കാൻ നടപടി സ്വികരിക്കാവുന്നതാണ്.

മാരകമായ രോഗങ്ങൾ ബാധിച്ച പട്ടികവർഗ്ഗക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പഞ്ചായതത്തുതലത്തിൽ ഇവർക്കുള്ള പദ്ധതികൾ നടപ്പിലാക്കി സാമൂഹ്യ ക്ഷേമ വകുപ്പ്, ആരോഗ്യ വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ് മറ്റ് സന്നദ്ധ സംഘടനകൾ എന്നിവരുടെ യോഗം ഗ്രാമ പഞ്ചായത്ത് തലത്തിൽ വിളിച്ച് ചേർന്ന് പരിഹാരം തേടാനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

നിലവിൽ താമസിക്കുന്ന ഭൂമിക്ക് കൈവശരേഖയില്ലാത്തതുമൂലം വീട് വെക്കുന്നതിനുള്ള ധനസഹായം ലഭ്യമാക്കാതെ വരുന്നു. ഇതിന് പഞ്ചായത്തുതലത്തിൽ ഒരിടപെടൽ ആവശ്യമാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ എല്ലാ കുടുംബങ്ങളെയും തൊഴിൽ കാർഡ് എടുപ്പിക്കുകയും തൊഴിൽ ലഭ്യമാകുകയും ചെയ്യാവുന്നതാണ്.

പുകയില ഉൽപ്പന്നങ്ങൾ, മദ്യം, ലഹരി പദാർത്ഥങ്ങൾ, വ്യാജ മദ്യം ഉല്പാദനം, വിപണനം എന്നിവ പൂർണ്ണമായും ഒഴിവാകുന്നതിനുള്ള അവബോധന ക്ലാസുകൾ, സെമിനാറുകൾ ലഹരി വിമുക്ത ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കാവുന്നതാണ്. പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ സേവനം എസ്.സി. കോളനികളിലെ ജനവിഭാഗത്തിന് കൂടി ലഭ്യമാകത്തക്ക രീതിയിലാക്കാവുന്നതാണ്.

പട്ടികവർഗ്ഗ കോളനികളിലേക്കുള്ള റോഡുകളുടെ നിർമ്മാണവും ഉള്ള റോഡിന്റെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും മുൻകൈയെടുത്ത് പരിഗണിക്കേണ്ടതാണ്. മെച്ചപ്പെട്ട റോഡുകൾ, കോളനിക്കകത്തും കോളനി പ്രദേശത്തും ഉറപ്പാക്കുവാനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. ഇതിനായി എസ്.സി. , എസ്.ടി. ഫണ്ടിന്റെ ഫലപ്രദമായ ഉപയോഗം ഉറപ്പാക്കാവുന്നതാണ്.

പൈതൃത കലകൾ പരിപോഷിപ്പിക്കപ്പെടുന്നില്ല. പട്ടികജാതി -പട്ടികവർഗ്ഗങ്ങളുടെ തനതായ നാടൻ കലകൾ അവതരിപ്പിക്കുന്നതിനും പ്രദർശിപ്പിക്കുന്നതിനും ബാഹ്യ ഇടപെടലുകൾ ഉണ്ടാവുകയും അതിനുള്ള വേദികൾ ഒരുക്കാവുന്നതാണ്.

പാരമ്പര്യേത ഊർജ്ജസ്രോതസ്സ് പരമാവധി ഉപയോഗപ്പെടുത്തി കോളനികളിലെ എല്ലാ വീടുകളിലേക്കും വെളിച്ചം എത്തിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാവുന്നതാണ്. ഉന്നത വിദ്യാഭ്യാസം ചെയ്യുന്ന കുട്ടികൾക്ക് ട്യൂഷൻ, മെഡിക്കൽ / എഞ്ചിനീയറിംഗ് എൻട്രൻസ് പി.എസ്.സി. കോച്ചിംഗ് സെന്റർ തുടങ്ങുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കാവുന്നതാണ്. പട്ടികവർഗ്ഗ കോളനി സാംസ്കാരിത നിലയം, ശ്മശാനം എന്നിവയുടെ നിർമ്മാണം അത്യാവശ്യമാണ്.

**സമഗ്ര വികസനം:**

മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എ:- കോളനികളിൽ മണ്ണ് ജലസംരക്ഷണം, ഭൂവികസന പ്രവർത്തികൾ, കിണർ നിർമ്മാണം, കയ്യാല നിർമ്മാണം, ജൈവവേലി നിർമ്മാണം, നീർകുഴി നിർമ്മാണം, റോഡ് വൃത്തിയാക്കൽ, ഐ.എ.വൈ. ഭവന പദ്ധതികൾക്ക് മണ്ണ് പണി, റോഡ് സൈസ് കെട്ടൽ, കക്കൂസ് കുഴി എടുക്കൽ, കമ്പോസ്റ്റ് പിറ്റ്, പൊതുവഴി വൃത്തിയാക്കൽ, വൃക്ഷത്തെ വെച്ച് പിടിക്കൽ എന്നിവ ചെയ്യാവുന്നതാണ്. കൃഷി വകുപ്പുമായി ബന്ധപ്പെട്ട് നല്ലയിനം ഇടവിള ധാന്യവിത്തുകൾ, പച്ചക്കറി വിത്തുകൾ, വാഴ, പ്ലാവ്, തെങ്ങ്, മാവ് എന്നിവ കൊടുത്ത് ചെയ്യിക്കാവുന്നതാണ്. വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട് വ്യവസായ സംരംഭങ്ങൾ, സ്വയം തൊഴിൽ പദ്ധതി എന്നിവ ചെയ്യാവുന്നതാണ്. എൻ.ആർ.എൽ.എം.മായി ബന്ധപ്പെട്ട് പരിശീലനങ്ങൾ, മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട് പശു, ആട്, കോഴി എന്നിവയും വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് കുടിവെള്ള പ്രശ്നവും പരിഹരിക്കാവുന്നതാണ്. സോയിൽ കൺസർവേഷനുമായി ബന്ധപ്പെട്ട് മണ്ണ് സംരക്ഷണ പദ്ധതികൾ മലയോര വികസനവുമായി ബന്ധപ്പെട്ട് റോഡുകൾ, പരമ്പരാഗത കലകൾ, സാംസ്കാരിക നിലയങ്ങൾ, സമഗ്ര ആരോഗ്യ പരിരക്ഷ, കലാ കായികർക്കുള്ള പരിശീലന കേന്ദ്രങ്ങൾ എന്നിവ നല്കാവുന്നതാണ്. സംയോജിത നീർത്തട പരിപാലന പദ്ധതിയുമായി ബന്ധപ്പെട്ട് ജീവനോപാധികൾ സൃഷ്ടിക്കൽ, പ്രകൃതി വിഭങ്ങളുടെ പരിപാലനം എന്നിവ ചെയ്യുന്നതാണ്.

# V. വികസന തന്ത്രം

ഇരിക്കൂർ നിയോജക മണ്ഡലത്തിന്റെ നിലവിലുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും ദീർഘകാലടിസ്ഥാനത്തിലുള്ള ഒരു വികസന പരിപ്രേക്ഷ്യം രൂപപ്പെടുത്തുന്നതിനുമുള്ള ശ്രമങ്ങളാണ് നടന്നു കൊണ്ടിരിക്കുന്നത്. ഒരു നിയമസഭാ മണ്ഡലം മുഴുവാനായി കണ്ടുക്കൊണ്ടുള്ള ഇത്തരത്തിലുള്ള പരിശ്രമങ്ങൾക്ക് മുൻമാതൃകകളില്ല. അതേസമയം പഞ്ചായത്ത് ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് സംവിധാനങ്ങൾ സമഗ്ര വികസന പരിപാടികൾക്ക് രൂപം നൽകിയിട്ടുണ്ട്. ഒരു നിയോജകമണ്ഡലം മൊത്തത്തിലുള്ള വികസന പരിപ്രേക്ഷ്യത്തിന് രൂപം നൽകുമ്പോൾ നൂറ്റാണ്ടുകളായി ഒരോ സംസ്ക്കാരവും ജീവിത രീതിയും ജീവിതസഹാര്യങ്ങളുമൊക്കെയുള്ള ഒരു ജനതയുടെ സമഗ്ര വളർച്ചയാണ് ലക്ഷ്യമിടുന്നത്. ഇരിക്കൂറിനെ സംബന്ധിച്ചിടത്തോളം ഭൂമിശാസ്ത്രപരമായും ചരിത്രപരമായും പിന്നോക്കമാക്കേണ്ടി വന്ന ഒരു ജനവിഭാഗത്തിന്റെ വളർച്ചയും വികസനവും തന്നെയാണ് ലക്ഷ്യമിടുന്നത്.

കാർഷിക മേഖലയിൽ മാറി വന്ന സാഹചര്യത്തിൽ നാണ്യവിളകളോടൊപ്പം തനത് കൃഷിയെ കൂടി നിലനിർത്തുകയെന്നതാണ് ലക്ഷ്യം. മണ്ഡലത്തിൽ മുഴുവൻ തരിശ് നിലങ്ങളും കൃഷിയോഗ്യമാക്കുന്നതിനും ജൈവകൃഷി പ്രോൽസാഹിപ്പിക്കുന്നതിനും മൂല്യവർദ്ധിത ഉല്പന്നങ്ങൾ, കാർഷികോൽപന്നങ്ങളിൽ നിന്ന് ഉൽപാദിപ്പിക്കുന്ന പദ്ധതിക്ക് മുൻഗണന നൽകുന്നതിനുമാണ് പദ്ധതി കാലയളവിൽ പരിഗണന നൽകേണ്ടത്.

മൃഗസംരക്ഷണ മേഖലയിൽ ആധുനിക രീതിയിലുള്ള അറവുശാലയുടെ സുഗമമായ പ്രവർത്തനം ശ്രീകണ്ഠാപുരത്ത് ഉറപ്പ് വരുത്തുന്നതിനും മാംസം, മുട്ട എന്നിവയുടെ ഉൽപാദനത്തിൽ സ്വയം പര്യാപ്തത വരുത്തുന്നതിനും പദ്ധതി കാലത്ത് തന്ത്രങ്ങൾ ആവിഷ്കരിക്കേണ്ടതുണ്ട്. പാൽ ഉൽപാദന രംഗത്ത് കൂടുതൽ കന്നുകാലി സമ്പത്ത് ഉണ്ടാക്കുന്നതിനും പാലു ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും മിൽമയ്ക്ക് സമാനമായ ഒരു പ്ലാന്റ് നിയോജകമണ്ഡലത്തിന്റെ ജൈവ സമ്പത്ത് കണക്കിലെടുത്ത് ആരംഭിക്കുന്നതിനും സാധ്യതയുണ്ട്.

ആരോഗ്യ മേഖലയിൽ ഹെൽത്ത് കാർഡ് വിതരണത്തിനും മുഴുവൻ ആരോഗ്യ സ്ഥാപനങ്ങളുടെയും നിലവാരമുയർത്തുന്നതിനും പദ്ധതിയിട്ടുന്നു.

വിദ്യാഭ്യാസ മേഖലയിൽ പഠന നിലവാരം ഉയർത്തുന്നതിനും സമ്പൂർണ്ണ പ്രീപ്രൈമറി വിദ്യാഭ്യാസത്തിനും കായിക നിലവാരം ഉയർത്തുന്നതിന് ഒരു സ്പോർട്സ് സ്ക്കൂൾ സ്ഥാപിക്കുന്നതിനും പദ്ധതിക്കാലത്ത് ലക്ഷ്യമിടുന്നു. കുടിവെള്ള പദ്ധതിയിൽ പൂർണ്ണത കൈവരിക്കുന്നതിന് ജലസ്യേതസ്സുകൾ നീർത്തട വികസന പദ്ധതികളിലുടെ പുനരുജീവിപ്പിക്കുന്നതിനും ജലവിതാനം ഉയർത്തുന്നതിനും കിണറുകൾക്ക് പകരം പൊതുജലം വിതരണ സമ്പ്രദായം കാര്യക്ഷമമാക്കുന്നതിനും ഉദ്ദേശിക്കുന്നു. ശുചിത്യ പ്രവർത്തനങ്ങൾ സജ്ജീവമാക്കുന്നതിന് മണ്ഡലത്തിൽ പ്ലാസ്റ്റിക് മാലിന്യസംസ്ക്കാരണ പ്ലാന്റ് പ്ലാസ്റ്റിക് റീസൈക്ലിംഗ് പദ്ധതി എന്നീ ആവിഷ്കരിക്കാനും നടപ്പിലാക്കുന്നതിന് പ്രാധാന്യം നൽകും.

ഗതാഗത മേഖലയിൽ മലയോരത്തെ പ്രധാനപാതകൾ കുറ്റമറ്റമാക്കുന്നതിനും റോഡ് കണക്ടിവിറ്റിക്ക് ഉന്നൽ നൽകുന്നതിനും പ്രാധാന്യം നൽകും. ഭാവിയിൽ ഗതാഗതക്കുരുക്കില്ലാത്ത മണ്ഡലത്തിലെ നഗരങ്ങൾ എന്ന ലക്ഷ്യം മുൻനിർത്തി 25 വർഷം മുന്നിൽ കണ്ടുകൊണ്ടുള്ള ഗതാഗത നയം ആവിഷ്കരിച്ച് നടപ്പിലാക്കും.

## മേഖല തിരിച്ചുള്ള വികസന കാഴ്ചപ്പാട്

| | |
|---|---|
| 1) കൃഷി: | തരിശ് രഹിത നിയോജക മണ്ഡലം<br>ഭക്ഷ്യ വിളകൾ-ജൈവ കൃഷി<br>പച്ചക്കറി ഉൽപ്പാദനം- സ്വയം പര്യാപ്തത<br>നെൽവയൽ-നെൽകൃഷി-വീണ്ടെടുക്കൽ-പ്രഖ്യാപനം |
| 2) മൃഗസംരക്ഷണം: | സമഗ്ര മൃഗസംരക്ഷണ പരിപാടി,<br>മാംസം, മുട്ട-ഉൽപ്പാദനം-സ്വയംപര്യാപ്ധഃഃ<br>മൂല്യവർദ്ധിത ഉല്പനന്നങ്ങളുടെ ഉല്പാദനം, ഉപയോഗം, വിപണനം.<br>ശാസ്ത്രീയ അറവ് ശാല ജൈവവള നിർമ്മാണം. |
| 3) ക്ഷീരവികസനം | സ്വയംപര്യാപ്തത, ഉൽപ്ന്നങ്ങളുടെ ഗുണനിലവാരം ഉയർത്തൽ, ക്ഷീര സമ്പത്ത് വർദ്ധിപ്പിക്കുന്ന പരിപാടികൾ |
| 4) മത്സ്യമേഖല | അലങ്കാര മത്സ്യകൃഷി സ്വയം തൊഴിൽ സംരംഭങ്ങൾ |
| 5) മണ്ണ്-ജല സംരക്ഷണം: | നീർത്തടാധിഷ്ടിത വികസന കാഴ്ചപ്പാട്-സമഗ്രജല സംരക്ഷണം<br>ജലസമൃദ്ധി-ജലസേചനത്തിനും ശുദ്ധജലാവശ്യത്തിനും |
| 6) വനം | വനസംരക്ഷണ പ്രവർത്തനങ്ങൾ |
| 7) വ്യവസായം | ചെറുകിട വ്യാവസായ സംരംഭക പരിശീലനം |
| 8) ഊർജ്ജം | പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളുടെ വിനിയോഗം, വ്യാപനം, മിനി ഹൈഡൽ പ്രൊജക്റ്റുകൾ |
| 9) ആരോഗ്യം | സമ്പൂർണ്ണ രോഗ പ്രതിരോധ കുത്തിവെയ്പ്പ്<br>(നിയേജക മണ്ഡലം)<br>സമഗ്രപകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനം<br>ആരോഗ്യ സ്ഥപനങ്ങളെ-സംസ്ഥാന-ദേശീയ നിലവാരമുള്ളവയാക്കൽ<br>എല്ലാവർക്കും ഗുണനിലവാരമുള്ള ആരോഗ്യ സേവനം, ഹെൽത്ത് കാർഡ് വിതരണം. |
| 10) കുടിവെള്ളം | സമഗ്ര കുടിവെള്ള പദ്ധതി - പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കേണ്ട കുടിവെള്ള പദ്ധതി |
| 11) പാർപ്പിടം: | സമ്പൂർണ്ണ ഭവന പദ്ധതി<br>ഭവനരഹിതരില്ലാത്ത നിയോജക മണ്ഡലം<br>സമയബന്ധിതമായി എല്ലാവർക്കും വീട് |
| 12) ശുചിത്വം | സമ്പൂർണ്ണ ശുചിത്വ നിയോജക മണ്ഡലം<br>സമ്പൂർണ്ണ പ്ലാസ്റ്റിക് ക്യാരി ബാഗ് നിർമ്മാർജ്ജനം<br>സമ്പൂർണ്ണ മാലിന്യ സംസ്ക്കരണ പദ്ധതി<br>ഗുണനിലവാരമുള്ള പൊതു ടോയ്ലറ്റുകൾ |

| | |
|---|---|
| 13) വിദ്യാഭ്യാസം | എല്ലാവർക്കും ഗുണനിലവാരമുള്ള വിദ്യാഭ്യാസം<br>സ്മാർട്ട് ക്ലാസ്റൂമുകൾ<br>സ്മാർട്ട് സ്കൂളുകൾ(എല്ലാ അടിസ്ഥാന സൗകര്യങ്ങളും, ആധുനീക ഉപകരണങ്ങളും<br>എല്ലാ കുട്ടികൾക്കും കായികക്ഷമതാപോഷണം<br>പ്ലസ് 2 കുട്ടികൾക്ക് ടാബ്ലറ്റ് കമ്പ്യൂട്ടർ |
| 14) സംസ്ക്കാരം, കായികം | നാടൻ കലാസ്വാദന വേദികൾ, കളിസ്ഥലങ്ങൾ, സ്വിമ്മീംഗ് പൂളുകൾ |
| 15) വിനോദസഞ്ചാരം | കേന്ദ്ര സംസ്ഥാന സർക്കാരും മറ്റ് സംരംഭകരുമായി ചേർന്നു ഏറ്റെടുക്കാവുന്ന വിവിധ പ്രൊജക്റ്റുകൾ. |
| 16) റോഡുകൾ<br>അടിസ്ഥാന സൗകര്യം | ഗുണനിലവാരമുള്ള റോഡുകൾ<br>ഗതാഗതക്കുരുക്കില്ലാത്ത ടൗണുകൾ<br>പി.എം.ജി.എസ്.വൈ, നബാർഡ്, ഹാഡ,<br>ജില്ലാ/ ബ്ലോക്ക്/ ഗ്രാമ പഞ്ചായത്തു പദ്ധതി,<br>പി.ഡബ്ല്യൂ.ഡി റോഡുകൾ |
| 17) വനിത,ശിശു,<br>വയോജനം | വനിതാ സൗഹൃദ നിയോജക മണ്ഡലം<br>ശിശു സൗഹൃദ നിയോജക മണ്ഡലം<br>വയോജന സൗഹൃദ നിയോജക മണ്ഡലം |
| 18) പട്ടികജാതി വികസനം | സമഗ്ര കോളനി വികസനം, മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുള്ള സംയോജനം. |
| 19) പട്ടികവർഗ്ഗ വികസനം | സമഗ്ര കോളനി വികസനം, മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുള്ള സംയോജനം. |

## VI. വിഭവ സമാഹരണം (Source of fund)

കേന്ദ്ര സംസ്ഥാന സർക്കാരുകൾ, ത്രിതല പഞ്ചായത്തുക്കളായ ജില്ലാ-ബ്ളോക്ക്- ഗ്രാമ പഞ്ചായത്തുകൾ മുതലായ സംവിധാനങ്ങളിലൂടെ ലഭ്യമാകുന്ന വിവിധ ധനസ്രോതസ്സുകൾ  ഉപയോഗിച്ച് മേൽ സൂചിപ്പിച്ച പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കുന്നതാണ്.

പ്രധാനമന്ത്രി ഗ്രാമ സടക് യോജന (PMGSY), ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന നിധി (RIDF), സംയോജിത നീർത്തട പരിപാലന പദ്ധതി (IWMP), ഇന്ദിര ആവാസ് യോജന (IAY), ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (NRLM), മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGS), സമ്പൂർണ്ണ ശുചിത്വ യജ്ഞം (TSC), ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം (NRHM), പശ്ചിമഘട്ട വികസന പദ്ധതി (WGDP), സർവ്വ ശിക്ഷാ അഭിയാൻ (SSA), രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (RMSA), സംയോജിത ശിശു വികസന പദ്ധതി (ICDS), രാഷ്ട്രീയ കൃഷി വികാസ് യോജന, എം.പിമാരുടെ പ്രാദേശിക  വികസന ഫണ്ട് മുതലായ കേന്ദ്രാവിഷ്കൃത പദ്ധതികൾ വികസന പ്രവർത്തനങ്ങൾക്ക് ഉള്ള പ്രധാന വിഭവ സ്രോതസ്സുകളായി കാണാവുന്നതാണ്.  ഈ പദ്ധതികൾ തമ്മിൽ സംയോജനവും സാധ്യമാണ്.

മേൽ പറഞ്ഞവ കൂടാതെ പി.ഡബ്ള്യൂ.ഡി, കൃഷി, മൃഗസംരക്ഷണം, പട്ടിക ജാതി പട്ടിക വർഗ്ഗ വികസനം, ക്ഷീര വികസനം, ആരോഗ്യം, സാമൂഹ്യ നീതി തുടങ്ങി വിവിധ വകുപ്പുകൾ മുഖാന്തരം സംസ്ഥാന സർക്കാർ ലഭ്യമാക്കുന്ന ഫണ്ടുകളും വികസന പ്രവർത്തനങ്ങൾക്ക്  ഉപയോഗിക്കാവുന്ന വിഭവ സ്രോതസ്സുകളാണ്.

എം.എൽ.എമാരുടെ പ്രത്യേക വികസന നിധി (MLASDF), എം.എൽ.എമാരുടെ ആസ്തി വികസന നിധി (MLA ADF), എം.പി.മാരുടെ പ്രാദേശിക വികസനഫണ്ട് (MPLAD), ഹിൽ ഏരിയ ഡെവലപ്മെന്റ് ഫണ്ട് (HADA) എന്നിവയും ത്രിതല പഞ്ചായത്ത് സംവിധാനങ്ങളായ ജില്ലാ-ബ്ളോക്ക്-ഗ്രാമ പഞ്ചായത്തുകൾ മുഖേന ലഭ്യമാകുന്ന ഫണ്ടുകളും വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുന്ന വിഭവ സ്രോതസ്സുകളാണ്.

കേന്ദ്രാവിഷ്കൃത പദ്ധതികളും സംസ്ഥാനാവിഷ്കൃത പദ്ധതികളും, ജില്ലാ-ബ്ളോക്ക്-ഗ്രാമ പഞ്ചായത്ത് പദ്ധതികളും, വകുപ്പ്തല പദ്ധതികളും തമ്മിൽ സംയോജനം സാധ്യമാണ്.  ഈ സംയോജന സാധ്യത (Convergence nature) വികസന പ്രവർത്തനങ്ങൾ ചെലവ് കുറഞ്ഞും ഗുണമേൻമ വർദ്ധിപ്പിച്ചും നടത്തുന്നതിനുള്ള മുൻ ഉപാധി കൂടിയാണ്.

## VII. ഉപസംഹാരം

ഇരിക്കൂർ അസംബ്ലി നിയോജക മണ്ഡലത്തിലുൾപ്പെട്ട എല്ലാ ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളുടെയും ഗ്രാമീണ സമ്പദ്യവസ്ഥയിലും ജനങ്ങളുടെ ജീവിത നിലവാരത്തിലും അടിസ്ഥാന സൗകര്യ വികസനത്തിലും കാതലായ മാറ്റങ്ങൾ ഉദ്ദേശിച്ചു കൊണ്ടുള്ള സമഗ്ര വികസന മാസ്റ്റർ പ്ലാനാണ് വികസന സെമിനാറിൽ ചർച്ചയ്ക്കും അഭിപ്രായ രൂപീകരണത്തിനുമായി ഇവിടെ സമർപ്പിക്കുന്നത്.

കൃഷി, പ്രദേശിക സാമ്പത്തിക വികസനം, ടൂറിസം, ഐ.ടി, ഊർജ്ജം, മൃഗ സംരക്ഷണം, ക്ഷീരവികസനം, മത്സ്യവികസനം, ജലസേചനം, മണ്ണ് ജല സംരക്ഷണം, പരിസ്ഥിതി, വനം, പ്രകൃതി വിഭവസംരക്ഷണം, ഉല്പന്നങ്ങളുടെ സംസ്കരണം, വിപണനം, മാലിന്പരിപാലനം, ശുചിത്വം, പാർപ്പിടം, ആരോഗ്യം, വിദ്യാഭ്യാസം, കുടിവെള്ളം, കല-സംസ്കാരം, യുവജനക്ഷേമം, സ്പോർടസ്, സാമൂഹക്ഷേമം, കുട്ടികൾ, യയോജനങ്ങൾ, ഭിന്നശേഷിയുള്ളവർ, സ്ത്രീകൾ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ, ദാരിദ്ര്യ നിർമ്മാർജ്ജനം, അടിസ്ഥാന സൗകര്യ വികസനം, ഗതാഗതം തുടങ്ങി സമസ്ത മേഖലയിലും ഏറ്റെടുക്കേണ്ട വികസന പ്രവർത്തനങ്ങളുടെ സമഗ്ര രേഖയാണ് അവതരിപ്പിക്കുന്നത്. വികസന തന്ത്രത്തിലൂന്നിയ കാഴ്ചപ്പാടുകൾ ദീർഘവീക്ഷണത്തോടെയും സമയബന്ധതമായും നടപ്പിലാക്കുന്നതിന് നിയോജകമണ്ഡലതലത്തിൽ വിവിധ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സാമൂഹ്യപ്രവർത്തകർ എന്നിവരടങ്ങുന്ന മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം വിലയിരുത്തുന്നു.

മലയോര ഗ്രാമ വികസനത്തിന് എന്തെല്ലാം വിഭവങ്ങൾ സമാഹരിക്കാൻ കഴിയുമെന്നതിന് പരമാവധി ശ്രമിച്ചിട്ടുണ്ട്. സാമൂഹ്യനീതിയും വളർച്ചയും സാധ്യമാക്കുന്നതിന് കേന്ദ്രാവിഷ്കൃത പദ്ധതികളായ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ദേശീയ ഗ്രാമീണ ഉപജീവനമിഷൻ, സുസ്ഥിര വരുമാന പദ്ധതി, ശുചിത്വമിഷൻ, സംയോജിത നീർത്തട പരിപാലന പരിപാടി, രാഷ്ട്രീയ കൃഷി വികാസ് യോജന, ഇന്ദിരാ ആവാസ് യോജന, ഹിൽ ഏറിയ ഡവലപ്മെന്റ് ഏജൻസി, അടിസ്ഥാന സൗകര്യ വികസന ഫണ്ട്, നബാർഡ് ധനസഹായം, എം.പി. മാരുടെ പ്രദേശിക വികസന ഫണ്ട്, എം.എൽ.എ. യുടെ പ്രത്യേക വികസന ഫണ്ട്, കുടുംബശ്രീ, മറ്റു സന്നദ്ധ സംഘടനകൾ, ഗുണഭോക്തൃവിഹിതം, ബാങ്കുകൾ, സംസ്ഥാന സർക്കാർ, വിവിധ ഡിപ്പാർട്ട്മെന്റ് വിഹിതം, പൊതു സ്വകാര്യ പങ്കാളിത്തം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാകുന്ന വിവിധ ഫണ്ടുകൾ എന്നിവ സംയോജിപ്പിക്കുക വഴി സുസ്ഥിരവും സ്ഥായിയായിട്ടുള്ളതുമായ വികസനമാണ് ലക്ഷ്യം.

നിയോജക മണ്ഡലത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിനും ഗ്രാമീണ സമ്പദ് വ്യവസ്ഥയുടെ വളർച്ചയ്ക്കും പ്രതിശീർഷ വരുമാനത്തിലുള്ള വർദ്ധനവിനും ലക്ഷ്യമിട്ടു കൊണ്ടുള്ള സമഗ്രവികസന മാസ്റ്റർപ്ലാൻ സമ്പുഷ്ടമാക്കുന്നതിന് എല്ലാവരുടെയും പിന്തുണയും സഹകരണവും പ്രതീക്ഷിക്കുന്നു.

* * *